# ചാർ ദർവേശ്
## (നാലു ഫക്കീറന്മാർ)




പ്രസാധകൻ.
എ. മുഹമ്മദു സാഹിബ്

# ചാർ ദർവേഷ്

അഥവാ

## നാലു ഫക്കീറന്മാർ

DHARMARAM COLLEGE LIBRARY, BANGALORE.
20605

DC Lib
T63

T631
C137

പ്രസാധകൻ,

എ. മുഹമ്മദുസാഹിബ്

NATIONAL BOOK STALL
KOTTAYAM

ഒന്നാംപതിപ്പ്

"വിജ്ഞാനപോഷിണി"പ്രസ്സ്,
കൊല്ലം.

1 രൂ. 8 ണ.

പകൎപ്പവകാശം പ്രസാധകനിൽ

ബി

# ചാർ ദർവേഷ്

അഥവാ

# നാലു ഫക്കീറന്മാർ

## അദ്ധ്യായം 1

പണ്ട് ഏഷ്യാമൈനറിൽ അസാദ്ബുക്ത് എന്ന പേരോടുകൂടി ഏററവും നീതിമാനും ഔദാര്യവാനും ആയ ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിൻെറ രാജധാനി കാൺസ്റ്റാൻറിനോപ്പിളിൽ ആയിരുന്നു. അദ്ദേഹത്തിൻെറ ഭരണത്തിൻകീഴിൽ ജനങ്ങൾ സന്തുഷ്ടരും, ഖജനാവു സമൃദ്ധവും, പട്ടാളം സംതൃപ്തവും, സാധുക്കൾ ക്ഷേമവാന്മാരും ആയിരുന്നു. തികഞ്ഞ ക്ഷേമസമാധാനങ്ങൾ അനുഭവിച്ചിരുന്ന പ്രജകൾ പകൽമുഴവൻ ഓണംപോലെ വിഭവസമ്പൂർണ്ണമായും രാത്രികൾ ആനന്ദകരമായും കഴിച്ചിരുന്നു. കള്ളന്മാർ, കൊള്ളക്കാർ, പോക്കറെറടിക്കാർ തുടങ്ങിയുള്ള ദുർജ്ജനങ്ങളേയും, നേരും നെറിയുമില്ലാത്തവരായ മററു സകലരേയും ആ നാടുവിട്ട് ആട്ടിപ്പായിച്ചിരുന്നു. അത്തരം ദുഷ്ടന്മാരുടെ പൊടിപോലും ആ നാട്ടിലെങ്ങും കാണ്മാനില്ലായിരുന്നു. ഭവനങ്ങളുടെ വാതിലുകളും വ്യാപാരശാലകളും രാപകൽ നിർഭയം തുറന്നുതന്നെ ഇരുന്നു. സഞ്ചാരികൾക്ക് നാട്ടിൻെറ ഏതുഭാഗത്തും എത്ര ഭാരിച്ച പണസഞ്ചിയുമായി, ഏതു വിജനപ്രദേശത്തും നിർഭയം സഞ്ചരിക്കാമായിരുന്നു. വിസ്തൃതമായ ആ രാജ്യത്തിൽ ഉടനീളം നിരവധി ജനനിബിഡമായ നഗരങ്ങളും ഉണ്ടായി

രുന്നു. രാജാധിരാജനായ അസാദ്ബ്ബുക്തിന്ന് അനേകം സാമന്തരാജാക്കന്മാർ ഭക്ത്യാദരങ്ങൾ അപ്പിച്ചുപോന്നു. പ്രതാപശാലിയായ ആ മഹാരാജാവാകട്ടെ, അദ്ദേഹത്തിന്റെ പ്രാഭവത്തിൽ മതിമറന്നവനായിരുന്നില്ല. അദ്ദേഹം തന്റെ സകല ഭരണച്ചുമതലകളും കൃത്യമായി നിർവഹിക്കുന്നതിലും, ജഗന്നിയന്താവിനെ മുടങ്ങാതെ ആരാധിക്കുന്നതിലും നിഷ്കൃഷ്ടയുള്ളവനായിരുന്നു. സകല സൌഭാഗ്യങ്ങളും അനുഭവിച്ചിരുന്ന അദ്ദേഹത്തിന്ന് ഒരൊററക്കുറവു മാത്രം ഹൃദയവേദന ഉളവാക്കിയിരുന്നു അദ്ദേഹത്തിനു സന്താനലാഭം സർവശക്തൻ നൽകി അനുഗ്രഹിച്ചിരുന്നില്ല. അക്കാരണത്താൽ വെന്തുരുകുന്ന ഹൃദയഭാരത്തെ അദ്ദേഹം ദിവസേനയുള്ള അഞ്ചുനേരത്തെ പ്രാത്ഥനാവേളകളിലും അല്ലാഹുവിനോട്ട് ഇപ്രകാരം ഉണത്തിച്ചുവന്നു: "അല്ലാഹുവേ, നിന്റെ സൃഷ്ടിയായ ഈ ദാസന്ന് സകല ലൌകികസുഖങ്ങളും നീ പ്രദാനംചെയ്തു. എന്നാൽ ഈയുള്ളവന്റെ ഗൃഹത്തിലെ ഇരുൾനീക്കാനുള്ള വിളക്കുമാത്രം * നീ നൽകിയില്ല. എന്റെ നാമധേയത്തെ തുടൎന്നു നിലനിറുത്തുന്നതിനും എന്റെ വാദ്ധക്യത്തിൽ എനിക്കാശ്രയമായിരിക്കുന്നതിനും ഒരു പുത്രനെ ലഭിക്കുന്ന കാൎയ്യത്തിൽ മാത്രം എന്റെ അഭിലാഷം നിറവേററപ്പെട്ടിട്ടില്ല. നിന്റെ നിഗൂഢസങ്കേതസ്ഥാനങ്ങളിൽ സകല വസ്തുക്കളും സമ്പൂൎണ്ണമായി സംഭരിക്കപ്പെട്ടിട്ടുണ്ടല്ലോ. എന്റെ നാമത്തേയും രാജ്യത്തേയും എന്റെ ഭാവിതലമുറകൾതന്നെ തുടൎന്നു നിലനിറുത്തുന്നതിലേയ്ക്കുവേണ്ടി എനിക്ക് ഉത്തമനായ ഒരു പുത്രനെ നൽകി അനുഗ്രഹിക്കാൻ ദയവുണ്ടാകണമേ!"

നിരന്തരമായ ഈ പ്രാർത്ഥന തുടൎന്നുകൊണ്ടു് ആ മഹാരാജാവു് തന്റെ നാല്പതാമത്തെ വയസ്സിലേക്കു കാലൂ

---

* ഏഷ്യാക്കാർ പുത്രസന്താനത്തെ വീട്ടിലെ വിളക്കായും ശോഭയായും കരുതിവന്നു.

ന്നി. ഒരുദിവസം അദ്ദേഹം കൊട്ടാരത്തിലെ കമനീയമായ[1] കണ്ണാടിമുറിയിൽ ആരാധനയും ജപവും കഴിച്ചതിനുശേഷം ചുവരിലുള്ള ഒരു കണ്ണാടിയിലേയ്ക്കു യാദൃച്ഛികമായി ഒന്നു നോക്കുകയും അപ്പോൾ അദ്ദേഹത്തിൻെറ മേൽമീശയിൽ വെള്ളിക്കമ്പിപോലെ നരച്ച ഒരു രോമം അദ്ദേഹത്തിനു കാണാൻ ഇടയാകുകയും ചെയ്തു. ആ കാഴ്ച അദ്ദേഹത്തിൻെറ നയനങ്ങളെ അശ്രുകലുഷിതമാക്കി. അദ്ദേഹം നിരാശാപൂരിതമായ ഒരു ദീർഘനിശ്വാസത്തോടുകൂടി ഇപ്രകാരം സ്വയം ചിന്തിച്ചു: "കഷ്ടം! ഞാൻ എൻെറ ജീവിതകാലം മുഴുവൻ പാഴാക്കി. ലോകം മുഴുവൻ ഓടിനടന്ന്, അനേകം രാജ്യങ്ങൾ പിടിച്ചടക്കി. ഇതുകൊണ്ടെല്ലാം എനിക്കെന്തുപ്രയോജനം സിദ്ധിച്ചു? ഞാൻ നേടിയ സമ്പത്തെല്ലാം ഒടുവിൽ അന്യർ ധൂർത്തടിച്ചു നശിപ്പിക്കേണ്ടതായിട്ടാണല്ലോ ഇരിക്കുന്നതു്. മരണം അതിൻെറ മുന്നറിയിപ്പു്[2] എന്നിൽ അയച്ചുകഴിഞ്ഞു. ഒരുപക്ഷേ ഇനി കുറച്ചുകാലംകൂടെ ജീവിച്ചിരുന്നാൽത്തന്നെയും ഞാൻ ദുർബ്ബലശരീരനായിരിക്കുകയേ ഉള്ളു. ഈ ലക്ഷണത്തിൽനിന്നു് എനിക്കു് അനന്തരാവകാശിയായി ഒരു പുത്രനെ ലഭിക്കാൻ അല്ലാഹു കല്പിച്ചിട്ടില്ലെന്നു വ്യക്തമാകുന്നുണ്ടു്. ഒരിക്കൽ ഞാൻ മരിക്കുകയും അങ്ങനെ എൻെറ വകയായ സകലതിനേയും ഉപേക്ഷിച്ചിട്ടുപോകയും ചെയ്യും. അതിനാൽ ഇപ്പോൾതന്നെ അവയോടെല്ലാം യാത്രപറഞ്ഞു

---

1 പൌരസ്ത്യരാജകൊട്ടാരങ്ങളിൽ ചുവരിൽ കണ്ണാടി നിരത്തിട്ടുള്ളതും കമനീയമായ ശില്പവിധാനങ്ങളാൽ അലംകൃതവും വിശാലവുമായ ഒരു മുറി ഉണ്ടായിരിക്കും. ഇൻഡ്യയെ ഭരിച്ചിരുന്ന മുസൽമാൻചക്രവർത്തിമാരുടെ കൊട്ടാരങ്ങളിലെല്ലാം ഇത്തരം മുറികൾ ഉണ്ടായിരുന്നു. അതിനു് 'ശീശ്മഹൽ' എന്നാണു പറയപ്പെട്ടിരുന്നതു്. ഡെൽഹിയിലും ആഗ്രായിലും ഉള്ള മുഗൾചക്രവർത്തിമാരുടെ കൊട്ടാരങ്ങളിലെ കണ്ണാടിമുറികൾ പേരുകേട്ടവയാണു്.

2 മേൽമീശയിലെ നരച്ചരോമം വാർദ്ധക്യത്തിൻെറയും മരണത്തിൻെറയും മുന്നറിയിപ്പു നൽകുന്നു.

മാറി ജീവിതശിഷ്ടം എൻെറ സ്രഷ്ടാവിനെ സ്മരിച്ചു കഴിയുന്നതാണു് ഉത്തമമെന്നു കരുതുന്നു." ഈ ദൃഢനിശ്ചയം സ്വീകരിച്ച മഹാരാജാവു് തൻെറ പരിവാരങ്ങളെയെല്ലാം പറഞ്ഞയച്ചിട്ടു് ഏകാന്തമായ രാജകീയോദ്യാനത്തിൽ [1] പ്രവേശിച്ചു. തൻെറ പരിസേവകന്മാരോടു്, മേലാൽ അവരുടെ സേവനം തനിക്കാവശ്യമില്ലെന്നും അവരെല്ലാവരും രാജാവു് പരസ്യാലോചനായോഗം കൂടുന്ന ശാലയിൽ [2]

---

1 പൌരസ്ത്യരാജകൊട്ടാരങ്ങളോടനുബന്ധിച്ചു് മനോഹരമായ ഉദ്യാനങ്ങൾ ഉണ്ടായിരിക്കും. ഈ ഉദ്യാനങ്ങളിൽ ഏകാന്തമായി സഞ്ചരിച്ചു് രാജാക്കന്മാർ അവരുടെ രാജ്യകാര്യക്ലേശങ്ങളിൽനിന്നു് ഒഴിഞ്ഞുമാറി വിശ്രാന്തി നേടുക പതിവാണു്.

2 പൌരസ്ത്യരാജധാനികളിൽ, രാജകൊട്ടാരത്തിൽ പരസ്യമായ രാജകീയകാര്യാലോചനായോഗം കൂടുന്നതിനു് വിശാലമായ ഒരു ശാല(ഹാൾ) ഉണ്ടായിരിക്കും. ഇതിനു് 'ദീവാനേ ആം' എന്നു പറയും. രാജാക്കന്മാരുടെ സ്വകാര്യമന്ത്രാലോചനശാലയ്ക്കു് 'ദീവാനേ ഖാസ്' എന്നു പറയും. 'ദീവാനേ ഖാസി'നേക്കാൾ വിപുലവും ഗഹനവുമായ ഒരു രാജകീയസദസ്സാണു് 'ദീവാനേ ആം'മിൽ സമ്മേളിക്കുന്നതു്. ഡെൽഹിയിലേയും ആഗ്രായിലേയും 'ദീവാനേ ആം'ശാല ഏഷ്യയിൽ ഏററവും പേരുകേട്ടവയാണു്. ഡെൽഹിയിലെ 'ദീവാനേ ആ'മിലാണു് ലോകപ്രസിദ്ധമായ മയൂരസിംഹാസനം (തഖ്ത്തെ താവൂസ്) പ്രശോഭിച്ചിരുന്നതു്. വിശ്വവിഖ്യാതനായ മുഗൾസമ്രാട്ടു് ഷാജഹാൻെറ ഈ വിശേഷാത്തരസിംഹാസനത്തിനു് 'ടാർവീനിയർ' എന്ന ഫ്റഞ്ചുകാരനായ ചരിത്രസഞ്ചാരി എഴുപതുലക്ഷം പവൻ വില കണക്കാക്കിയിരിക്കുന്നു. 1739-ൽ ധനദുർമ്മോഹിയായ നാദർഷാ ഇൻഡ്യയെ ആക്രമിച്ചു കൊള്ളയടിച്ചപ്പോൾ ഈ മനോഹരമായ സിംഹാസനവും തട്ടിക്കൊണ്ടുപോയി. അന്നു് മുഗൾരാജധാനിയിൽനിന്നു സ്വർണ്ണം, വെള്ളി, രത്നങ്ങൾ മുതലായി നാദർഷാ കൊള്ളയടിച്ച മുതലുകൾക്കു് 1700 ലക്ഷം പവൻ വിലമതിക്കപ്പെട്ടിട്ടുണ്ടു്. അതിൽ ഒരു ആയിരം ലക്ഷത്തെ തള്ളിക്കളഞ്ഞാൽതന്നെയും ശേഷിച്ച 700 ലക്ഷം പവൻ തന്നെ ആ മഹാനഗരത്തിൻെറ അത്ഭുതാവഹമായ സമ്പൽസമൃദ്ധിയുടെ ഏകദേശമായ ഒരാശയം നൽകുന്നതാണു്. പ്രസിദ്ധമായ ലണ്ടൻനഗരത്തിനുപോലും ഇതിലുപരി സമ്പൽശേഖരം ഉണ്ടായിരിക്കുകയില്ല.

ചെന്നു് അവരുടെ നിർദ്ദിഷ്ടജോലികൾ നിർവഹിച്ചാൽമതിയെന്നും കല്പിച്ചു. അനന്തരം രാജാവു് കൊട്ടാരത്തിലുള്ള ഒരു സ്വകാര്യമുറിയിൽ പ്രവേശിച്ചു് തൻെറ പ്രാർത്ഥനയ്ക്കുള്ള കംബളം തറയിൽ വിരിച്ചു് മുറപ്രകാരം എല്ലാ സമയവും പ്രാർത്ഥനനടത്തുകയും പ്രാർത്ഥനയിൽനിന്നു വിരമിക്കുമ്പോൾ ആ കംബളത്തിൽതന്നെ കിടന്നു വിശ്രമിക്കുകയും ചെയ്യുക പതിവാക്കി. ദിനാന്ത്യത്തിൽ അദ്ദേഹം ഒരു ഈത്തപ്പഴവും മൂന്നുകവിൾ വെള്ളവും കഴിച്ചു തൻെറ നിരാഹാരവ്രതം സമാപിപ്പിച്ചുവന്നു. രാജാവിൻെറ ഈ മാനസികപരിവർത്തനം ക്രമേണ നാട്ടിൽ പരസ്യമാകുകയും, രാജാവു് ഭരണകാര്യങ്ങളിൽനിന്നൊഴിഞ്ഞുമാറി ഏകാന്തതയിൽ ഒരു ത്യാഗിയായികഴിയുകയാണെന്നുള്ള വാർത്ത ജനങ്ങളുടെ ഇടയിൽ പ്രചരിക്കുകയും ചെയ്തു. തൽഫലമായി രാജാവിൻെറ ശത്രുക്കളും അധികാരദുർമ്മോഹികളായ പ്രബലന്മാരും നാട്ടിൻെറ നാനാഭാഗത്തും തലപൊക്കുകയും, ഓരോ പ്രദേശങ്ങളിൽ സ്വേച്ഛാഭരണം, അരാജകത്വം മുതലായവ നടമാടുകയുംചെയ്തു. രാജാവിൻെറ ഗവർണർമാരുടെ ആജ്ഞകൾ അനുസരിക്കപ്പെടാതെയുംവന്നു. ഈ ദുരവസ്ഥയെ സംബന്ധിച്ചു് നാടിൻെറ നാനാഭാഗത്തുനിന്നും ജനങ്ങൾ മഹാരാജാവിനു പരാതി അയയ്ക്കാൻ തുടങ്ങി. രാജകീയോപദേഷ്ടാക്കൾ സമ്മേളിച്ചു് ഇതുസംബന്ധിച്ചു് ആലോചനകൾ നടത്തി. ഒടുവിൽ പ്രാധാന്യത്തിൽ പ്രഥമഗണനീയനും രാജാവിൻെറ വിശ്വാസപാത്രവുമായ മന്ത്രിയെത്തന്നെ ആദ്യമായി സമീപിച്ചു് അദ്ദേഹത്തിൻെറ അഭിപ്രായം ആരായാൻ അവർ തീരുമാനിച്ചു. അവരെല്ലാവരും ചേർന്നു മന്ത്രിയെ സന്ദർശിച്ചു് ഇപ്രകാരം നിവേദനം നടത്തി: "ഈ സാമ്രാജ്യം ഒട്ടധികം പ്രയാസങ്ങൾ സഹിച്ചു് ഈ നിലയിൽ കെട്ടിപ്പടുത്തിട്ടുള്ളതാണു്. രാജാവിൻെറയും രാജ്യത്തിൻെറയും ഇന്നത്തെ നില തുടർന്നുപോകയും, വേണ്ട പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കാൻ ഒരുനിമിഷമെങ്കിലും

അമാന്തം നേരിടുകയും ചെയ്യുന്നപക്ഷം ഓരോ പ്രദേശങ്ങളും അന്യാധീനപ്പെട്ടു് എത്രയുംവേഗത്തിൽ ഈ മഹാസാമ്രാജ്യം പിന്നീടൊരിക്കലും സംയോജിപ്പിക്കാൻ നിവൃത്തിയില്ലാത്തവിധം ശിഥിലീകൃതമായിപ്പോകും." വളരെയധികം പ്രായവും പക്വബുദ്ധിയുമുള്ള ആ മന്ത്രിയുടെ പേരു് 'ഖിറദ്മന്ദ്'* എന്നായിരുന്നു. ആ പേരിനെ എല്ലാവിധത്തിലും അർത്ഥവത്താക്കിയിരുന്ന വിശ്വസ്തനും വിവേകശാലിയുമായ ഭരണാധികാരിയായിരുന്നു അദ്ദേഹം. അവഗാഢമായ പര്യാലോചനയ്ക്കുശേഷം, രാജസന്നിധിയിൽ ആക്കും പ്രവേശിക്കാൻ അനുവാദം നിഷേധിക്കപ്പെട്ടിരുന്നുവെങ്കിലും, അവരെല്ലാവരും സംഘമായി മഹാരാജാവിനെ സന്ദർശിച്ചു വിവരം ഉണർത്തിക്കാൻ ശ്രമിക്കേണ്ടതു് അത്യാവശ്യമാണെന്നും ആ സന്ദർശകസംഘത്തെ മന്ത്രിതന്നെ നയിക്കാമെന്നും തീരുമാനിച്ചു. അതനുസരിച്ചു് ആഗതരായ ജനങ്ങളെ എല്ലാം രാജാവിൻെറ പരസ്യാലോചനായോഗം കൂടുന്ന ശാലയിൽ ആക്കീട്ടു് ആ മന്ത്രിവയ്യൻ രാജസന്നിധിയിലേയ്ക്കു് ദൂതനെ അയച്ചു് സന്ദർശനാനുവാദം അപേക്ഷിച്ചു. വിശ്വസ്തനും ദീർഘകാലം കാര്യശേഷിയോടുകൂടി തനിക്കു് വിലയേറിയ ഉപദേശങ്ങൾ നൽകി ഭരണകാര്യസംബന്ധമായ സേവനം അനുഷ്ഠിച്ച വന്ദ്യവയോധികനുമായ ആ മന്ത്രിസത്തമനെ ഒരുനിമിഷം മനക്കണ്ണോടിയിൽ ദർശിച്ച മഹാരാജാവു് ഒടുവിൽ അദ്ദേഹത്തിനു സന്ദർശനാനുവാദം നൽകി. മന്ത്രിശ്രേഷ്ഠൻ ഏററവും വിനയത്തോടും ഭക്തിയോടും രാജസന്നിധിയിൽ പ്രവേശിച്ചു കൈകെട്ടി തലകുനിച്ചു വണങ്ങി നിന്നു. രാജാവിൻെറ ശരീരത്തിനു സംഭവിച്ച മാററം ഭക്തശിരോമണിയായ ആ മന്ത്രിപുംഗവനെ അത്യന്തംവേദനപ്പെടുത്തി. നിരന്തരമായ നിരാഹാരം, കരളുരുകിയുള്ള കരച്ചിൽ ഇവയുടെ ഫലമായി രാജാവിൻെറ ശരീരം വിളറിശോഷിക്കു

---

* 'ഖിറദ് മന്ദ്' എന്ന വാക്കിൻെറ അർത്ഥം 'ബുദ്ധിമാൻ' എന്നാണു്.

കയും കണ്ണുകൾ ആഴത്തിൽ കുഴിഞ്ഞുതാഴുകയും ചെയ്തിരുന്നു. ആ ദയനീയമായ കാഴ്ചകണ്ടു സഹിക്കാൻവയ്യാത്ത മന്ത്രി, രാജപാദങ്ങളിൽ കെട്ടിപ്പുണൎന്നു കേണു. മന്ത്രിസത്തമനെ പിടിച്ചെഴുന്നേല്പിച്ചുകൊണ്ടു് രാജാവു് ഇപ്രകാരം കല്പിച്ചു. "നിങ്ങൾക്കു് എന്നെ കാണണമെന്നുള്ള ആഗ്രഹം സാധിക്കുകയും അങ്ങനെ നിങ്ങൾ തൃപ്തിയടയുകയും ചെയ്തുകഴിഞ്ഞില്ലേ; ഇനി നിങ്ങൾക്കു പോകാം. എന്റെ ഏകാന്തമായ സമാധാനത്തെ മേലാൽ ഭഞ്ജിക്കാൻ പുറപ്പെടരുതു്. നിങ്ങൾതന്നെ ഈ സാമ്രാജ്യം ഭരിച്ചുകൊള്ളുക." അതുകേട്ടു ദുഃഖാൎത്തനായ മന്ത്രിവൎയ്യൻ വാവിട്ടുകരഞ്ഞുകൊണ്ടു് ഇങ്ങനെ മറുപടിയുണൎത്തിച്ചു: "മഹാരാജാവിന്റെ അനുഗ്രഹത്തോടും അനുവാദത്തോടും ഈ എളിയ ദാസനു രാജ്യഭരണംനടത്താൻ സാധിക്കും. എന്നാൽ തിരുമേനിയുടെ പെട്ടെന്നുള്ള ഈ പിന്മാററം ഹേതുവായി രാജ്യമാസകലം നാശം തലയുയൎത്തിയിരിക്കുകയാണു്; ഇതിന്റെ അവസാനം ശുഭമായിരിക്കുകയില്ല. എന്തു് അത്ഭുതകരമായ മാനസികവികാരം ആണു് അങ്ങയെ അധീനിവേശംചെയ്തിരിക്കുന്നതെന്നു ദയവായി വെളിപ്പെടുത്തുകയാണെങ്കിൽ അതുസംബന്ധിച്ചു് എന്തെങ്കിലും എളിയ ഉപദേശം ഉണൎത്തിക്കാൻ അടിയനു കഴിയുമായിരുന്നു. അവിടുന്നു് ഈ എളിയ ദാസനു സ്ഥാനമാനങ്ങൾ കല്പിച്ചു നൽകീട്ടുള്ളതു് ഈയുള്ളവൻ ഭരണഭാരം ചുമന്നു് അവിടുത്തേക്കു മനഃക്ലേശമില്ലാതെ സന്തോഷമനുഭവിക്കുന്നതിനു വേണ്ടിയാണു്. അങ്ങു് ഈ യാതനകൾ അനുഭവിക്കുന്നിടത്തോളം ഈ ദാസന്റെ പ്രയത്നംകൊണ്ടു് എന്തു പ്രയോജനമാണുള്ളതു്." മഹാരാജാവു മന്ത്രിയെ ഇപ്രകാരം സാന്ത്വനപ്പെടുത്തി:

"നിങ്ങൾ പറയുന്നതു ശരിയാണു്. എന്നാൽ എന്റെ ഹൃദയത്തെ കാൎന്നുതിന്നുന്ന ദുഃഖത്തിനു പ്രതിവി

ധിയില്ല. പ്രിയപ്പെട്ട ഖിറുദ്ദമന്ദ്! നിങ്ങറം കേറംക്കുക. ഞാൻ എൻെറ ജീവിതത്തിൻെറ ധന്യമായ ഭാഗം സാമ്രാജ്യം വിപുലപ്പെടുത്താനുള്ള അക്ഷീണപരിശ്രമത്തിൽ ചെലവാക്കി. ഇപ്പോറം ഞാൻ ഈ പ്രായത്തിൽ എത്തിക്കഴിഞ്ഞു. മരണം ജരാനരകളാകുന്ന സന്ദേശങ്ങറം എനിക്കറിയിച്ചുകഴിഞ്ഞു. എൻെറ കാലശേഷം എൻെറ അനന്തരാവകാശിയായിരിക്കാൻ ഒരു പുത്രനെ ലഭിക്കാനുള്ള ഭാഗ്യം എനിക്കു ലഭിച്ചില്ല. അതിനാൽ ഞാൻ ലൌകികമായ സകലത്തും ഉപേക്ഷിച്ചുകഴിഞ്ഞു. എൻെറ രാജ്യവും സമ്പത്തും ആരുവേണമെങ്കിലും എടുത്തുകൊള്ളട്ടെ; ഞാൻ ഈ കൊട്ടാരത്തെത്തന്നെയും ഉപേക്ഷിച്ചു വനവാസത്തിനു പുറപ്പെട്ടും. അവിടെ ഏതെങ്കിലും ഒരു ഭാഗത്തു വിശ്രമിച്ച് അല്ലാഹുവിൻെറ ആരാധനയിൽ ഞാൻ എൻെറ തുച്ഛമായ ബാക്കിജീവിതം കഴിക്കും. ഒരുപക്ഷേ ആവിധത്തിൽ എൻെറ ഭാവിജീവിതം ആനന്ദപ്രദമായിത്തീർന്നേക്കാം. ഞാൻ ലൌകികജീവിതം ശരിയ്ക്കനുഭവിച്ചറിഞ്ഞിട്ടുണ്ട്. അതിൽ യാതൊരാനന്ദവും ഞാൻ കണ്ടെത്തിയില്ല.” അസാദ്ബുക്തിൻെറ പിതാവിൻെറ കാലംമുതൽ മന്ത്രിപദം അലങ്കരിച്ചിരുന്നയാളും, രാജാവിനെ യുവാവായിരുന്ന കാലംമുതൽ നിസ്തുലമായി സ്നേഹിച്ചുവന്നവനുമായ ഖിറുദ്മന്ദ് രാജാവിനെ ഇങ്ങനെ സാന്ത്വനപ്പെടുത്തി: “അല്ലാഹുവിൻെറ കാരുണ്യത്തിൽ നിരാശയുണ്ടാകുന്നതു ശരിയല്ല. അനന്തകോടി ജീവജാലങ്ങളെ സൃഷ്ടിച്ചു സംരക്ഷിച്ചുവരുന്ന ആ പരാശക്തിക്ക് അങ്ങയുടെ ആഗ്രഹനിവൃത്തിവരുത്താൻ ഏതുനിമിഷവും കഴിവുണ്ട്. അങ്ങയുടെ വന്ദ്യരായ പൂർവ്വികന്മാരും അവരെത്തുടൎന്ന് അവിടുന്നും അശ്രാന്തം പരിശ്രമിച്ചുനേടിയ ഈ മഹാസാമ്രാജ്യത്തെ നാശോന്മുഖമാക്കുന്നതു് ഒരിക്കലും നന്നല്ല. അതിനുംപുറമേ പരലോകത്തിൽ ന്യായവിസ്താരദിവസം അല്ലാഹു അങ്ങയോട്ട് ഇപ്രകാരം കല്പിച്ചുചോദിക്കും:

'ഞാൻ നിന്നെ ഒരു രാജാവാക്കി. എൻെറ സൃഷ്ടികളെ നിൻെറ മേൽനോട്ടത്തിൽ ഏല്പിച്ചു. നി എൻെറ കാരുണ്യത്തിൽ വിശ്വാസംവെടിഞ്ഞു് നിൻെറ കത്തവ്യത്തെ വിസ്മരിക്കുകയും നിൻെറ പ്രജകളുടെ രക്ഷാകർത്തൃത്വത്തിൽ നീ കൃത്യവിലോപം കാണിക്കുകയും ചെയ്തു.' ഇപ്രകാരമുള്ള കുററപ്പെടുത്തലിന്നു തിരുമേനി എന്തു സമാധാനം അല്ലാഹു സമക്ഷം ബോധിപ്പിക്കും?" എന്നു് മന്ത്രി മഹാരാജാവിനോടു ചോദിച്ചു. ധ്യാനവും നമസ്കാരവും ആ ചോദ്യത്തിന്നു സമാധാനം നൽകാൻ പ്രയോജനപ്പെടുകയില്ലെന്നും, അല്ലാഹു മനുഷ്യഹൃദയത്തെ വീക്ഷിക്കുന്നുണ്ടെന്നും, ഒരു രാജാവിൽ അല്ലാഹു ഏല്പിച്ചിരിക്കുന്ന ചുമതല അദ്ദേഹത്തിൻെറ പ്രജകളുടെ ഭരണമാണെന്നും, ലോകം വെടിഞ്ഞു് കാട്ടിലും മററും ജീവിക്കേണ്ടതു് സവ്വസംഗപരിത്യാഗികളാണെന്നും തുടന്നു പറയുകയും, 'അല്ലാഹു നിൻെറ സമീപത്തിലുണ്ടു്, എന്നാൽ നീ അവനെ വനാന്തർഭാഗത്തു തേടിത്തിരയുന്നു. നിൻെറ കുഞ്ഞു് നിൻെറ കരങ്ങളിൽ സ്ഥിതിചെയ്യുന്നു. എന്നാൽ നീ അവനെ നഗരമൊട്ടാകെ നോക്കിനടക്കുന്നു' എന്നുള്ള വാക്യത്തെ രാജാവിനെ അനുസ്മരിപ്പിക്കുകയും ചെയ്തു. അല്ലാഹുവിൻെറ കാരുണ്യത്തിൽ മനുഷ്യൻ നിരാശപ്പെട്ടു മടങ്ങരുതെന്നും പകൽ മുഴുവൻ രാജ്യഭരണത്തിൽ വ്യാപൃതനായിരിക്കുകയും അങ്ങനെ പ്രജകൾക്കു് രാത്രിയിൽ സുഖമായും സമാധാനമായും ഉറങ്ങാനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചിട്ടു് നിശയുടെ നിശ്ശബ്ദതയിൽ ഏകാഗ്രമായി അല്ലാഹുവിനെ സ്മരിക്കുകയും അവൻെറ വിശുദ്ധ പ്രവാചകനെ വാഴ്ത്തുകയും സാധുക്കൾക്കു സഹായം ചെയ്യുകയും വിജ്ഞന്മാരായ ത്യാഗിവര്യന്മാരുമായി സഹവസിക്കുകയുംചെയ്താൽ അല്ലാഹു അനുഗ്രഹിച്ചു് രാജാവിൻെറ ആഗ്രഹനിവൃത്തി വരുത്തുമെന്നും മന്ത്രി ഉപദേശിച്ചു. ഖിറദ്മന്ദിൻെറ ശക്തിമത്തായ ഉപദേശം രാജാവിനെ ജയിക്കുകതന്നെ ചെയ്തു. അങ്ങനെ ആ രീതിയിൽ പരിശ്ര

മിച്ചുനോക്കാമെന്നും പിന്നീട് അല്ലാഹുവിൻെറ ഹിതം നടക്കട്ടെ എന്നും രാജാവു തീരുമാനിച്ചു. മനസ്സിൽ തിങ്ങിനിന്ന ചിന്താഭാരത്തിനാശ്വാസമുണ്ടായ മഹാരാജാവ് മററു മന്ത്രിമാരേയും പ്രജകളേയുംപററി സ്നേഹപൂർവ്വം കുശലാന്വേഷണം നടത്തുകയും അവരെല്ലാം മഹാരാജാവിൻെറ ഈ അവസ്ഥയിൽ ദുഃഖിതരായിക്കഴിയുകയാണെന്നും അദ്ദേഹത്തിൻെറ ആരോഗ്യത്തിനും വിജയത്തിനുംവേണ്ടി അവരെല്ലാം അകമഴിഞ്ഞു പ്രാൎത്ഥിക്കുന്നുവെന്നും തിരുമനസ്സിനെ ഒരുനോക്കു കണ്ടു സന്തോഷിക്കാൻ അവർ കൂട്ടമായി പരസ്യാലോചനാമണ്ഡപത്തിൽ തിങ്ങിക്കൂടിയിരിക്കുകയാണെന്നും പ്രധാനമന്ത്രി അറിയിക്കുകയുംചെയ്തു. അടുത്ത ദിവസംതന്നെ പരസ്യമായ ഒരു രാജസദസ്സ് കൂടുന്നതാണെന്നും അതിനു് എല്ലാവരും വന്നുചേരണമെന്നും മഹാരാജാവു കല്പിച്ചറിയിച്ചു. മന്ത്രിയും മററുള്ളവരും ആനന്ദതുന്ദിലരായി മടങ്ങി.

അടുത്തദിവസം പ്രഭാതംമുതൽ രാജകൊട്ടാരം ഒരു നവോന്മേഷത്തിൽ മുഴുകി. പരസ്യമായ രാജസദസ്സുകൂടുന്നതിനുള്ള സകല ഒരുക്കങ്ങളും ധ്രുതഗതിയിൽ നടന്നു. പ്രഭുക്കന്മാർ, മന്ത്രിമാർ, മററുദ്യോഗസ്ഥപ്രമുഖന്മാർ, സേനാനായകന്മാർ തുടങ്ങിയുള്ളവരെല്ലാം മനോഹരമായ മന്ത്രമണ്ഡപത്തിൽ അവരവരുടെ സ്ഥാനങ്ങളിൽ ഉപവിഷ്ടരായി. കൃത്യം ഒൻപതുമണിക്കു് ആ ശാലയിൽ ബന്ധിച്ചിരുന്ന തിരശ്ശീല ഉയരുകയും മഹാരാജാവ് ജയഘോഷങ്ങളുടെ മദ്ധ്യേ ആഗതനായി തൻെറ സിംഹാസനത്തിൽ ഉപവിഷ്ടനാകുകയുംചെയ്തു. കോട്ടയുടെ പ്രധാന കവാടത്തോടനുബന്ധിച്ചുള്ള സൈനികോപശാലയിൽനിന്നും ഭേരീനാദം മുഴങ്ങി. സദസ്യർ എല്ലാവരും മഹാരാജാവിനു് വിവിധരീതിയിലുള്ള വിലയേറിയ കാഴ്ച്ചദ്രവ്യങ്ങൾ സമ്മാനിച്ചു. അവകെല്ലാവൎക്കും മഹാരാജാവുതിരുമനസ്സുകൊണ്ടു കല്പിച്ചു് പാരിതോഷികങ്ങൾ കൊടുക്കുകയുംചെയ്തു.

കാര്യാലോചനാസഭ പിരിഞ്ഞതിനുശേഷം മഹാരാജാവ് കൊട്ടാരത്തിനുള്ളിലേയ്ക്കെഴുന്നള്ളി വിഭവസമൃദ്ധമായ അമൃതേത്തുകഴിഞ്ഞു വിശ്രമത്തിനായി സ്വകാര്യമുറിയിലേക്കു നീങ്ങി.

ഇങ്ങനെ എല്ലാദിവസവും ഉച്ചവരെ രാജസദസ്സു കൂടിയും ഉച്ചയ്ക്കുമേൽ പ്രാർത്ഥനാദി ഭക്തിപരമായ കാര്യങ്ങളിൽ വ്യാപൃതനായും മഹാരാജാവു സന്തുഷ്ടനായി കഴിഞ്ഞുവന്നു. ഒരുദിവസം അദ്ദേഹം ഒരു ഗ്രന്ഥം പാരായണം ചെയ്തുകൊണ്ടിരിക്കവേ ഏതെങ്കിലും ഒരു മനുഷ്യന് ഒരിക്കലും ഉപശാന്തിയുണ്ടാകാത്ത വ്യഥയേർപ്പെട്ടുകയാണെങ്കിൽ അതു് അല്ലാഹു വിധിച്ചതാണെന്നു കരുതി സമാധാനപ്പെടണമെന്നും ആ വ്യഥയുടെ പരിഹാരാർത്ഥം ഖബർസ്ഥാനങ്ങൾ സന്ദർശിച്ചു പ്രാർത്ഥനനടത്തണമെന്നും, മരണമടഞ്ഞ മഹാത്മാക്കളുടെ മദ്ധ്യസ്ഥതയും പ്രാർത്ഥനയുംമൂലം അല്ലാഹു അനുഗ്രഹിച്ചു് ആഗ്രഹനിവൃത്തിവരുത്തുമെന്നും, ഈ ലോകത്തുള്ള ഏതു മഹാനും വെറും ധൂളിയായി പര്യവസാനിക്കുന്നതാണു് അന്ത്യമെന്നും, അനന്തരം മഹാന്മാരെപ്പററിയോ അവരുടെ ജീവിതകഥകളെപ്പററിയോ ലോകം പിന്നീടു സ്മരിക്കുകപോലുമില്ലെന്നും മററുമുള്ള വേദാന്തതത്വങ്ങൾ വായിച്ചറിഞ്ഞു. അപ്പോൾ മന്ത്രി ഖിറുദ്മന്ദ് പറഞ്ഞ തത്വങ്ങളും സിദ്ധന്മാരുടെ സഹവാസത്തെ സംബന്ധിച്ചുള്ള ഉപദേശവും മഹാരാജാവിൻെറ മനസ്സിൽ ഉദിച്ചു. അനന്തരം അദ്ദേഹം കൊട്ടാരംവിട്ടു് രാത്രികാലങ്ങളിൽ വെളിയിലിറങ്ങി സഞ്ചരിച്ചു് ഖബർസ്ഥാനങ്ങൾ സന്ദശിക്കുകയും പ്രാർത്ഥനകൾ നടത്തുകയും സർവ്വസംഗപരിത്യാഗികളായ മഹാത്മാക്കളെ കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യാൻ തീരുമാനിച്ചു. അതനുസരിച്ചു് ഒരുദിവസം മഹാരാജാവു് തൻെറ രാജോചിതമായ വേഷഭൂഷാദികളെല്ലാം മാററീട്ടു് സാധാരണവസ്ത്രം അണിഞ്ഞു് ആരും കാണാതെ കോട്ടകടന്നു വെളിയിലിറങ്ങി.

അദ്ദേഹം കുറച്ചുദൂരം നടന്നുചെന്നപ്പോൾ ഒരു കാററു് ശക്തിയായി അടിയ്ക്കുകയും ഒടുവിൽ അതു് ഒരു കൊടുങ്കാററായി നാലുപാടും ആഞ്ഞുവീശുകയുംചെയ്തു. ആ കൊടുങ്കാററിലകപ്പെട്ടു് വഴികാണാതെ അദ്ദേഹം വലയുമ്പോൾ അങ്ങകലെ ഒരിടത്തു് ഒരു വെളിച്ചം കത്തിജ്വലിക്കുന്നതു കണ്ടു. അതു് ഏതോ ഫക്കീറിൻെറ ആശ്രമസ്ഥാനമായിരിക്കുമെന്നും അവിടെച്ചെന്നാൽ തൻെറ ആഗ്രഹനിവൃത്തിക്കു മാർഗ്ഗമുണ്ടാകുമെന്നും കരുതി അദ്ദേഹം ആ വെളിച്ചത്തെ ലക്ഷ്യമാക്കി മുമ്പോട്ടു നടന്നു. ആ വെളിച്ചം പ്രകാശിച്ചുകൊണ്ടിരുന്നതു് ഒരു ചെറുകുടിലിനകത്താണെന്നും ആ കുടിലിൽ കാഷായവസ്ത്രധാരികളായ നാലു ഫക്കീറന്മാർ നിശ്ശബ്ദരായി ധ്യാനത്തിൽ ലയിച്ചിരിപ്പുണ്ടെന്നും അടുത്തുചെന്നു് അദ്ദേഹം കണ്ടു മനസ്സിലാക്കി. അവിടെ പ്രവേശിച്ചു് അവരോടു് തൻെറ മനോഗതം അറിയിക്കണമെന്നുള്ള ആഗ്രഹം പെട്ടെന്നദ്ദേഹത്തിനു തോന്നിയെങ്കിലും ആ നാലു ജീവികൾ ആരാണെന്നും, അവർ എവിടെനിന്നു വന്നവരാണെന്നും അവർ എന്തുചെയ്യുകയാണെന്നും, ഒരു പക്ഷേ അവർ വനമദ്ധ്യത്തിൽ വസിക്കുന്ന ഭൂതപ്രേതപിശാചുക്കളിൽപെട്ടവർ മനുഷ്യാകൃതിപൂണ്ടിരിക്കുകതന്നെ ആയിരിക്കുകയില്ലേയെന്നും ഉറപ്പുള്ള യാതൊരറിവുംകൂടാതെ അവരുടെ കൈയിൽ അകപ്പെടുന്നതും അവരെ ശല്യപ്പെടുത്തുന്നതും ബുദ്ധിപൂർവ്വകമല്ലെന്നു് അദ്ദേഹം ശാന്തമായി ചിന്തിച്ചു തീരുമാനിച്ചു. അതനുസരിച്ചു് അദ്ദേഹം അവരുടെ ശ്രദ്ധയിൽപെടാതെ സമീപത്തു് ഒരുസ്ഥലത്തു് മറഞ്ഞിരുന്നു. അല്പനേരം കഴിഞ്ഞപ്പോൾ ആ ഫക്കീറന്മാരിൽ ഒരാൾ ഒന്നു തുമ്മുകയും അതേത്തുടന്നു് "അല്ലാഹുവിനു സ്തോത്രം * എന്നുച്ചരിക്കുകയുംചെയ്തു. ഈ ആക

---

* ഏഷ്യാക്കാർ തുമ്മുമ്പോൾ അതു് അല്ലാഹുവിനെ, അനുസ്മരിപ്പിക്കുന്ന ഒരു സൂചനയാണെന്നു കരുതുകയും 'അല്ലാഹുവിനു സ്തുതി' എന്നു പറയുകയും പതിവാണു്.

സ്മികമായ ശബ്ദംകേട്ടു് മററു മൂന്നു ഫക്കീറന്മാരും ധ്യാന ത്തിൽനിന്നുണൎന്നു വിളക്കിൻെറ തിരി നീട്ടി പ്രകാശം വൎദ്ധി പ്പിക്കുകയും അവരവരുടെ പുകക്കുഴലുകൾ കത്തിച്ചു പുക വലിക്കുകയും ചെയ്തു. അവർ തമ്മിൽ താഴെ വരുംപ്രകാരം സംസാരിക്കുന്നതു് മഹാരാജാവു് മറഞ്ഞിരുന്നു കേട്ടു. "നാം എത്രയോ കാലമായി ഓരോ ദേശത്തും തനിയേ അല്ലാഹു വിൻെറ അനുഗ്രഹത്താൽ സഞ്ചരിക്കുകയും പലതും കാണു കയും കേൾക്കുകയും എല്ലാം ചെയ്തു. ഒടുവിൽ നാം നാലു പേരും വീണ്ടും ഇന്നു് ഈ സ്ഥലത്തുവന്നു് ഒന്നിച്ചുചേൎന്നു. നാളത്തെ നമ്മുടെ പരിപാടി എന്തായിരിക്കുമെന്നു് നമുക്കു തന്നെ നിശ്ചയമില്ല. രാത്രിയിൽ ഉറങ്ങുകയോ വിശ്രമിക്കു കയോ ചെയ്തുകൂടാത്തതാണു്. അതുകൊണ്ടു് നാം ഓരോ രുത്തരും അവരവരുടെ ദീൎഘകാലത്തെ ദേശസഞ്ചാരത്തിൽ കണ്ടും കേട്ടും അറിഞ്ഞ അനുഭവങ്ങളെ അന്യോന്യം അറി യുന്നതിനുവേണ്ടി ഇന്നു രാത്രി മുഴുവൻ പറഞ്ഞുകേൾപ്പി ക്കണം. പ്രഭാതം ആകുമ്പോൾ നമ്മുടെ അനുഭവകഥ പറഞ്ഞവസാനിപ്പിക്കുകയും നമുക്കു നിദ്ര തുടങ്ങുകയും ചെയ്യാം. അതുകേട്ടു് ആ ഫക്കീർസംഘത്തിലെ പ്രധാ നിയോടു് അതിൽ ഒരാൾ ഇപ്രകാരം പറഞ്ഞു: "അങ്ങാ ണല്ലോ ഇക്കൂട്ടത്തിൽ ഏററവും പ്രധാനപ്പെട്ട ആൾ. അതു കൊണ്ടു് ആദ്യമായി അങ്ങുതന്നെ അങ്ങയുടെ അനുഭവകഥ വിവരിച്ചു കേൾപ്പിച്ചാലും. അതിൽനിന്നു ഞങ്ങൾ വിജ്ഞാനവും പുരോഗമനവും നേടാം. അതു കേട്ടതിനു ശേഷം ഞങ്ങൾ ഓരോരുത്തരായി ഞങ്ങളുടെ അനുഭവ ങ്ങളെ വിവരിക്കാം."

# അദ്ധ്യായം 2

## ഒന്നാമത്തെ ഫക്കീറിൻെറ അനുഭവകഥകൾ

ഒന്നാമത്തെ ഫക്കീർ നിവർന്നിരുന്നുകൊണ്ട് തൻെറ അനുഭവകഥകൾ വിവരിക്കാൻ തുടങ്ങി. തൻെറ സഖാക്കളോട് അദ്ദേഹം ഇപ്രകാരം പറഞ്ഞു: "അല്ലാഹുവിനു പ്രിയപ്പെട്ടവരെ, എന്നിലേക്കു തിരിഞ്ഞിരിക്കുക, ഈ ദേശാടനക്കാരൻെറ കഥയെ ശ്രദ്ധിച്ചുകേൾക്കുക."

ഒന്നാമത്തെ ഫക്കീർ തൻെറ കഥയെ താഴെവരുംപ്രകാരം വിവരിക്കാൻതുടങ്ങി: "ഈ നിർഭാഗ്യവാൻെറ ജന്മഭൂമി അറേബ്യയാണ്. അവിടെ കുബേരതുല്യനായ ഒരു വ്യാപാരിയുടെ പുത്രനായി ഞാൻ ജനിച്ചു. എൻെറ പിതാവായ ഖാജാഅഹ്മദിനു 'മലിക്കുത്-ത്തുജ്ജാർ'*എന്ന ബഹുമാന്യസ്ഥാനവും ഉണ്ടായിരുന്നു. എൻെറ മാതാപിതാക്കൾക്കു സന്താനമായി ഞാനും എൻെറ ഏകസഹോദരിയും മാത്രമേ ഉണ്ടായിരുന്നുള്ളു. എൻെറ പതിന്നാലുവയസ്സുവരെ ഞാൻ ധനികരായ മാതാപിതാക്കളുടെ ഏകപുത്രനെന്നുള്ള നിലയിൽ രാജതുല്യമായ സുഖത്തിലും സംതൃപ്തിയിലും വളർന്നു. അക്കാലംവരെ ജീവിതക്ലേശങ്ങൾ എന്തെന്നുപോലും ഞാനറിഞ്ഞിട്ടില്ല. എൻെറ സഹോദരിയെ പിതാവ് അയൽനഗരത്തിലുള്ള ധനികനായ ഒരു വ്യാപാരിക്കു വിവാഹംചെയ്തുകൊടുക്കുകയും സഹോദരി

---

* 'മലിക്കുത്-ത്തുജ്ജാർ' എന്ന വാക്കിൻെറ അർത്ഥം 'വണികപ്രമാണി' എന്നാണ്. അതു് പെർഷ്യാക്കാരുടെ ഇടയിൽ ഉപയോഗിച്ചുവരുന്ന ഒരു ബഹുമതിബിരുദമാണ്. ഈസ്റ്റ്ഇൻഡ്യാക്കമ്പനിക്കാക്ക് ഡെൽഹിചക്രവർത്തി ആദ്യമായി കല്പിച്ചുനൽകിയ ബഹുമതിബിരുദം 'ഉംദത്തു-ത്തുജ്ജാർ' (വ്യാപാരിശ്രേഷ്ഠർ) എന്നാണ്. പെർഷ്യൻ ചക്രവർത്തിയുടെ പ്രതിനിധിയായി ബംഗാളിൽ അയച്ചിരുന്ന ഹാജി ഖലീലിനു് മലിക്കുത്-ത്തുജ്ജാർ എന്നുള്ള ബഹുമതിബിരുദം നൽകപ്പെട്ടിരുന്നു.

ഭർത്തൃഭവനത്തിൽ സുഖമായി ജീവിതം നയിക്കുകയും ചെയ്തിരുന്നു. അങ്ങനെ സകല സൌഭാഗ്യങ്ങളുടേയും മദ്ധ്യത്തു ഞാൻ ജീവിതാനന്ദം അനുഭവിച്ചുവരവേ പെട്ടെന്ന് എനിക്കു് അതികഠിനമായ ഒരത്യാഹിതം നേരിട്ടു. എൻെറ മാതാപിതാക്കന്മാർ ഇരുവരും ഏററവും അടുത്തടുത്തുള്ള കാലയളവിനുള്ളിൽ മരണമടയുകയും അങ്ങനെ ഞാൻ നിരാലംബനായ ഒരു ബാലനായിത്തീരുകയുംചെയ്തു. ഈ ഭയങ്കരദുഃഖം എൻെറ ഹൃദയത്തെ വല്ലാതെ മർദ്ദിക്കുകയും ഞാൻ അനേകദിവസങ്ങൾ വിലാപത്തിലും സങ്കടത്തിലും മുഴുകിക്കഴിയുകയും ചെയ്തു. ഒടുവിൽ ബന്ധുമിത്രാദികളെല്ലാം എൻെറ വീട്ടിൽ വന്നുചേർന്ന് മാതാപിതാക്കന്മാരുടെ അനന്തരകർമ്മങ്ങളെല്ലാം ഭംഗിയായി നടത്തിക്കുകയും പിതാവിൻെറ സ്ഥാനത്തു് എന്നെ നാട്ടാചാരമനുസരിച്ചു സ്ഥാനാരോഹണം ചെയ്യിക്കുന്ന ചടങ്ങായി പിതാവിൻെറ തലപ്പാവ് എൻെറ ശിരസ്സിൽ അണിയിക്കുകയും ചെയ്തു. പിതാവിൻെറ വ്യാപാരകാര്യംസംബന്ധിച്ചുള്ള നിരവധി ശമ്പളക്കാർ, ഏജൻറന്മാർ മുതലായവർ എൻെറ മുമ്പിൽ ഹാജരായി എൻെറ ആജ്ഞയുംകാത്തു നിന്നു. അവർ അനേകം പാരിതോഷികങ്ങളും എനിക്കു സംഭാവനചെയ്തു. ബന്ധുമിത്രാദികൾ എൻെറ ഭാരിച്ച സ്വത്തിൻേറയും വ്യാപാരത്തിൻേറയും നടത്തിപ്പിൽ ഞാൻ ബുദ്ധിപൂർവ്വം ശ്രദ്ധാപൂർവ്വം പ്രവർത്തിക്കണമെന്നും മററുമുള്ള ഉപദേശങ്ങൾ നൽകുകയും മാതാപിതാക്കന്മാരുടെ വേർപാടിൽ എന്നെ സാന്ത്വനപ്പെടുത്തുകയും ചെയ്തിട്ട് അവരുടെ വീടുകളിലേക്കു തിരിച്ചുപോയി. ഞാൻ പിതാവിൻെറ പണവും വ്യാപാരശാലയിലെ ചരക്കുകളുമെല്ലാം തിട്ടപ്പെടുത്തി അവയുടെ ചുമതല നേരിട്ടേറെടുത്തു് വ്യാപാരകാര്യങ്ങൾ നടത്തിവന്നു. ഒരു വമ്പിച്ച ധനം എൻെറ ഹിതാനുസരണം ചെലവാക്കത്തക്കവിധം എൻെറ പക്കൽ വന്നുചേർന്നതുകണ്ടു് ഞാൻ മതിമറന്നുപോയെന്നുതന്നെ പറയാം.

ഞാൻ ഞങ്ങളുടെ ഭവനത്തോടനുബന്ധിച്ച് പുതുതായി ഒരതിഥിമന്ദിരം പണിയിക്കുകയും വീട്ടിൽ അനേകം ജോലിക്കാരെ ഏർപ്പെടുത്തുകയും ഏററവും കൂടിയ തോതിൽ ജീവിതം നയിക്കാൻ ആരംഭിക്കുകയും ചെയ്തു. എന്നെ എപ്പോഴും വട്ടമിട്ടുകൊണ്ട് പലതരത്തിലുള്ള സ്നേഹിതന്മാരും ആശ്രിതന്മാരും എൻെറ വീട്ടിൽതന്നെ മിക്കവാറും സ്ഥിരതാമസം തുടങ്ങി. അവരുടെ ഉപദേശങ്ങളനുസരിച്ച് ഞാൻ ഏററവും പരിഷ്കൃതമായ രീതിയിൽ ജീവിതം ആരംഭിക്കുകയും യുവസഹജമായ പല പ്രലോഭനങ്ങൾക്കും വഴിപ്പെടുകയും ചെയ്തു. എല്ലാദിവസവും എൻെറ വീട്ടിൽ വൻതോതിലുള്ള ഉദ്യാനവിരുന്നുകൾ, നൃത്തം തുടങ്ങിയുള്ള വിനോദങ്ങൾ ഇവയെല്ലാം നടന്നുവന്നു. സുന്ദരികളായ അനേകം യുവതികളേയും ഞാൻ വീട്ടിൽവരുത്തി താമസിപ്പിച്ചിരുന്നു. ക്രമേണ എൻെറ സ്നേഹിതന്മാരുടെ പ്രേരണയിൽപെട്ട് ഞാൻ മദ്യപാനവും തുടങ്ങി. ഇങ്ങനെ സുഖഭോഗങ്ങളിൽ കടിഞ്ഞാണില്ലാതെ മുഴുകിയ എൻെറ ഏകജോലി കൈയുംകണക്കുമില്ലാതെ ധനം ധൂർത്തടിക്കുകമാത്രമായിത്തീർന്നു. വ്യാപാരകാര്യങ്ങളിൽ ഞാൻ ഒട്ടുംതന്നെ ശ്രദ്ധപതിപ്പിക്കാറില്ലായിരുന്നു. ഇങ്ങനെ ഏതാനുംകാലം ജീവിച്ചതിൻെറ ഫലമായി എനിക്കുള്ള സ്വത്തെല്ലാം നശിപ്പിക്കപ്പെടുകയും എനിക്ക് അരയിൽ ചുററാനുള്ള ഒരൊററ മുണ്ടല്ലാതെ മറെറാന്നും ശേഷിക്കാതെ വരികയും ചെയ്തു. എൻെറ കപടസ്നേഹിതന്മാർ ഓരോരുത്തരായി എന്നെ വിട്ടുപിരിഞ്ഞു. എൻെറ ജോലിക്കാർ കൈയിൽകിട്ടിയതെല്ലാം തട്ടിക്കൊണ്ടു കടന്നുപോയി. അനന്തരം ഒരുനേരത്തെ വിശപ്പടക്കാനുള്ള വകപോലുമില്ലാതെ ഞാൻ തെരുവിൽ അലഞ്ഞുതിരിയുകയും പലദിവസങ്ങളും പട്ടിണിയിൽ കഴിയുകയും ചെയ്തു. വിശപ്പിൻെറ കൊടുംയാതനയിൽനിന്നു നിവൃത്തിനേടാനുള്ള ചൂടുള്ള ചിന്ത എന്നെ വല്ലാതെ അലട്ടിയപ്പോൾ ഞാൻ

എൻെറ സഹോദരിയെപ്പററി ഓക്കകയും സഹോദരിയുടെ ഭവനത്തിൽതന്നെ തൽകാലം അഭയം പ്രാപിക്കാമെന്നു തീരുമാനിക്കുകയും ചെയ്തു. അങ്ങനെ പല ദിവസങ്ങൾ നടന്നും അലഞ്ഞും കീറിമുഷിഞ്ഞ വസ്ത്രവുമായി ഒരുവിധത്തിൽ ഞാൻ സഹോദരിയുടെ ഭവനത്തിൽ ചെന്നുചേൻ്നു. എന്നെ ആ നിലയിൽ ദരിദ്രനായി കാണാൻ ഇടയായ സഹോദരി എന്നെ സ്നേഹപൂർവ്വം കെട്ടിപ്പുണൎന്നു് വാവിട്ടു നിലവിളിച്ചുപോയി എന്തായാലും എന്നെക്കാണാൻ സാധിച്ചതിൽ സ്നേഹവതിയായ ആ സഹോദരി അത്യന്തം ആനന്ദിക്കുകയും ഉടൻതന്നെ എനിക്കു കുളിക്കാനും മററും വേണ്ട ഏർപ്പാടുകൾ ചെയ്തതിനുശേഷം ഉത്തമരീതിയിലുള്ള വസ്ത്രങ്ങൾ വരുത്തി എനിക്കു ധരിക്കാൻ തരികയും എൻെറ താമസത്തിനു വേണ്ട സജ്ജീകരണങ്ങളെല്ലാം പൂൎത്തിയാക്കുകയും ചെയ്തു. അങ്ങനെ അനേകദിവസങ്ങൾ രാജതുല്യമായ സുഖജീവിതം നയിക്കാൻ അവിടെ എനിക്കു സാധിച്ചു. ഭാഗ്യവതിയായ എൻെറ സഹോദരി എൻെറ സ്നേഹംനിറഞ്ഞ മൺമറഞ്ഞ മാതാവിനെപ്പോലെ എന്നെ സംരക്ഷിച്ചുവന്നു. അങ്ങനെ സഹോദരീഗൃഹത്തിൽ താമസമായി കുറച്ചുകാലം കഴിഞ്ഞു് ഒരുദിവസം എൻെറ സഹോദരി എന്നെ ഇപ്രകാരം ഉപദേശിച്ചു: "പ്രിയപ്പെട്ട സഹോദരാ! നീ എത്രകാലം ഇവിടെ താമസിച്ചാലും നിന്നെക്കാണാൻ സാധിക്കുന്നതുനിമിത്തം എനിക്കു സന്തോഷമേയുള്ളു. എന്നാൽ നാട്ടുകാർ, വിശേഷിച്ചും ഈ നഗരവാസികൾ നമ്മെ അവമതിച്ചു പലതും സംസാരിക്കാതെയിരിക്കുകയില്ല. വമ്പിച്ച സ്വത്തു മുഴുവൻ ധൂൎത്തടിച്ചു നശിപ്പിച്ചു മുടിയനായ പുത്രനായിത്തീൎന്നതിനുശേഷം നീ സഹോദരീഭൎത്താവിൻെറ ഉച്ഛിഷ്ടം ഭക്ഷിച്ചു കഴിയുകയാണെന്നുള്ള അവമതി അവർ പ്രകാശിപ്പിക്കും. അതു നമ്മുടെ അന്തസ്സിനും കുലമഹിമയ്ക്കും ചേൎന്നതല്ല; കൂടാതെയും ഒരു മനുഷ്യൻ സ്വന്തപ്രയത്നംകൊണ്ടു ജീവിക്കണ

മെന്നുള്ളതാണ് അല്ലാഹുവിൻെറ നിയമം. അതുകൊണ്ടു് നീ സ്വന്തംനിലയിൽ വ്യാപാരം നടത്തി പണം സമ്പാദിക്കണം. അതിനുവേണ്ട പണം ഞാൻ തരാം." അങ്ങനെ ഒരു നല്ലതുക സഹോദരി എനിക്കു തരികയും ആ നഗരത്തിലെ പ്രധാന വ്യാപാരശാലയിൽനിന്നു ധാരാളം ചരക്കുകൾ വിലയ്ക്കുവാങ്ങി വിശ്വസ്തനായ ഒരു കച്ചവടക്കാരനെ ഏല്പിച്ചു ഡെമാസ്കസ്സിലേക്കയയ്ക്കണമെന്നും, പുറകേ ഞാനും ആ നഗരത്തിലെത്തി ആ ചരക്കുകൾ വിററു പണമാക്കണമെന്നും തീരുമാനിക്കയുംചെയ്തു. അതനുസരിച്ചു ചരക്കുകൾ കടൽമാർഗ്ഗം അയച്ചിട്ടു് ഞാൻ കുതിരപ്പുറത്തുകയറി സഹോദരിയോടു വിടയുംവാങ്ങി കരമാർഗ്ഗം ഡെമാസ്കസ്സിലേക്കു പുറപ്പെടുകയുംചെയ്തു. ഞാൻ ഡെമാസ്കസ് നഗരത്തിൻെറ പ്രവേശനദ്വാരത്തിലെത്തിയപ്പോഴേക്കും രാത്രിയായിക്കഴിഞ്ഞിരുന്നതിനാൽ നഗരകവാടം ബന്ധിക്കപ്പെട്ടിരുന്നു. ദ്വാരപാലകന്മാർ വാതിൽ തുറന്നു് എന്നെ നഗരത്തിൽ കടത്തിവിട്ടില്ല. അങ്ങനെ ഞാൻ നഗരത്തിനു ചുററുമുള്ള വൻമതിലിനോടുചേർന്നു പുറത്തു് തറയിൽ വിരിപ്പുവിരിച്ചു വിശ്രമിച്ചു. പകലത്തെ യാത്രയുടെ ക്ഷീണംനിമിത്തവും, ആഹാരസാധനമൊന്നും കിട്ടാൻ നഗരത്തിനു വെളിയിൽ സാധ്യമല്ലാതെയിരുന്നതിനാൽ വിശപ്പുകൊണ്ടും ഞാൻ വലദയണ്ടിവന്നു. അങ്ങനെ എനിക്കു് ഉറക്കംതന്നെ ഉണ്ടായില്ല. ഞാൻ തറയിൽ പലവിധ ചിന്തകളോടുകൂടി അസ്വസ്ഥനായി ഇരുന്നു്, രാത്രിയുടെ നീണ്ട യാമങ്ങൾ ഓരോന്നും കഴിക്കവേ നഗരാന്തർഭാഗത്തുനിന്നു് മതിലിൽക്കൂടെ താഴോട്ടു് എന്തോ ഒരു സാധനം കയറിൽകെട്ടിയിറക്കുന്നതായി ഞാൻ കണ്ടു. ക്രമേണ താഴ്ന്നുവന്ന ആ സാധനം ഒരു തടിപ്പെട്ടിയാണെന്നു കാണാമായിരുന്നു. അതിനകത്തു വല്ല ധനവും ഉണ്ടായിരിക്കുമെന്നുള്ള ആശയോടുകൂടി ഞാൻ ആ പെട്ടിയുടെ സമീപത്തു ചെന്നു പരിശോധിച്ചു. പെട്ടിയ്ക്കകത്തുനിന്നു് ഒരു ദീനരോ

ദനം കേൾക്കാമായിരുന്നു. "എടാ നന്ദികെട്ട ദ്രോഹീ! നീചനായ നിന്നെ സ്ഥാനംമറന്നു സ്നേഹിച്ചതിൻെറ ഫലം ഇതാണോ" എന്നു് മന്ദമായ ഒരു മധുര സ്വരം ആ പെട്ടിയ്ക്കകത്തുനിന്നു പുറപ്പെട്ടു. അടുത്തുചെന്നു നോക്കിയപ്പോൾ ആരുടേയും കണ്ണഞ്ചിക്കുന്ന ഒരു കനകാംഗി ആ പെട്ടിക്കകത്തുകിടന്നു പ്രാണവേദനയാൽ പിടയുന്നതാണു കണ്ടതു്. മൂടുപടം ധരിച്ചിരുന്നെങ്കിലും ആ യുവസുന്ദരിയുടെ ശരീരത്തിൽ വെട്ടുംകുത്തുമേററ മുറിവുകളിൽനിന്നും രക്തം പ്രവഹിക്കുന്നതു കാണാമായിരുന്നു. അത്ഭുതസ്തബ്ധനായ ഞാൻ അല്പനിമിഷത്തിനിടയ്ക്കു ധൈര്യം വീണ്ടെടുത്തപ്പോൾ ആ സുന്ദരി ആരാണെന്നും അവൾക്കെന്തു സംഭവിച്ചുവെന്നും ഞാൻ ചോദിച്ചു. അതിനുത്തരമായി ആ യുവതി എന്തോ അസ്പഷ്ട സ്വരത്തിൽ പ്രതിവചിച്ചിട്ടു് മൂടുപടംവലിച്ചു മുഖംമൂടി നിശ്ശബ്ദതയിൽ ലയിച്ചു. രാത്രിയുടെ ശേഷിച്ചഭാഗം ഒരു വിധത്തിൽ ഞാൻ അവിടെ കഴിച്ചുകൂട്ടി. നേരം പ്രഭാതമായ ഉടൻതന്നെ നഗരകവാടം തുറക്കപ്പെടുകയും ആ യുവതിയെ പെട്ടിയോടുകൂടി കുതിരപ്പുറത്തു കയററിക്കൊണ്ടു ഞാൻ നഗരത്തിൽ പ്രവേശിക്കുകയുംചെയ്തു. വളരെ പണിപ്പെട്ടു് ഒരു വീടു വാടകയ്ക്കെടുത്തു് ഒരു ഭൃത്യനേയും ഏൎപ്പാടുചെയ്തു് ആ ഭൃത്യൻെറ സൂക്ഷിപ്പിൽ മുറിവേററ യുവതിയെ ആക്കീട്ടു് ഒരു ഡാക്ടരെ കൂട്ടിക്കൊണ്ടുവരാൻ ഞാൻ പുറപ്പെട്ടു. ആ നഗരത്തിൽ 'ഈസാ' എന്നു പ്രസിദ്ധനായ ഒരു ഡാക്ടരുണ്ടെന്നും മുറിവുകൾ സംബന്ധിച്ചുള്ള ചികിത്സയ്ക്കു് അയാൾ വലിയ വിദഗ്ദ്ധനാണെന്നും മററുമുള്ള വിവരങ്ങൾ ഗ്രഹിക്കാൻസാധിച്ച ഞാൻ ആ ഡാക്ടരുടെ വീടു തേടിപ്പിടിച്ചു് അദ്ദേഹത്തേക്കണ്ടു് ഇങ്ങനെ പറഞ്ഞു: "ഞാൻ ഒരു വിദേശിയാണു്. വ്യാപാരസംബന്ധമായി ഞാൻ എൻെറ ഭാൎയ്യയുമൊന്നിച്ചു ഡെമാസ്കസ് നഗരത്തിലേക്കു പുറപ്പെട്ടുവരികയായിരുന്നു. നഗരാതിൎത്തി

യിൽ എത്തിയപ്പോഴേയ്ക്കും രാത്രി ആയിരുന്നതിനാൽ ഞങ്ങൾക്ക നഗരത്തിനകത്തു പ്രവേശിക്കാൻ സാധിക്കാതെ വരികയും അങ്ങനെ ഞങ്ങൾ ഒരു വൃക്ഷച്ചുവട്ടിൽ രാത്രി വിശ്രമിക്കുകയുംചെയ്തു. അദ്ധരാത്രിയായപ്പോൾ ഒരുസംഘം കൊള്ളക്കാർ ഞങ്ങളെ ആക്രമിക്കുകയും ഞങ്ങളുടെ പണവും പണ്ടങ്ങളും അപഹരിച്ചുകൊണ്ടുപോകയും ചെയ്തു. ആ ദുഷ്ടന്മാർ എന്റെ ഭാൎയ്യ ധരിച്ചിരുന്ന ആഭരണങ്ങൾ കവച്ച്ചെയ്യവേ ഭാൎയ്യയെ അതികഠിനമായിവെട്ടിമുറിവേല്പിക്കുകകൂടെച്ചെയ്തു. അതിനാൽ നിങ്ങൾ ഉടൻതന്നെ ഞങ്ങളുടെ താമസസ്ഥലത്തുവന്ന് എന്റെ ഭാൎയ്യയ്ക്കുവേണ്ട വൈദ്യസഹായം നൽകി അവളുടെ ജീവൻ രക്ഷിച്ചുതരണം.” ഇതുകേട്ട് ആ ഡാക്ടർ ഉടൻതന്നെ എന്റെകൂടെ വരികയും യുവതിയുടെ മുറിവുകൾ പരിശോധിച്ചു മരുന്നുവെച്ചുകെട്ടുകയും തുന്നുകയുംമററും ചെയ്തു. ആ യുവതിക്ക ജീവാപായം നേരിടത്തക്ക മുറിവുകൾ ഏററിട്ടില്ലെന്നും നാലാമത്തെ ദിവസം മുറിവുകളെല്ലാം പൂൎണ്ണമായി സുഖപ്പെട്ട് അവൾ പൂൎണ്ണാരോഗ്യത്തെ പ്രാപിക്കുമെന്നും ഡാക്ടർ എന്നെ ധൈൎയ്യപ്പെടുത്തി. അന്നുമുതൽ ദിവസവും ഡാക്ടർ വന്ന് രോഗിയെ താല്പൎയ്യത്തോടെ ശുശ്രൂഷിച്ചുവന്നു. അതിനിടയ്ക്ക് ഞാൻ ചരക്കേല്പിച്ചയച്ചിരുന്ന കച്ചവടക്കാരൻ എന്നെ കണ്ടുപിടിച്ച് എന്റെ ചരക്കെല്ലാം എന്നെ ഏല്പിച്ചു. ഞാൻ അതു് ആദായകരമായി വിററഴിച്ചു പണമുണ്ടാക്കി. ആ പണം യഥേഷ്ടം വിനിയോഗിച്ചു ഞാൻ ആ യുവതിയുടെ രോഗശുശ്രൂഷയ്ക്കു വേണ്ടതെല്ലാം ചെയ്യുകയും വീട്ടുകാൎയ്യങ്ങൾ നടത്തുകയും ചെയ്തു. ഡാക്ടർ അഭിപ്രായപ്പെട്ടതുപോലെതന്നെ നാലാംദിവസത്തിനകം രോഗി പൂൎണ്ണസുഖം പ്രാപിക്കുകയാൽ ഞാൻ ഡാക്ടൎക്കും യഥോചിതം പാരിതോഷികം നൽകി അയച്ചു. മുറിവുകളെല്ലാം സുഖപ്പെടുകയും ആരോഗ്യം വീണ്ടെടുക്കുകയും ചെയ്തതോടുകൂടി ആ യുവതിയുടെ നിറവും അംഗസൌഷ്ഠവവും പതി

ന്മേടങ്ങ് ആകർഷണീയമായിത്തീൎന്നു. അവളുടെ സമീപത്തു താമസിക്കുന്നതുതന്നെ ഒരപൂൎവ്വഭാഗ്യമായിക്കരുതി ഞാൻ ആനന്ദംകൊണ്ടു. എന്നാൽ രോഗനിവൃത്തയായതോടുകൂടി ആ യുവതി അധികാരസ്വരം അവലംബിക്കുകയും എന്നെ വിളിച്ചു ചില പ്രത്യേകനിൎദ്ദേശങ്ങൾ തരികയുംചെയ്തു. അതിപ്രകാരമാണ്: "നിങ്ങൾ എന്നെ ആപത്തിൽനിന്നു രക്ഷിച്ചു; മരണത്തിൻെറ വായിൽനിന്നു എൻെറ ജീവനെ നിങ്ങൾ വീണ്ടെടുത്തു. അതുസംബന്ധിച്ചു ഞാൻ നിങ്ങളോട് എന്നേയ്ക്കും നന്ദിയുള്ളവളായിരിക്കും. നിങ്ങൾ എനിക്കുവേണ്ടിച്ചെയ്ത ഉപകാരമെല്ലാം കല്ലിൽ എഴുതിയതുപോലെ എൻെറ ഹൃദയത്തിൽ മായാത്തവിധം പതിഞ്ഞിട്ടുണ്ടു്. എന്നാൽ അതിനൊന്നിനും ശരിയായ പ്രത്യുപകാരംചെയ്യാൻ ഇപ്പോൾ എനിക്കു കഴിവില്ല. നിങ്ങളോട് ഇക്കൂട്ടത്തിൽ ചില ഉപദേശങ്ങൾ എനിക്കു പ്രത്യേകം അറിയിക്കാനുണ്ടു്. നിങ്ങൾ എന്നെ എൻെറ ഹിതത്തിനു വിട്ടേയ്ക്കണം. എന്നെ സംബന്ധിച്ച യാതൊരു കാൎയ്യത്തിലും നിങ്ങൾ യാതൊരു നിൎബ്ബന്ധവും കാണിക്കരുതു്. എൻെറ സ്വന്തകാൎയ്യങ്ങളിൽ നിങ്ങൾ ഇടപെടാൻ ശ്രമിക്കുകയോ എന്തെങ്കിലും വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുകയോ ചെയ്യരുതു്. ഇതിനെല്ലാംപുറമേ ഞാനുമായി അല്പം അകലത്തുനിന്നുള്ള പെരുമാററമേ നിങ്ങൾക്കനുവദിച്ചിട്ടുള്ളു." ഈ നിശിതമായ നിൎദ്ദേശങ്ങൾ എനിക്ക് അത്ഭുതമുളവാക്കിയെങ്കിലും ആ ദേവാംഗനയുടെ ഹിതാനുസരണം അനുസരണയോടെ വൎത്തിക്കാൻ എനിക്കു സന്തോഷംതന്നെ ആയിരുന്നു. അവളുമായി പിരിയാതെ ഒരേഭവനത്തിൽ താമസിക്കുന്നതുതന്നെ ഞാൻ ഒരു മഹാഭാഗ്യമായി കരുതി. അങ്ങനെ ഞങ്ങൾ താമസം തുടരവേ എൻെറ പണമെല്ലാം ചെലവായിത്തീരുകയും ഞങ്ങളുടെ നിത്യാവശ്യങ്ങൾക്കു വേണ്ട പണംപോലുമില്ലാതെ ഞാൻ ചിന്താഭാരത്തിൽ മുഴുകുകയുംചെയ്തു. ബുദ്ധിമതിയായ ആ യുവതി എൻെറ

സാമ്പത്തികവൈഷമ്യങ്ങളെ മനസ്സിലാക്കി എന്നെ അടുത്തുവിളിച്ച് ഇപ്രകാരം പറഞ്ഞു: "നിങ്ങൾ പണമില്ലെന്നുള്ള കാരണത്താൽ ഒട്ടും ക്ലേശിക്കേണ്ട. പണം എത്രവേണമെങ്കിലും ഉണ്ട്. ഒരു കടലാസും സ്വല്പം മഷിയും പേനയും കൊണ്ടുതരിക." ഉടൻതന്നെ ഞാൻ ആ സാധനങ്ങളെല്ലാം അവളുടെ മുമ്പിൽവെച്ചു. അവൾ ആ കടലാസിൽ എന്തോ എഴുതി ഒപ്പുവെച്ചതിനുശേഷം അതു മടക്കി എന്നെ ഏല്പിച്ചിട്ട്, ആ നഗരത്തിൽ സ്ഥിതിചെയ്യുന്ന ഒരു കെട്ടിടത്തിൽ അതു കൊണ്ടുകൊടുക്കാൻ ആജ്ഞാപിച്ചു. ഞാൻ ആ കെട്ടിടം തേടിപ്പിടിച്ച് അവിടെ പ്രവേശിച്ചപ്പോൾ ഒരു നീഗ്രോവാല്യക്കാരൻ എന്നോട് വിവരം ചോദിക്കുകയും ഞാൻ ആ എഴുത്ത് ആ വാല്യക്കാരനെ ഏല്പിക്കുകയും ചെയ്തു. അല്പം കഴിഞ്ഞപ്പോൾ പതിനൊന്നുതട്ടങ്ങളിൽ പണസഞ്ചികളുമായി പതിനൊന്നു ഭൃത്യന്മാർ എന്നെ അനുഗമിച്ച് എൻെറ വാസസ്ഥലത്തേക്കു വന്നു. അവർ വഹിച്ചുകൊണ്ടുവന്ന പണമെല്ലാം വാങ്ങിവെച്ചിട്ട് ഞാൻ അവരെ യാത്രയാക്കി. ആ യുവതിയുടെ വെറുമൊരു കുറിപ്പനുസരിച്ച് ഇത്രയധികം പണം ഉത്തരക്ഷണത്തിൽ അവിടെ വന്നുചേരാനുള്ള പരിതഃസ്ഥിതികളെ സംബന്ധിച്ച് എനിക്ക് ഒരറിവുമില്ലായ്കയാൽ ഞാൻ അത്യന്തം അത്ഭുതാധീനനായി.

---

## അദ്ധ്യായം 3

യുവതിയുടെ കുറിപ്പനുസരിച്ചു ധാരാളമായി പണം വന്നുചേന്ന സംഭവം കഴിഞ്ഞ് എൺപതാമത്തെ ദിവസം ആ മോഹനാംഗി എന്നെ വിളിച്ച് ഇപ്രകാരം പറഞ്ഞു: "അല്ലാഹു മനുഷ്യൎക്ക് നാഗരികമായ വസ്ത്രാലങ്കാരങ്ങൾ നല്കിയിരിക്കുന്നതു് അവർ അതിനെ കീറിമുഷിപ്പിക്കാതെ

അണിയുന്നതിനുവേണ്ടിയാണു്. വസ്ത്രാലങ്കാരങ്ങൾക്കുപരി യായിത്തന്നെ ഒരാളുടെ അന്തസ്സായ പെരുമാററം തുടരാ മെന്നിരിക്കിലും വൃത്തിയായ വസ്ത്രധാരണത്തെ ലോകം എപ്പോഴും വിലമതിക്കുന്നുണ്ടു്. കീറിമുഷിഞ്ഞവസ്ത്രംധരിച്ച ഒരാളിനു് അയാൾ യഥാൎത്ഥത്തിൽ അൎഹിക്കുന്ന ബഹു മാനം ലോകം കല്പിക്കുകയില്ല. അതിനാൽ രണ്ടു തട്ടത്തി ലുള്ള പണം കൊണ്ടുപോയി നഗരത്തിലുള്ള യൂസുഫിൻെറ പീടികയിൽനിന്നു് വിലപിടിച്ച വസ്ത്രങ്ങളും ആഭരണ ങ്ങളും വാങ്ങിക്കൊണ്ടുവരിക." അതനുസരിച്ചു് പണവും കൊണ്ടു് ഞാൻ ആ പീടികയിലെത്തി. യൂസുഫിനു് മുറപ്ര കാരം സലാംപറഞ്ഞുകൊണ്ടു ഞാൻ ആവശ്യപ്പെട്ട സാധന ങ്ങൾ എടുത്തുതരാൻ പറഞ്ഞു. അയാൾ അപ്രകാരം ചെയ്തു. എൻെറ ഉച്ചാരണരീതിയും മററും കണ്ടു് ഞാനൊരു വിദേ ശിയാണെന്നു് ആ കച്ചവടക്കാരൻ നിശ്ചയിക്കും മനസ്സിലാ ക്കുകയും എൻെറ ഊരും പേരും, ആ നഗരത്തിൽ താമസി ക്കുന്നതിൻെറ ഉദ്ദേശവും അറിയാൻ ആഗ്രഹംപ്രകടിപ്പിക്കു കയും ചെയ്തു. പല ഒഴികഴിവുകളുംപറഞ്ഞു ഞാൻ പുറപ്പെ ടാൻ ഒരുങ്ങി. അപ്പോൾ ആ വ്യാപാരി എന്നെ അയാളുടെ വാസസ്ഥലത്തേക്കു് ഒരു വിരുന്നുസല്ക്കാരത്തിനു ക്ഷണിച്ചു. വാങ്ങിയ സാധനങ്ങൾ വീട്ടിൽ എത്തിച്ചിട്ടു ഞാൻ ഉടൻ മടങ്ങാമെന്നുള്ള കരാറിൽ അവിടംവിട്ടു. ആ വ്യാപാരിയെ സംബന്ധിച്ചു വിശേഷവിധിയായി ഒരുകാൎയ്യം പ്രസ്താവി ക്കാനുണ്ടു്. അയാൾ കാമകോമളനായ ഒരു യുവാവും ആരെ യും മയക്കുന്ന ആചാരമൎയ്യാദകളോടുകൂടി ഏററവും നാഗ രികമായി പെരുമാറുന്നവനും ആയിരുന്നു. അയാളുടെ തങ്ക വൎണ്ണവും, കടഞ്ഞെടുത്ത അവയവങ്ങളുടെ യോജിപ്പും, സൌന്ദൎയ്യം വഴിഞ്ഞൊഴുകുന്ന മുഖവും ആരെയും അത്ഭു തപ്പെടുത്തുന്നതാണു്. ആ വഴി കടന്നുപോകുന്ന ആരും ആ കോമളനായ യുവാവിനാൽ ആകൃഷ്ടമായി അയാളെ ഒരുനിമിഷംനിന്നു നോക്കാതെ പോകാറില്ല. വീട്ടിൽ മട

ങ്ങിയെത്തിയപ്പോൾ ആ യുവതി എന്നോടു പീടികയിലെ വിവരങ്ങൾ ചോദിക്കുകയും ഞാൻ അവിടെ കണ്ടതും നടന്നതുമെല്ലാം അവളെ വിവരിച്ചു കേൾപ്പിക്കുകയും ചെയ്തു. വിരുന്നിനുള്ള ക്ഷണം സ്വീകരിച്ച സ്ഥിതിക്കു ഉടനേതന്നെ അതിനു പോകേണ്ടതാണു് സാധാരണമര്യാദയെന്നു പറഞ്ഞുകൊണ്ടു് വ്യാപാരിയുടെ വീട്ടിൽ പോകാൻ അവൾ എനിക്കനുവാദം നല്കി. ഒരുദിവസംപോലും അവളെവിട്ടു് ഒരിടത്തും പോകാത്ത ഞാൻ ആ യാത്രയ്ക്കു് അല്പം വൈമനസ്യം കാണിച്ചുവെങ്കിലും ഒടുവിൽ അവളുടെ നിർബ്ബന്ധപൂർവ്വമുള്ള പ്രേരണയനുസരിച്ചു ഞാൻയാത്രയായി. എന്റെ സാന്നിദ്ധ്യത്തെ യൂസുഫ് അക്ഷമനായി കാത്തിരിക്കുകയായിരുന്നു. അയാൾ എന്നെ യഥാവിധി സ്വീകരിച്ചു ഗൃഹാന്തർഭാഗത്തേക്കു് ആനയിക്കുകയും അതുവഴി പുറത്തു നയനമോഹനമായ ഒരു ഉദ്യാനത്തിൽ ഞങ്ങൾ പ്രവേശിക്കുകയുംചെയ്തു. ആ ഉദ്യാനമദ്ധ്യത്തിൽ സ്ഫടികതുല്യമായ ശുദ്ധജലംനിറഞ്ഞ ഒരു കുളം ഉണ്ടായിരുന്നു. കുളത്തിന്റെ മദ്ധ്യസ്ഥാനത്തു് ജലധാരകൾ(?) നാലുപാടും വീശി കുളിർമപരത്തിക്കൊണ്ടു് ഒരു ധാരാവാഹി പ്രവർത്തിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ ആ തടാകത്തിൽ കുളികഴിഞ്ഞു ഗൃഹത്തിൽ വന്നുചേർന്നപ്പോൾ യൂസുഫ് വളരെയധികം വിലപിടിപ്പുള്ള വസ്ത്രങ്ങൾ ഒരു മുറിയിൽനിന്നെടുത്തു് സ്വയം ധരിക്കുകയും അതേ രീതിയിലുള്ള വസ്ത്രങ്ങൾ എനിക്കു ധരിക്കാൻ തരികയും ചെയ്തു. ഞങ്ങൾ രണ്ടുപേരും ആ വിചിത്രവസ്ത്രങ്ങളും ധരിച്ചുകൊണ്ടു് അതിഥിമുറിയിൽ പ്രവേശിച്ചു. അവിടെ പലതരത്തിലുള്ള ഭക്ഷണസാധനങ്ങളും കുടിക്കാനുള്ള മദ്യവും ധാരാളമായി തയ്യാറുണ്ടായിരുന്നു. നൃത്തം, സംഗീതം തുടങ്ങിയുള്ള വിവിധ കലാപ്രകടനങ്ങളും ഇടയ്ക്കിടയ്ക്കു നടക്കുന്നുണ്ടായിരുന്നു. ഞങ്ങൾ ആനന്ദപൂർവ്വം തിന്നുകയും കുടിക്കുകയും ചെയ്തു രസിച്ചു. അങ്ങനെ ഞങ്ങൾ ആനന്ദലഹരിയിലും

മദ്യത്തിൻെറ ഉന്മാദകശക്തിയിലും ലയിച്ചു മൂന്നു ദിനരാത്രങ്ങൾ ആ നിലയിൽ കഴിച്ചു. ഈ നീണ്ട സൽക്കാരത്തിനിടയ്ക്കു് ഒരു വിശേഷസംഭവം അവിടെ കണ്ടതു പ്രത്യേകം പ്രസ്താവിക്കത്തക്കതാണു്. വീട്ടുടമസ്ഥനായ യൂസുഫ് ഈ ആനന്ദകരമായ ആഘോഷത്തിൽ തൻെറ പ്രേമഭാജനമായ ഗൃഹനായികയെക്കൂടെ ഭാഗഭാക്കാക്കാനുള്ള അനുവാദം ആവശ്യപ്പെട്ടുകയും അതനുസരിച്ചു് ഈ ചടങ്ങുകളിലെല്ലാം ആ സ്ത്രീയും ആദ്യവസാനം ഞങ്ങളോടൊപ്പം കുടിച്ചുമറിഞ്ഞു് ആർത്തു് ആനന്ദിക്കുകയും ചെയ്തു. ആ സ്ത്രീ ക്രമത്തിലധികം തടിച്ചുകൊഴുത്തു് കരിനിറം പൂണ്ട ഒരു കാപ്പിരിയായിരുന്നു. അവളെ ഒരുനോക്കു കാണുന്ന ആരും ഞെട്ടി പുറകോട്ടുമാറുന്നവിധത്തിലുള്ള ഒരു വികൃതരൂപമാണവൾക്കുണ്ടായിരുന്നതു്. കാമകോമളനായ യൂസുഫ് ഈ താടകയെ എങ്ങനെ തൻെറ പ്രേമഭാജനമാക്കിയെന്നുള്ളതു് ആരെയും അമ്പരപ്പിക്കുന്ന ഒരു പ്രശ്നമായിരുന്നു. അവളുടെ പ്രേമലീലകളിൽ യൂസുഫ് ആനന്ദതുന്ദിലനാകുന്നതു കണ്ടു ഞാൻ ആശ്ചര്യസ്തബ്ധനായിരുന്നുപോയി. പൂർണ്ണചന്ദ്രനെപ്പോലെ മിന്നിത്തിളങ്ങുന്ന യൂസുഫിൻെറ ഓമനമുഖത്തു് ആ കറുകറുത്ത മാംസപിണ്ഡം ചുംബനമർപ്പിക്കുന്നതു കണ്ടപ്പോൾ ചന്ദ്രബിംബത്തെ രാഹുവാകുന്ന കരിംപാമ്പു വിഴുങ്ങുന്നതുപോലെയുള്ള . തോന്നൽ എന്നിൽ സ്വാഭാവികമായി ഉദിച്ചു. മൂന്നാംദിവസം പുലച്ചയോടെ യൂസുഫും അതിഥികളും മദ്യലഹരിയിൽനിന്നു നിവൃത്തരായി. യൂസുഫ് എന്നോടു് ഇനിയും കൂടുതൽ എന്നെ അവിടെ താമസിപ്പിക്കുന്നതു് എനിയ്ക്കു് അസൌകര്യമായിരിക്കുമെന്നുള്ള കാരണത്താൽ എന്നെ ഒരുപാത്രം മദ്യം തന്നു് ഉന്മേഷവാനാക്കി യാത്രയയച്ചു. ഞാൻ എൻെറ താമസസ്ഥലത്തെത്തി, അവിടെ ഏകയും നിരാലംബയുമായി വിട്ടിട്ടുവന്ന യുവതിയോടു് എൻെറ മര്യാദകെട്ട താമസത്തിനു മാപ്പുതേ

രണമെന്നപേക്ഷിച്ചു. യൂസുഫിൻെറ ഗൃഹത്തിൽ നടന്ന സംഭവങ്ങളെല്ലാം ഞാൻ ആ യുവതിയെ വിവരിച്ചുകേൾപ്പിക്കുകയും, യൂസുഫിൻെറ സ്നേഹപൂർവ്വമുള്ള നിർബന്ധം അനുസരിച്ചും അതിഥിമര്യാദയെ മാനിച്ചുമാണു ഞാൻ ഇത്രയധികം ദിവസം അവിടെ താമസിക്കാൻ ഇടയായ തെന്നു ക്ഷമാപണസഹിതം പറയുകയുംചെയ്തു. അവളാകട്ടെ പ്രത്യക്ഷത്തിൽ യാതൊരു ക്ഷോഭവും പ്രദർശിപ്പിക്കാതെയും എന്നെ യാതൊരുതരത്തിലും കുററപ്പെടുത്താതെയും ശാന്തസ്വരത്തിൽ ഇങ്ങനെ പറഞ്ഞു: "അതിനെന്താണു്, അതിഥിമര്യാദ ആരും പാലിക്കേണ്ടതല്ലേ. ആതിഥേയൻ അനുവദിച്ചു യാത്രയാകുന്നതുവരെ അതിഥി അവിടെ താമസിക്കേണ്ടതാവശ്യമാണു്." ഈ സംഭവത്തിനുശേഷം ഏതാനും ദിവസങ്ങൾ കഴിഞ്ഞു് ഒരുദിവസം ആ യുവതി എന്നെ വിളിച്ചു് ഇപ്രകാരം സംസാരിച്ചു: "നിങ്ങൾ വെറുമൊരപരിചിതനായിരുന്നിട്ടുപോലും യൂസുഫ് നിങ്ങളെ സ്നേഹപൂർവ്വം അയാളുടെ വീട്ടിലേക്കു ക്ഷണിക്കുകയും വേണ്ടവിധത്തിൽ സൽക്കരിച്ചുയയ്ക്കുകയും ചെയ്തല്ലോ. സാധാരണമര്യാദയനുസരിച്ചു് നിങ്ങൾ അയാളേയും. നിങ്ങളുടെ വീട്ടിലേക്കു ക്ഷണിച്ചുകൊണ്ടുവന്നു് പകരം ഒരു സൽക്കാരം നടത്തേണ്ടതല്ലേ? അതുകൊണ്ടു നിങ്ങൾ ഇന്നു തന്നെ പോയി യൂസുഫിനെ ഇങ്ങോട്ടു ക്ഷണിച്ചുകൊണ്ടു വരണം. സൽക്കാരച്ചടങ്ങുകളെ സംബന്ധിച്ചും അതിനു വേണ്ടതായ പണത്തെസംബന്ധിച്ചും നിങ്ങൾ വിഷമിക്കേണ്ട. അക്കാര്യങ്ങളെല്ലാം ഞാൻ ശ്രദ്ധിച്ചുകൊള്ളാം." യുവതിയുടെ അഭിപ്രായമനുസരിച്ചു് ഉടൻതന്നെ ഞാൻ യൂസുഫിൻെറ പീടികയിൽ ചെന്നു് അയാളെ എൻെറ വീട്ടിലേക്കു ക്ഷണിച്ചു. ആദ്യം അയാൾ തടസ്സം പറഞ്ഞുവെങ്കിലും ഒടുവിൽ എൻെറ നിർബന്ധപൂർവ്വമായ അപേക്ഷ സ്വീകരിച്ചു് അയാൾ വരാമെന്നു സമ്മതിച്ചു. യൂസുഫ് എൻെറ ആതിഥ്യം സ്വീകരിക്കാൻ

സമ്മതിച്ചതിൽ സന്തോഷമുണ്ടായതോടൊപ്പം, ആ യുവതി ഏകയായി ഒരു വമ്പിച്ച സൽക്കാരത്തിനുള്ള ചടങ്ങുകൾ എങ്ങനെ വിജയകരമാക്കുമെന്നുള്ള ആശങ്കയാൽ എനിക്കു വലുതായ അസ്വസ്ഥതയും ഉണ്ടായിരുന്നു. ഈ വിരുദ്ധചിന്തകളിൽപെട്ടു ഞാൻ വീട്ടിലേക്കു മടങ്ങി. വീട്ടിലെത്തിയപ്പോൾ എനിക്ക് അവിടെ കണ്ട കാഴ്ച ഒരു മതിഭ്രാന്തി തന്നെ ഉണ്ടാക്കി. വീട്ടിൻെറ പരിസരങ്ങൾ വെള്ളംതളിച്ചു വൃത്തിയാക്കി മണൽ വിരിച്ചു മനോഹരമാക്കപ്പെട്ടിരുന്നു. ഗേററ് വിചിത്രമായി അലങ്കരിക്കപ്പെട്ടിരുന്നു. ഗേററുമുതൽ ഗൃഹാന്തർഭാഗംവരെ മനോഹരമായ വിരിപ്പുകളിട്ടലങ്കരിച്ചിരുന്നു. അകത്ത് ഓരോ മുറിയും വിലപിടിച്ച പരവതാനികളാലും, മേശ, കസേര മുതലായ ഉപകരണങ്ങളാലും കമനീയമായി സജ്ജീകരിക്കപ്പെട്ടിരുന്നു. പലതരത്തിലുള്ള പുഷ്പമാല്യാദികളും മററും ഏററവും ഹൃദ്യമായ രീതിയിൽ യഥാസ്ഥാനങ്ങളിൽ നിക്ഷേപിച്ചിരുന്നു ഓരോ മുറികളിലും പലതരത്തിലുള്ള ആഹാരസാധനങ്ങൾ ഏററവും രുചികരമായി തയാർചെയ്തു നിരത്തിയിരുന്നു. വിവിധരീതിയിലുള്ള മദ്യങ്ങൾ കുപ്പികളിൽ നിറച്ചു തയാറാക്കിവെച്ചിരുന്നു. ഭവനത്തിൽ എല്ലായിടത്തും ഉന്നതരീതിയിലുള്ള വസ്ത്രാലങ്കാരങ്ങൾ ധരിച്ചും കിന്നരിത്തലപ്പാവണിഞ്ഞുമുള്ള പരിചാരകന്മാരുടെ ഉത്സാഹഭരിതമായ പ്രവർത്തനം കാണപ്പെട്ടു. ഇതെല്ലാം കണ്ട് അത്ഭുതാധീനനായ ഞാൻ 'മാർഗ്ഗഭ്രമംകൊണ്ടിഹ വന്നിതോ ഞാൻ സ്വർഗ്ഗത്തിനൊക്കും ഗൃഹമാരുടേവാൻ' എന്നും, ഇക്കാണുന്നതെല്ലാം 'സ്വപ്നമോ മായയോ മന്മതിഭ്രാന്തിയോ' എന്നുമുള്ള സംഭ്രമത്തിൽപെടുകയും ചെയ്തു. എൻെറ ഗൃഹത്തിലെ മണിദീപമായിരുന്ന വനദേവതയെ മാത്രം അവിടെയെങ്ങും കണ്ടില്ല. ഞാൻ അവളെ അവിടെയെല്ലാം തിരഞ്ഞു നിരാശനായി ഒടുവിൽ പാചകശാലയിൽ പ്രവേശിച്ചു. അവിടെ ആ യുവതി അവളുടെ

വിലപിടിച്ച വേഷഭൂഷാദികളെല്ലാം മാററീട്ട് വെറും ഒരു പരിചാരികയുടെ സാധാരണവസ്ത്രവും ധരിച്ച് പാചകക്കാൎക്കു വേണ്ട നിർദ്ദേശങ്ങൾ നൽകിക്കൊണ്ടുനില്ക്കുന്ന കാഴ്ചയാണു കണ്ടതു്. വിചിത്രവസ്ത്രാലങ്കാരങ്ങളും ആഭരണങ്ങളും അണിയാതെ നിന്ന അവളുടെ ആകാരം അകൃത്രിമമായ പ്രത്യേകമൊരു സൌന്ദൎയ്യധോരണിയെ അവിടമെല്ലാം പരത്തുന്നതായിരുന്നു. പൊന്നുംകുടത്തിനു പ്രത്യേകിച്ച് ഒരു പൊട്ടുകൂടെ വേണമെന്നുണ്ടോ? അവളുടെ സാമൎത്ഥ്യത്തേയും സന്മനസ്സിനേയും സ്തുതിച്ചു ഞാൻ നന്ദി പ്രകാശിപ്പിക്കാൻ തുടങ്ങി. അതവൾക്കു തീരെ രസിച്ചില്ല. സൽക്കാരമുറിയിൽ ചെന്നു് അതിഥികളുടെ സുഖസൌകൎയ്യങ്ങൾ അന്വേഷിക്കാൻ അവൾ എന്നെ താക്കീതു ചെയ്തയച്ചു. അതനുസരിച്ചു ഞാൻ അതിഥിമുറിയിലേക്കു പോയി. യുവതിയുടെ വിശ്വസ്തപരിചാരകനായി ഒരു കാപ്പിരിഭൃത്യൻമാത്രം അവളുടെ ആജ്ഞകൾ കാത്തു് എപ്പോഴും അവളുടെ സമീപത്തു നിന്നിരുന്നു.

അതിഥിമുറിയിൽ, ക്ഷണിക്കപ്പെട്ട എല്ലാ അതിഥികളും അവരുടെ മദ്ധ്യത്തു് താരാഗണങ്ങളുടെ നടുവിൽ പൂൎണ്ണചന്ദ്രനെന്നപോലെ പ്രധാന അതിഥിയായ സുൽത്താനും ആസനസ്ഥരായിരുന്നു. ഞാൻ അവരോടെല്ലാം കുശലപ്രശ്നം നടത്തുകയും അവരെ ഉത്സാഹഭരിതരാക്കുകയുംചെയ്തു. അപ്പോഴേയ്ക്കും രണ്ടു യുവതീരത്നങ്ങൾ അതിമനോഹരവും രത്നഖചിതവുമായ പാനപാത്രങ്ങളിൽ മദ്യം പകൎന്നു് അതിഥികൾക്കു കൊടുത്തു. അവരെല്ലാവരും കുടിച്ചുമദിച്ചാനന്ദിച്ചു. ഞാൻമാത്രം എൻെറ സൌന്ദൎയ്യറാണിയുടെ നിർദ്ദേശാനുസരണം യാതൊന്നും തിന്നുകയോ കുടിക്കുകയോ ചെയ്തില്ല. ആ രണ്ടു യുവതികളും നൃത്തവും ഗാനവും കൊണ്ടു് അതിഥികളെ ആനന്ദിപ്പിച്ചു. അതിനെത്തുടൎന്നു് വിവിധരീതിയിലുള്ള ആഹാരസാധനങ്ങളും മദ്യവും

നിർല്ലോഭം അതിഥികൾക്കു നൽകപ്പെട്ടു. അവരെല്ലാവരും ഇങ്ങനെ ആനന്ദലഹരിയിലേക്കു കാലൂന്നവേ, എൻെറ ആശാനിലയമായ അത്ഭുതയുവതി എന്നെ അടുത്തുവിളിച്ചു് യൂസുഫിൻെറ ഭാര്യയെക്കൂടെ ഈ സൽക്കാരത്തിൽ പങ്കുകൊള്ളിക്കാൻ ആഗ്രഹമുണ്ടെന്നും യൂസുഫ് അനുവദിക്കുന്നപക്ഷം യഥോചിതമായ വാഹനമയച്ചു് അവളെ ഉടൻ വരുത്താമെന്നും യൂസുഫിനോടു പറയാൻ ആജ്ഞാപിച്ചു. ഞാൻ അപ്രകാരം ചെയ്തു. യൂസുഫ് തൻെറ പ്രേമഭാജനവുമൊന്നിച്ചു്. ഈ ആനന്ദത്തിൽ പങ്കുകൊള്ളാൻ ആഗ്രഹമുള്ളവനായിരുന്നു. അതിനാൽ അയാൾ ഉടൻതന്നെ എനിക്കു് അയാളുടെ ഭാര്യയെക്കൂടെ ക്ഷണിച്ചുവരുത്താൻ അനുവാദംതന്നു. ഉടനേതന്നെ കമനീയമായ ഒരു പല്ലക്കയച്ചു ഞാൻ ആ സ്ത്രീയേയും അവിടെ വരുത്തി. അങ്ങനെ അതിഥികളുടെ കൂട്ടത്തിൽ അവളും ചേൎന്നു് തിന്നും കുടിച്ചും മദിച്ചുപുളച്ചാനന്ദിച്ചു. തുടരെ മദ്യം സേവിച്ചു ബോധരഹിതരായ അതിഥികൾ മൂന്നു രാവും മൂന്നു പകലും അങ്ങനെ ആനന്ദലഹരിയിൽ ആറാടികഴിഞ്ഞു. നാലാംദിവസം പുലച്ചയ്ക്കു് യൂസുഫ് എന്നെ വിളിച്ചു് ഇനിയും ഈ സല്ക്കാരച്ചടങ്ങുകൾ ദീർഘിപ്പിക്കുന്നതു ശരിയല്ലെന്നും തൻെറ വ്യാപാരകാര്യങ്ങളിൽ ശ്രദ്ധിക്കാതെ ഇങ്ങനെ തുടർച്ചയായി കുടിച്ചുമദിച്ചു കഴിക്കാൻ തനിക്കു നിവാഹമില്ലെന്നും അറിയിച്ചു. അതനുസരിച്ചു് അതിഥികൾക്കു യാത്രപറയാനുള്ള അവസാനച്ചടങ്ങു നിവ്വഹിക്കാനൊരുങ്ങി. അതുവരെ അതിഥികളോടൊന്നിച്ചു് ഞാൻ ഭക്ഷ്യപേയങ്ങൾ ഒന്നും കഴിക്കാതെയിരുന്നതു് ആതിഥേയമര്യാദയ്ക്കു പററിയതല്ലെന്നും അതിനാൽ യാത്രപറയുന്ന സമയത്തെങ്കിലും ഞാൻ അവരോടൊരുമിച്ചു് അല്പം മദ്യം കഴിക്കണമെന്നും യൂസുഫ് എന്നോടു് നിർബ്ബന്ധപൂവ്വം അപേക്ഷിച്ചു. എൻെറ യുവതിയുടെ നിർദ്ദേശത്തെപ്പോലും അവഗണിച്ചു് ആ അപേക്ഷയെ

ഞാൻ സ്വീകരിച്ചു. അങ്ങനെ ഞങ്ങളെല്ലാവരും ധാരാള മായി മദ്യപാനംനടത്തി. കൊടിയ ലഹരിയുള്ള കൂടിയ തരം മദ്യം ആയതുകൊണ്ട് ഞങ്ങൾ ഓരോരുത്തരും മയങ്ങി ഓരോ സ്ഥലത്തു കിടപ്പായി. രാത്രി വളരെ അധീകരിക്കു ന്നതുവരെ ഞങ്ങൾ അങ്ങനെതന്നെ കിടന്നു. ഒടുവിൽ മയക്കം തെളിഞ്ഞു ഞാൻ കണ്ണുതുറന്നു നോക്കിയപ്പോൾ അതിഥികൾ ആരെയും അവിടെ കാണ്മാനില്ലായിരുന്നു. സല്ക്കാരത്തിനൊരുക്കിയിരുന്ന സജ്ജീകരണങ്ങളിൽ ഒന്നും തന്നെ അവിടെ ശേഷിച്ചിരുന്നില്ല. എൻെറ യുവതി യേയും അവിടെയെങ്ങും കണ്ടില്ല. അവളെ തിരഞ്ഞു് ഞാൻ എല്ലാ മുറികളും പരിശോധിച്ചു. ഒടുവിൽ ഒരു മുറിയുടെ മൂലയ്ക്കു് ഒരു ചാക്കിൽ പൊതിഞ്ഞുകെട്ടി എന്തോ വെച്ചിരിക്കുന്നതു കണ്ടു് ഞാൻ ആ കെട്ടഴിച്ചു പരിശോധിച്ചു. അഹോ! ആ ഭീകരമായ കാഴ്ച എൻെറ സപ്തനാഡികളേയും ഒരുനിമിഷത്തിൽ സ്തംഭിപ്പിക്കുക തന്നെ ചെയ്തു. ആ ചാക്കുകെട്ടിനകത്തു ഞാൻ കണ്ടതെ ന്തായിരുന്നു! എൻെറ കണ്ണുകളെത്തന്നെ എനിക്കു വിശ്വ സിക്കാൻ നിവൃത്തിയില്ലായിരുന്നു. സുമുഖനായ യൂസുഫി ൻേറയും അയാളുടെ കറുത്ത പ്രേയസിയുടേയും ജഡം, ശിരസ്സ് ഉടലിൽനിന്നു വേർപെടുത്തപ്പെട്ട പൊതിഞ്ഞു കെട്ടി വെച്ചിരിക്കുന്നതാണു ഞാൻ കണ്ടതു . ഈ ദാരുണ സംഭവത്തിൻെറ കാര്യകാരണങ്ങളെപ്പററി യാതൊരു തുമ്പും കിട്ടാതെ ഞാൻ അമ്പരന്നു. സവ്വത്ര വിജനമായ അവിടെ ആരെക്കണ്ടു ചോദിക്കാനുണ്ടു്. അങ്ങനെ ഞാൻ പകച്ചു നില്ക്കുമ്പോൾ, എൻെറ സ്വാമിനിയുടെ വിശ്വസ്തഭൃ ത്യനായ കാപ്പിരി പെട്ടെന്നു് എൻെറ മുമ്പിൽ നില്ക്കുന്നതു കണ്ടു. അയാളോടു് അവിടെ നടന്നിരിക്കുന്ന അത്ഭുത സംഭവങ്ങളെ സംബന്ധിച്ചുള്ള വിശദീകരണം ഞാൻ ആവ ശ്യപ്പെട്ടു. അതിനുത്തരമായി, അതറിഞ്ഞതുകൊണ്ടു് എനിക്കൊരു പ്രയോജനവും ഉണ്ടാകാനില്ലെന്നും

അതിനാൽ അതറിയാൻ ശ്രമിക്കേണ്ടയെന്നും അയാൾ എന്നോടു പറഞ്ഞു. അതു് ഏറ്റവും ശരിയാണെന്നു തന്നെ എനിക്കും തോന്നുകയാൽ പിന്നീടു ഞാൻ അതിനെ പ്പററി അയാളോടു യാതൊന്നും ചോദിച്ചില്ല. എൻെറ പ്രിയപ്പെട്ട യുവതി എവിടെയാണെന്നുമാത്രം അത്യന്തം ഉൽക്കണ്ഠയോടുകൂടി ഞാൻ ആ ഭൃത്യനോടു ചോദിച്ചു. അതി ന്നുത്തരമായി "എനിക്കറിയാവുന്നതു ഞാൻ പറയാം. നിങ്ങളെപ്പോലെ വിവേകശാലിയായ ഒരാൾ ആ യുവതി യുടെ നിർദ്ദേശങ്ങളെ അവഗണിച്ചു് നിങ്ങൾക്കു ശരിയായ പരിചയമില്ലാത്ത ആ യുവാവായ വ്യാപാരിയുടെ കൂടെ ച്ചേൎന്നു മദ്യപാനംചെയ്യുകയും അങ്ങനെ ആ സൌന്ദൎയ്യധാമ ത്തിൻെറ അപ്രീതിക്കു പാത്രമാവുകയും ചെയ്യുമെന്നു ഞാൻ ഒരിക്കലും കരുതിയിരുന്നില്ല" എന്നുമാത്രം പറഞ്ഞു. ഞാൻ എൻെറ തെററിനെ മനസ്സിലാക്കി വളരെ ദുഃഖിച്ചു. എൻെറ അത്യാകാംക്ഷയോടുകൂടിയ ചോദ്യങ്ങളാൽ അയാൾക്കു മനംകനിഞ്ഞു് ആ യുവതിയുടെ വാസസ്ഥലം ദൂരത്തിൽ ചൂണ്ടിക്കാണിച്ചിട്ടു് ആ ഭൃത്യൻ അവിടെക്കിടന്ന രണ്ടു ശവങ്ങളേയും മറവുചെയ്യാൻ പുറപ്പെട്ടു. ഞാൻ എൻെറ പ്രാണനെക്കാൾ പ്രിയതരമായിക്കരുതിയിരുന്ന യുവതിയുടെ വീടന്വേഷിച്ചു പുറപ്പെട്ടു. രാത്രി അധികരി ച്ചിരുന്നതിനാൽ എനിക്കു് ആ വീടു കണ്ടുപിടിക്കാൻ ഒട്ട ധികം പ്രയാസം നേരിട്ടു. ഒടുവിൽ ആ മനോഹരസൌധ ത്തിൻെറ ഗേററിലെത്തി മതിലിനുവെളിയിൽ ഞാൻ രാത്രി വിശ്രമിച്ചു. നേരം പുലൎന്നപ്പോൾ മാളികമുകളിൽ നിന്നിരുന്ന ആ യുവതി എന്നെ കണ്ടു. അവളെ ഒരു നോക്കു കാണുവാൻ ഭാഗ്യമുണ്ടായതിൽ എൻെറ ആനന്ദം അവൎണ്ണനീയമായിരുന്നു. എന്നാൽ വളരെനേരത്തേക്കു് ആരും അവിടെ വരികയോ വാതൽ തുറക്കുകയോ എന്നെ അകത്തേക്കു വിളിയ്ക്കുകയോ ചെയ്തുകണ്ടില്ല. ഞാൻ വിഷാ ദത്തോടുകൂടി അവിടെ വളരെനേരം ഇരുന്നതിനുശേഷം

മുൻപറഞ്ഞ കാപ്പിരിഭൃത്യൻ എന്നെ സമീപിച്ചു് അടുത്തുള്ള മസ്ജിദിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു് അവിടെ ച്ചെന്നു പാക്കണമെന്നും ഒരുപക്ഷേ കാലാന്തരത്തിൽ എന്റെ മനോഗതം സാധിതപ്രായമായേക്കാമെന്നും പറഞ്ഞിട്ടു മറഞ്ഞു. നിരാശാഭരിതനായ ഞാൻ സാവധാനത്തിൽ എഴുന്നേററു മസ്ജിദിനെ ലക്ഷ്യമാക്കി നടന്നു. മസ്ജിദിൽ ഞാൻ യഥാസമയങ്ങളിൽ പ്രാൎത്ഥന നടത്തുകയും മററു സമയങ്ങളിൽ എന്റെ ഹൃദയനാഥയായ യുവതിയുടെ മണിമാളികയുടെ വാതലിനെ ലക്ഷ്യമാക്കി ദൃഷ്ടിയുറപ്പിച്ചു കഴിയുകയും ചെയ്തു. അങ്ങനെ ആ ദുർഭരമായ പകൽ പോയിമറഞ്ഞു. രാത്രിയായപ്പോഠം യുവതിയുടെ വിശ്വസ്തഭൃത്യനായ കാപ്പിരി മസ്ജിദിൽ വന്നു് പ്രാൎത്ഥന നടത്തിയതിനുശേഷം എന്റെ സമീപത്തണഞ്ഞു് എന്നെ സമാധാനപ്പെടുത്തുകയും ഒടുവിൽ എന്നെയുംകൂട്ടിക്കൊണ്ടു് യുവതിയുടെ മാളികയിലേയ്ക്കു പുറപ്പെടുകയും ചെയ്തു. ഞങ്ങഠം ആ മാളികയുടെ പുറംവാതിൽ കടന്നു് മനോഹരമായ ഒരു ഉദ്യാനത്തിൽ പ്രവേശിച്ചു. അവിടെ പുൽത്തകിടിയിൽ എന്നെ ഇരുത്തീട്ടു് ആ ഭൃത്യൻ അകത്തേക്കു പോയി. ഒരുപക്ഷേ അയാഠം എനിക്കുവേണ്ടി ആ യുവതിയുടെ കരുണാകടാക്ഷം ഇരക്കുകയായിരുന്നിരിക്കാം. ഒടുവിൽ, വളരെനേരം കഴിഞ്ഞു് ആ യുവതി ഉദ്യാനത്തിൽ പ്രവേശിച്ചു് എന്നോടു് ഏററവും അലക്ഷ്യമായ ഭാവത്തിൽ അവിടെയെല്ലാം ഉലാത്തിയതിനുശേഷം ഞാൻ ഇരുന്ന സ്ഥലത്തിനല്പം അകലെ മനോഹരമായ ഒരു പരവതാനി വിരിച്ചു് അതിന്മേൽ ഇരുന്നു. ഞാൻ ആർത്തിയോടുകൂടി അവളുടെ സവിധത്തിൽ അണഞ്ഞു് കുററവാളിയായ ഒരു ദാസനെപ്പോലെ കൈകെട്ടി അവളുടെ മുമ്പിൽ നിന്നു. അപ്പോഴേയ്ക്കും അവളുടെ കാപ്പിരിഭൃത്യനും അവിടെ വന്നുചേൻ. അയാഠം എനിക്കുവേണ്ടി ആ യുവതിയോടു മാപ്പിനപേക്ഷിക്കുകയും എന്നിൽ അവളുടെ ആനു

ക്രൂല്യം വീണ്ടും ഉണ്ടാകണമെന്നു വിനയപൂർവ്വം അഭ്യർത്ഥി ക്കുകയുംചെയ്തു. ആ ഭൃത്യനോടെന്നവണ്ണം "ഞാൻ തെററു ചെയ്തുപോയി. എൻെറ തെററിന് എന്തു ശിക്ഷവേണ മെങ്കിലും വിധിച്ചുകൊള്ളുക. എന്നാൽ ആ ശിക്ഷ ഇപ്പോൾതന്നെ ഈ കുററവാളിയിൽ നടത്തിത്തീക്കാൻ ദയവുണ്ടാകണം" എന്നു ഞാൻ കേണപേക്ഷിച്ചു. അതു കേട്ട് പ്രൌഢയായ ആ യുവതീരത്നം ഗർവ്വുകലൎന്ന ഭാവത്തിൽ നിവൎന്നിരുന്നുകൊണ്ട്, കടുത്ത നീരസത്തോടു കൂടി ഇങ്ങനെ സംസാരിക്കുന്നതു കേട്ടു. "ഇപ്പോൾ നമുക്കു ചെയ്യാവുന്ന അങ്ങേഅററത്തെ സഹായം അയാൾക്ക് ഒരു പണസഞ്ചികൾ നിറയെ സ്വൎണ്ണനാണയങ്ങളുംകൊ ടുത്ത് അയാളുടെ നാട്ടിലേയ്ക്കു തിരിച്ചുപോകാൻ ഏൎപ്പാടു ചെയ്യുകയെന്നുള്ളതു മാത്രമാണ്." ഈ വാക്കുകൾ കേട്ടു ഞെട്ടി ഞാൻ നിർജ്ജീവസത്വത്തെപ്പോലെ അവിടെ നില കൊണ്ടു. എൻെറ കണ്ണുകൾ മങ്ങുന്നതായും ലോകമാസ കലം ഇരുൾമൂടുന്നതായും എനിക്കു തോന്നി. നിരാശയും അതികഠിനമായ ഹൃദയവേദനയും എന്നെ വാവിട്ടു നില വിളിക്കത്തക്ക പതനത്തിലെത്തിച്ചു. എൻെറ കണ്ണു കളിൽനിന്ന് അശ്രുധാര നിരർഗ്ഗളമായി പ്രവഹിക്കാൻ തുടങ്ങി. ആ നിരാശനിറഞ്ഞ നിമിഷത്തിൽ അല്ലാഹു അല്ലാതെ ആരും എനിക്ക് ആശാകേന്ദ്രമായി കാണ പ്പെട്ടില്ല. വികാരാവേശത്താൽ മതിമറന്ന ഞാൻ ഇങ്ങനെ ജല്പിച്ചു: "കഠിനഹൃദയയായ സൌന്ദൎയ്യധാമമേ, നിങ്ങൾ അല്പം ഒന്നു ചിന്തിച്ചുനോക്കുക. ഞാൻ പണത്തിനേയോ മററുവല്ല താഴ്ന്നതരം പ്രതിഫലത്തേയോ കരുതിയാണോ എൻെറ ധനവും ഹൃദയവും നിങ്ങളുടെ സേവനത്തി നുപയോഗിച്ചതു്! എൻെറ ജീവിതം നിങ്ങൾക്കുവേണ്ടി ഉഴിഞ്ഞുവെച്ചതിനും നിങ്ങൾക്കുവേണ്ടി ഞാൻചെയ്ത വലു തായ ഉപകാരത്തിനും ഇതാണോ എനിക്കു ലഭിക്കുന്ന പ്രത്യുപകാരം? പെട്ടെന്ന് സകല ലൌകികചിന്തകളും

വെടിഞ്ഞു് നിങ്ങൾ ഇവനോട്ട് അനാസ്ഥകാണിക്കുന്നതു ധർമ്മമാണോ? ശരി, ഇരിക്കട്ടെ. ഞാനും ജീവിതത്തിലുള്ള ആശ വെടിയാൻ തീരുമാനിച്ചു. നിരാശരായ കാമുകന്മാക്ക് അവരുടെ പ്രേമഭാജനങ്ങളാൽ തിരസ്കരിക്കപ്പെട്ട മ്പോൾ, ജീവിച്ചിരിക്കാൻ സാധിക്കാതെ വരുന്നതാണ നുഭവം.'' ഈ വാക്കുകൾ ചെവിയിൽ പതിച്ച ഉടൻ ആ യുവതി ഏററവും അവമാനിതയായികാണപ്പെട്ടു. തീപ്പൊരി പാറുന്ന കോപദൃഷ്ടി പായിച്ചുകൊണ്ടു് അവൾ ഇങ്ങനെ തുടന്നു: "എന്തു്! നീ എൻെറ കാമുകനോ? ഭേഷായി! മടയാ! നിൻെറ നിലയിലുള്ള ഒരാൾ ഇങ്ങനെ സംസാരി ക്കുന്നതു വെറും സാഹസം മാത്രമാണെന്നു നീ മനസ്സിലാക്കണം. എളിയ വായിൽനിന്നു് ഈമാതിരി വലിയ വാക്കുകൾ പുറപ്പെടുന്നതു യുക്തമല്ല. മതി, നിറുത്തു്. മേലാൽ ഇത്തരം വാക്കുകൾ എന്നോടു സംസാരിച്ചുപോകരുതു്. നീയല്ലാതെ മററാരെങ്കിലുമായിരുന്നു ഈ വാക്കുകൾ എൻെറ മുമ്പിൽ ഉച്ചരിച്ചിരുന്നതെങ്കിൽ നിശ്ചയമായും ഈ ക്ഷണം അയാളുടെ കഴുത്തു വെട്ടിക്കളെയാൻ ഞാൻ കല്പനകൊടുക്കുമായിരുന്നു. അതെല്ലാം ഇരിക്കട്ടെ. ഇപ്പോൾ ഞാനെന്തു പ്രവത്തിക്കുന്നാണു നിങ്ങൾ പറയുന്നതു്? നിങ്ങൾ എനിക്കുവേണ്ടിച്ചെയ്ത ഉപകാരങ്ങളൊന്നും ഞാൻ മറക്കുന്നില്ല. ഇപ്പോൾ നിങ്ങൾക്കു ചെയ്യേണ്ടതായി ശേഷിക്കുന്നതു് ഇതുമാത്രമാണു്. നിങ്ങളുടെ നാട്ടിലേക്കു യാത്രയാകണം. ഇന്നുവരെ മാത്രമേ എൻെറ ഭവനത്തിൽ നിങ്ങൾക്കു് ആഹാരം അല്ലാഹു കല്പിച്ചിട്ടുള്ളു.'' ആ വാക്കുകൾ കേട്ടു് ഞാൻ വാവിട്ടു നിലവിളിച്ചുകൊണ്ടു് "എൻെറ ആഗ്രഹനിവൃത്തിവരാൻ അല്ലാഹു വിധിച്ചിട്ടില്ലെങ്കിൽ ഞാൻ കാടും മലയും കല്ലും മുള്ളും ചവിട്ടി വീടുംകുടുംവിട്ടു് അലഞ്ഞുതിരിഞ്ഞു് നിരാശയിൽ എൻെറ ജീവിതം അവസാനിപ്പിക്കും'' എന്നു പറഞ്ഞുനിറുത്തി. എൻെറ വാക്കുകൾ ആ യുവതിയ്ക്കു വീണ്ടും അനിഷ്ടകരമായിത്തോന്നുകയും

അവരം പെട്ടെന്നെഴുന്നേററുപോകയും ചെയ്തു. ഞാൻ ഭ്രാന്തനെപ്പോലെ അവിടെനിന്നെഴുന്നേററ് യാതൊരു ലക്ഷ്യവുമില്ലാതെ നടന്നുമറഞ്ഞു. അനേകം ദിനരാത്രങ്ങരം അങ്ങനെ ആഹാരാദി ദിനചര്യകളിൽ ഒന്നിലും ശ്രദ്ധയില്ലാതെ കാടും കരയും തെണ്ടിനടന്നു ഞാൻ ക്ഷീണിതനായിത്തീൻ. ഒടുവിൽ നടക്കാൻപോലും ശക്തിയില്ലാതെ ഞാൻ മരണത്തോട് ഏററവും അടുക്കുന്ന നിലയിൽ എത്തി. ജീവിതത്തിലുള്ള സകല ആശകളും വെടിഞ്ഞു് ഞാൻ പഴയ മസ്ജിദിനെത്തന്നെ അവസാനമായി ശരണംപ്രാപിച്ചു. മസ്ജിദിൻെറ ഭിത്തിയിൽ, ഞാൻ ശരീരശക്തി നിശ്ശേഷം ക്ഷയിച്ചവനായി ചാരിക്കിടന്നുകൊണ്ടു് "അല്ലാഹുവേ: ഈ പ്രേമവേദന സഹിക്കാനുള്ള ശക്തി എനിക്കു തരിക, അല്ലെങ്കിൽ എൻെറ പ്രാണനെ ശരീരത്തിൽനിന്നു വേർപെടുത്തുക; ഇതിൽ ഏതാണോ എൻെറ വിധി അതിനെ ഉടനെ നടത്തിക്കുക" എന്നുള്ള പ്രാത്ഥന നടത്തി. അന്നു വെള്ളിയാഴ്ചദിവസമായിരുന്നു. പലരും നമസ്കാരത്തിനായി മസ്ജിദിൽ വന്നകൂട്ടത്തിൽ എൻെറ പ്രേമഭാജനത്തിൻെറ ഭൃത്യനും വന്നിരുന്നു. അയാരം പ്രാത്ഥന കഴിഞ്ഞു് എൻെറ അടുത്തുവന്നിരുന്നു് എന്നെ സമാധാനപ്പെടുത്തുകയും ക്ഷീണിതനായ എന്നെ താങ്ങിപ്പിടിച്ചുകൊണ്ടു് അയാളുടെ യജമാനത്തിയുടെ മാളികയ്ക്കുസമീപം ഉദ്യാനത്തിൽ കൊണ്ടാക്കുകയും ചെയ്തു. അനന്തരം ആ ഭൃത്യൻ ആ യുവതിയെ അവിടെ കൂട്ടിക്കൊണ്ടുവന്നു് എൻെറ ദയനീയാവസ്ഥയെ അവരംക്കു നേരിട്ടു കാണിച്ചുകൊടുത്തു. അനേകദിവസം കടുത്ത ഹൃദയവേദനയും സഹിച്ചു് ആഹാരംപോലും കഴിക്കാതെ അലഞ്ഞുനടന്നതിൻെറ ഫലമായി അസ്ഥിമാത്രശരീരനായിത്തീൻ എന്നെ കണ്ടിട്ടു് ആ യുവതിക്കു് ആരം തിരിച്ചറിയാൻ കഴിഞ്ഞില്ല. ഈ ആരം ആരാണു്, ഇയ്യാരംക്കെന്തുപററി എന്നുംമററുമുള്ള ചോദ്യങ്ങരം അവരം ഭൃത്യനോടു ചോദിക്കുന്നതു കേട്ടു. ഞാൻ അവ

ളുടെ അപ്രീതിക്കു പാത്രമായിത്തീൎന്ന നിർഭാഗ്യവാനാണെന്നും പ്രേമത്തിൻെറ തീവ്രമായ തീയ്യിൽപെട്ടു വാടിക്കരിഞ്ഞ ഞാൻ അങ്ങനെ ക്ഷീണിച്ചു ശോഷിച്ചതാണെന്നും മററും ആ ഭൃത്യൻ അവളെ പറഞ്ഞു മനസ്സിലാക്കി. അവൾ അതൊന്നും വിശ്വസിച്ചില്ല. ഒടുവിൽ, "ഇയ്യാൾ ആരും ആയിരുന്നുകൊള്ളട്ടെ, അയാളെ ആശുപത്രിയിൽ അയയ്ക്കുക, അവിടെ അയാൾക്കു രോഗശമനം വരുത്തും" എന്നു കല്പിച്ചു. ദയാശാലിയായ ആ ഭൃത്യനു കരുണതോന്നി, അവൾ എന്നോടു കരുണകാണിക്കണമെന്നും അവളുടെ കാരുണ്യംകൊണ്ടല്ലാതെ മററു മരുന്നുകളൊന്നും എൻെറ ജീവനെ രക്ഷിക്കാൻ പൎയ്യാപ്തമല്ലെന്നും മററും അയാൾ എനിക്കുവേണ്ടി ശുപാൎശ്ചെയ്തിട്ടും ആ യുവതിക്കു് ഒട്ടും മനംമാററം ഉണ്ടായില്ല. ഒടുവിൽ ഞാൻ ഇപ്രകാരം പറഞ്ഞു: "ഞാൻ ഈ അവസ്ഥയിൽ ജീവിതം തുടരാൻ ആഗ്രഹിക്കുന്നില്ല. എൻെറ പാദങ്ങൾ ശവക്കുഴിയിലേയ്ക്കു തിരിഞ്ഞുകഴിഞ്ഞു. എനിയ്ക്കു് എത്രയുംവേഗം മരണംവരിക്കണമെന്നേയുള്ളു. എൻെറ മോക്ഷം ഈ യുവതിയുടെ ഹസ്തങ്ങളിൽ സ്ഥിതിചെയ്യുന്നു. എന്നെ രക്ഷിക്കുകയോ നശിപ്പിക്കുകയോചെയ്യുന്നതു് അവളുടെ ഇഷ്ടാനുസരണം നടത്തിക്കൊള്ളട്ടെ." എൻെറ വാക്കുകൾ ആ യുവതിയുടെ ഹൃദയകാഠിന്യത്തെ അല്പം ആർദ്രമാക്കിയതായി കാണപ്പെട്ടു. ഒടുവിൽ സർവ്വശക്തനു് എന്നിൽ കരുണതോന്നി അവളുടെ ശിലാഹൃദയത്തെ അലിയിച്ചതായിരിക്കണം. അവൾ ഒരുനിമിഷം ചിന്തിച്ചിട്ടു് ദയാമസൃണമായ സ്വരത്തിൽ ഇങ്ങനെ പറഞ്ഞു: "ഉടൻതന്നെ കൊട്ടാരംവൈദ്യന്മാരെ വരുത്തുക." കൊട്ടാരംവൈദ്യന്മാർ ഉടനേതന്നെ വന്നുചേരുകയും രോഗിയെ വിശദമായി പരിശോധിക്കുകയും ചെയ്തിട്ടു് എനിക്കു് ഏതോ ഒരു സ്ത്രീയിൽ ഒരിക്കലും ശമിക്കാത്ത പ്രേമാവേശമുണ്ടെന്നും ആ ആഗ്രഹം നിറവേറാതെ എന്തുമരുന്നു പ്രയോഗിച്ചാലും ഞാൻ ജീവിക്കുകയില്ലെന്നും വിധിക

ല്പിച്ചു. വൈദ്യന്മാരുടെ വിദഗ്ദ്ധാഭിപ്രായം അനുസരിച്ച്, എനിക്കു പ്രേമജ്വരമാണെന്നു മനസ്സിലാക്കിയ യുവതി, ഉത്തരക്ഷണത്തിൽ എന്നെ ചൂടുവെള്ളത്തിൽ കുളിപ്പിച്ചു വൃത്തിയാക്കി ഉത്തമമായ വസ്ത്രങ്ങൾ അണിയിച്ച് അവളുടെ മുമ്പിൽ കൊണ്ടുചെല്ലാൻ ആജ്ഞ നല്കി. ഭൃത്യന്മാർ അവളുടെ ആജ്ഞയെ ശിരസാവഹിച്ചു. ഞാൻ ആ ദേവകന്യകയുടെ മുമ്പിൽ പുതിയ വേഷത്തിൽ കൊണ്ടുവരപ്പെട്ടപ്പോൾ അവൾ ദയാപുരസ്സരം എന്നോടിപ്രകാരം സംസാരിച്ചു: "ഞാൻ ലോകരംഗത്തിൽനിന്നു് ഒഴിഞ്ഞുമാറി മനസ്സമാധാനത്തിൽ കഴിയുകയായിരുന്നു. എന്നാൽ നിങ്ങൾ യാതൊരു കാരണവും കൂടാതെ എന്നെ ആക്ഷേപത്തിനും അവമാനത്തിനും പാത്രമാക്കി. ഇനിയും നിങ്ങൾക്കെന്താണു വേണ്ടതു്? നിങ്ങളുടെ മനസ്സിലുള്ള വിചാരത്തെത്തുറന്നുപറയുക." ആ ശീതളവാക്കുകൾ എന്റെ ആത്മാവിനെ ആനന്ദത്തിൽ ആറാടിച്ചു. ഒരുനിമിഷം കൊണ്ടു് എന്റെ ആകൃതിതന്നെ മാറി അതിന്റെ അസൽരൂപം പൂണ്ടു. ഞാൻ അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടു് അവളോടിപ്രകാരം പറഞ്ഞു: "ഈ നിമിഷത്തിൽ വൈദ്യശാസ്ത്രത്തിന്റെ സകല സാദ്ധ്യതകളും നിങ്ങളിൽ കുടികൊള്ളുന്നു. ജീവൻ നഷ്ടപ്പെട്ടു ജഡമായിത്തീന്ന എന്നെ നിങ്ങൾ ഒരൊററ വാക്കിന്റെ ശക്തിയാൽ വീണ്ടും ജീവിപ്പിച്ചു. നിങ്ങളുടെ ദയാപൂൎണ്ണമായ ഒരൊററവാക്കു് എന്നിൽ എത്രമാത്രം അവസ്ഥാവ്യത്യാസം വരുത്തിയെന്നു നോക്കുക. അതിനുശേഷം ഞാൻ ആ സൌന്ദൎയ്യമൂൎത്തിയെ മൂന്നുപ്രാവശ്യം പ്രദക്ഷിണംവെച്ചിട്ടു വിനയപൂൎവ്വം അവളുടെ മുമ്പിൽ കൈകെട്ടി നിന്നുകൊണ്ടു് ഇങ്ങനെ പറഞ്ഞു: "എന്റെ ഹൃദയത്തിലുള്ളതു തുറന്നു പറയണമെന്നുള്ളതാണു നിങ്ങളുടെ കല്പന. അതനുസരിച്ച് ഞാൻ അപേക്ഷിക്കുന്നതു് 'ഈ സാധുവിനോടു മഹാമനസ്കതതോന്നി ഇവനെ സ്വീകരിച്ചാലും' എന്നാണു്. എനിക്കു നിങ്ങ

ളുടെ കാൽച്ചുവട്ടിൽ സ്ഥാനംനൽകി എന്നെ ധന്യനാക്കുക. ആ മഹാഭാഗ്യം ലോകസാമ്രാജ്യം മുഴുവൻ ലഭിക്കുന്നതിലും വിലയേറിയതാണെനിക്ക്." ആ യുവതി ഒരുനിമിഷം ചിന്തിച്ചതിനുശേഷം ഇങ്ങനെ മറുപടിപറഞ്ഞു: "നിങ്ങളുടെ സേവനവും വിശ്വസ്തതയും നിങ്ങളുടെ ഈമാതിരി വാക്കുകൾക്കു വേണ്ടുവോളം സാധൂകരണം നൽകുന്നുണ്ടെന്നു തന്നെയല്ല അവ എൻെറ ഹൃദയത്തിൽ ശിലാലിഖിതമെന്നവണ്ണം മായാത്ത പാടുകൾ സൃഷ്ടിച്ചിട്ടുമുണ്ട്. ആകട്ടെ, ഞാൻ നിങ്ങളുടെ ആഗ്രഹം അനുവദിക്കുന്നു."

അങ്ങനെ ആ സുദിനത്തിൽ പുരോഹിതൻെറ സാന്നിദ്ധ്യത്തിൽ ഞങ്ങളുടെ വിവാഹബന്ധം സ്ഥാപിക്കപ്പെട്ടു. വളരെക്കാലത്തെ നിരാശയ്ക്കും യാതനകൾക്കും ശേഷം സർവ്വശക്തൻ എൻെറ ഹൃദയാഭിലാഷത്തെ സഫലമാക്കിത്തന്നു. എന്നാൽ ഈ ലോകോത്തരസുന്ദരിയെ ലഭിക്കണമെന്നുള്ളതിൽ ഒട്ടും കുറവല്ലാത്ത മറെറാരു തീക്ഷ്ണ വിചാരവും എൻെറ ഹൃദയത്തിൽ കുടികൊണ്ടിരുന്നു. അത് ഞങ്ങളുടെ ആദ്യസഹവാസകാലത്തു നടന്ന അത്ഭുതസംഭവങ്ങളെ സംബന്ധിച്ചുള്ള വിശദീകരണം ഗ്രഹിക്കണമെന്നുള്ളതായിരുന്നു. ഈ യുവതി ആരാണ്, അവളുടെ വെറുമൊരു കുറിപ്പു കണ്ടമാത്രയിൽ മഞ്ഞനിറത്തിലുള്ള ഒരു കാപ്പിരി വളരെയധികം പണം എന്നെ ഏല്പിക്കാൻ തയ്യാറായതെന്തുകൊണ്ടാണ്, മൂന്നു മണിക്കൂറിനകം ഒരൊന്നാംതരം രാജകീയവിരുന്നുസൽക്കാരം അവൾ എങ്ങനെ ഏർപ്പാടുചെയ്തു ശരിപ്പെടുത്തി, സൽക്കാരച്ചടങ്ങുകളുടെ അന്ത്യത്തിൽ സാധുവായ യൂസുഫിനേയും ഭാര്യയേയും എന്തിനുവേണ്ടി മൃഗീയമായി വധിച്ചു, ആത്മാർത്ഥമായി സ്നേഹിച്ചു സേവനമനുഷ്ഠിച്ചുവന്ന എന്നോടവൾക്ക് എന്തു കാരണത്താലാണു പെട്ടെന്ന് അതികഠിനമായ വെറുപ്പുണ്ടായത്, എന്നോട് അവൾ അധികഭാവം കൈക്കൊ

ണ്ടു പെരുമാറാൻ കാരണമെന്താണു്, ഒടുവിൽ എന്നെ ഭത്താവായി സ്വീകരിച്ചു് ഉന്നതപദവിയിലേക്കുയത്താൻ അവരം എന്തുകൊണ്ടു തയ്യാറായി—ഈവക കാര്യങ്ങളെല്ലാം ഉത്തരംകിട്ടാത്ത ചോദ്യചിഹ്നമായി എൻെറ ഹൃദയത്തിൽ ഉദിച്ചുപൊങ്ങി. ഈ ചോദ്യങ്ങരംക്കുത്തരം കിട്ടാതെ വെമ്പൽകൊള്ളുന്ന എൻെറ ഹൃദയം വിവാഹാനന്തരം എട്ടുദിവസങ്ങരം കഴിഞ്ഞിട്ടും, അവളോടു് എനിക്കു് അളവില്ലാത്ത പ്രേമമുണ്ടായിരുന്നിട്ടും ഞങ്ങരംതമ്മിൽ സ്ത്രീപുരുഷബന്ധത്തിൽ ഏർപ്പെടാൻ അനുവദിച്ചില്ല. ഞങ്ങരം പതിവായി ഒരു മുറിയിൽതന്നെ ഉറങ്ങുകയും രാവിലെ ഉണരുകയും ചെയ്തുവന്നു. ഒരു ദിവസം രാവിലെ എഴുന്നേററ ഉടനെ ഞാൻ വാല്യക്കാരെ വിളിച്ചു് എനിക്കു കുളിക്കാൻ ചൂടുവെള്ളം തയ്യാറാക്കാൻ ആവശ്യപ്പെട്ടു. അതുകേട്ടു് എൻെറ ഭാര്യ ഒരു ചെറുപുഞ്ചിരിയോടുകൂടി "അതിൻെറ ആവശ്യം എന്താണു്?" എന്നു് അത്ഥഗർഭമായി എന്നോടു ചോദിച്ചു. എൻെറ പെരുമാററത്തിൽ അവരംക്കു് അത്ഭുതവും രോഷവും ഉണ്ടായിരുന്നു. അവളുടെ ദൃഷ്ടികളിൽ കോപം നിഴലിച്ചിരുന്നതായി ഞാൻ കണ്ടു. ഒരുദിവസം അവരം എന്നോടു് ഇങ്ങനെ തുറന്നുപറഞ്ഞു: "നിങ്ങരം ഒരു വിചിത്രമനുഷ്യൻതന്നെയാണു്—ആദ്യം അത്യന്തം തീക്ഷ്ണമായ വികാരമുണ്ടായിരുന്ന നിങ്ങളിൽ ഇപ്പോരം അതിൻെറ നേരിയ നിഴൽപോലും കാണുന്നില്ല. നിങ്ങളുടെ ഉദ്ദേശം തീരെ മനസ്സിലാകുന്നില്ല. നിങ്ങരംക്കു് ഒരു ഭത്താവിനു വേണ്ടതായ പുരുഷശക്തിയില്ലായിരുന്നുവെങ്കിൽ നിങ്ങരം ഈ ജളത്വത്തിനു് എന്തിനൊരുങ്ങി?" അതുകേട്ടു് ഞാൻ ശാന്തസ്വരത്തിൽ ഇപ്രകാരം മറുപടിപറഞ്ഞു: "എൻെറ പ്രിയെ! നീതിയെ മാനിക്കുക. ഒരുത്തക്കും നീതിയുടെ നിബന്ധനകളെ ലംഘിക്കാൻ അവകാശമില്ല" അതുകേട്ടു് അവരം ചോദിച്ചു:"ഇനിയും എന്തുനീതിയാണു നിങ്ങരം ആഗ്രഹിക്കുന്നതു്? ആശി

ച്ചതെല്ലാം സംഭവിച്ചുകഴിഞ്ഞില്ലേ?” ഞാൻ എൻെറ ഹൃദയാന്തർഭാഗത്തുള്ള സംശയങ്ങളെല്ലാം അവളെ വിവരിച്ചു കേൾപ്പിക്കുകയും അവയെ നിവാരണംചെയ്യേണ്ടതു് അവളുടെ കടമയാണെന്നു പറയുകയുംചെയ്തു. ആമാതിരി കാര്യങ്ങളെപ്പററി ഒന്നും ആരായാൻ ശ്രമിക്കരുതെന്നവൾ നേരത്തേതന്നെ എന്നെ താക്കീതുചെയ്തിട്ടുണ്ടെന്നും ഞാൻ അമിതമായ സ്വാതന്ത്ര്യം കാണിക്കുകയാണെന്നും അവൾ ഗൗരവപൂർവ്വം എന്നോടു പറഞ്ഞു. എൻെറ സ്വന്തംകാര്യം നോക്കിയിരുന്നുകൊണ്ടാൽമതിയെന്നും ആവശ്യമില്ലാത്ത കാര്യങ്ങളെപ്പററിയുള്ള വിവരങ്ങൾ അറിയുന്നതുകൊണ്ടു് എനിക്കു യാതൊരു പ്രയോജനവും ഉണ്ടാകുവാനില്ലെന്നും അവൾ പരുഷസ്വരത്തിൽ തുടൎന്നുപറഞ്ഞു. ഞാൻ യാതൊരു ക്ഷോഭവുംകൂടാതെ അവളോടിങ്ങനെ പറഞ്ഞു: “ഒരാൾക്കു് എത്രയും ലജ്ജാകരമായുള്ളതു് അയാളുടെ ശരീരം നഗ്നമാക്കുന്നതാണു്; എന്നാൽ നിങ്ങളെ സംബന്ധിച്ചിടത്തോളം അത്തരമൊരു ലജ്ജപോലും ഞാനുമായി ഉണ്ടാകാത്തതരത്തിലുള്ള ബന്ധമാണല്ലോ നമുക്കുതമ്മിൽ ഉണ്ടായിരിക്കുന്നതു്; ആ സ്ഥിതിക്കു് എന്നിൽനിന്നു മറച്ചുവെയ്ക്കത്തക്ക മറെറന്തു രഹസ്യങ്ങളാണു നിങ്ങൾക്കുള്ളതു്?” ഇതുകേട്ടു് അവൾ സംതൃപ്തയായി. എങ്കിലും അവളെസംബന്ധിച്ചുള്ള നിഗൂഢരഹസ്യങ്ങൾ പുറത്താക്കുന്നതുനിമിത്തം വലുതായ ആപത്തിനും അസുഖത്തിനും അതു വഴിതെളിച്ചേയ്ക്കുമെന്നുള്ള ഭയം അവൾ പ്രദശിപ്പിച്ചു. ആവക വിവരങ്ങളെല്ലാം ഞാൻ വേറൊരു ചെവിയിൽപെടാതെ ഭദ്രമായി സൂക്ഷിച്ചുകൊള്ളാമെന്നുറപ്പുനല്കിയതിനുശേഷം, ആ രഹസ്യങ്ങൾ പുറത്താക്കുന്നതുകൊണ്ടു് പല ദോഷങ്ങളും സംഭവിക്കുമെന്നിരിക്കിലും എന്നെതൃപ്തിപ്പെടുത്തേണ്ട ചുമതലയും ആവശ്യവും അവൾക്കുണ്ടെന്നുള്ള വസ്തുതയെ അവൾ ശരിയായി ഗ്രഹിച്ചു് അവളുടെ രഹസ്യങ്ങളെല്ലാം എന്നെ

പറഞ്ഞുകേൾപ്പിക്കാമെന്നു സമ്മതിച്ചു. അവൾ താഴെ വരുംപ്രകാരം അവളുടെ പൂർവ്വകാലജീവിതകഥയെ വിവരിച്ചു.

---

# അദ്ധ്യായം 4

"നിർഭാഗ്യവതിയായ ഞാൻ ഡമാസ്കസ്സിലെ രാജാവിൻെറ പുത്രിയായി ജനിച്ചു. എൻെറ പിതാവിനു് അയൽനാടുകളിലെ രാജാക്കന്മാരേക്കാൾ പേരും പെരുമയും ഉണ്ടായിരുന്നു. മാതാപിതാക്കന്മാരുടെ ഏകസന്താനമായിരുന്ന ഞാൻ എൻെറ പിതാവിൻെറ കിരീടാവകാശികൂടെ ആയിരുന്നു. മാതാപിതാക്കന്മാർ എന്നെ ഏത്രയും ശ്രദ്ധയോടെ ലാളിച്ചുവളർത്തി. എൻെറ പതിന്നാലാമത്തെ വയസ്സുവരെ ഞാൻ മതഗ്രന്ഥങ്ങൾ പഠിക്കുകയും സമപ്രായക്കാരായ സഖിമാരുമൊത്തു കൊട്ടാരത്തിൽ ആനന്ദപ്രദമായി ജീവിതംനയിക്കുകയുംചെയ്തു. യൂസുഫിനു് നമ്മുടെ താമസസ്ഥലത്തുവെച്ചു വിരുന്നുകൊടുത്ത ദിവസംമുതൽ നിങ്ങൾ കണ്ടു പരിചയപ്പെട്ട കാപ്പിരിഭൃത്യൻ എൻെറ വിശ്വസ്തദാസനായിരുന്നു. അയാൾക്കു് എൻെറ ജീവിതരഹസ്യങ്ങൾ എല്ലാം അറിവുണ്ടു്. എനിക്കു് ഇഷ്ടാനുസരണം ചെലവുചെയ്യാനുള്ള പണം എപ്പോഴും എൻെറ അധീനതയിൽ ഉണ്ടായിരുന്നു. അന്നു നിങ്ങൾ എൻെറ കുറിപ്പു കൊണ്ടുകൊടുത്തപ്പോൾ ആവശ്യമുള്ള പണം കൊടുത്തയച്ച മഞ്ഞനിറമുള്ള നീഗ്രോയായിരുന്നു എൻെറ ഖജനാഉദ്യോഗസ്ഥൻ. അല്ലാഹുവിനെ സ്തോത്രംചെയ്യുന്നതല്ലാതെ മററുചിന്തകളൊന്നും എൻെറ ഹൃദയത്തിൽ കടന്നുകൂടീട്ടില്ലായിരുന്നു. അങ്ങനെ പരിശുദ്ധമായ ജീവിതംനയിച്ചുവരവേ പെട്ടെന്നു് എൻെറ സ്വഭാവത്തിൽ ഒരു മാററം വന്നുകൂടി. ഞാൻ യാതൊന്നിലും

ഉന്മേഷംതോന്നാതെയും സഖികളുടെ കൂട്ട് ഇഷ്ടപ്പെടാതെയും ഏകാകിയായി മൌനമായിരിക്കാൻതുടങ്ങി. ഇതു കണ്ടു് എല്ലാവരും വളരെ പരിഭ്രമിച്ചു. ഒടുവിൽ എനിക്കു് ഉന്മേഷമുണ്ടാക്കാൻവേണ്ടി ഒരു പാനീയം(ഷെർബത്ത്) കുടിക്കണമെന്നു് എന്റെ വിശ്വസ്തനായ നീഗ്രോഭൃത്യൻ ഉപദേശിക്കുകയും അതനുസരിച്ചു് അയാൾ ഒരു ഗ്ലാസിൽ ആ പാനീയം തയ്യാർചെയ്യിച്ചു് അതിസുന്ദരനായ ഒരു ബാലനെക്കൊണ്ടെടുപ്പിച്ചു് എന്റെ മുറിയിൽകൊണ്ടു തരികയും ചെയ്തു. അതു കുടിച്ചപ്പോൾ എനിക്കൊരു നവോന്മേഷം ഉണ്ടായി. ആ പാനീയം എല്ലാദിവസവും ഉപയോഗിക്കുന്നുത്തമമാണെന്നു് ആ ഭൃത്യൻ ഉപദേശിച്ചതനുസരിച്ചു് ഞാൻ ദിവസവും രാവിലെ അതു കുടിക്കുന്നതു പതിവാക്കി. എല്ലാദിവസവും മുൻപറഞ്ഞ കോമളനായ ബാലൻതന്നെയാണു് ആ പാനീയം കൊണ്ടുതന്നുകൊണ്ടിരുന്നതു്. എന്റെ സ്വഭാവത്തിൽ ഇങ്ങനെ പെട്ടെന്നു മാററം സംഭവിക്കുന്നതുവരെ ഞാൻ അന്യപുരുഷന്മാരെ ആരെയും കണ്ടിട്ടില്ലായിരുന്നു. എനിക്കു് പാനീയം കൊണ്ടുതന്നുകൊണ്ടിരുന്ന ബാലന്റെ സുന്ദരരൂപവും പെരുമാററവും എനിക്കു് ആനന്ദകരമായിത്തോന്നിത്തുടങ്ങി. അവൻ കീറിനാറിയ വസ്ത്രങ്ങൾ ധരിച്ചിരുന്നുവെങ്കിലും അവന്റെ ശരീരസൌന്ദര്യം ആ അഴുക്കുവസ്ത്രങ്ങളുടെ ഇടയിൽക്കൂടെ പുറത്തേക്കു പ്രവഹിച്ചുകൊണ്ടിരുന്നു. അവനു ഞാൻ ദിവസവും ധാരാളം പണം സംഭാവനചെയ്തുവന്നുവെങ്കിലും അവൻ പഴയതുപോലെതന്നെ വൃത്തികെട്ട വസ്ത്രങ്ങൾ ധരിച്ചുകൊണ്ടുവന്നിരുന്നതുകണ്ടു് അവനോടു് അതിന്റെ കാരണത്തെപ്പററി ഞാൻ അന്വേഷിച്ചു. ഞാൻ കൊടുക്കുന്നപണമെല്ലാം അവന്റെ രക്ഷാധികാരിയെടുക്കുകയാണെന്നും അതിൽ ഒരുകാശുപോലും അവനു കിട്ടുന്നില്ലെന്നും അവൻ പറഞ്ഞു. അന്നുമുതൽ അവനു വേണ്ടതെല്ലാം പ്രത്യേകം ശ്രദ്ധയോടെ കൊടുത്തുകൊള്ളണമെന്നും അവനെ ദിവസേന കുളിപ്പിച്ചു നല്ല

വസ്ത്രം ധരിപ്പിച്ച് എൻെറ മുമ്പിൽ അയയ്ക്കണമെന്നും ഞാൻ എൻെറ വിശ്വസ്തഭൃത്യനു നിർദ്ദേശംകൊടുത്തു. അതനുസരിച്ച് ആ ഭൃത്യൻ പ്രവർത്തിച്ചുവന്നു. ആ ബാലൻ നല്ല വസ്ത്രങ്ങൾ ധരിച്ചപ്പോൾ ഒരു കോമളവിഗ്രഹമായി എനിക്കു തോന്നി. അവനെ കാണാതെ ഒരുദിവസവും ഇരിക്കാൻ എനിക്കു കഴിയാതെവന്നു. ദിവസവും എൻെറ മുറിയിൽ ഞങ്ങൾ ചിരിയും കളിയും ആനന്ദവുമായികഴിഞ്ഞുവന്നു. ക്രമേണ ആ ബാലൻ വളൎന്ന് ഒരു യുവാവായിത്തീരുകയും അവൻെറ ഓമനമുഖത്തു രോമം പ്രത്യക്ഷപ്പെടുകയുംചെയ്തു. യൌവ്വനത്തിൻെറ ലക്ഷണങ്ങൾ അവനിൽ കണ്ടുതുടങ്ങിയതുമുതൽ അന്തഃപുരംകാവൽക്കാർ അവനെ അകത്തു കടത്തിവിടാൻ സമ്മതിച്ചില്ല. അങ്ങനെ ഞങ്ങളുടെ കൂടിക്കാഴ്ച പെട്ടെന്നു നിലച്ചു അതുനിമിത്തം എനിക്ക് എന്തെന്നില്ലാത്ത അസുഖമായി. എൻെറ വിശ്വസ്തഭൃത്യനെ വരുത്തി കാൎയ്യങ്ങളെല്ലാം ഞാൻ അറിയിച്ചു. ഒടുവിൽ ആ യുവാവിൻെറ താമസസ്ഥലത്തുനിന്ന് എൻെറ മുറിയിൽ പ്രവേശിക്കാനായി ഭൂമിക്കടിയിൽകൂടി രഹസ്യമായി ഒരു തുരങ്കം ഉണ്ടാക്കി അതുവഴി അവനെ എൻെറ മുറിയിൽ ദിവസവും കൊണ്ടുവരണമെന്നു തീരുമാനിച്ചു. അതനുസരിച്ച് ആ സമൎത്ഥനായ ഭൃത്യൻ തുരങ്കം പണിയിച്ചു പൂൎത്തിയാക്കി. ആ ഗൂഢമാൎഗ്ഗംവഴി ആ യുവാവ് എല്ലാ ദിവസവും രാത്രി എൻെറ മുറിയിൽ വന്നുകൊണ്ടിരുന്നു. ഞങ്ങൾ രാത്രിമുഴുവൻ രഹസ്യമായി സല്ലപിച്ചാനന്ദിച്ചു വന്നു. അങ്ങനെ കുറേക്കാലംകഴിഞ്ഞപ്പോൾ ഒരു വലിയ സംഖ്യ മുടക്കി ആ യുവാവിനു് പട്ടണത്തിൻെറ പ്രധാനഭാഗത്തു് ഒരു വ്യാപാരശാലയുണ്ടാക്കി അതിൽ വിലയേറിയ ആഭരണങ്ങളും വസ്ത്രങ്ങളും വില്പനയ്ക്കു ശേഖരിച്ചുവയ്ക്കാൻ വേണ്ട ഏൎപ്പാടുകൾ ഞാൻ ചെയ്തു. എൻെറ വിശ്വസ്തഭൃത്യൻെറ സഹായത്തോടുകൂടി അതെല്ലാം ഉടനേതന്നെ നിർവഹിച്ചുകഴിഞ്ഞു. അങ്ങനെ എൻെറ സ്നേഹഭാജന

മായ യുവാവ്—നിങ്ങൾ യാദൃച്ഛികമായി പരിചയപ്പെട്ട ആ യൂസുഫ്—ഡെമാസ്കസ് നഗരത്തിലെ ഏററവും ധനികനായ കച്ചവടക്കാരനായിത്തീൎന്നു. കൊട്ടാരത്തിലേക്കും പ്രഭുക്കന്മാൎക്കും ആവശ്യമുള്ള വിലയേറിയ വസ്ത്രാഭരണങ്ങൾ എല്ലാം ആ പീടികയിൽ എപ്പോഴും വില്പനയ്ക്കു തയ്യാറാക്കി സംഭരിച്ചിരുന്നു. വിദേശങ്ങളിലുള്ള അമൂല്യസാധനങ്ങളെല്ലാം ആ പീടികയിൽ എപ്പോഴും ലഭിക്കുമായിരുന്നു. അങ്ങനെ എൻെറ രഹസ്യകാമുകൻ പേരും പ്രശസ്തിയും, വമ്പിച്ച ധനവും ആൎജ്ജിച്ചു. ഞങ്ങൾ ദിവസേന ഞങ്ങളുടെ രഹസ്യമായ കൂടിക്കാഴ്ചയും നിൎബ്ബാധം നടത്തിവന്നു. ഒരുദിവസം ആ യുവാവ് പതിവുപ്രകാരമുള്ള സമയത്തു വന്നുചേൎന്നില്ല. അക്ഷമയായി കാത്തിരുന്ന ഞാൻ അയാളെ ഉടനേ കൂട്ടിക്കൊണ്ടുവരാൻ എൻെറ ഭൃത്യനെ അയച്ചു. അപ്പോൾ ആ യുവാവ് ഉന്മേഷവാനല്ലാതെയും വരാൻ ഉദാസീനനായും കാണപ്പെട്ടു. അയാൾ ഉടനേ വന്നുചേരണമെന്നും അയാളെ കാണാതെ ഒരു നിമിഷവും ജീവിച്ചിരിക്കാൻ എനിക്കു സാധ്യമല്ലെന്നും, ഉടൻ വന്നുചേരുന്നതിന് അമാന്തംവരുത്തിയാൽ അടുത്തനിമിഷത്തിൽ ഞാൻ അയാളുടെ ഗൃഹത്തിൽ ചെല്ലുമെന്നും അങ്ങനെ ഞാൻ അവിടെ പോകുന്നതു് അപകടകരമാണെന്നും വിവരിച്ച് അയാൾക്ക് ഒരെഴുത്തു കൊടുത്തയച്ചു. ആ എഴുത്തു കണ്ട ഉടനെ അയാൾ പുറപ്പെട്ടു. എൻെറ മുറിയിൽ വന്ന യുവാവിൻെറ ഉന്മേഷക്കുറവിനെ സംബന്ധിച്ചു ഞാൻ അന്വേഷിച്ചപ്പോൾ നഗരത്തിൽ ഒരു മണിമാളികയും ഉദ്യാനവും അതോടുകൂടി ഒരു നീഗ്രോഅടിമസ്ത്രീയും ഒന്നായി വില്പനയ്ക്കുണ്ടെന്നും ആ മാളിക വാങ്ങുന്ന ആൾ അടിമസ്ത്രീയേയും വിലയ്ക്കുവാങ്ങണമെന്നുണ്ടെന്നും, അതിലേക്ക് ഒരു വമ്പിച്ച സംഖ്യ വിലകൊടുക്കേണ്ടിവരുമെന്നും, അതു വാങ്ങാൻ വളരെ ആഗ്രഹമുണ്ടെങ്കിലും അതിനു മതിയാവുന്ന പണം അയാളുടെ പക്കൽ ഇല്ലെന്നും അതുനിമിത്തം

അയാറം മനഃക്ലേശമനുഭവിക്കുകയാണെന്നും ഞാൻ മനസ്സിലാക്കി. അടുത്തദിവസംതന്നെ ആ മാളികയും മററും വിലയെഴുതി അയാറംക്കു കൊടുപ്പിക്കാൻ വേണ്ട ഏർപ്പാടുകളെല്ലാം എൻെറ വിശ്വസ്തഭൃത്യൻമുഖാന്തിരം നടത്തി ഞാൻ എൻെറ കാമുകനെ സന്തോഷിപ്പിച്ചയച്ചു. അതനുസരിച്ച് അടുത്തദിവസംതന്നെ ആ മാളികയും മററും അയാറം വിലവാങ്ങി. അതിൻെറകൂടെ നീഗ്രോവർഗ്ഗത്തിൽ പെട്ട അടിമസ്ത്രീയും അയാളുടെ വകയായിത്തീൎന്നു. ഇങ്ങനെ പണവും ജീവിതസൗകര്യങ്ങളും വൎദ്ധിച്ചതോടുകൂടി ആ യുവാവ് മദ്യപാനം തുടങ്ങിയുള്ള ദുർമ്മാൎഗ്ഗങ്ങളിൽ യഥേഷ്ടം വിഹരിക്കാൻതുടങ്ങി. അയാറം ആ നീഗ്രോഅടിമസ്ത്രീയുടെ വലയിൽ അകപ്പെട്ട് അവളുമായി സൈ്വരജീവിതത്തിൽ ഏൎപ്പെട്ടു. ഒരുദിവസം ആ പുതിയ മാളിക കാണണമെന്ന് എനിക്കാഗ്രഹമുണ്ടാകുകയാൽ ഞാൻ തുരങ്കംവഴി എൻെറ കാമുകൻെറ വീട്ടിലും അവിടെനിന്നു മാളികയിലേക്കും പോയി. മാളികയിലെ മുകറംതട്ടിലുള്ള മട്ടുപ്പാവിലേക്ക് എൻെറ കാമുകൻ എന്നെ കൂട്ടിക്കൊണ്ടുപോയി. അവിടെയിരുന്ന് ആ നഗരം മുഴുവനും ഞങ്ങറംക്കു കാണാമായിരുന്നു. ഞങ്ങറം അവിടെ അങ്ങനെയിരിക്കുമ്പോറം ആ നീഗ്രോഅടിമസ്ത്രീ അവിടെ പ്രവേശിച്ചു വളരെ അപമൎയ്യാദയായി പെരുമാറി. ആ പ്രൃത്തികെട്ട കറുത്തതടിച്ച സത്വം ഒററനോട്ടത്തിൽ ആൎക്കും ഭീതിയും വെറുപ്പും ഉണ്ടാക്കുന്ന ഒരു വികൃതരൂപമായിരുന്നു. അവറം കൊണ്ടുവന്ന മദ്യം എൻെറ കാമുകൻ യഥേഷ്ടം എൻെറ മുമ്പിൽവെച്ചു കുടിക്കുകയും ആ അടിമസ്ത്രീയുമായി പ്രേമലീലകളിൽഏൎപ്പെടുകയുംചെയ്തു. കുടിച്ചു ബോധശൂന്യനായ ആ യുവാവ് ആ സ്ത്രീയെ എൻെറ കൺമുമ്പിൽവെച്ച് വസ്ത്രാക്ഷേപംചെയ്യുകയും അവളുമായി നിർല്ലജ്ജം ശാരീരികസമ്പൎക്കത്തിലേൎപ്പെടുകയുംചെയ്തു. ആ നന്ദികെട്ട നീചൻെറ ഹീനപ്രവൃത്തിയിൽ ഞാൻ വളരെ ലജ്ജിക്കുകയും ദുഃഖിക്കുകയുംചെയ്തു.

വാസ്തവത്തിൽ അവർ ഭാര്യാഭർത്തൃബന്ധത്തിൽ വളരെ നാളായി സഹവസിച്ചുവരികയാണെന്നും ആ ദുഷ്ടൻ എന്നോടു വിശ്വാസലംഘനം നടത്തുകയായിരുന്നുവെന്നും എനിക്കു ബോദ്ധ്യമായി. അയാളുടെ പ്രവൃത്തി അയാൾക്കാപത്തുവരുത്താതെ സൂക്ഷിച്ചുകൊള്ളണമെന്നു ഞാൻ മുന്നറിയിപ്പു നല്കി. അവരുടെ രഹസ്യങ്ങൾ ഞാൻ അറിഞ്ഞുപോയതിനാൽ അയാൾക്കാപത്തുണ്ടാകുമെന്നും അവർ തമ്മിലുള്ള ബന്ധംതന്നെ തകൎന്നുപോയേക്കുമെന്നും അവൾ അയാളെ പറഞ്ഞു മനസ്സിലാക്കി. അവർ തമ്മിൽ ഗൂഢമായി ആലോചിച്ചതിനുശേഷം എന്റെ കഥകഴിക്കാൻ തന്നെ അവർ തീരുമാനിച്ചു. ആ ദുഷ്ടൻ വാളുകൊണ്ടു് എന്നെ നിർദ്ദയം വെട്ടി മുറിപ്പെടുത്തി. എന്റെ മുറിവുകളിൽനിന്നു ധാരാളമായി രക്തം പ്രവഹിച്ചതുകാരണം ഞാൻ ക്ഷീണിച്ചു ബോധശൂന്യയായി. ഞാൻ മരിച്ചുപോയിരിക്കുമെന്നുള്ള ഉദ്ദേശത്തിൽ അവർ എന്നെ ഒരു പെട്ടിയിലാക്കി നഗരത്തിന്റെ പുറംമതിലിന്റെ പുറത്തുകൂടെ കയറുകെട്ടിയിറക്കി വെളിയിൽ തള്ളി. ആ അവസ്ഥയിലാണു് നിങ്ങൾ എന്നെ കണ്ടതു്. പിന്നീടുള്ള കഥയെല്ലാം നിങ്ങൾക്കറിയാമല്ലോ. ദുഷ്ടനായ യൂസുഫിനോടും അയാളുടെ സൈ്വരിണിയായ നീഗ്രോസ്ത്രീയോടും എനിക്കുണ്ടായിരുന്ന പക വീട്ടുന്നതിനുവേണ്ടിയാണു് അവരെ രണ്ടുപേരെയും നമ്മുടെ താമസസ്ഥലത്തു വിരുന്നിനു ക്ഷണിക്കാൻ ഞാൻ നിങ്ങളെ പ്രേരിപ്പിച്ചതു്. മദ്യപാനംകഴിഞ്ഞു നിങ്ങളെല്ലാവരും ബോധമില്ലാതെ ഉറക്കത്തിൽകിടക്കുമ്പോൾ ഞാൻ എന്റെ ഭൃത്യന്മാരെക്കൊണ്ടു് ആ ദുഷ്ടദമ്പതിമാരുടെ ശിരഃഛേദം ചെയ്യിച്ചു. അങ്ങനെ എന്റെ പകവീട്ടി. ആ ദുർമ്മാൎഗ്ഗിയായ യുവാവുമായിച്ചേൎന്നു് എന്റെ നിർദ്ദേശങ്ങൾക്കു വിപരീതമായി മദ്യം സേവിച്ചു ബോധരഹിതനായതുകൊണ്ടാണു് നിങ്ങളെ ഞാൻ വെറുത്തതു്. മദ്യപാനം പതിവാക്കി

ബോധമില്ലാതെവരുന്ന ഒരാളിൻെറ ചിന്തകൾ സ്ഥിരമായിരിക്കാൻ ഇടയില്ലെന്നു ഞാൻ തീരുമാനിച്ചു. മൂന്നു മണിക്കൂറിനകം വൻതോതിലുള്ള ഒരു സൽക്കാരത്തിനൊരുക്കങ്ങൾ ചെയ്യത്തു് കാരുണ്യവതിയായ എൻെറ മാതാവിൻെറ സഹായത്തോടുകൂടിയാണു്. എൻെറ വിവരങ്ങളെല്ലാം ഞാൻ ആ പ്രിയമാതാവിനെ അറിയിച്ചിട്ടുണ്ടായിരുന്നു. ആ മഹതി എൻെറ രഹസ്യങ്ങളെല്ലാം അവരുടെ ഹൃദയത്തിൽതന്നെ ഭദ്രമായി സൂക്ഷിച്ചിരുന്നു."

മേൽപ്രകാരം എൻെറ എല്ലാ സംശയങ്ങൾക്കും ഉപശാന്തി വരുത്തിയതിനുശേഷം നന്ദികെട്ട മുൻകാമുകനെപ്പോലെ പെരുമാറാതെ ഞാൻ അവളോടു സ്ഥിരമായ പ്രേമവും വിശ്വാസവും പുലർത്തണമെന്നു് അവൾ എന്നോടപേക്ഷിച്ചു. ഞാൻ അങ്ങനെ ചെയ്തുകൊള്ളാമെന്നു സത്യംചെയ്തു. രാജകുമാരി അവളുടെ ആത്മകഥ അവസാനിപ്പിച്ചതിനുശേഷം ഞങ്ങൾ ഈ പരിതഃസ്ഥിതിയിൽ ആ നഗരത്തിൽ താമസം തുടരുന്നതു ശരിയല്ലെന്നും മറെറവിടെയെങ്കിലും പോയി താമസിക്കുന്നതാണു് ഉത്തമമെന്നും അഭിപ്രായപ്പെട്ടു. ആ അഭിപ്രായത്തോടു ഞാനും യോജിച്ചു.

---

## അദ്ധ്യായം 5

അടുത്ത പ്രഭാതത്തിനുമുമ്പു് ആ നഗരംവിട്ടു് ഓടിപ്പോകണമെന്നു ഞങ്ങൾ തീരുമാനിച്ചു. കൊട്ടാരത്തിലെ ലായത്തിൽനിന്നു ശ്രേഷ്ഠമായ രണ്ടു കുതിരകളെ ഞാൻതന്നെ ഇറക്കിക്കൊണ്ടുവന്നു. പ്രഭാതത്തിനു് ഏതാനും മണിക്കൂറുകൾക്കുമുമ്പു് ഞങ്ങൾ യാത്രയ്ക്കു തയ്യാറായി. രാജകുമാരി പുരുഷവേഷത്തിൽ ആയുധധാരിയായി ഒരു കുതിരപ്പുറത്തു കയറി. ഞാൻ മറേറ കുതിരപ്പുറത്തും

കയറി. അങ്ങനെ ഞങ്ങൾ വായുവേഗത്തിൽ കുതിരകളെ ഓടിച്ചു നേരം വെളിച്ചമായപ്പോഴേയ്ക്കും വിസ്തൃതമായ ഒരു തടാകത്തിൻെറ കരയിൽ ചെന്നുചേൎന്നു. അവിടെ ഇറങ്ങി അല്പനേരം വിശ്രമിക്കുകയും മുഖം കഴുകുകയും ചെയ്തിട്ടു ഞങ്ങൾ പ്രഭാതഭക്ഷണം വളരെ തിടുക്കത്തിൽ കഴിച്ചു. ഒട്ടും താമസിയാതെ ഞങ്ങൾ വീണ്ടും യാത്ര തുടൎന്നു. യാത്രാമദ്ധ്യേ ഞങ്ങൾ പലതും സംസാരിച്ചു സന്തോഷമായി സമയംകഴിച്ചു. കുറച്ചുദൂരം ഞങ്ങൾ അങ്ങനെ യാത്ര ചെയ്തതിനുശേഷം ഒരു മഹാനദിയുടെ കരയിൽ എത്തി. ആ നദി നോക്കെത്താത്തവണ്ണം വിസ്തൃതമായി പരന്നുകിടക്കുന്നു. ആ നദി കടക്കാൻ യാതൊരുപായവും കണ്ടില്ല. ഞങ്ങൾ രണ്ടുപേരും നദിക്കരയിൽ ഇറങ്ങി അവിടെ തഴച്ചുവളൎന്നു പടൎന്നുകിടന്ന ഒരു വടവൃക്ഷത്തിൻെറ തണലിൽ അല്പനേരമിരുന്നു വിശ്രമിച്ചു നദിയുടെ മറുകര കടക്കാനുള്ള യാതൊരുപായവും ഞങ്ങൾക്കു തോന്നിയില്ല. ഒടുവിൽ അവിടെയെല്ലാം നടന്നു വല്ല വള്ളമോ ചങ്ങാടമോ കിട്ടാൻ മാൎഗ്ഗമുണ്ടോ എന്നു തിരക്കാൻ തീരുമാനിച്ചു. ദീൎഘയാത്രകൊണ്ടു ക്ഷീണിതയായ രാജകുമാരി ആ വൃക്ഷത്തണലിൽ കിടന്നു വിശ്രമിക്കാൻ തന്നെ അനുവദിക്കണമെന്നും ഞാൻ പോയി വള്ളം തിരക്കണമെന്നും എന്നോടപേക്ഷിച്ചു. അവളെ തനിച്ച് അവിടെ വിട്ടിട്ടു പോകാൻ എനിക്കു തീരെ സമ്മതമില്ലായിരുന്നുവെങ്കിലും രാജകുമാരി എന്നെ വേണ്ടവിധത്തിൽ ധൈൎയ്യപ്പെടുത്തിയതനുസരിച്ചു ഞാൻ പുറപ്പെട്ടു. അവിടമെല്ലാം ഏറെനേരം ചുററിത്തിരഞ്ഞുനോക്കീട്ടും വള്ളമോ ആൾസഞ്ചാരമോ ഒന്നും കാണപ്പെട്ടില്ല. ഒടുവിൽ ഞാൻ നിരാശനായി വൃക്ഷച്ചുവട്ടിൽ മടങ്ങിയെത്തി. പക്ഷേ, എന്തൊരത്ഭുതകരമായ അനുഭവമാണ് അവിടെ എനിക്കുണ്ടായത്. രാജകുമാരിയെ അവിടെയെങ്ങും കാണ്മാനില്ലായിരുന്നു. ഞാൻ ആ വൃക്ഷ

ത്തിൻെറ ഉയൎന്ന ശാഖകളിൽ കയറി ദിഗന്തങ്ങളിൽ നാലു പാടും വളരെദ്ദൂരം ദൃഷ്ടികളയച്ചിട്ടും രാജകുമാരിയുടെ ഒരു വിവരവും കിട്ടാൻ സാധിച്ചില്ല. സങ്കടംകൊണ്ടു മതിമറന്ന ഞാൻ തറയിൽകിടന്നുരുളുകയും വാവിട്ടു നിലവിളിക്കുകയും ചെയ്തു. ആ വിജനപ്രദേശത്തു് രാജകുമാരി ഏതുവിധത്തിൽ അപ്രത്യക്ഷയായി എന്നു് യാതൊരു ലക്ഷ്യവും കിട്ടാൻ സാധിച്ചില്ല. വല്ല ജിന്നുകളും അവളെ എടുത്തുകൊണ്ടുപോയിരിക്കുമോ എന്നും ഞാൻ സംശയിച്ചു. ഏതായാലും എൻെറ പ്രാണപ്രേയസിയെക്കൂടാതെ എനിക്കു ജീവിക്കാൻ സാദ്ധ്യമല്ലാഞ്ഞതിനാൽ ദുഃഖാൎത്തനായ ഞാൻ കാലുപോയവഴിക്കു് അവളെ തേടി ഭ്രാന്തനെപ്പോലെ അലഞ്ഞുനടന്നു. ആഹാരമോ ഉറക്കമോ വിശ്രമമോ കൂടാതെ അനേകദിനരാത്രങ്ങൾ ഞാൻ കാടും മേടും കുന്നും മലയും സഞ്ചരിച്ചു് അവളെ തിരക്കി. ഒരിടത്തും ആ പ്രേമധാമത്തെ കണ്ടെത്തിയില്ല. അവൾക്കെന്തു സംഭവിച്ചുവെന്നുള്ളതിനെ സംബന്ധിച്ചു യാതൊരു വിവരവും കിട്ടാനും സാധിച്ചില്ല. അവളെ പിരിഞ്ഞുള്ള ജീവിതം അസാദ്ധ്യമായിത്തീൎന്നിരുന്നതിനാൽ എങ്ങനെയെങ്കിലും പ്രാണത്യാഗംചെയ്വാൻതന്നെ ഞാൻ തീരുമാനിച്ചു. അതിലേക്കുവേണ്ടി ഒരു ഉന്നതമായ പൎവ്വതശിഖരത്തിൽ ഞാൻ ഇഴഞ്ഞുകയറി അതിൻെറ മുകൾപരപ്പിലെത്തി. അവിടെനിന്നു് വളരെ താഴ്ചയിലുള്ള മലഞ്ചെവട്ടിലേക്കു ചാടി മരിക്കണമെന്നുള്ളതായിരുന്നു എൻെറ നിശ്ചയം. അങ്ങനെ ഞാൻ ജീവിതവൃമായി അന്ത്യയാത്രയുംപറഞ്ഞു് കീഴോട്ടു കുതിക്കാൻ പാദങ്ങൾ ഉയൎത്തി. ഉത്തരക്ഷണത്തിൽ ഞാൻ ആഴമേറിയ അടിവാരത്തിലേക്കു ശീഘ്രഗതിയിൽ പ്രയാണംചെയ്യുമായിരുന്നു. എന്നാൽ എൻെറ ശരീരം മേലോട്ടു് ഉയരുന്നതിനുമുമ്പു് ഒരു മനോഹരമായ കുതിരപ്പുറത്തു കയറിവന്ന ഒരത്ഭുതമനുഷ്യൻ എൻെറ ഭുജങ്ങളിൽ പിടിച്ചു തടഞ്ഞുനിറുത്തി. അദ്ദേഹം ഒരു മുഖാ

വരണം ധരിച്ചിരുന്നു. പച്ചനിറത്തിലുള്ള വസ്ത്രങ്ങളാണ് അദ്ദേഹം അണിഞ്ഞിരുന്നത്. അദ്ദേഹം എൻെറ സാഹസകൃത്യത്തെ തടഞ്ഞിട്ട് ഇപ്രകാരം പറഞ്ഞു: "നീ എന്തിനായിട്ടാണ് നിൻെറ ജീവനെ സ്വയം ഉപേക്ഷിക്കാൻ ശ്രമിക്കുന്നത്? അല്ലാഹുവിൻെറ കാരുണ്യത്തിൽ നിരാശപ്പെടുന്നത് ഭക്തിയുടേയും വിശ്വാസത്തിൻേറയും കുറവുമൂലമാണ്. നമ്മിൽ ജീവശ്വാസം അവശേഷിക്കുന്ന കാലംവരെ നാം ആശ കൈവെടിയരുത്. മൂന്നു സഞ്ചാരികളായ ഫക്കീറന്മാർ നിന്നെ അടുത്തുതന്നെ സിറിയായിൽ വെച്ചു സന്ധിക്കും. അവർ നിന്നെപ്പോലെതന്നെ ദുഃഖിതന്മാരും, ഇതുപോലെയുള്ള പ്രയാസങ്ങളിൽപെട്ട് ഉഴലുന്നവരും, നിന്നെപ്പോലെയുള്ള ജീവിതാനുഭവങ്ങൾ ഉണ്ടായിട്ടുള്ളവരുമാണ്. ആ രാജ്യത്തിലെ രാജാവിൻെറ പേർ 'അസാദ് ബുഖ്ത്' എന്നാണ്. അദ്ദേഹം ക്ലേശങ്ങളിൽ പെട്ടിരിക്കുകയാണ്. അദ്ദേഹം നിന്നെയും മററെ മൂന്നു ഫക്കീറന്മാരേയും കണ്ടെത്തുമ്പോൾ നിങ്ങൾ ഓരോരുത്തരുടേയും ആഗ്രഹനിവൃത്തിയുണ്ടാകും." ഇത്രയും കേട്ടതിന്നപ്പോൾ പെട്ടെന്ന് ആ ദിവ്യപുരുഷൻെറ കുതിരയുടെ അങ്കവടികളിൽ ഞാൻ കടന്നുപിടിച്ച് അവയിൽ ചുംബിച്ചുകൊണ്ട് ഇപ്രകാരം അഭ്യർഥിച്ചു: "അല്ലയോ മഹാത്മാവേ! അവിടുന്നു പറഞ്ഞ വാക്കുകൾ ദുഃഖനിമഗ്നമായ എൻെറ ഹൃദയത്തിനു സമാധാനം ഉണ്ടാക്കി. എന്നാൽ അല്ലാഹുവിനെ ഓർത്ത് അങ്ങ് ആരാണെന്നും അങ്ങയുടെ നാമം എന്താണെന്നും അറിയിക്കാൻ ദയവുണ്ടാകണം."ഉടനെ അദ്ദേഹം "എൻെറ നാമം 'മൂർതസാ അലി'*

---

* 'മൂർതസാ അലി' വിശുദ്ധ പ്രവാചകൻ മുഹമ്മദിൻെറ ജാമാതാവാണ്. അദ്ദേഹത്തിനു 'മുഷ്കിൽ-കോഷ' (ദുരിതനിവാരകൻ) എന്നു സ്ഥാനപ്പേരുണ്ട്. അലിയുടെ വംശജന്മാരാണെന്നഭിമാനിക്കുന്ന 'സെയ്യദ്" വർഗ്ഗക്കാർ പച്ചനിറത്തിലുള്ള വസ്ത്രങ്ങളാണ ധരിക്കുന്നത്. പച്ചനിറം മുസ്ലിംകൾ വിശുദ്ധവർണ്ണമായി കരുതിവരുന്നു.

എന്നാണു്. എന്റെ ജോലി പ്രയാസങ്ങൾ അനുഭവിക്കുന്നവൎക്കു് രക്ഷാമാൎഗ്ഗം കാണിച്ചുകൊടുക്കുന്നതാണു്" എന്നു മറുപടിപറയുകയും ഉത്തരക്ഷണത്തിൽ തന്റെ കുതിരപ്പുറത്തു കയറി മറയുകയുംചെയ്തു. ദുരിതാശപാസകനായ അലിയിൽനിന്നു ലഭിച്ച സന്ദേശം എനിക്കു വളരെ മനസ്സമാധാനം ഉണ്ടാക്കി. അതനുസരിച്ചു് ഞാൻ കാൺസ്റ്റാൻറിനോപ്പിളിലേക്കു പുറപ്പെട്ടു. വരുന്നവഴിയെല്ലാം എന്റെ രാജകുമാരിയെ ഞാൻ അന്വേഷിച്ചു. കാടും കരയും എല്ലാം തേടിനടന്നു വളരെ പ്രയാസങ്ങൾ അനുഭവിച്ചു് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ ഇവിടെ വന്നെത്തുകയും അലിയുടെ മുന്നറിയിപ്പനുസരിച്ചു് നിങ്ങളെ മൂന്നു പേരെയും കാണുകയുംചെയ്തു. ഇനി നമുക്കു് അസാദ് ബുഖ്ത്‌രാജാവിനെ കണ്ടുപിടിച്ചു് അദ്ദേഹത്തിന്റെ പരിചയം നേടേണ്ടിയിരിക്കുന്നു. അതിനുശേഷം നമുക്കു് അല്ലാഹുവിന്റെ അനുഗ്രഹത്തിനുവേണ്ടി പ്രാൎത്ഥിച്ചു് ആമീൻ പറയണം. അല്ലാഹുവിനു പ്രിയപ്പെട്ടവരേ! ഞാൻ എന്റെ ജീവിതാനുഭവങ്ങളെ അക്ഷരംപ്രതി വിവരിച്ചു കേൾപ്പിച്ചുകഴിഞ്ഞു. ഇനി ഞാൻ എന്റെ രാജകുമാരിയെ കണ്ടെത്തുന്ന സന്തോഷാവസരത്തെ പ്രതീക്ഷിച്ചുകഴിയാം." അസാദ് ബുഖ്ത് ആ ഫക്കീറിന്റെ കഥ മുഴുവൻ ഒളിച്ചിരുന്നു ശ്രദ്ധിച്ചുകേൾക്കുകയും അടുത്ത ഫക്കീറിന്റെ കഥ കേൾക്കാൻ അത്യധികം ഉൽസുകനായി കാത്തിരിക്കുകയും ചെയ്തു.

# അദ്ധ്യായം 6

## രണ്ടാമത്തെ ഫക്കീറിൻെറ ജീവിതാനുഭവങ്ങൾ

ഒന്നാമത്തെ ഫക്കീർ അദ്ദേഹത്തിൻെറ നീണ്ട ജീവിതകഥ പറഞ്ഞവസാനിപ്പിച്ചയുടൻതന്നെ രണ്ടാമത്തെ ഫക്കീർ നിവൎന്ന തയ്യാറായി ആസനമുറപ്പിച്ചുകൊണ്ടു് അദ്ദേഹത്തിൻെറ അനുഭവങ്ങളെ വിവരിക്കാൻ തുടങ്ങി.

"ഞാൻ പേഷ്യ്യാരാജ്യത്തിലെ ഒരു രാജകുമാരനാണു്. ഇസ്ഫഹാൻ എന്ന അപരനാമംവഹിക്കുന്ന പേഷ്യ പണ്ടുമുതൽ സുപ്രസിദ്ധശാസ്ത്രജ്ഞന്മാരുടെയും കലാനിപുണന്മാരുടെയും ജന്മഭൂമിയാണു്. അക്കാരണത്താൽ ആ രാജ്യത്തിനു 'ലോകത്തിൻെറ അൎദ്ധഭാഗം' എന്ന പേരു സിദ്ധിക്കപ്പെട്ടു. ഏഴുലോകങ്ങളിലും ഈ പുരാതനരാജ്യത്തിനു കിടപിടിയ്ക്കുന്ന മററു സാമ്രാജ്യങ്ങൾ ഇല്ല. അവിടത്തെ ശീതോഷ്ണാവസ്ഥ ഏററവും ആനന്ദപ്രദവും ജനങ്ങൾ സുന്ദരശരീരികളും ഉൽകൃഷ്ടമായി പെരുമാറുന്നവരുമാണു്. അവിടത്തെ രാജാവായ എൻെറ പിതാവു് ബാല്യത്തിലേ എന്നെ സകല ശാസ്ത്രങ്ങളും കലകളും അഭ്യസിപ്പിക്കുകയും മഹാപണ്ഡിതന്മാരുടെ പ്രത്യേകമേൽനോട്ടത്തിൽ എന്നെ രാജ്യഭരണസംബന്ധമായ വിഷയങ്ങൾ പരിശീലിപ്പിക്കുകയും ചെയ്തു. ഞാൻ വിദ്വാന്മാരുടെ സംസൎഗ്ഗം വളരെ ഇഷ്ടപ്പെട്ടിരുന്നു. അവരുമായി ഏററവും യോഗ്യമായ രീതിയിൽ സംഭാഷണം ചെയ്യാനുള്ള പരിചയവും ഞാൻ ധാരാളമായി സമ്പാദിച്ചിരുന്നു. വിവിധരാജ്യങ്ങളിലെ ഉൽക്കൃഷ്ടവ്യക്തികളായ രാജകുമാരന്മാരുടേയും വീരന്മാരുടേയും കഥകൾ കേൾക്കാൻ എനിക്കു വളരെ താല്പൎയ്യം ഉണ്ടായിരുന്നു. ഒരു ദിവസം ചരിത്രത്തിൽ വളരെ പാണ്ഡിത്യം നേടിയ ആളും വിപുലമായി ലോകസഞ്ചാരം നടത്തീട്ടുള്ള ആളുമായ ഒരു

പണ്ഡിതനുമായി ഞാൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ സംസാരമദ്ധ്യേ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു: "മനുഷ്യന്റെ ഇഹലോകജീവിതത്തിൽ സ്ഥായിയായി ഒന്നും ശേഷിക്കുന്നില്ലെങ്കിലും, ചില മനുഷ്യരിൽ അത്യുൽകൃഷ്ടമായ ഗുണങ്ങൾ പ്രകാശിക്കുകയും അതുമൂലം അവരുടെ നാമങ്ങൾ ലോകാവസാനംവരെ കീൎത്തിക്കപ്പെടുകയും ചെയ്യുന്നുണ്ട്." അതുകേട്ട് അത്തരം അപൂൎവ്വവ്യക്തികളിൽ ചിലരെപ്പററി എന്നെ പറഞ്ഞുകേൾപ്പിക്കാൻ ഞാൻ അദ്ദേഹത്തോടപേക്ഷിച്ചു. അപ്പോൾ അദ്ദേഹം 'ഹാതിം തായി'യുടെ കഥ പറയാൻതുടങ്ങി. ഹാതിംതായി അറേബ്യാരാജ്യത്തിൽ സകല സൽഗുണങ്ങളുടേയും വിളനിലയമായിരുന്ന ഒരിടപ്രഭുവായിരുന്നു. അദ്ദേഹത്തിന്റെ പേരും പെരുമയും അധികരിച്ചുവന്ന് ഒടുവിൽ അറേബ്യയിൽ അന്നു നാടുവാണിരുന്ന നൌഫൽ എന്ന രാജാവിന്റെ ചെവിയിൽ എത്തി. ആ രാജാവിന്ന് ഹാതിംതായിയോട് അളവില്ലാത്ത അസൂയയാണു തോന്നിയത്. അങ്ങനെ ഹാതിമിനെ പിടിച്ചുകെട്ടിക്കൊണ്ടുവരുന്നതിനും അദ്ദേഹത്തിന്റെ സ്വത്തുക്കൾ കണ്ടുകെട്ടുന്നതിനുംവേണ്ടി രാജാവ് ഒരു സൈന്യത്തെ അയച്ചു. ഹാതിം വളരെ ധൈൎയ്യവാനായിരുന്നുവെങ്കിലും താൻ ഒരു യുദ്ധത്തിനൊരുമ്പെട്ടാൽ അതുനിമിത്തം ഒട്ടധികം രക്തം ചൊരിയേണ്ടതായും നിരവധി മനുഷ്യർ മരണമടയേണ്ടതായും വരുന്നത് അദ്ദേഹത്തിന്ന് അസഹ്യമായിത്തോന്നി. അതിനാൽ രാജാവിന്റെ സൈന്യത്തെ എതിൎക്കാൻ ഉദ്യമിക്കാതെ ഹാതിം തന്റെ വസ്തുവകകളെ എല്ലാം ഉപേക്ഷിച്ചിട്ട് മലയിൽ ഒളിച്ചോടിപ്പോയി ആരുമറിയാതെ ഒരു ഗുഹയിൽ വാസമുറപ്പിച്ചു. ഹാതിമിനെ കൈയ്യിൽകിട്ടാൻ സാധിക്കാഞ്ഞതിൽ നിരാശനായ രാജാവ് ഹാതിമിനെ പിടിച്ചുകൊണ്ടുചെല്ലുന്നവൎക്ക് അഞ്ഞൂറു സ്വൎണ്ണനാണയങ്ങൾ സമ്മാനമായി നല്കുന്നതാണെന്നു വിളംബരം പ്രസിദ്ധപ്പെടുത്തി അതനുസരി

ച്ച് ഹാതിമിനെ കണ്ടുപിടിക്കാൻ പലരും പലവഴിക്കും തിരഞ്ഞുവെങ്കിലും അദ്ദേഹം ആരുടേയും കണ്ണിൽപെടാതെ തൻെറ ഗുഹയിൽ നിർബ്ബാധം കഴിഞ്ഞുകൂടിവന്നു. ഒരു ദിവസം കാട്ടിൽ വിറകുശേഖരിക്കാൻ പോയിരുന്ന ഒരു പാവപ്പെട്ട വിറകുവെട്ടുകാരനും കുടുംബവും ഹാതിം ഒളിച്ചു താമസിച്ചിരുന്ന ഗുഹയുടെ സമീപത്തു ചെന്നുചേൎന്നു. ക്ഷീണം തീൎക്കാൻ അവിടെ അല്പസമയം അവർ വിശ്രമിച്ചു. അപ്പോൾ വിറകുവെട്ടുകാരൻെറ വൃദ്ധയായ ഭാൎയ്യ ഇപ്രകാരം പറഞ്ഞു: "എനിയ്ക്കു ഭാഗ്യകാലമായിരുന്നുവെങ്കിൽ ഹാതിമിനെ ഈ വനാന്തർഭാഗത്ത് എവിടെയെങ്കിലും കാണുമായിരുന്നു. അങ്ങനെ അദ്ദേഹത്തെ കണ്ടുപിടിച്ച് നൌഫൽരാജാവിൻെറ മുമ്പിൽകൊണ്ടു ഹാജരാക്കിയാൽ നമുക്ക് അഞ്ഞൂറുസ്വൎണ്ണനാണയങ്ങൾ ലഭിക്കുകയും അതു കൊണ്ട് നമ്മുടെ ഇപ്പോഴത്തെ കഷ്ടപ്പാടൊന്നും കൂടാതെ നമുക്കു സുഖമായി ജീവിക്കുകയും ചെയ്യാമായിരുന്നു." അതു കേട്ട് അവളുടെ ഭൎത്താവ് അവൾക്ക് ഇങ്ങനെ താക്കീതു നല്കി: "നീ, എന്തോന്നാണു പിറുപിറുക്കുന്നത്; ഇങ്ങനെ ദിവസവും ഈ വനത്തിൽവന്നു വിറകുശേഖരിച്ചു തലയിൽ ചുമന്നു നഗരത്തിൽ കൊണ്ടുപോയി വിററുകിട്ടുന്ന ആദായം കൊണ്ട് ഉപജീവിക്കണമെന്നുള്ളതാണു നമുക്ക് അല്ലാഹു വിധിച്ചിരിക്കുന്നത്. ഈ വനത്തിലെ ക്രൂരസിംഹങ്ങളുടെ വായിൽ അകപ്പെടാതെ നമ്മെ കാത്തുരക്ഷിക്കുന്ന ആ കരുണാനിധിയായ അല്ലാഹുവിൻെറ കാരുണ്യത്തിൽ നിനക്കു നന്ദിയില്ല. മിണ്ടാതിരിക്കൂ; എന്തിനാണ് ശ്രേഷ്ഠനായ ഹാതിം ആ രാജാവിൻെറ കൈയ്യിൽ അകപ്പെടണമെന്നു നീ ആഗ്രഹിക്കുന്നത്? നമുക്ക് അത്രയധികം ധനം എന്തിനാണ്?" ഹാതിം ഈ സംഭാഷണം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ആ വൃദ്ധയുടെയും കുടുംബാംഗങ്ങളുടെയും കഷ്ടാവസ്ഥയുടെ കഥ കേട്ട് അദ്ദേഹത്തിൻെറ ഹൃദയം തപിച്ചു. മനുഷ്യജീവികളിൽ കാരുണ്യം തോന്നി അവരുടെ

കഷ്ടപ്പാട്ട ശമിപ്പിക്കാൻ വേണ്ടതു ചെയ്യാൻ ആഗ്രഹമില്ലാത്തവക്ക യാതൊരു മാനുഷികഗുണവുമില്ലെന്നും അവർ വെറും കശാപ്പുകാരെപ്പോലെ ക്രൂരന്മാരാണെന്നും ഹാതിം ചിന്തിച്ചു. താൻ ഒളിവിൽനിന്നു പ്രത്യക്ഷപ്പെട്ടു് രാജാവിൻെറ മുമ്പിൽ ഹാജരാകുന്നതിനും അങ്ങനെ ആ സാധുക്കളുടെ ജീവിതക്ലേശങ്ങൾക്ക പരിഹാരമുണ്ടാകുന്നതിനും ഹാതിം ആഗ്രഹിച്ചു.

മനുഷ്യരെ, അവർ തമ്മിൽതമ്മിൽ കരുണയോടുകൂടി പ്രവത്തിക്കുന്നതിനുവേണ്ടിയാണു സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. അല്ലാഹുവിനെ വന്ദിക്കുന്ന കാര്യത്തിലും മനുഷ്യർ ഒട്ടും പിന്നോക്കമല്ല. വിറകുവെട്ടുകാരനും ഭാര്യയുംതമ്മിലുണ്ടായ സംഭാഷണം കഴിഞ്ഞു് ഏതാനും നിമിഷങ്ങൾക്കശേഷം ഹാതിം ഗുഹയിൽനിന്നു പുറത്തുവന്നു് അവരുടെ മുമ്പിൽനിന്നുകൊണ്ടു് താനാണു് 'ഹാതിംതായി' എന്നും, തന്നെ അവർ നൌഫൽരാജാവിൻെറ മുമ്പിൽ കൂട്ടിക്കൊണ്ടുപോയി ഹാജരാക്കീട്ടു് അദ്ദേഹത്തിനോടു് അഞ്ഞൂറു സ്വർണ്ണനാണയങ്ങൾ സമ്മാനം നേടികൊണ്ടുപോയി സുഖമായി ജീവിക്കണമെന്നും അറിയിച്ചു. ഹാതിമിൻെറ മഹാമനസ്കതയിൽ അത്ഭുതം തോന്നിയ വിറകുവെട്ടുകാരൻ അതിനു വിസമ്മതിക്കുകയും, അഞ്ഞൂറു സ്വർണ്ണനാണയങ്ങൾക്കുവേണ്ടി അത്യുത്തമനായ ഹാതിമിനെ ഒരുപക്ഷെ രാജാവു വധിക്കുകയാണെങ്കിൽ അതു വളരെ സങ്കടകരമാണെന്നു പറയുകയുംചെയ്തു. അവർ തമ്മിൽ ഇങ്ങനെ സംസാരിച്ചുകൊണ്ടുനിൽക്കവേ ഒരുകൂട്ടം മുറാളന്മാർ അവിടെ കടന്നുവന്നു. അവർ ഹാതിമിനെ കണ്ടുകിട്ടിയതിൽ ആഹ്ളാദിക്കുകയും ഹാതിമിനെ പിടിച്ചുകെട്ടിക്കൊണ്ടു രാജസന്നിധിയിലേക്കു പുറപ്പെടുകയുംചെയ്തു. വൃദ്ധനായ വിറകുവെട്ടുകാരനും പുറകേ തിരിച്ചു. അവർ ഹാതിമിനെ രാജാവിൻെറ മുമ്പിൽ ഹാജരാക്കീട്ടു് അവരിൽ

ഓരോരുത്തരും 'താനാണ് ഹാതിമിനെ പിടിച്ചതെ'ന്നു വീരവാദം മുഴക്കുകയും സമ്മാനം ആവശ്യപ്പെടുകയുംചെയ്തു. ഒടുവിൽ രാജാവു ഹാതിമിനോടുതന്നെ യഥാൎത്ഥസംഭവം എങ്ങനെയെന്നന്വേഷിച്ചു. അവിടെ നിന്ന വൃദ്ധനായ വിറകുവെട്ടുകാരനാണു തന്നെ കണ്ടുപിടിച്ചതെന്നും മററു ള്ളവർ വെറും വീമ്പുവാക്കു പറയുകയാണെന്നും ഹാതിം പറഞ്ഞു. അതുകേട്ടു രാജാവു് ആ വിറകുവെട്ടുകാരനോടു തന്നെ കാൎയ്യങ്ങൾ ചോദിച്ചു. ആ വിറകുവെട്ടുകാരൻ വന ത്തിൽവെച്ചു നടന്ന യഥാൎത്ഥസംഭവമെല്ലാം രാജസന്നിധി യിൽ അറിയിച്ചു. ഹാതിമിൻെറ മഹൽഗുണത്തെ രാജാവു വളരെ ശ്ലാഘിക്കുകയും ഹാതിമിനെ ബഹുമാനിച്ചു തൻെറ സമീപം ഇരുത്തുകയും ചെയ്തു. സാധുവായ വിറകുവെട്ടുകാ രനു ന്യായമായി അൎഹിച്ചതായ അഞ്ഞൂറു സ്വൎണ്ണനാണയ ങ്ങളും കൊടുത്തു് അയാളെ യാത്രയാക്കിയതിനുശേഷം രാജാവു ഹാതിമിൻെറ സമസൃഷ്ടിസ്നേഹത്തിൽ അത്ഭുത പ്പെടുകയും അദ്ദേഹത്തിൻെറ സ്വത്തുക്കളെല്ലാം മടക്കി ക്കൊടുത്തു് അദ്ദേഹത്തെ പഴയ പദവിയിലേയ്ക്കുയൎത്തുകയും ചെയ്തു. അതിനുംപുറമേ രാജാവു് ഹാതിമിനു പുതിയ സ്ഥാനമാനങ്ങളും അധികാരങ്ങളും നൽകുകയുമുണ്ടായി.

വെറും ഒരിടപ്രഭുമാത്രമായിരുന്ന ഹാതിമിനു് ഇത്രയ ധികം പ്രശസ്തി നേടാൻ സാധിക്കുമെങ്കിൽ വിസ്തൃമായ പേൎഷ്യാമഹാരാജ്യത്തിൻെറ അധിപനായി ജനിച്ച എനിക്കു് അതിൽ എത്രയോ ഉപരിയായ കീൎത്തി സമ്പാദി ക്കാൻ കഴിയുമെന്നു ഞാൻ ചിന്തിച്ചു. അതിനുവേണ്ടി പ്രവ ൎത്തിക്കുന്നതു് എൻെറ ജീവിതലക്ഷ്യമായി ഞാൻ അന്നുമു തൽ സ്വീകരിച്ചു. ഗവണ്മെൻറിൻെറ കെട്ടിടനിൎമ്മാണവ കുപ്പിലെ മേലദ്ധ്യക്ഷനെ ഉടനെവരുത്തി നഗരാതിൎത്തി യിൽ അതിവിശാലമായ ഒരു മാളിക പണിയിക്കണമെ ന്നും ആ കെട്ടിടത്തിനു നാല്പതു പ്രവേശനദ്വാരങ്ങളുണ്ടാ

യിരിക്കണമെന്നും ഞാൻ കല്പനകൊടുത്തു. എത്രയും വേഗ ത്തിൽ എൻെറ ആഗ്രഹപ്രകാരം കെട്ടിടം പണിതീൎന്നു. ഞാൻ എല്ലാദിവസവും ആ കെട്ടിടത്തിൽ പോയി വളരെ യധികം സ്വൎണ്ണനാണയങ്ങൾ സാധുക്കൾക്ക് അവരുടെ ആവശ്യാനുസരണം വിതരണംചെയ്തുവന്നു. നാല്പതുവാതി ലുകൾവഴി ഒരേസമയം സാധുക്കൾക്ക് അകത്തു കടക്കാമാ യിരുന്നു. അങ്ങനെ എൻെറ ദാനതല്പരത നിർബ്ബാധം തുടൎന്നുവരവേ ഒരുദിവസം ഒരസാധാരണഫക്കീർ മററു സാധുക്കളുടെ കൂട്ടത്തിൽ അവിടെ വന്നു. അദ്ദേഹം ആദ്യം ഒന്നാമത്തെ വാതിൽവഴി അകത്തുകടന്നു് തനിക്കു് ഒരു സ്വൎണ്ണനാണയം വേണമെന്നാവശ്യപ്പെട്ടു. അതു നൽക പ്പെട്ടു. അതിനുശേഷം അദ്ദേഹം രണ്ടാമത്തെ വാതിൽവഴി അകത്തുവന്നു രണ്ടു സ്വൎണ്ണനാണയങ്ങൾ ആവശ്യപ്പെട്ടു. അപ്പോൾതന്നെ അദ്ദേഹം ആദ്യംവന്നു ദാനംവാങ്ങിപ്പോയ ആളാണെന്നെനിക്കു മനസ്സിലായി. എങ്കിലും ഞാൻ രണ്ടാ മതും അദ്ദേഹം ആവശ്യപ്പെട്ട പണം കൊടുത്തു. അന ന്തരം അദ്ദേഹം മൂന്നാമത്തെ വാതിൽവഴി വീണ്ടും അകത്തു വന്നു് മൂന്നു നാണയങ്ങൾ ചോദിച്ചു. ഇതിൻെറ അൎത്ഥ യെന്താണെന്നറിയണമെന്നുള്ള ഉദ്ദേശത്തിൽ ഞാൻ അദ്ദേ ഹത്തിനു വീണ്ടും ആവശ്യപ്പെട്ട പണം കൊടുത്തു. ഇങ്ങ നെ ഓരോ വാതിലും കടന്നു് അദ്ദേഹം കൂടുതൽകൂടുതൽ സംഖ്യ ദാനമായി നേടി. ഒടുവിൽ നാല്പതാമത്തെ വാതിൽ കടന്നുവന്നു നാല്പതുനാണയങ്ങൾ വാങ്ങി പുറത്തുപോയി. വീണ്ടും അദ്ദേഹം ഒന്നാമത്തെ വാതിലിൽ ആരംഭിച്ചു് തൻെറ മുൻപ്രവൃത്തിയെ ആവൎത്തിച്ചു. ഇത്രയും ആയ പ്പോൾ എൻെറ ക്ഷമ തീൎന്നു. ഞാൻ അദ്ദേഹത്തെ നോക്കി "നിങ്ങൾ എത്ര അത്യാഗ്രഹിയാണു്. ഒരു ഫക്കീറിനു് ഇതു നീതിയല്ല. ഓരോ ദിവസത്തെ ആവശ്യങ്ങൾക്കുള്ളതു നേടി ക്കഴിഞ്ഞാൽ അടുത്തദിവസം വരുമ്പോൾമാത്രം അന്ന ത്തെ ജീവിതോപായം ആരായേണ്ടതാണു് ഒരു ഫക്കീറിനു്

ഉചിതം. നിങ്ങൾക്കെന്തിനാണു് ഇത്രയധികം സ്വർണ്ണനാണയങ്ങൾ? നിങ്ങൾക്ക് ഇന്നു് ഇവിടെനിന്നു കിട്ടിയ നാണയങ്ങളുടെ ആകെത്തുക കൂട്ടിനോക്കുക. ഫക്കീറിനു സമ്പാദിക്കാനുള്ള ആശ യുക്തമല്ല. 'ഫക്കീർ' എന്ന വാക്കിൻെറ മൂന്നക്ഷരങ്ങളുടെ * അർത്ഥംപോലും മനസ്സിലാക്കാത്ത നിങ്ങൾ എന്തുമാതിരി ഫക്കീറാണു്?" എൻെറ പരുഷസ്വരത്തിലുള്ള വാക്കുകൾ കേട്ടിട്ട് ആ ഫക്കീർ ഒട്ടും ക്ഷോഭിക്കാതെ ശാന്തസ്വരത്തിൽ എന്നോടിങ്ങനെ പറഞ്ഞു: "അല്ലയോ ഔദാര്യവാനായ മഹാത്മാവേ! അങ്ങുതന്നെ ആ മൂന്നക്ഷരങ്ങളുടെ അർത്ഥം പറഞ്ഞുതന്നാലും." അപ്പോൾ ഞാൻ ഇപ്രകാരം വ്യാഖ്യാനം തുടങ്ങി: 'ഫാ' എന്നതു് 'ഫഖാ' (വ്രതം) എന്നും 'ഖാഫ്' എന്നതു് 'ഖൈന്തുത്' (ക്ഷമ) എന്നും 'റ' എന്നതു് 'റീസതു്' (ധ്യാനം) എന്നുമുള്ള വാക്കുകളെ ആണു് സൂചിപ്പിക്കുന്നതു്." എൻെറ വാക്കുകൾ കേട്ട് ആ ഫക്കീർ കോപാകുലനാകുകയും, അദ്ദേഹം സ്വീകരിച്ച പണമെല്ലാം നിലത്തെറിഞ്ഞുകൊണ്ടു് "മതി, നിറുത്തണം, ഇത്രയ്ക്കു ക്ഷോഭംകൊള്ളണ്ടാ, നിങ്ങളുടെ പണമെല്ലാം തിരിച്ചെടുത്തുകൊള്ളണം. ഔദാര്യം എന്നുള്ള വാക്കിനെ നിങ്ങൾ മേലാൽ ഉച്ചരിക്കാൻ യോഗ്യനല്ല. ഔദാര്യം പാലിക്കാൻ വളരെ പ്രയാസമുണ്ടു്. അതിൻെറ ഭാരം താങ്ങാനുള്ള കഴിവു നിങ്ങൾക്കില്ല. സഖ്ഈ' +

---

* 'ഫക്കീർ' എന്നുള്ളതു് അറബിയിലും പേർഷ്യൻഭാഷയിലുമുള്ള വാക്കാണു്. ആ ഭാഷകളിലെ മൂന്നക്ഷരങ്ങൾകൊണ്ടു് ആ വാക്കുണ്ടായിരിക്കുന്നു. ആ മൂന്നക്ഷരങ്ങൾക്കും ആ ഭാഷകളിൽ 'ഫേ' 'ഖാഫ്' 'റേ' എന്നാണുപേർ.

\+ ഔദാര്യം എന്നർത്ഥമുള്ള 'സഖ്ഈ' എന്ന വാക്കു് അറബിഭാഷയിലുള്ളതാണു്. അതിലെ മൂന്നക്ഷരങ്ങൾക്കു് അറബിയിൽ 'സീൻ' 'ഖാ' 'യാ' എന്നാണു പേർ. അവ അറബിഭാഷയിലുള്ള മൂന്നു വാക്കുകളെ സൂചിപ്പിക്കുന്നവയാണു്. ആ മൂന്നുവാക്കുകളെയാണു് ഇവിടെ വ്യാഖ്യാനിച്ചിരിക്കുന്നതു്.

(ഔദാൎയ്യം) എന്നുള്ള വാക്കിലും മൂന്നക്ഷരങ്ങളാണടങ്ങിയിരിക്കുന്നതു്. ആദ്യമായി ആ മൂന്നക്ഷരങ്ങളിലും അടങ്ങിയിരിക്കുന്ന അൎത്ഥം മനസ്സിലാക്കി പ്രവൎത്തിക്കുക. അതിനുശേഷം നിങ്ങൾക്കു് 'ഔദാൎയ്യവാൻ' എന്നുള്ള പേരു സമ്പാദിക്കാം.'' ഈ വാക്കുകൾ കേട്ട ഞാൻ അത്യന്തം അസ്വാസ്ഥനായിച്ചമയുകയും അദ്ദേഹത്തോടുതന്നെ ആ മൂന്നക്ഷരങ്ങളുടെ അൎത്ഥം വിവരിച്ചുകേൾപ്പിക്കുവാൻ അപേക്ഷിക്കുകയും ചെയ്തു. 'സഖ്ഈ' എന്നുള്ള വാക്കിന്റെ ആദ്യക്ഷരമായ 'സീൻ' 'സമീ' (അധികാരം) എന്ന വാക്കിനേയും, രണ്ടാമത്തെ അക്ഷരമായ 'ഖാ' 'ഖൌഫ്'' (ദൈവഭയം) എന്ന വാക്കിനേയും മൂന്നാമത്തെ അക്ഷരമായ 'യാ' 'യീദ്'' (ഒരാളിന്റെ സ്വഭാവത്തെ സ്വയം അനുസ്മരിക്കുക) എന്ന വാക്കിനേയും സൂചിപ്പിക്കുന്നുവെന്നും. ഈ മൂന്നക്ഷരങ്ങളും എന്തു ഗുണങ്ങളെയാണു ദ്യോതിപ്പിക്കുന്നതെന്നു മനസ്സിലാക്കി അതനുസരിച്ചു പ്രവൎത്തിക്കാൻ കഴിവില്ലാത്ത ഒരാൾ 'ഔദാൎയ്യവാൻ' എന്ന പേരിനൎഹനല്ലെന്നും, ഉദാരമതിയായ ഒരാൾ മററുകാൎയ്യങ്ങളിൽ എന്തു തെററു പ്രവൎത്തിച്ചാലും അയാളുടെ ഔദാൎയ്യംമൂലം അയാൾ തന്റെ സ്രഷ്ടാവിനു പ്രിയപ്പെട്ടവനായിരിക്കുമെന്നുള്ള സന്തോഷം ഒരു ഔദാൎയ്യവാന്റെ അനുഗ്രഹമാണെന്നും, തന്റെ വിപുലമായ സഞ്ചാരത്തിനിടയ്ക്കു് ബസറായിലെ രാജകുമാരിയെ അല്ലാതെ യഥാൎത്ഥമായ ഔദാൎയ്യം പുലൎത്തുന്ന മറെറാരു വ്യക്തിയേയും താൻ കണ്ടിട്ടില്ലെന്നും, ആ മഹതിയിൽ സൎവ്വശക്തൻ ഔദാൎയ്യത്തിന്റെ അടയാളമായ അങ്കവസ്ത്രം അൎപ്പിച്ചിരിക്കുന്നുവെന്നും, മററുള്ളവർ ഔദാൎയ്യവാനെന്നുള്ള പേരിനെ ആഗ്രഹിക്കുന്നതല്ലാതെ ആ പേരിനു് അനുസരണമായി പ്രവൎത്തിക്കുന്നില്ലെന്നും ഫഖീർ ഒരേശ്വാസത്തിൽ സംസാരിച്ചുതീൎത്തു. അദ്ദേഹത്തിന്റെ വാക്കുകൾ എനിക്കു് അത്യന്തം ഹൃദയവേദനാജനകമായി തോന്നി. എന്റെ പരുഷമായ പെരുമാററത്തിനു്

എനിക്കു മാപ്പുനൽകണമെന്നും അദ്ദേഹത്തിനാവശ്യമുള്ളിട ത്തോളം സ്വൎണ്ണനാണയങ്ങൾ യഥേഷ്ടം സ്വീകരിച്ചു തൃപ്ത നായി മടങ്ങാൻ ദയവുണ്ടാകണമെന്നും ഞാൻ കേണപേ ക്ഷിച്ചു. അദ്ദേഹമാകട്ടെ, എൻെറ യാതൊരു സംഭാവന കളും ആവശ്യമില്ലെന്നും, എൻെറ സാമ്രാജ്യം മുഴുവൻ ദാനം കൊടുത്താലും അദ്ദേഹം അതു സ്വീകരിക്കാനിഷ്ട പ്പെടുന്നില്ലെന്നും പറഞ്ഞിട്ടു പെട്ടെന്നു സ്ഥലംവിട്ടു.

ആ അത്ഭുതമനുഷ്യൻ പോയിമറഞ്ഞതുമുതൽ ബസ റായിലെ ഔദാൎയ്യനിധിയായ രാജകുമാരിയെപ്പററിയുള്ള ചിന്ത എന്നെ വിട്ടുമാറാതെയിരുന്നു. ആ രാജകുമാരിയെ ഒരുനോക്കു കാണാനുള്ള ആഗ്രഹം എന്നിൽ ദിനംപ്രതി വൎദ്ധിച്ചുവന്നു. അങ്ങനെ കാലം മുന്നോട്ടുപോകവേ എൻെറ വന്ദ്യനായ പിതാവു ചരമമടയുകയും മുറപ്രകാരം രാജാധി കാരം എന്നിൽ വന്നുചേരുകയുംചെയ്തു. രാജാവായി വാഴി ക്കപ്പെട്ടതിനുശേഷവും ബസറായിലെ രാജകുമാരിയെക്കാ ണാനുള്ള അടക്കാൻവഹിയാത്ത ആഗ്രഹം എന്നെ അല ട്ടിക്കൊണ്ടിരുന്നു. ഒരുദിവസം ഞാൻ എൻെറ മന്ത്രിയെ വരുത്തി വിവരങ്ങൾ അദ്ദേഹത്തെ അറിയിക്കുകയും ഞാൻ തിരിച്ചുവരുന്നതുവരെ രാജപ്രതിപുരുഷനായി ഭരണം നട ത്താൻ അദ്ദേഹത്തെ അധികാരപ്പെടുത്തുകയുംചെയ്തു. അന ന്തരം യാതൊരു രാജകീയാഡംബരങ്ങളുംകൂടാതെ ഫക്കീർ വേഷം ധരിച്ചു ഞാൻ ഏകാകിയായി കൊട്ടാരംവിട്ടി റങ്ങി ബസറായിലേക്കു യാത്രയാരംഭിച്ചു. അനേകദിവ സത്തെ പ്രയാസമേറിയ പ്രയാണത്തിനുശേഷം ഞാൻ ബസറാരാജ്യത്തിൻെറ അതിൎത്തിയിൽ എത്തി. ഉടൻതന്നെ ആ രാജ്യത്തിലെ മഹാറാണിയുടെ ഉദ്യോഗസ്ഥന്മാർ വന്ന് എന്നെ ഏററവും ഭക്തിപൂൎവ്വം സ്വീകരിച്ച് മനോഹര മായ ഒരു കൊട്ടാരത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ എൻെറ പാദങ്ങൾ ചൂടുവെള്ളംകൊണ്ടു കഴുകിയതിനു

ശേഷം എന്നെ രത്നഖചിതമായ ഒരു മഞ്ചത്തിൽ ഇരുത്തി എനിക്കു് ഏററവും ഉന്നതരീതിയിലുള്ള ഭക്ഷ്യപേയങ്ങൾ നല്കി സല്ക്കരിച്ചു. എൻെറ ഏതാവശ്യവും ഉടനടി നിറവേററാൻ എൻെറ ആജ്ഞയും കാത്തു് അനേകം വാല്യക്കാർ തയ്യാറായി നിന്നിരുന്നു. രാത്രി എനിക്കു വീണ്ടും ഭക്ഷണം നല്കിയതിനുശേഷം എന്നെ സുഗന്ധദ്രവ്യങ്ങളുടെ ധൂമം കലന്ന കുളിർകാററുവീശുന്ന ഒരു മുറിയിൽ വിലയേറിയ വിരിപ്പുകളും തലയണകളും സജ്ജമാക്കിയിരുന്ന ഒരു കട്ടിലിൽ ഉറങ്ങാൻ കിടത്തി. അവരുടെ അതിഥിസല്ക്കാരത്തിലുള്ള ശ്രദ്ധകണ്ടു് ഞാൻ അത്ഭുതപ്പെട്ടുപോയി. അങ്ങനെ മൂന്നുദിവസം ഞാൻ ആ കൊട്ടാരത്തിൽ കഴിച്ചുകൂട്ടി. നാലാം ദിവസം ആ മന്ദിരത്തിലെ മുഖ്യഉദ്യോഗസ്ഥനോടു്, എനിക്കു പോകണമെന്നും മൂന്നുദിവസത്തിലധികം അതിഥിയായിരിക്കുന്നതു് ആചാരമര്യാദയ്ക്കു യോജിച്ചതല്ലെന്നും പറഞ്ഞു. എന്നെ അത്രവേഗം പോകാൻ അനുവദിക്കുന്നതിൽ അദ്ദേഹത്തിനു് ഒട്ടും തൃപ്തിയില്ലായിരുന്നു. ഒടുവിൽ എൻെറ നിർബ്ബന്ധപൂർവ്വമായ അപേക്ഷയുടെ ഫലമായി അദ്ദേഹം എനിക്കു യാത്രാനുമതി തരാമെന്നു സമ്മതിച്ചു. എന്നാൽ അവിടത്തെ പതിവനുസരിച്ചു് ഞാൻ ഉപയോഗിച്ച സാധനങ്ങളെല്ലാം എൻെറ വകയായി നല്കിയിരിക്കുകയാണെന്നും അതിനുപുറമേ മഹാറാണി അനേകം വിലപിടിച്ച സമ്മാനങ്ങൾ എനിക്കു സംഭാവനയായി അയച്ചുതന്നിട്ടുണ്ടെന്നും അദ്ദേഹം എന്നെ അറിയിച്ചു. വെറും ഒരു ത്യാഗിയായ എനിക്കു് ഈവക സ്വത്തുക്കളൊന്നും ആവശ്യമില്ലെന്നും അതിനാൽ അവയൊന്നും സ്വീകരിക്കാൻ എനിക്കു നിവൃത്തിയില്ലെന്നും ഞാൻ ആ ഉദ്യോഗസ്ഥനെ അറിയിച്ചു അപ്പോൾ അദ്ദേഹം വളരെ അസ്വസ്ഥനാകുകയും, അങ്ങനെ അവയെല്ലാം ഞാൻ നിരസിക്കുന്നപക്ഷം അദ്ദേഹം മഹാറാണിയുടെ അപ്രീതിക്കു പാത്രമാകുമെന്നുള്ളതിനു പുറമേ ഉദ്യോഗത്തിൽനിന്നു നീക്ക

പ്പെടാൻപോലും ഇടയാകുമെന്നു് എന്നെ അറിയിക്കയും ചെയ്തു. ഒടുവിൽ അദ്ദേഹത്തിൻെറ നിർബ്ബന്ധപൂർവ്വമായ അപേക്ഷപ്രകാരം ആ സാധനങ്ങളെല്ലാം ഒരു മുറിയിൽ സൂക്ഷിക്കണമെന്നും അവ എൻെറ സ്വന്തംവകയാണെന്നുള്ള അർത്ഥം വരത്തക്കവിധം ആ മുറിപൂട്ടി എൻെറ മുദ്രവച്ചിട്ടു് താക്കോൽ ഞാൻതന്നെ സൂക്ഷിക്കണമെന്നും, പിന്നീടു് എൻെറ ഹിതാനുസരണം ആ സാധനങ്ങളെ എന്തുവേണമെങ്കിലും ചെയ്യാമെന്നുമുള്ള അഭിപ്രായം ഞാൻ സമ്മതിച്ചു. അങ്ങനെ ഒരുവിധത്തിൽ അവിടെനിന്നു പുറപ്പെടാൻ തുടങ്ങിയപ്പോൾ കൊട്ടാരത്തിലെ മറെറാരുദ്യോഗസ്ഥൻ അവിടെവന്നു് അദ്ദേഹത്തിൻെറ ഭവനത്തിൽ ചെന്നു് അദ്ദേഹത്തിൻെറ ആതിഥ്യം സ്വീകരിക്കാൻ ദയവുണ്ടാകണമെന്നു് എന്നോടു് ഏററവും വിനയപൂർവ്വം അപേക്ഷിച്ചു. ആ വിനയമധുരമായ അപേക്ഷയേയും എനിക്കു സ്വീകരിക്കേണ്ടതായിവന്നു. അങ്ങനെ അദ്ദേഹത്തിൻെറ ഭവനത്തിലെ സല്ക്കാരങ്ങളും കഴിഞ്ഞു വീണ്ടും ഞാൻ യാത്രയ്ക്കൊരുങ്ങി. ആ മന്ദിരത്തിലും അനേകം വിലപിടിപ്പുള്ള സാധനങ്ങൾ എനിക്കു സംഭാവനയായി നല്കപ്പെട്ടു. അവയൊന്നും സ്വീകരിക്കാതെ എങ്ങനെയെങ്കിലും അവിടെനിന്നു രക്ഷപ്പെടാൻ ഞാൻ ഉപായം ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ രാജകുമാരിയുടെ ഒരു ഭൃത്യൻ എൻെറ മുമ്പിൽ വന്നു് ഞാൻ ആവശ്യപ്പെടുന്നതെല്ലാം യാതൊരു ലോഭവുംകൂടാതെ തരാൻ രാജകുമാരി തയ്യാറാണെന്നും എൻെറ ആഗ്രഹം എന്താണെന്നു രാജകുമാരിയെ ആ ഭൃത്യൻമുഖാന്തിരം അറിയിക്കണമെന്നും പറഞ്ഞു. ലൌകികമായ ആശകളെല്ലാം ത്യജിച്ചു് വെറും ഭിക്ഷുവായി ലോകസഞ്ചാരംചെയ്യുന്ന എനിക്കു ധനത്തിൽ ആശയില്ലെന്നും അതിനാൽ എന്നെ യാതൊരു പാരിതോഷികങ്ങളും സ്വീകരിക്കാതെ അവിടെനിന്നു പോകാൻ അനുവദിച്ചാൽ മതിയെന്നും പറഞ്ഞതിനുശേഷം, എൻെറ ഒരു

സന്ദേശക്കുറിപ്പ് രാജകുമാരിയുടെ പക്കൽ എത്തിക്കാൻ സാധിക്കുമെങ്കിൽ ആ ഉപകാരത്തെ ഈ വിലയേറിയ സമ്മാനങ്ങൾ സ്വീകരിക്കുന്നതിലും ഉപരിയായിക്കരുതു മെന്നു ഞാൻ അറിയിച്ചു. അങ്ങനെ ചെയ്യാമെന്നും അതിൽ യാതൊരു ബുദ്ധിമുട്ടും ഇല്ലെന്നും ആ ഭൃത്യൻ എന്നെ അറിയിച്ചു. അതനുസരിച്ച് ഞാൻ രാജകുമാരിക്ക് ഒരു സന്ദേശം കുറിച്ചു. ആദ്യമായി അല്ലാഹുവിനു സ്തോത്രങ്ങൾ എഴുതുകയും, അതിനുശേഷം എൻെറ കഥയെ വിവരിക്കുകയും, ഞാൻ അവിടെ വന്നതിനുശേഷം രാജകുമാരിയുടെ ഭരണാധികാരികൾ എൻെറ സേവയിലും ശുശ്രൂഷയിലും അത്യധികം ശ്രദ്ധപതിപ്പിച്ച് എന്നെ സംതൃപ്തനാക്കിയെന്നും മററും അവിടെ നടന്ന കാര്യങ്ങളെ സംബന്ധിച്ചറിയിക്കുകയും ചെയ്തു. ഞാൻ പേർഷ്യാരാജ്യത്തിലെ രാജാവാണെന്നും, രാജകുമാരിയുടെ ഔദാര്യത്തെക്കുറിച്ച് അത്ഭുതാവഹമായ കഥകൾകേട്ട് ആ സ്ത്രീരത്നത്തെ ഒരുനോക്കു കാണണമെന്നുള്ള ആഗ്രഹത്താൽ ഇങ്ങനെ ഭിക്ഷുവേഷത്തിൽ ഏകാകിയായി അവിടെ ചെന്നതാണെന്നും, എൻെറ ഹൃദയാഭിലാഷത്തെ രാജകുമാരി മഹാമനസ്കതയോടെ നിറവേററാനപേക്ഷിക്കുന്നുവെന്നും, സന്ദർശനത്തിനു ശേഷമുള്ള മററ് ആനുകൂല്യങ്ങൾ രാജകുമാരിയുടെ സന്മനസ്സിനെ ആശ്രയിച്ചിരിക്കുന്നുവെന്നും ഞാൻ അറിയിച്ചു. രാജകുമാരിയുടെ ഭൃത്യന്മാർ എൻെറ ഏതഭിലാഷവും രാജകുമാരിയെ അറിയിക്കാൻ അനുവാദമുണ്ടെന്നറിയിച്ചതനുസരിച്ച് എൻെറ ഈ ആഗ്രഹം ഞാനറിയിക്കുന്നതാണെന്നും എനിക്ക് യാതൊരു സ്വാർത്ഥം മൂതലും ആവശ്യമില്ലെന്നും അതിൽ പ്രസ്താവിച്ചിരുന്നു. അവസാനമായി, എൻെറ ഹൃദയാഭിലാഷത്തെ രാജകുമാരി സാധിച്ചുതന്ന് എന്നെ ധന്യനാക്കിയില്ലെങ്കിൽ ഞാൻ ഇതുവരെ തുടർന്നു വന്ന രീതിയിൽ ഭിക്ഷുവായി ദേശാന്തരം ചുററിത്തിരിഞ്ഞു്, അവളോടുള്ള പ്രേമംനിറഞ്ഞ എൻെറ ഹൃദ

യതെതാ ഞാൻ ആ പാവനവികാരത്തിനായിട്ടു ബലിയപ്പി ക്കുമെന്നും, 'മെജ്നൂനി'*നേയും 'ഫർഹാദി'+നേയുംപോലെ എന്റെ പ്രേമചിന്തകളേയും ജീവിതത്തേയും ഞാൻ വനാന്തരങ്ങളിലും പവ്വതശിഖരങ്ങളിലും അവസാനിപ്പിക്കുമെന്നും എഴുതിയിരുന്നു. എഴുത്തു മടക്കി ആ ഭൃത്യനെ ഏല്പിച്ചിട്ടു് ഞാൻ അതിന്റെ മറുപടി അറിയാൻ അക്ഷമനായി കാത്തിരുന്നു. അല്പസമയം കഴിഞ്ഞു് ആ ഭൃത്യൻ മടങ്ങിവന്നു് അടുത്തദിവസം സന്ദർശനത്തിനായി കൊട്ടാരത്തിലേക്കു പോകാൻ അനുവാദം നൽകികൊണ്ടുള്ള കല്പന എന്നെ അറിയിച്ചു. അതനുസരിച്ചു് ഞാൻ പിറേറ ദിവസം സായംകാലം കൊട്ടാരത്തിലേക്കു പുറപ്പെട്ടു. അവിടെ കമനീയമായ ഒരു മുറിയുടെ വാതിലിൽ രത്നഖചിതമായ ഒരാസനം തയ്യാറാക്കിയിരുന്നതിൽ ഞാൻ ഉപവിഷ്ടനായി. ആ മുറിയ്ക്കകത്തു് പർദ്ദായുടെ മറവിൽ നിന്നുകൊണ്ടു് ഒരു വന്ദ്യയായ വൃദ്ധ എന്നോടു സംഭാഷണം ആരംഭിച്ചു. ഞാൻ എന്റെ ഹൃദയാഭിലാഷം ആ മഹതിയെ വിവരിച്ചുകേൾപ്പിച്ചു. എല്ലാം കേട്ടതിനു ശേഷം രാജകുമാരിക്കു വിവാഹബന്ധത്തിൽ ഏപ്പെടാൻ വിമുഖതയില്ലെന്നും എന്നാൽ അതിനു കുമാരി ചില വ്യവ

---

* 'മെജ്നൂൻ' പേർഷ്യൻ പ്രേമകാവ്യങ്ങളിൽ ഏററവും പ്രസിദ്ധമായ ഒന്നിന്റെ കഥാനായകനാണു്. വെറും ദരിദ്രനായ അയാൾ 'ലെയ്ലാ' എന്ന രാജകുമാരിയിൽ പ്രേമവാനാകുകയും 'ലെയ്ലാ' അയാളോടു് കഠിനഹൃദയയായി പെരുമാറി അയാളുടെ പ്രേമാത്ഥനയെ നിരസിക്കുകയാൽ ഒരിക്കലും നശിക്കാത്ത സ്ഥിരപ്രേമവാനായ 'മെജ്നൂൻ' ഭ്രാന്തനായി ജീവിതകാലം മുഴുവൻ പ്രേമഗാനം പൊഴിച്ചും കണ്ണീർവാത്തും അലഞ്ഞുനടക്കുകയും ചെയ്തു.

\+ 'ഫർഹാദ്'' അത്യുൽകൃഷ്ടമായ മറെറാരു പേഷ്യൻ പ്രേമകാവ്യത്തിലെ നായകനാണു്. 'ഫർഹാദ്'' തന്റെ പ്രേമഭാജനമായ 'ഷീരി'നുവേണ്ടി ജീവിതകാലം മുഴുവൻ ദൃഢവ്രതത്തിൽ നിരാശനായിക്കഴിഞ്ഞു.

സ്ഥകാം നിശ്ചയിച്ചിട്ടുണ്ടെന്നും അവയെപ്പററി അറിയുന്നതിനായി അടുത്തദിവസം രാജസദസ്സിൽ ഹാജരാകണമെന്നും പറഞ്ഞിട്ട് എന്നെ യാത്രയാക്കി. അതനുസരിച്ച പിറേറദിവസം ഞാൻ ആ കൊട്ടാരത്തിലെ വിചിത്രമായ കാര്യാലോചനാമന്ദിരത്തിൽ പ്രവേശിച്ച് എനിക്കായിട്ട തയ്യാറാക്കിയിരുന്ന ആസനത്തിൽ ഇരുന്നു. ആ മന്ദിരം രാജകീയമായ സകല ആഡംബരങ്ങളാലും മിന്നിത്തിളങ്ങുന്ന ഒന്നായിരുന്നു. ആ രാജ്യത്തിലെ പ്രഭുക്കന്മാരും പ്രധാന ഉദ്യോഗസ്ഥന്മാരുമെല്ലാം അവിടെ സന്നിഹിതരായി അവരവരുടെ സ്ഥാനങ്ങളിൽ ഉപവിഷ്ടരായിരുന്നു. രാജകീയവിരുന്നിനുശേഷം എല്ലാവരും അവരവരുടെ സ്ഥാനങ്ങളിൽ ഇരുന്നു. സദസ്സ് അങ്ങനെ സമ്പൂർണ്ണമായപ്പോൾ യൗവ്വനയുക്തയായ ഒരു സുന്ദരി അവിടെ പ്രത്യക്ഷപ്പെട്ടു. ആ സ്ത്രീ രാജകുമാരിയുടെ ആത്മസഖി ആയിരുന്നു. ആ യുവതി 'ഭൈറോസ് എവിടെ?' എന്നു ചോദിക്കുകയും ഉത്തരക്ഷണത്തിൽ ഒരു ഭൃത്യൻ 'ഭൈറോസ്' എന്ന പ്രഭുവിനെ അവിടെ ഹാജരാക്കുകയും ചെയ്തു. ആ പ്രഭു വളരെ സുമുഖനും ആചാരമര്യാദകളുടെ ഒരു തികവും ആയിരുന്നു. അദ്ദേഹത്തിന്റെ അരയിൽ സ്വർണ്ണംകൊണ്ടും വെള്ളികൊണ്ടുമുള്ള അനേകം താക്കോലുകൾ തൂങ്ങിക്കിടന്നു. സദസ്സിൽ ആഗതനായ ഭൈറോസിനെ നോക്കിക്കൊണ്ട് ആ യുവതി "ഭൈറോസ്, നിങ്ങൾ കണ്ടിട്ടുള്ളതിനെപ്പററിയെല്ലാം ഈ ഫക്കീറിനോട്ട പറഞ്ഞുമനസ്സിലാക്കണം" എന്നു പറഞ്ഞു. ഭൈറോസ് എന്നെ മുറപ്രകാരം അഭിവാദനംചെയ്തുകൊണ്ട് ഇങ്ങനെ തുടന്നു:—"സ്നേഹിതാ, കേട്ടാലും. ഞങ്ങളുടെ രാജകുമാരിതിരുമനസ്സിലേക്ക് ആയിരക്കണക്കിനുള്ള ദാസന്മാർ വാണിജ്യകാര്യങ്ങളിൽ വ്യാപൃതരായി ഉണ്ട്. അവരിൽ എളിയ ഒരുവനാണ് ഞാൻ. ഞങ്ങൾ ഓരോരുത്തരും കച്ചവടസംബന്ധമായി ഓരോ വിദേശരാജ്യങ്ങളിൽ പോകുക പതിവാണ്. അങ്ങനെ

എനിക്കു് പോകേണ്ടിയിരുന്നതു് വളരെ ദൂരത്തിൽ സ്ഥിതിചെയ്യുന്ന "നീംറോസ്"* നഗരത്തിലായിരുന്നു. ഞങ്ങൾ ഓരോരുത്തരും വ്യാപാരത്തിനു പോകുന്ന രാജ്യങ്ങളിൽ നടക്കുന്ന വിശേഷങ്ങളെപ്പററിയെല്ലാം ഞങ്ങളുടെ രാജകുമാരി ഞങ്ങളോടു കല്പിച്ചുചോദിക്കുക പതിവാണു്. ഞങ്ങൾ കാണുന്നതും കേൾക്കുന്നതുമായ വിശേഷസംഭവങ്ങളെപ്പററി ഞങ്ങൾ രാജകുമാരിയെ പറഞ്ഞുകേൾപ്പിക്കും. എനിക്കു് മുൻപറഞ്ഞ നീംറോസ് നഗരത്തിൽ ഒരത്ഭുതമായ അനുഭവം ഉണ്ടായി. അവിടെയുള്ള ആളുകൾ എപ്പോഴും ദുഃഖസൂചകമായ കറുത്തവസ്ത്രങ്ങളാണു് ധരിക്കുന്നതു്. എല്ലാ മാസത്തിലും കറുത്തവാവുദിവസം പ്രഭാതത്തിൽ ജനങ്ങൾ ആബാലവൃദ്ധം നഗരാതിർത്തിയിലുള്ള ഒരു മൈതാനത്തിൽ കൂട്ടംകൂടുക പതിവാണു്. അക്കൂട്ടത്തിൽ അവിടത്തെ രാജാവും ഉദ്യോഗസ്ഥപ്രമുഖന്മാരും പൗരമുഖ്യന്മാരും സംബന്ധിക്കാറുണ്ടു്. അവരെല്ലാവരും ദുഃഖംപൂണ്ടു മൗനമായി നില്ക്കും. ഉദ്ദേശം പത്തുമണിയാകുമ്പോൾ ആ മൈതാനത്തിനു തൊട്ടടുത്തുള്ള കാട്ടിൽനിന്നു ഭയങ്കരമായ അലർച്ചയോടുകൂടി ഒരു കൈയ്യിൽ ഊരിയ വാളുമായി ഒരു യുവാവു് ഒരു കൂററൻകാളയുടെ പുറത്തു കയറി ഓടിച്ചുകൊണ്ടു് ആ മൈതാനമദ്ധ്യത്തു വന്നുനില്ക്കും. അവിടെ അയാൾ കാളപ്പുറത്തുനിന്നിറങ്ങി തറയിൽ ഒരു വിരിപ്പുവിരിച്ചു് അതിൻെറ പുറത്തിരിക്കും. അപ്പോൾ അയാളുടെ ഒരു ദാസൻ കൈയ്യിൽ തുറന്നുവച്ചിരിക്കുന്ന ഒരു സാധനം അവിടെ കൂടിയിരിക്കുന്ന ഓരോരുത്തരേയും കാണിക്കും. അതിനകത്തു നോക്കുമ്പോൾ അവർക്കെല്ലാവർക്കും വളരെ സങ്കടഭാവം കാണാം. അവർ വാവിട്ടു പൊട്ടിക്കരയും. എല്ലാവരേയും ആ സാധനം കാണിച്ചിട്ടു ദാസൻ മടങ്ങി യുവാവിൻെറ സമീപത്തു വരുമ്പോൾ യുവാവു് കോപാകു

* നീംറോസ് പേർഷ്യാരാജ്യത്തിലെ സെഗിസ്ററാൻ, നിക്ററാൻ എന്നീ പ്രവിശ്യകളിലെ പ്രധാന പട്ടണമായിരുന്നു.

ലനായി അട്ടഹസിച്ചുകൊണ്ടു് വാളുകൊണ്ടു് തന്റെ ഭൃത്യനെ വെട്ടി തല വേറെയാക്കിയിട്ടു. അനന്തരം യുവാവു് തന്റെ കാളയുടെ പുറത്തുകയറി ഭയങ്കരമായ അലച്ചയോടുകൂടി ആ കാട്ടിനിടയിലേക്കു് അതിവേഗത്തിൽ ഓടിച്ചുപോയി മറയും. ഈ സംഭവത്തിനുശേഷം ജനങ്ങൾ സാവധാനം നടന്നു ദുഃഖഭാവത്തിൽ നഗരത്തിലേക്കു മടങ്ങും. ഈ സംഭവത്തിന്റെ കാരണമോ, അൎത്ഥമോ എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ആ നഗരവാസികളിൽ പലൎക്കും ഞാൻ എത്രപണം കൊടുക്കാമെന്നു പറഞ്ഞിട്ടും അവർ ആരുംതന്നെ ആ യുവാവു് ആരാണെന്നും, അയാൾ എന്തിനായിട്ടാണു് ഘോരമായ ആ നരവധം നടത്തുന്നതെന്നും, അയാൾ എവിടെനിന്നു വരുന്നുവെന്നും, എവിടെപ്പോകുന്നുവെന്നുംമററുമുള്ള യാതൊരു വിവരങ്ങളും എനിക്കു പറഞ്ഞുതരാൻ കൂട്ടാക്കിയില്ല. ഈ അത്ഭുതസംഭവത്തെപ്പററി ഞാൻ ഞങ്ങളുടെ രാജകുമാരിയോടു വിവരിച്ചുകേൾപ്പിച്ചു. അതിന്റെ ഉദ്ദേശത്തെപ്പററി രാജകുമാരിക്കും ഒന്നും ഊഹിക്കാൻ കഴിഞ്ഞില്ല. ഇതിനെപ്പററി അറിയാനുള്ള ആഗ്രഹം രാജകുമാരിക്കു് വൎദ്ധിച്ചുവന്നു. അതിനു് യാതൊരു നിവൃത്തിയും കാണാതെ ഒടുവിൽ അതേപ്പററിയുള്ള ശരിയായ വിവരങ്ങൾ അന്വേഷിച്ചു് കണ്ടുപിടിക്കുന്ന ആളിനെമാത്രമേ കുമാരി വിവാഹംചെയ്യുകയുള്ളുവെന്നുള്ള നിശ്ചയം സ്വീകരിച്ചു. ഈ അത്ഭുതസംഭവത്തെ സംബന്ധിച്ചുള്ള ശരിയായ വിവരം അറിഞ്ഞുകൊണ്ടുവരുന്ന ഭാഗ്യവാനായിരിക്കും ഈ രാജ്യത്തിന്റെയും കണക്കില്ലാത്ത സ്വത്തിന്റെയും കുമാരിയുടെതന്നെയും മേലധികാരിയാകുന്നതു്. അതിനാൽ രാജകുമാരിയെ വിവാഹംചെയ്യാൻ നിങ്ങൾക്കാശയുണ്ടെങ്കിൽ ഉടൻതന്നെ നീംറോസു് പട്ടണത്തിൽ പോയി ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ അറിഞ്ഞു മടങ്ങുക; അതു നിങ്ങൾക്കു സാദ്ധ്യമാണെന്നു കരുതുന്നില്ലെങ്കിൽ ഈ വിവാഹത്തെസംബന്ധിച്ചുള്ള ആശ കൈവെടി

ഞ്ഞിട്ട് ഉടനേതന്നെ നിങ്ങളുടെ നാട്ടിലേക്കു പുറപ്പെട്ടുകൊള്ളുക.'' അതുകേട്ട്, ഞാൻ ഉടൻതന്നെ ആ നഗരത്തിൽ പോയി ഈ അത്ഭുതസംഭവത്തെക്കുറിച്ചുള്ള കാര്യകാരണങ്ങളെല്ലാം മനസ്സിലാക്കിക്കൊണ്ടുവന്ന് എൻെറ ഹൃദയാഭിലാഷം സാധിക്കുമെന്നും, അല്ലാതെ ഞാൻ വിശ്രമിക്കുകയില്ലെന്നും, ആ പരിശ്രമത്തിൽ സ്വയംനശിക്കാൻ ഇടയാകുന്നപക്ഷം അതു വിധിയാണെന്നു സമാധാനപ്പെട്ടുമെന്നും മറുപടിപറഞ്ഞു. എന്നാൽ എനിക്ക് രാജകുമാരിയെ നേരിട്ടു കാണണമെന്നും കുമാരിയിൽനിന്നു തന്നെ, ഈ കാര്യം ഞാൻ സാധിച്ചുമടങ്ങിയാൽ രാജകുമാരി എന്നെ വിവാഹംചെയ്യുമെന്നുള്ളതിനുറപ്പു ലഭിക്കണമെന്നും അറിയിച്ചു. ആ വിവരം രാജകുമാരിയെ അറിയിച്ചപ്പോൾ അടുത്തദിവസം കുമാരി എന്നെ സന്ദർശനത്തിനു ക്ഷണിച്ചു. അന്നു രാത്രി മുഴുവൻ ഞാൻ എൻെറ ഭാരിച്ച കൃത്യത്തെ ഓർത്ത് ചിന്താമഗ്നനായിക്കഴിഞ്ഞു. പിറേറദിവസം ഞാൻ രാജകുമാരിയുടെ അന്തഃപുരത്തിലേക്ക് ആനയിക്കപ്പെട്ടു. അവിടെ സ്ഫടികഭിത്തികളുള്ള ഒരു മനോഹരമായ മുറിയിൽ രാജകുമാരി ഇരുന്നു. എനിയ്ക്കു് ആഹാരവും മററും യഥായോഗ്യം നൽകിയതിനുശേഷം രാജകുമാരിയുമായി ഞാൻ സംഭാഷണംതുടങ്ങി. രത്നഖചിതമായ ഒരു കസേരയിൽ ഞാൻ ഇരുന്നു. അതിനപ്പുറം ഒരു മറയുടെ പുറകിലായി മൂടുപടംധരിച്ച രാജകുമാരി ചന്ദനംകൊണ്ടു നിർമ്മിക്കപ്പെട്ട ഒരു പീഠത്തിലും ഇരുന്നു. ബൈറോസ് വിവരിച്ചുകേൾപ്പിച്ച കഥ ഞാൻ മനസ്സിലാക്കിയെന്നും, അദ്ദേഹം നീംറോസ്നഗരത്തിൽകണ്ട അത്ഭുതസംഭവത്തെ സംബന്ധിച്ചുള്ള കാര്യകാരണങ്ങൾ ഞാൻ കണ്ടുപിടിച്ചുകൊണ്ടുവരാൻ നിശ്ചയിച്ചുവെന്നും രാജകുമാരിയെ വിവാഹംകഴിക്കാതെ ഞാൻ ജീവനോടെ ഇരിക്കുകയില്ലെന്നും കുമാരിയെ അറിയിച്ചു. സൌന്ദര്യം വഴിഞ്ഞൊഴുകുന്ന ആ കുമാരി എൻെറ വാക്കുകൾകേട്ടു വളരെ സന്തോഷിച്ചു.

ഞാൻ ഈ ഭാരിച്ച കൃത്യത്തിനായി പുറപ്പെടുന്നതിനു മുമ്പ് എനിക്ക് ഒരു വിവരം അറിയാൻ വളരെ ആഗ്രഹമുണ്ടെന്നും അതു് ദയവായി എന്നെ അറിയിക്കണമെന്നും രാജകുമാരിയോടു പറഞ്ഞു. അതെന്താണെന്നു രാജകുമാരി എന്നോടു ചോദിച്ചു. ഞാൻ ഇപ്രകാരം പറഞ്ഞു:— "നിങ്ങളുടെ ധർമ്മച്ചെലവും രാജധാനിയിലെ ആഡംബരങ്ങളുമെല്ലാം കാണുന്ന ഒരാൾക്ക് അത്ഭുതം ജനിപ്പിക്കുന്ന ഒരു കാര്യം എന്നെയും ബാധിച്ചിരിക്കുന്നു. അതായതു്, നിങ്ങളുടെ ഈ ചെറിയ രാജ്യത്തിലെ ആണ്ടടക്കമുള്ള വരവുകൊണ്ടു് ഇത്തരത്തിലുള്ള ഒരുദിവസത്തെ ചെലവിനു പോലും മതിയാകുമെന്നു തോന്നുന്നില്ല. അങ്ങനെയിരിക്കെ ഈ വമ്പിച്ച ചെലവിനുള്ള മുതൽ എവിടെനിന്നു കിട്ടുന്നുവെന്നുള്ളതാണ് എൻെറ അത്ഭുതം." അതുകേട്ടു് രാജകുമാരി ഇങ്ങനെ കല്പിച്ചു: "യുവാവേ, നിങ്ങൾക്ക് എൻെറ സമ്പത്തിൻെറ ആഗമനമാർഗ്ഗത്തെപ്പററി അറിയാൻ അതിയായ ആഗ്രഹമുണ്ടെങ്കിൽ നിങ്ങൾ ഒരുദിവസംകൂടി ഇവിടെ താമസിക്കണം. നാളെ സായംകാലമാകുമ്പോൾ ഞാൻ നിങ്ങളെവരുത്തി വിവരങ്ങൾപറയാം." അതുകേട്ടു സന്തുഷ്ടനായി ഞാൻ മടങ്ങി. പിറേറദിവസം സായംകാലം ആയപ്പോൾ രാജകുമാരിയുടെ സഖി വന്നു് എന്നെ കൂട്ടിക്കൊണ്ടു് അന്തഃപുരത്തിലെത്തി. അവിടെ രത്നഖചിതമായി മിന്നിത്തിളങ്ങുന്ന ഒരു മുറിയിൽ മറയ്ക്കുപുറകിലായി രാജകുമാരി ഇരുന്നുകൊണ്ടു് മുറിയുടെ വാതുക്കൽ കസേരയിൽ ഇരുന്ന എന്നോടു് തൻെറ കഥയെപ്പററി ഇങ്ങനെ തുടന്നു.

# അദ്ധ്യായം 7

"എൻെറ പിതാവ് ഈ രാജ്യത്തിൻെറ അധിപനായ സുൽത്താൻ ആയിരുന്നു. അദ്ദേഹത്തിന്ന് ഏഴുപുത്രിമാരുണ്ടായിരുന്നു. അവരിൽ ഏററവും ഇളയപുത്രിയാണ് ഞാൻ. ഒരുദിവസം രാജകീയവിരുന്നു നടത്തിയ അവസരത്തിൽ പിതാവ് പുത്രിമാരായ ഞങ്ങൾ ഏഴുപേരെയും രാജസദസ്സിൽ കൂട്ടിക്കൊണ്ടുപോയി അദ്ദേഹത്തിൻെറ സമീപത്തു് ഇരുത്തിയിരുന്നു. വിലയേറിയ വസ്ത്രങ്ങളും ആഭരണങ്ങളും ധരിച്ച് സകല ജനങ്ങളുടേയും ബഹുമാനത്തിനു പാത്രമായി അവിടെ സസന്തോഷം ഇരുന്ന ഞങ്ങളെ നോക്കി പിതാവ് ഇപ്രകാരം കല്പിച്ചു:—"നിങ്ങൾ ഒരു രാജാവിൻെറ പുത്രിമാരായി ജനിക്കാതെ ഒരു സാധുകുടുംബത്തിൽ ജനിച്ചിരുന്നുവെങ്കിൽ നിങ്ങളെ ആരെങ്കിലും രാജകുമാരികളായികരുതി ബഹുമാനിക്കുമായിരുന്നോ? നിങ്ങളെ രാജകുമാരികളെന്നു മററുള്ളവർ വിളിക്കാനിടയായതിൽ അല്ലാഹുവിനെ സ്തുതിക്കുക. എൻെറ ജീവിതത്തിലാണ് നിങ്ങളുടെ ശ്രേഷ്ഠത സ്ഥിതിചെയ്യുന്നതു്." അതു കേട്ട് എൻെറ സഹോദരിമാർ എല്ലാവരും അതു വളരെ ശരിയാണെന്നു സമ്മതിച്ചു. ഞാൻമാത്രം ഒന്നും മറുപടി പറയാതെ മൌനമായിരുന്നു. അതുകണ്ടു് ഞാൻ ഒന്നും പറയാതെയിരിക്കുന്നതെന്താണെന്നു പിതാവ് എന്നോടു ചോദിച്ചു. അപ്പോൾ ആ അഭിപ്രായം ശരിയാണെന്നെനിക്കു തോന്നുന്നില്ലെന്നും, ഓരോരുത്തർക്കും ഓരോ അനുഭവങ്ങൾ നൽകുന്നതു് അല്ലാഹുവിൻെറ കല്പനയാലാണെന്നും അതിനാൽ സ്രഷ്ടാവിൻെറ നിശ്ചയത്തെ ആശ്രയിച്ചാണ് ഞങ്ങളുടെ സ്ഥിതി നില്ക്കുന്നതെന്നും ഞാൻ പറഞ്ഞു. ആ ഉത്തരം പിതാവിന്ന് ഒട്ടും ഇഷ്ടമായില്ല. അദ്ദേഹം കുപിതനായി എന്നെ വളരെദൂരെ വനാന്തരത്തിൽ കൊണ്ടുചെന്നു

വിട്ടിട്ടുവരാൻ കല്പനകൊടുക്കുകയും 'അല്ലാഹു നിനക്ക് എന്തു ഗുണം തരുമെന്നറിയട്ടെ' എന്ന് എന്നോടു പറയുകയുംചെയ്തു. അടുത്ത നിമിഷത്തിൽ രാജകല്പന അക്ഷരംപ്രതി നിവ്വഹിക്കപ്പെട്ടു. ഞാൻ ഏകാകിയായി വനാന്തരത്തിലകപ്പെട്ടു. നാലുവശവും അലഞ്ഞുതിരിയുന്ന വന്യമൃഗങ്ങളുടെ ഗജ്ജനങ്ങളല്ലാതെ മറെറാന്നും കേഠംക്കാനില്ലായിരുന്നു. ഞാൻ എൻെറ പതിവനുസരിച്ചുള്ള പ്രാത്ഥനയുംകഴിച്ചിട്ട് അവിടെത്തന്നെ കിടന്നു. അങ്ങനെ മൂന്നുദിവസം ആ വിജനപ്രദേശത്ത് ആഹാരസാധനങ്ങളോ വെള്ളമോ കിട്ടാതെ ഞാൻ കഴിച്ചുകൂട്ടി. ഒടുവിൽ ക്ഷീണം ബാധിച്ചു ഞാൻ ബോധംകെട്ടുവീണു. നാലാംദിവസം പ്രഭാതത്തിൽ ബോധം തെളിഞ്ഞു ഞാൻ ക്ഷീണിതയായി ജീവചൈതന്യം അവസാനിക്കാറായിക്കിടക്കുമ്പോഠം പെട്ടെന്ന് എൻെറ മുമ്പിൽ പുഞ്ചിരിതൂകികൊണ്ടു് തേജസ്വിയായ ഒരു വൃദ്ധൻ നിൽക്കുന്നതു കണ്ടു. അദ്ദേഹം എന്നോട് ഇപ്രകാരം പറഞ്ഞു "മകളേ, നീ ഒരു രാജാവിൻെറ പുത്രിയായി ജനിച്ചിട്ടും ഇങ്ങനെ കഷ്ടത അനുഭവിക്കാനിടയായതു് അല്ലാഹുവിൻെറ കല്പനയാലാണു്. നീ എന്നെ നിൻെറ ഒരു ദാസനായി കരുതിക്കൊള്ളുക. രാവും പകലും നീ നിൻെറ സ്രഷ്ടാവിനെ സ്മരിച്ചുകൊള്ളുക. അല്ലാഹു എപ്പോഴും ശരിയായ വിധത്തിൽ പ്രവത്തിക്കുന്ന കരുണാമൂത്തിയാണു്." ഇത്രയും പറഞ്ഞിട്ട് അദ്ദേഹം തൻെറ കൈവശമുണ്ടായിരുന്ന തുണിക്കെട്ടിൽനിന്നും ചില ഭക്ഷണസാധനങ്ങളെടുത്തു് എൻെറ മുമ്പിൽ വെച്ചു് അതിനെ ഭക്ഷിക്കാൻ പറഞ്ഞു. അനന്തരം അദ്ദേഹം വെള്ളം അന്വേഷിച്ചു പോയി. കുറച്ചകലെ ഒരു കിണറു കണ്ടുവെങ്കിലും അതിൽനിന്നു വെള്ളം കോരാൻ തൊട്ടിയോ കയറോ ഒന്നുംതന്നെ ഇല്ലായിരുന്നതിനാൽ ഒരു വൃക്ഷത്തിൽനിന്നു് ഇല പറിച്ചു് അതുകൊണ്ടു് ഒരു കുമ്പിഠം കുത്തി അദ്ദേഹം അരയിൽ കെട്ടിയിരുന്ന ചരടഴിച്ചു്

അതു് ആ കമ്പിളിൽ ചേൎത്തുകെട്ടി കുറച്ചു വെള്ളം കോരി എനിക്കു കുടിക്കാൻ കൊണ്ടുതന്നു. ആ വെള്ളം കുടിച്ചു ഞാൻ ക്ഷീണം തീൎത്തു. ആ വൃദ്ധൻ എൻെറ പരിതാപകരമായ അവസ്ഥയിൽ ഉള്ളുരുകി വിലപിക്കുകയും എന്നെ വേണ്ടവിധത്തിൽ സമാശ്വസിപ്പിക്കുകയുംചെയ്തു. അങ്ങനെ എൻെറ ഹൃദയവേദന ശാന്തമായി. അതിനുശേഷം ആ വൃദ്ധൻ എല്ലാദിവസവും രാവിലെ അടുത്തുള്ള നഗരത്തിൽ പോയി എന്തെങ്കിലും ഭക്ഷണസാധനങ്ങൾ ശേഖരിച്ചു് എനിക്കു കൊണ്ടുതന്നുകൊണ്ടിരുന്നു. അങ്ങനെ ഏതാനും ദിവസങ്ങൾ കഴിഞ്ഞു. ഒരുദിവസം ഞാൻ എൻെറ മുടിക്കെട്ടഴിച്ചു കെട്ടിയപ്പോൾ അതിൽ തിരുകിയിരുന്നതും ഞാനറിയാതെ അവിടെ തങ്ങിയിരുന്നതുമായ വിലയേറിയ ഒരു രത്നം താഴെ വീണു. ഞാൻ അതെടുത്തു് ആ വൃദ്ധൻെറ കൈയിൽ കൊടുത്തിട്ടു നഗരത്തിൽ കൊണ്ടുപോയി അതിനെ വിററു പണം വാങ്ങാൻ അപേക്ഷിച്ചു. അദ്ദേഹം അപ്രകാരം ആ രത്നത്തെ നഗരത്തിൽ കൊണ്ടുപോയി വിററു പണം കൊണ്ടുവന്നു തന്നു. ആ പണംകൊണ്ടു് അവിടെ എനിക്കു താമസിക്കാൻ ഒരു ചെറിയ കുടിലുകെട്ടാൻ ഞാൻ അദ്ദേഹത്തിൻെറ സഹായമപേക്ഷിച്ചു. അവിടെ ഭൂമിയിൽ ചെറുതായി കിളച്ചു വാനം തോണ്ടാൻ എന്നോടു പറഞ്ഞിട്ടു് അദ്ദേഹം അടുത്തൊരു സ്ഥലത്തുനിന്നു കഴകൾ വെട്ടിക്കൊണ്ടുവരാൻ പോയി. ഞാൻ ഏകദേശം ഒരടി താഴ്ചയിൽ വാനം വെട്ടിത്തുടങ്ങി. അപ്പോൾ ഒരു സ്ഥലത്തു് ഒരു കൈപിടിയോടുകൂടിയ വാതിൽ കാണപ്പെട്ടു. ഞാൻ ആ വാതിൽ തുറന്നുനോക്കിയപ്പോൾ കീഴോട്ടുള്ള പടികൾ ഒരു മുറിയിൽ അവസാനിക്കുന്നതായി കണ്ടു. ഞാൻ ആ പടിയിറങ്ങി മുറിയിൽ പ്രവേശിച്ചു. അഹോ! എന്തൊരത്ഭുതം! ആ മുറി നിറയെ രത്നങ്ങളും സ്വൎണ്ണക്കട്ടിയും കൂമ്പാരംകൂടിയിരുന്നതു കണ്ടു. ഞാൻഅതിൽനിന്നു വേണ്ടിടത്തോളം വാരിയെടുത്തുകൊണ്ടു

വെളിയിൽ വന്നു. ആ വാതിൽ പഴയതുപോലെ അടച്ചു മണ്ണിട്ടു മൂടുകയും ചെയ്തു. വൃദ്ധൻ തിരിച്ചെത്തിയപ്പോൾ ഞാൻ അവിടെ നടന്ന കഥ മുഴുവൻ പറഞ്ഞുകേൾപ്പിച്ചു. വേണ്ടുവോളം ധനമുള്ളതുകൊണ്ട് അവിടെ വളരെ മനോഹരമായ ഒരു കൊട്ടാരം പണിയിക്കണമെന്നും അതിലേക്കു ശില്പികളേയും ജോലിക്കാരേയും വിളിച്ചുകൊണ്ടുവരണമെന്നും ഞാൻ അദ്ദേഹത്തോടപേക്ഷിച്ചു. അദ്ദേഹം ശില്പികളേയും ജോലിക്കാരേയും നഗരത്തിൽ നിന്നും വരുത്തി. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ആ വിജനപ്രദേശത്തു് അതിമനോഹരമായ ഒരു കൊട്ടാരം ഉയർന്നുകാണപ്പെട്ടു. ആ മാളികയുടെ എല്ലാ മുറികളും വേണ്ടവിധത്തിലുള്ള സജ്ജീകരണങ്ങൾകൊണ്ട് അലങ്കരിക്കുകയും ആവശ്യമുള്ള ഭൃത്യന്മാരെ വരുത്തി അവിടെ ഒരു രാജകൊട്ടാരത്തിലെ എല്ലാ മുറകളും പൂർത്തിയാക്കുകയും ചെയ്തു. ഇങ്ങനെ ഞാൻ അവിടെ സുഖമായി പാർത്തുവരവേ എൻെറ ഉന്നതസൌധം, രാജധാനിയിലെ മണിമന്ദിരങ്ങളെക്കാൾ ഉയർന്നു കാണപ്പെടുകയാൽ അതേപ്പററി എൻെറ പിതാവു് അന്വേഷണം നടത്തി. ഏതോ ഒരു രാജകുമാരി അവിടെ താമസമാണെന്നുമാത്രം അദ്ദേഹത്തിനറിവു കിട്ടി. രാജഭൃത്യന്മാർ അവിടെ വന്നപ്പോൾ രാജാവിനെ എൻെറ കൊട്ടാരത്തിലേക്കു് എഴുന്നെള്ളി തൃക്കൺപാർക്കണമെന്നുള്ള ഒരു ക്ഷണക്കത്തു ഞാൻ കൊടുത്തയയ്ക്കുകയും അതനുസരിച്ചു രാജാവു് പരിവാരസമേതം അവിടെ എഴുന്നള്ളുകയും ചെയ്തു. ഞാൻ അദ്ദേഹത്തിനേയും പരിവാരങ്ങളേയും യഥോചിതം സ്വീകരിച്ചു രാജോചിതമായ രീതിയിൽ സൽക്കരിച്ചു തൃപ്തരാക്കി. അനന്തരം എൻെറ ഊരും പേരും മററും രാജാവു കല്പിച്ചുചോദിച്ചു. പണ്ടു് അദ്ദേഹം കാട്ടിൽകൊണ്ടുതള്ളിയ അദ്ദേഹത്തിൻെറ പുത്രിയാണു ഞാനെന്നും അല്ലാഹുവിൻെറ നിശ്ചയം അനുസരിച്ചു് ഞാൻ ഈ നിലയിൽ ആയിത്തീർന്നതാണെന്നും മററും

അപ്പോൾ ഞാൻ അദ്ദേഹത്തെ അറിയിച്ചു. അതുകേട്ട പിതാവു വളരെ സന്തോഷിക്കുകയും കൊട്ടാരത്തിൽനിന്ന് എന്റെ പ്രിയമാതാവിനേയും സഹോദരിമാരേയും ഉടനേ തന്നെ അവിടെ വരുത്തുകയുംചെയ്തു. ഏറെക്കാലമായി പിരിഞ്ഞിരുന്ന ആ പ്രിയജനങ്ങളും ഞാനും തമ്മിൽ കണ്ടപ്പോൾ സ്നേഹപൂർവ്വം കെട്ടിപ്പുണൎന്ന് ആനന്ദാശ്രുക്കൾ പൊഴിച്ചു. അവൎക്ക് ഓരോരുത്തൎക്കും ഞാൻ വിലപ്പെട്ടയറിയ സമ്മാനങ്ങളും നല്കി കൊട്ടാരത്തിലേക്കയച്ചു. അങ്ങനെ കുറേക്കാലം കഴിഞ്ഞപ്പോൾ എന്റെ വന്ദ്യപിതാവ് ഇഹലോകം വെടിയുകയും ഞാൻ അദ്ദേഹത്തിന്റെ അനന്തരാവകാശിയായി ഭരണാധികാരം കൈയ്യേൽക്കുകയും ചെയ്തു. എനിക്കു വനമദ്ധ്യത്തിൽ മുൻപറഞ്ഞവിധം ലഭിച്ച കണക്കില്ലാത്ത ധനംകൊണ്ടാണ് ഈ ഔദാൎയ്യങ്ങളെല്ലാം നടത്താൻ സാധിക്കുന്നതു്. ഇതാണ് എന്റെ അളവില്ലാത്ത സമ്പത്തിനെ സംബന്ധിച്ചുള്ള രഹസ്യം."

---

## അദ്ധ്യായം 8

രാജകുമാരി തന്റെ കഥപറഞ്ഞവസാനിപ്പിച്ചതിനശേഷം ഒട്ടും താമസംവരുത്താതെ ഉടൻതന്നെ ഞാൻ നീംറോസ് നഗരത്തിലേക്കു പുറപ്പെടണമെന്നും ഞാൻ ഏററ കാൎയ്യം നിൎവ്വഹിക്കാൻ ശ്രമിക്കണമെന്നും അപേക്ഷിച്ചുകൊണ്ടു് എനിക്കു യാത്രപറഞ്ഞു. ഞാൻ ഉടൻതന്നെ പുറപ്പെടുന്നു എന്നും അല്ലാഹു അനുഗ്രഹിച്ചെങ്കിൽ വളരെ വേഗം ഞാൻ വിജയവാനായി മടങ്ങിയെത്തുമെന്നും മറുപടി പറഞ്ഞിട്ടു രാജകുമാരിയോടു വിടവാങ്ങി. അല്ലാഹുവിന്റെ രക്ഷയിൽ സ്വയം അൎപ്പിച്ചുകൊണ്ടു ഞാൻ യാത്ര

തിരിച്ചു. നിരവധി ക്ലേശങ്ങൾ സഹിച്ചു യാത്രചെയ്ത് ഒരുവർഷക്കാലംകൊണ്ടു ഞാൻ നീംറോസ്നഗരത്തിൽ എത്തി. ആ നഗരത്തിലെ പ്രഭുക്കന്മാർ തുടങ്ങി എളിയവർവരെയുള്ള സകല ജനങ്ങളും കറുത്ത വസ്ത്രം ധരിച്ചിരിക്കുന്നതു ഞാൻ കണ്ടു. ബസറായിലെ രാജകുമാരിയുടെ കൊട്ടാരത്തിൽവെച്ചു ബൈറോസ് വിവരിച്ചുകേൾപ്പിച്ച കാര്യങ്ങളെല്ലാം ഞാൻ നേരിട്ടുകണ്ടു ബോദ്ധ്യപ്പെട്ടു. കുറച്ചു ദിവസങ്ങൾക്കുശേഷം കറുത്തവാവുദിവസം വന്നുചേൎന്നു. നഗരവാസികൾ ആബാലവൃദ്ധം കറുത്തവസ്ത്രം ധരിച്ചവരായി അവരുടെ രാജാവിനെ അനുഗമിച്ച് മൌനയാത്ര തുടൎന്നു. അവർ നഗരാതിർത്തിയിലുള്ള മൈതാനപ്രദേശത്തേക്കു പോകയായിരുന്നു. അവരുടെകൂടെ ഫക്കീർവേഷധാരിയായിരുന്ന ഞാനും പുറപ്പെട്ടു. എല്ലാവരും മൈതാനത്തു ചെന്നുചേൎന്നു. ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ ഒരു ക്രൂരൻകാളപ്പുറത്തു കയറി ഒരു യുവാവ് വായിൽ നുരയുമായി അട്ടഹാസത്തോടും ഭയജനകമായ ക്രോധാവേശത്തോടും അടുത്തുള്ള വനത്തിൽനിന്നു പുറത്തു വന്നു. ആ അത്ഭുതകരമായ കാഴ്ച കണ്ടു ഞാൻ സ്തബ്ധനായി നിന്നുപോയി. ആ യുവാവ് അയാളുടെ സാധാരണരീതിയിലുള്ള എല്ലാ പ്രവൃത്തിയും നരവധവും കഴിഞ്ഞു കാളപ്പുറത്തു കയറി വനാന്തർഭാഗത്തു പ്രവേശിച്ചു മറഞ്ഞു. ദുഃഖത്തിൽ മുഴുകിയിരുന്ന ജനാവലി നിശ്ശബ്ദരായി നടന്ന് അവരുടെ ഭവനങ്ങളിലേക്കു പോയി. സ്തംഭനാവസ്ഥയിൽ എത്തിയിരുന്ന എന്റെ ബുദ്ധി തെളിഞ്ഞു ഞാൻ കണ്ണുതുറന്നു നോക്കിയപ്പോൾ സംഭവമെല്ലാം കഴിഞ്ഞു ജനങ്ങൾ പിരിഞ്ഞുപോയിക്കഴിഞ്ഞിരുന്നു. എന്റെ ഉദ്ദിഷ്ടം നിറവേറാതെ നിരാശനായി ഞാനും നഗരത്തിലേക്കു മടങ്ങി. അടുത്ത കറുത്തവാവുദിവസത്തെ അക്ഷമനായി പ്രതീക്ഷിച്ചുകൊണ്ടു ഞാനവിടെ താമസിച്ചു. ആ ദിവസം വീണ്ടും വന്നണഞ്ഞു. ഞാൻ നേരത്തേതന്നെ മൈതാന

ത്തിലെത്തി കാത്തിരുന്നു. യുവാവു തന്റെ പതിവനുസരിച്ചുള്ള പരാക്രമങ്ങളെല്ലാം കാണിച്ചതിനുശേഷം കാട്ടിലേക്കു മടങ്ങി. ഞാൻ ഇതിന്റെ കഥയെന്താണെന്നറിയണമെന്നുള്ള നിർബന്ധത്തോടുകൂടി അയാളെ പിൻതുടരാൻ ശ്രമിച്ചു. അതുകണ്ടു് അവിടെ കൂടിയിരുന്നവർ എന്നെ തടഞ്ഞുനിറുത്തുകയും അവരുടെ പിടിയിൽനിന്നു രക്ഷപെട്ടുപോകാൻ എനിക്കു നിവൃത്തിയില്ലാതെവരികയും ചെയ്തു. ഞാൻ മരണത്തിന്റെ വായിലേക്കു് അറിയാതെ ചെന്നുചാടുകയാണെന്നും ജീവിതത്തിൽ കഠിനമായ വെറുപ്പുണ്ടെങ്കിൽ മരിക്കാൻ മററുവല്ല മാർഗ്ഗവും കണ്ടുപിടിക്കുന്നതാണു നല്ലതെന്നും അവർ എന്നെ ഉപദേശിച്ചു. അതിന്നിടയ്ക്കു യുവാവു പോയിമറയുകയും ചെയ്തു. അങ്ങനെ രണ്ടാമത്തെ പ്രാവശ്യവും എന്റെ ഉദ്ദേശം നിറവേറാതെ നിരാശനായി ഞാൻ നഗരത്തിലേക്കു മടങ്ങി. അടുത്തപ്രാവശ്യം ഏതുവിധവും എന്റെ ഉദ്ദേശം സാധിക്കണമെന്നുള്ള ദൃഢനിശ്ചയത്തോടുകൂടി ഞാൻ നഗരത്തിൽ താമസിച്ചു. അടുത്ത കറുത്തവാവുദിവസം നഗരവാസികൾ മൈതാനത്തേക്കു പുറപ്പെടുന്നതിനുമുമ്പുതന്നെ ഞാൻ അവിടെയെത്തി മൈതാനത്തിനടുത്തുള്ള കാട്ടിൽ ഒരു സ്ഥലത്തു് ഒളിച്ചിരുന്നു. യഥാസമയം പതിവുപോലെയുള്ള ഭീകരസംഭവങ്ങൾ ആവർത്തിക്കപ്പെട്ടു. അനന്തരം യുവാവു കാളപ്പുറത്തു കയറി യാത്രതിരിച്ചു. ആരുടേയും കണ്ണിൽപെടാതെ, എന്തുംവരട്ടെ എന്നുള്ള ധൈര്യത്തോടുകൂടി ഞാനും പുറകേ ഓടി. കുറച്ചുദൂരം ചെന്നപ്പോൾ എന്റെ കാലൊച്ചകേട്ടു് ആ യുവാവു തിരിഞ്ഞുനോക്കി എന്നെ കണ്ടുപിടിച്ചു. അയാൾ കോപാകുലനായി എന്നെ തിരിച്ചുപോകാൻ ആംഗ്യംകാണിച്ചു. അതു വകവെയ്ക്കാതെ ഞാൻ വീണ്ടും അയാളെ പിന്തുടന്നു. അല്പദൂരം ചെന്നു് അയാൾ വീണ്ടും തിരിഞ്ഞുനോക്കി എന്നെ കണ്ടുപിടിച്ചപ്പോൾ കോപം പൂണ്ടു് കാളപ്പുറത്തുനിന്നു താഴെയിറങ്ങി എന്നെ വധിക്കാ

നായി വാളുംഓങ്ങി അടുത്തു. ഞാൻ ശാന്തനായി അയാളെ താണുവണങ്ങി നിന്നു. എൻെറ വിനയഭാവവും മരണത്തിലുള്ള ഭയമില്ലായ്മയും കണ്ടിട്ട് ആ യുവാവ് എന്നെ വെട്ടാൻ ഉയർത്തിയ വാൾ പിൻവലിച്ചുകൊണ്ടു് എന്നോടു് ഇപ്രകാരം പറഞ്ഞു: "ഹേ, മനുഷ്യാ! നിങ്ങൾ എന്തിനാണു് എന്നെ പിന്തുടരുന്നതു്? നിങ്ങളോടു തിരിച്ചു പോകാൻ ഞാൻ ആംഗ്യം കാണിച്ചില്ലേ, നിങ്ങൾ എന്തിനാണു് എൻെറ കൈകൊണ്ടു മരണംവരിക്കാൻ ശ്രമിക്കുന്നതു്? നിങ്ങളെ അകാരണമായി വധിക്കുന്നതുകൊണ്ടുള്ള പാപം എന്തിനാണു ഞാൻ വെറുതെ തലയിൽ വലിച്ചു വെയ്ക്കുന്നതു്." ഇത്രയും പറഞ്ഞിട്ടു തിരിച്ചുപൊയ്ക്കൊള്ളാൻ എനിക്കു വീണ്ടും കശനമായ താക്കീതു നൽകിയതിനുശേഷം യുവാവു തൻെറ കാളവാഹനത്തിൽകയറി യാത്രതുടർന്നു. എന്തായാലും എൻെറ ഉദ്ദിഷ്ടകാര്യം സാധിക്കാതെ മടങ്ങുകയില്ലെന്നുള്ള ദൃഢനിശ്ചയത്തോടുകൂടി വീണ്ടും ഞാൻ ആ കാളയുടെ പുറകേ ഓടി. കുറച്ചുദൂരംചെന്നു് യുവാവു വീണ്ടും തിരിഞ്ഞുനോക്കിട്ടു് തൻെറ കാളയെ നിറുത്തി എന്നോടിപ്രകാരം പറഞ്ഞു: "ഹേ, ഫക്കീർ! നിങ്ങൾക്കു പണം ആവശ്യമുണ്ടെങ്കിൽ അതു തരാൻ ഇപ്പോൾ എൻെറ പക്കൽ ഇല്ല. അതാണു നിങ്ങളുടെ യാത്രയുടെ ഉദ്ദേശമെങ്കിൽ എൻെറ ഈ കഠാരി കൊണ്ടുപോയി ഇവിടുത്തെ രാജാവിനെ ഏല്പിക്കുകയാണെങ്കിൽ അദ്ദേഹം നിങ്ങൾക്കാവശ്യമുള്ള പണം തരും. ഇതാ ഇതു് എടുത്തുകൊണ്ടു മടങ്ങിപ്പോകുക." ഇപ്രകാരം പറഞ്ഞുകൊണ്ടു് യുവാവു രത്നഖചിതമായ കഠാരി എൻെറ സമീപത്തേക്കെറിഞ്ഞുതന്നു. ആ യുവാവിൻെറ അഗ്നികണങ്ങൾ വിതറുന്ന നയനങ്ങളും കോപംകൊണ്ടു ജ്വലിക്കുന്ന മുഖഭാവവും പെരുമാററവും ഏററവും ഭയജനകമായിരുന്നു. ഞാൻ ഭയന്നു വിറച്ചുനിന്നുപോയി. യുവാവു് വീണ്ടും യാത്രതുടരാൻ ഭാവിച്ചപ്പോൾ ഞാൻ ഇങ്ങനെ അയാളോടപേക്ഷിച്ചു: "അല്ലയോ വീരയോ

ഢാവേ, എന്നെ അവിടുത്തെ വാളുകൊണ്ടു് ഒററവെട്ടിനു മരിപ്പിച്ചുകൊള്ളുക. ആ വെട്ടിൽ എൻെറ ശരീരം രണ്ടു തുണ്ടായി നിശ്ശേഷം വേർപെടണം. അങ്ങനെ എൻെറ ഈ അലഞ്ഞുതിരിഞ്ഞുള്ള ജീവിതദുരിതം ഒടുങ്ങിക്കൊള്ളട്ടെ. എൻെറ വധംകൊണ്ടു നിങ്ങൾക്കു വരുന്ന അപരാധത്തിനു ഞാൻ മാപ്പുനൽകുന്നു." അയാൾ എന്നെ അകാരണമായി വധിച്ചു് അതിൻെറ പാപം തലയിൽ വഹിക്കാൻ അശേഷം ആഗ്രഹമുള്ളവനായിരുന്നില്ല. അതിനാൽ വീണ്ടും തിരിച്ചുപോകാൻ എന്നെ ഉപദേശിച്ചിട്ടു് അയാൾ കാളപ്പുറത്തു കയറി അതിവേഗം ഓടിച്ചുപോയി. ഞാൻ അയാളെ തുടൎന്നു് ഓടി അങ്ങനെ നാലുമൈൽ യാത്ര തുടൎന്നതിനുശേഷം ഞങ്ങൾ ആ വനപ്രദേശം കടന്നു് അതിനപ്പുറത്തു് ചതുരാകൃതിയിലുള്ള ഒരു വിശാലമായ മന്ദിരത്തിൽ ചെന്നുചേൎന്നു ആ മന്ദിരത്തിൻെറ പ്രവേശനദ്വാരത്തിൽ നിന്നുകൊണ്ടു് ആ യുവാവു് ഭയങ്കരമായി അട്ടഹാസം മുഴക്കി. ഉത്തരക്ഷണത്തിൽ ആ വാതിൽ തന്നിരെ തുറക്കപ്പെട്ടു യുവാവു് അതിനകത്തേക്കു കയറിപ്പോയി. ഞാൻ ഭയവിഹ്വലനായി പുറത്തു നിന്നു. വളരെനേരം കഴിഞ്ഞു് ഒരു പരിചാരകൻ അവിടെ വന്നു് യുവാവു് എന്നെ അകത്തേയ്ക്കു വിളിക്കുന്നുവെന്നറിയിച്ചിട്ടു് ഇങ്ങനെ തുടൎന്നു: "നിങ്ങളുടെ തലയ്ക്കുമീതെ മരണദേവത വലംവെയ്ക്കുന്നുണ്ടാവാം. നിങ്ങൾക്കു് എന്തു നിർഭാഗ്യാവസ്ഥയാണു നേരിട്ടിരിക്കുന്നതു്." അതുകേട്ടു് "അല്ല, സൽഭാഗ്യമാണു്" എന്നു മറുപടിപറഞ്ഞിട്ടു് ഞാൻ ആ പരിചാരകനെ പിന്തുടൎന്നു് വാതിൽകടന്നു് അകത്തേക്കു പ്രവേശിച്ചു. ഞങ്ങൾ മനോഹരമായ ഒരു ഉദ്യാനത്തിലാണു പ്രവേശിച്ചതു്. അവിടെ അല്പം അകലെ ആ യുവാവു് ഒരു രത്നക്കംബളം വിരിച്ചു് അതിൽ ഇരിക്കുന്നതു കണ്ടു. അയാളുടെ സമീപം സ്വൎണ്ണപ്പണിചെയ്യാനുള്ള ഉപകരണങ്ങളെല്ലാം കിടക്കുന്നതും യുവാവു് അവയുപയോഗിച്ചു് ഒരു

മനോഹരമായ മുത്തുമാല ഉണ്ടാക്കുന്ന ജോലിയിൽ ഏപ്പെട്ടിരിക്കുന്നതും കണ്ടു. ഞാൻ അടുത്തുചെന്നപ്പോൾ യുവാവു് എന്നെ ഇരിക്കാൻ ആംഗ്യംകാണിച്ചു. ഞാൻ യുവാവിനെ താണുവണങ്ങി അവിടെ ഒതുങ്ങിയിരുന്നു. അല്പനേരം കഴിഞ്ഞു് യുവാവു് മാലയുടെ പണി പൂർത്തിയാക്കിയതിനു ശേഷം അവിടെനിന്നെഴുന്നേററു. തൽക്ഷണം ആ ഭവനത്തിലെപരിചാരകന്മാരെല്ലാംനാലുവഴിക്കും ഓടിയൊളിച്ചു. ഞാനും അവരെ അനുകരിച്ചു് ഓടി ഒരു മുറിയ്ക്കകത്തുകയറി കതകടച്ചു പതുങ്ങിയിരുന്നു. യുവാവു് വീട്ടിൽപ്രവേശിച്ചു് എല്ലാമുറികളും അടച്ചുപൂട്ടിയതിനുശേഷം ഉദ്യാനത്തിൽ പ്രവേശിച്ചു് അതിൻെറ ഒരു മൂലയ്ക്കു് താൻ സവാരിചെയ്യുന്ന കാളയെ കെട്ടിയിരുന്ന സ്ഥലത്തുചെന്നു്, ആ കാളയെ കഠിനമായി പ്രഹരിക്കാൻതുടങ്ങി. കാളയുടെ അലച്ച മുറിയുടെ ഭിത്തികളെ ഭേദിച്ചുകൊണ്ടു് എൻെറ കണ്ണുങ്ങളിൽ വന്നലയടിച്ചു. ഞാൻ ഭയംകൊണ്ടു വിറച്ചു പോയി. എങ്കിലും ഞാൻ ജീവനെപ്പോലും കരുതാതെ അപകടപൂർണ്ണമായ ഈ ഉദ്യമത്തിനു തയാറായതു് ഈ സംഭവങ്ങളുടെയെല്ലാം രഹസ്യം അറിയണമെന്നുള്ള ദൃഢവ്രതത്താൽ ആയിരുന്നല്ലോ. അതിനാൽ ഭയത്തിനു കീഴ്പ്പെടാതെ മുറിയുടെ വാതിൽ തള്ളിത്തുറന്നു ഞാൻ ഒരുവിധത്തിൽ പുറത്തുചാടി ഉദ്യാനത്തിൽ പ്രവേശിച്ചു. ഒരു മരച്ചുവട്ടിൽ മറഞ്ഞിരുന്നുകൊണ്ടു് അവിടെ നടക്കുന്ന സംഭവങ്ങളെല്ലാം ഞാൻ സൂക്ഷിച്ചുകണ്ടു. വളരെ നേരം കാളയെ വടികൊണ്ടടിച്ചു വേദനിപ്പിച്ചതിനുശേഷം യുവാവു് വടി ദൂരെയെറിഞ്ഞിട്ടു് തൊഴുത്തിൽ പ്രവേശിച്ചു് കാളയുടെ പുറത്തു സ്നേഹപൂർവം തലോടുകയും അതിൻെറ മാംസപേശികളിൽ തെരുതെരെ ചുംബിക്കുകയും ചെയ്യുന്നതു കണ്ടു. അതിനുശേഷം അയാൾ കാളയ്ക്കു് ധാന്യങ്ങളും പച്ചപ്പുല്ലും തിന്നാൻ കൊടുത്തു. അതുകഴിഞ്ഞു യുവാവു് ഞാൻ ഒളിച്ചിരുന്ന സ്ഥലത്തേക്കു നടന്നുവന്നു. ഞാൻ

ഭയന്നു വിറച്ചുകൊണ്ടു് അവിടെനിന്നു് എഴുന്നേററു് ഓടി ഒരു മുറിയ്ക്കകത്തുകയറി പതുങ്ങിയിരുന്നു. യുവാവു് വീട്ടിനകത്തു പ്രവേശിച്ചു് മുറികളെല്ലാം തുറന്നിട്ടു. അപ്പോഴേയ്ക്കും അയാൾക്കു കൈകാലുകൾ കഴുകാൻ പരിചാരകർ വെള്ളം തയാറാക്കിവെച്ചു. യുവാവു് കൈകാലുകളും മുഖവും കഴുകി ശുദ്ധികർമ്മംനടത്തിട്ടു നമസ്കാരകർമ്മം നടത്തി. ആ കൃത്യം നിർവഹിച്ചതിനുശേഷം അയാൾ എന്നെ അന്വേഷിച്ചു. ഞാൻ പെട്ടെന്നു് അയാളുടെ മുമ്പിൽ ഓടിയെത്തി വണങ്ങിനിന്നു. അയാൾ എന്നെ ഇരിക്കാൻ സംജ്ഞകാണിച്ചു. ഞങ്ങൾ രണ്ടുപേരും ഇരുന്നു ഭക്ഷണം കഴിച്ചു. ഭക്ഷണാനന്തരം പരിചാരകന്മാരെ എല്ലാവരേയും വിശ്രമത്തിനയച്ചിട്ടു് അയാൾ എന്നോടു സംഭാഷണമാരംഭിച്ചു. "പ്രിയസ്നേഹിതാ! ജീവിതം വെടിയാൻതുനിയത്തക്കവണ്ണം നിങ്ങൾക്കു് എന്തു നിർഭാഗ്യാവസ്ഥയാണു സംഭവിച്ചതു്?"എന്നു് ആ യുവാവു് സ്നേഹപൂർവ്വം എന്നോടുചോദിച്ചു. ഞാൻ എന്റെ കഥ മുഴുവൻ അയാളെ വിവരിച്ചുകേൾപ്പിച്ചു. എന്റെ കഥ കേട്ടുതീർന്ന ഉടൻതന്നെ അയാൾ"അല്ലാഹുവേ! യഥാർത്ഥപ്രേമത്തിന്റെ യാതനകൾ എത്രമാത്രമാണെന്നു നീയല്ലാതെ ആരും അറിയുന്നില്ല. പ്രണയവേദന അനുഭവപ്പെട്ട ഒരാൾക്കല്ലാതെ അതിന്റെ തീക്ഷ്ണത അറിയാൻ സാധ്യവുമല്ല"എന്നു പറഞ്ഞുകൊണ്ടു് ദയനീയമായി ഒന്നു നെടുവീർപ്പിടുകയും അതിനെത്തുടർന്നു ബോധംകെട്ടു വീഴുകയും ചെയ്തു. ഏതാനുംനിമിഷങ്ങൾ കഴിഞ്ഞു് അയാൾക്കു് ബോധം വീണ്ടുകിട്ടിയപ്പോൾ അയാൾ എഴുന്നേററിരുന്നുകൊണ്ടു് വീണ്ടും ദുഃഖാർത്തനായി ദീർഘനിശ്വാസംചെയ്തു. ഇതു കണ്ടപ്പോൾ അയാളും എന്നെപ്പോലെ ഒരു പ്രേമകഥയിൽപെട്ടു് നിരന്തരദുഃഖം അനുഭവിക്കുന്ന ആളാണെന്നു ഞാൻ മനസ്സിലാക്കി. അനന്തരം ഞാൻ അയാളോടു് ഇങ്ങനെ പറഞ്ഞു:— "സ്നേഹിതാ! ഞാൻ എന്റെ കഥയെല്ലാം നിങ്ങളെ പറഞ്ഞു

കേൾപ്പിച്ചുവല്ലോ. ഇനി ദയവായി നിങ്ങളുടെ കഥ എന്നെ അറിയിച്ചാലും. ഒരുപക്ഷെ ഈ സാധുവിന്ന് നിങ്ങളുടെ ഹൃദയാഭിലാഷം നിറവേറത്തക്കവിധം വല്ല സഹായവും ചെയ്യാൻ കഴിഞ്ഞെന്നുംവരാം.” അതുകേട്ട് ആ യുവാവ് എന്നെ അയാളെപ്പോലെ കഷ്ടപ്പാടുസഹിക്കുന്നവനും, പ്രേമത്തിൻെറ പരമരഹസ്യങ്ങളിലും യാതനകളിലും അയാളോടൊപ്പം അനുഭവം ഉള്ളവനും ആയിക്കണ്ടിട്ട് അയാളുടെ കഥയെ താഴെ വരുംപ്രകാരം എന്നെ പറഞ്ഞുകേൾപ്പിച്ചു:—

“എന്നാൽ കേട്ടുകൊള്ളുക. എൻെറ സ്നേഹിതാ, ഇവിടെ ഇങ്ങനെ ഒരിക്കലും ഒടുങ്ങാത്ത ഹൃദയവേദനയിൽ ജീവിതംകഴിക്കുന്ന ഞാൻ ഈ പുരാതനരാജ്യത്തിലെ കിരീടാവകാശിയായ രാജകുമാരനാണ്. എൻെറ വന്ദ്യപിതാവായ ഇപ്പോൾ നാടുവാഴുന്ന രാജാവ്, എൻെറ ജനനസമയം അനവധി പ്രശസ്തരായ ജ്യോത്സ്യന്മാരെ വരുത്തി എൻെറ ജാതകം തയാറാക്കിച്ചു. അവർ ഓരോരുത്തരും പ്രത്യേകം തയാറാക്കിയ ജാതകങ്ങൾ പൊതുവേ ചർച്ച ചെയ്ത് ഏകാഭിപ്രായത്തിലുള്ള ഒരു ജാതകമെഴുതി രാജാവിനെ ഏല്പിച്ചു. അതിൻെറ രത്നച്ചുരുക്കം അവർ ഇപ്രകാരം രാജാവിനെ വിവരിച്ചുകേൾപ്പിച്ചു:—“ഈ രാജകുമാരൻ ദൈവാനുഗ്രഹത്താൽ അത്യന്തം ശുഭമായ യോഗത്തിൽ ജനിച്ചിരിക്കുകയാണ്. കുമാരൻ സിക്കന്തറേക്കാൾ വളരെക്കൂടുതൽ ദിഗ്‌വിജയംചെയ്ത് ഒരു മഹത്തായ സാമ്രാജ്യം സ്ഥാപിക്കുകയും, നീതിബോധത്തിൽ നൗഷീർവാനെപ്പോലും അതിശയിക്കുകയും ചെയ്യും. കൂടാതെ കുമാരൻ സകല വേദശാസ്ത്രങ്ങളിലും ജ്ഞാനം സമ്പാദിക്കുകയും താൻ നിശ്ചയിക്കുന്ന ഏതുകാര്യവും നേടുകയും ചെയ്യും. ധൈര്യത്തിലും ഔദാര്യത്തിലും കുമാരൻ നേടുന്ന പ്രസിദ്ധിയുടെ കൂടുതൽ കൊണ്ട് റുസ്ത്തമിനേയും ഹാതി

മിനേയും ആരും ചിന്തിക്കാതെവരും. എന്നാൽ പതിന്നാലുവയസ്സ തികയുന്നതുവരെ രാജകുമാരനു വളരെ ആപല്ക്കാലമായിരിക്കും. സൂര്യനേയോ ചന്ദ്രനേയോ ആകാശത്തേയോ നോക്കാൻ ഇടവരാതെ പ്രത്യേകം സൂക്ഷിച്ചു കൊള്ളണം. അങ്ങനെ നോക്കുകയാണെങ്കിൽ കുമാരനു ചിത്തഭ്രമം ബാധിക്കാനിടവരികയും അതിനേത്തുടൎന്ന് അനവധി ജീവികളുടെ രക്തം ചൊരിയുന്നതിനും മനസ്സമാധാനമില്ലാതെ കാട്ടിലും മലയിലും അലഞ്ഞുനടന്ന് പക്ഷിമൃഗാദികളുമായി സഹവസിക്കാനും ഇടയുണ്ടാകയും ചെയ്യും. ഈ പതിന്നാലു സംവത്സരങ്ങൾ ആപത്തുകൂടാതെ കഴിഞ്ഞാൽ രാജകുമാരൻ തൻെറ ജീവാവസാനംവരെ ശ്രേയസ്സോടും സമാധാനത്തോടും രാജ്യംഭരിക്കും." ജ്യോത്സ്യന്മാരുടെ ഈ പ്രവചനം കേട്ട് എൻെറ പിതാവ് ഈ ഉദ്യാനവും ഈ കൊട്ടാരവും പണികഴിക്കാൻ കല്പനകൊടുക്കുകയും എന്നെ ഇതിനകത്തു പ്രത്യേക കരുതലോടുകൂടി വളൎത്തുകയും ചെയ്തു. സൂര്യൻെറയോ ചന്ദ്രൻെറയോ ഒരു രശ്മിപോലും കടക്കാത്തവിധം ഒരുതരം മൃദുവായ തൂവൽകൊണ്ടുണ്ടാക്കിയ മേൽക്കൂരയോടുകൂടിയ ഒരു മുറിയിൽ എന്നെ പ്രത്യേകം സൂക്ഷിക്കാൻ ഏൎപ്പാടുചെയ്തു. എന്നെ ശുശ്രൂഷിക്കാനും മററും വേണ്ട പരിചാരകന്മാരേയും പരിചാരികമാരേയും പിതാവ് പ്രത്യേകം തിരഞ്ഞെടുത്തു നിയമിച്ചിരുന്നു. അങ്ങനെ പത്തുവയസ്സു തികയുന്നതുവരെ ഞാൻ വളരെ ആനന്ദപ്രദമായി ഇവിടെ താമസിച്ചു വളൎന്നു. സകല ശാസ്ത്രങ്ങളിലും വേദങ്ങളിലും ഭരണസംബന്ധമായ കാൎയ്യങ്ങളിലും ഇതിനകം ഞാൻ മികച്ച ജ്ഞാനം സമ്പാദിച്ചിരുന്നു. എൻെറ ബാഹ്യലോകം ഈ കൊട്ടാരം മാത്രമായിരുന്നു. ആഹാരാദികാൎയ്യങ്ങളിൽ എനിക്ക് എല്ലാവിധത്തിലും ആരോഗ്യകരവും ആനന്ദപ്രദവുമായ ഏൎപ്പാടുകളെല്ലാം ഇവിടെ ഉണ്ടായിരുന്നു.

ഒരുദിവസം ഞാൻ സദാ വസിച്ചിരുന്ന മുറിയുടെ മോന്തായത്തിൽ, ആകാശത്തിൻെറ മങ്ങിയ വെളിച്ചത്തിനിടയ്ക്കൂടെ മനോഹരമായ ഒരു പുഷ്പത്തെക്കണ്ടു. ഞാൻ സൂക്ഷിച്ചുനോക്കുന്തോറും ആ പുഷ്പം വലുതായിവന്നു. ആ പുഷ്പത്തെ കൈയ്യിൽ കിട്ടാൻ എനിക്കു വളരെ ആഗ്രഹം ജനിക്കുകയും അതിനെ പറിച്ചെടുക്കുന്നതിനുവേണ്ടി ഞാൻ ഇരുകരങ്ങളും ഉയൎത്തുകയുംചെയ്തു. എൻെറ കൈകൾ അങ്ങോട്ടു നീട്ടിയപ്പോൾ ആ പുഷ്പം പെട്ടെന്ന് അപ്രത്യക്ഷമായി. അതുകണ്ട് ഞാൻ അത്ഭുതാധീനനായി പുഷ്പം പ്രത്യക്ഷപ്പെട്ട ഭാഗത്തേക്കു സൂക്ഷിച്ചുനോക്കിനില്ക്കവേ ഒരു പൊട്ടിച്ചിരിയുടെ ശബ്ദം എൻെറ കണ്ണുങ്ങളിൽ പതിച്ചു. ആ ശബ്ദം പുറപ്പെട്ട ഭാഗത്തേക്കു ഞാൻ ദൃഷ്ടി ഉയൎത്തി സൂക്ഷിച്ചുനോക്കി നിന്നു. എൻെറ മുറിയുടെ മേൽക്കൂരയിൽ ഒരുഭാഗത്ത് തുവൽകൊണ്ടുള്ള മേല്പുര അല്പം പൊളിഞ്ഞിരിക്കുന്നതായും ആ വിടവിൽക്കൂടി പൂൎണ്ണചന്ദ്രനെപ്പോലെ ശോഭയേറിയ ഒരു മുഖം പ്രത്യക്ഷപ്പെടുന്നതായും ഞാൻ കണ്ടു. ആ കാഴ്ചകണ്ടു എൻെറ ഓൎമ്മശക്തി ക്ഷയിച്ചു ഞാൻ മോഹാലസ്യത്തിൽ വീണുപോയി. ബോധം തെളിഞ്ഞു ഞാൻ കണ്ണുതുറന്ന് മേൽക്കൂരയിലേക്കു വീണ്ടും നോക്കി. രത്നംകൊണ്ടു നിൎമ്മിച്ച ഒരു സിംഹാസനം വനദേവതമാർ തോളിൽ വഹിച്ചുകൊണ്ടുപോകുന്നതും ആ സിംഹാസനത്തിൽ, നവരത്നഖചിതമായ കിരീടമണിഞ്ഞും ഏററവും ശോഭയേറിയ വസ്ത്രങ്ങൾ ധരിച്ചും ഒരാൾ ഇരിക്കുന്നതും ഞാൻ കണ്ടു. ആ ആൾ പുഷ്യരാഗംകൊണ്ടു നിൎമ്മിക്കപ്പെട്ടിരുന്ന ഒരു പാനപാത്രത്തിൽ മധുപാനം ചെയ്യുന്നതും കണ്ടു. ആ സിംഹാസനം ക്രമേണ താഴ്ന്നുവന്ന് എൻെറ മുറിയുടെ മോന്തായത്തിൽ ഉറച്ചു. അതിനകത്തിരുന്ന ദേവാംഗന എന്നെ വിളിച്ച് അവളുടെ സമീപം സിംഹാസനത്തിൽ ഇരുത്തി. അനന്തരം അവൾ പ്രേമം നിറഞ്ഞ മധുരസ്വരത്തിൽ എന്നോടു നൎമ്മസല്ലാപം നട

ത്തുകയും അവളുടെ തളിരുപോലുള്ള അധരങ്ങൾ എന്റെ അധരത്തോടുചേർത്തമർത്തുകയും ചെയ്തുകൊണ്ട് ഇങ്ങനെ പറഞ്ഞു: "മനുഷ്യസന്താനം വിശ്വാസം പാലിക്കുന്നവനല്ല; എന്നാലും എന്റെ ഹൃദയം നിങ്ങളെ സ്നേഹിക്കുന്നു." അവളുടെ മാധുര്യമേറിയ ആകർഷണശക്തി എന്നെ പൂർണ്ണമായി കീഴടക്കുകയും ജീവിതത്തിൽ ആനന്ദമെന്നുള്ളതു് എന്തെന്ന് അന്നു ഞാൻ അറിയുകയുംചെയ്തു. എന്റെ ഹൃദയം ആനന്ദസമുദ്രത്തിൽ ആറാടി; ഞാൻ ആനന്ദത്തിൽ മതിമറന്നു. അതിന്റെ ഫലമാണ് ഇപ്പോൾ ഞാൻ അനുഭവിക്കുന്ന നരകയാതന. എന്നാൽ ആ ഒരു നിമിഷനേരം ഞാൻ കണ്ടതും കേട്ടതും ആസ്വാദിച്ചതുമായ സ്വർഗ്ഗീയ ആനന്ദാനുഭവം മററാർക്കും സിദ്ധിക്കുന്നതല്ലതന്നെ. ഞങ്ങൾ അങ്ങനെ ഒരുമിച്ചിരുന്നു നിർവാണസുഖത്തിൽ ലയിക്കവെ ഒരു നിമിഷത്തിനുള്ളിൽ ഞങ്ങളുടെ ആനന്ദസൗധം ഇടിഞ്ഞുതകർന്നു തരിപ്പണമായി. ആകാശത്തിൽനിന്നു നാലു ദേവാംഗനകൾ അവിടെ പറന്നുവന്ന് എന്റെ ദേവിയുടെ കാതിൽ എന്തോ മന്ത്രിക്കുന്നതു കണ്ടു. അതു കേട്ടമാത്രയിൽ എന്റെ പ്രേമഭാജനം വിവർണ്ണവദനയായിത്തീർന്നു. അവൾ ഏററവും വേദനയോടുകൂടി എന്നോടിങ്ങനെ പറഞ്ഞു: "പ്രിയാ, നിങ്ങളുമായി അല്പനേരം സഹവസിച്ച് എന്റെ ഹൃദയത്തിന് ആനന്ദം കൈവരുത്താമെന്നും, മേലും കൂടക്കൂടെ എന്റെ സന്ദർശനങ്ങൾ ഈ രീതിയിൽ തുടർന്നുപോകുകയോ അല്ലെങ്കിൽ നിങ്ങളെ എന്റെകൂടെ കൊണ്ടുപോകുകയോ ചെയ്യാമെന്നും ഞാൻ ആശിച്ചിരുന്നു. എന്നാൽ കഠോരമായ വിധി രണ്ടുജീവികളുടെ സമാധാനപരവും ആനന്ദകരവുമായ ജീവിതസമ്മേളനത്തിനു പ്രതിബന്ധം ഉണ്ടാക്കുന്നതു പതിവാണ്. എന്റെ പ്രിയംനിറഞ്ഞ സുഹൃത്തേ! നിങ്ങളോടു ഞാൻ യാത്രപറയുന്നു. അല്ലാഹു നിങ്ങളെ കാത്തുരക്ഷിക്കട്ടെ." കർണ്ണകഠോരമായ ആ വാക്കുകൾകേട്ടു ഞാൻ ഞെട്ടിപ്പോയി. അവൾക്കു് എത്രയുംവേഗം

എൻെറ അടുക്കൽ വരാൻ സാധിക്കുമെങ്കിൽ എന്നെ ജീവനോടുകൂടി കിട്ടുമെന്നും ഞാൻ അവളുടെ ദീർഘകാലത്തെ വിരഹം സഹിച്ചു ജീവിക്കാൻ ശക്തനല്ലെന്നും അറിയിച്ചു. അവൾ ആരാണെന്നും എവിടെ വസിക്കുന്നുവെന്നും എന്നെ അറിയിച്ചിട്ടുപോകണമെന്നും, ആ വിവരങ്ങൾ ഗ്രഹിക്കാൻ സാധിച്ചാൽ എനിക്ക് അവളെ അന്വേഷിച്ച് കണ്ടുപിടിക്കാനെങ്കിലും ശ്രമിക്കാമെന്നും ഞാൻ കണ്ണീർവാർത്തുകൊണ്ടുപറഞ്ഞു. അതുകേട്ട് അവളെ തിരഞ്ഞു കണ്ടുപിടിക്കാൻ ശ്രമിക്കരുതെന്ന് അവളെന്നെ വിലക്കുകയും ഞാൻ നൂററിഇരുപതു വയസ്സുവരെ ജീവിച്ചിരിക്കണമെന്നനുഗ്രഹിക്കുകയും ചെയ്തിട്ട് അവൾ ദേവതകളുടെ രാജാവിൻെറ പുത്രിയാണെന്നും ഖാഫ് എന്ന മലയിലാണ് അവൾ വസിക്കുന്നതെന്നും ഞങ്ങൾ രണ്ടുപേരും ജീവിച്ചിരിക്കുമെങ്കിൽ വീണ്ടും തമ്മിൽ കാണാൻ ഇടയാകുമെന്നും അവൾ മറുപടി നൽകി. ഉത്തരക്ഷണത്തിൽ അവളിരുന്ന സിംഹാസനത്തെ വഹിച്ചുകൊണ്ടു നാലു ദേവതകൾ ആകാശത്തേയ്ക്കുയന്നു. അവൾ എൻെറ ദൃഷ്ടിപഥത്തിൽനിന്നു മറയുന്നതുവരെ ഞങ്ങൾ രണ്ടുപേരും അന്യോന്യം നോക്കിക്കൊണ്ടിരുന്നു അവൾ ദൃഷ്ടിയിൽനിന്നു മറഞ്ഞതോടുകൂടി എനിക്കു വല്ലാത്ത ഒരു അസ്വാസ്ഥ്യതയും സങ്കടവും ബാധിച്ചു. ഞാൻ പ്രജ്ഞയററു നിലംപതിച്ചു. അതിനുശേഷം യാതൊന്നിലും താല്പര്യമില്ലാതെ വെറുമൊരു ഭ്രാന്തനെപ്പോലെ ഞാൻ മൂകനായി ജീവിതം നയിച്ചുവന്നു. ആഹാരാദി ദിനചര്യകളിൽ ഒന്നിലും ഞാൻ ശ്രദ്ധിക്കാതെ ആയി. നല്ലതേതെന്നും ചീത്തയേതെന്നുമുള്ള വിവേചനാശക്തി പോലും എനിക്കില്ലാതെയായി. കഷ്ടം! പ്രേമം എന്തെല്ലാം യാതനകളാണു മനുഷ്യനു വരുത്തിവെയ്ക്കുന്നതു്! ഞാൻ ക്രമേണ ആരോഗ്യം നശിച്ചു വിളറി ഭ്രാന്തനെപ്പോലെ മൌനിയായിത്തീൎന്ന വിവരം എൻെറ പരിചാരകന്മാരിൽനിന്നു് എൻെറ പിതാവിനു് അറിവുകിട്ടി. അദ്ദേ

ഹം പലരോടും ഇതിനു പ്രതിവിധി ആരാഞ്ഞു. ആക്കും ഇതിനൊരു പ്രതിവിധി കണ്ടുപിടിക്കാൻ സാധി ച്ചില്ല. അങ്ങനെ മൂന്നു നീണ്ടവഷങ്ങൾ മുന്നോട്ടു നീങ്ങി. നാലാമത്തെ വർഷത്തിൽ ദൂരദേശത്തുനിന്നു് ഒരു വ്യാപാരി എന്റെ പിതാവിന്റെ കൊട്ടാരത്തിൽ പല വിശേഷവസ്തുക്കളും വില്പനയ്ക്കു കൊണ്ടുവന്നു. ഒട്ട ധികം രാജ്യങ്ങളിൽ വ്യാപാരസംബന്ധമായി സഞ്ചരി ച്ചു ലോകപരിചയം സിദ്ധിച്ചിട്ടുള്ള ആ വ്യാപാരിയോടു് എന്റെ രോഗവിവരം പിതാവറിയിച്ചു. അതെല്ലാം ശ്രദ്ധിച്ചുകേട്ടതിനുശേഷം ആ വ്യാപാരി ഇങ്ങനെ പറഞ്ഞു:—"ഹിന്ദുസ്ഥാൻരാജ്യത്തു് ഗംഗാനദിയുടെ മദ്ധ്യ ത്തുള്ള ഒരു ദ്വീപിൽ ഒരു അത്ഭുതസന്ന്യാസിയുടെ ആശ്രമ മുണ്ടു്. ആ സന്ന്യാസി ആണ്ടിൽ ഒരു പ്രാവശ്യംമാത്രമേ തന്റെ ആശ്രമത്തിനു പുറത്തുവരികയുള്ളു. മററുദിവസ ങ്ങളിലെല്ലാം അദ്ദേഹം ആശ്രമത്തിനകത്തിരുന്നു് ധ്യാന ത്തിൽ കഴിയുകയാണു പതിവു്. ശിവരാത്രിദിവസ മാണു് ആ സന്ന്യാസി പുറത്തിറങ്ങുന്നതു്. അന്നു് അദ്ദേഹം പുറത്തുവന്നാൽ ഉടനെ ഗംഗാനദിയിൽ ഇറങ്ങി വളരെനേരം നീന്തിക്കളിച്ചതിനുശേഷം കുളികഴിഞ്ഞു് ആശ്രമത്തിലേക്കു മടങ്ങും. അദ്ദേഹത്തിനു വൈദ്യസംബ ന്ധമായി അപാരപാണ്ഡിത്യമുണ്ടു്. ശിവരാത്രിദിവസം സന്ന്യാസി പുറത്തുവരുമ്പോൾ അദ്ദേഹത്തെ ദർശിച്ചു് രോഗ ശമനത്തിനുള്ള പ്രതിവിധി ലഭിക്കുന്നതിനുവേണ്ടി കണ ക്കില്ലാതെ ജനങ്ങൾ ആശ്രമപരിസരങ്ങളിൽ തിങ്ങിക്കൂ ടുക പതിവാണു്. അദ്ദേഹം അവരിൽ ഓരോരുത്തരേയും ഒന്നു നോക്കി അവരുടെ രോഗം എന്താണെന്നു കണ്ടുപി ടിച്ചു് അതിനുപററിയ ഔഷധം കൊടുക്കുകയും, പ്രയോഗി ക്കാനുള്ള നിർദ്ദേശംകൊടുക്കുകയും ചെയ്യും. അതിനു് ആരോടും അദ്ദേഹം പ്രതിഫലമൊന്നും സ്വീകരിക്കുകയില്ല. ആ സന്ന്യാസിയെ സന്ദർശിച്ചവരിൽ ആക്കും രോഗം

ശമിക്കാതെയിരുന്നിട്ടില്ല. അതിനാൽ എല്ലാവർഷവും ശിവരാത്രിദിവസം അദ്ദേഹത്തെ കാണാൻ ലോകത്തിൻെറ നാനാഭാഗത്തുനിന്നും നിരവധി ജനങ്ങൾ തിങ്ങിക്കൂടും. രാജകുമാരനെ അവിടെ കൊണ്ടുപോയാൽ കുമാരൻെറ രോഗം മാറുമെന്നാണെൻെറ വിശ്വാസം. കൂടാതെയും ഇത്ര ദൂരെയുള്ള സ്ഥലത്തേക്ക് ഒരു യാത്രപോകുന്നതുതന്നെ മനസ്സിനും ശരീരത്തിനും മാററംവരുത്തുന്ന ഒരനുഭവമായിരിക്കുമല്ലോ." ആ വ്യാപാരിയുടെ ഉപദേശം എൻെറ പിതാവു വളരെ ശുഭാപ്തിവിശ്വാസത്തോടുകൂടി സ്വീകരിച്ചു. അതനുസരിച്ച് കൊട്ടാരത്തിലെ വിശ്വസ്തനായ ഒരു ഉദ്യോഗസ്ഥൻെറയും ആ വ്യാപാരിയുടേയും മേൽനോട്ടത്തിൽ പിതാവ് എന്നെ ഹിന്ദുസ്ഥാനത്തിലേക്കയച്ചു. ഞങ്ങൾ വളരെ ദീർഘമായ യാത്രയ്ക്കുശേഷം ഉദ്ദിഷ്ടസ്ഥാനത്തു ചെന്നുചേർന്നു. വ്യാപാരി വിവരിച്ചുകേൾപ്പിച്ചതുപോലെയുള്ള സംഭവങ്ങളെല്ലാം ശിവരാത്രിദിവസം ആ സന്യാസിയുടെ ആശ്രമത്തിൽ നടന്നു. അവിടെ കാത്തുനിന്നിരുന്ന ഓരോരുത്തരേയും അടുത്തുപരിശോധിച്ചിട്ട് ഓരോ പ്രതിവിധിയും കല്പിച്ച് അദ്ദേഹം യാത്രയാക്കി. ഒടുവിൽ എന്നെയുംകൂട്ടിക്കൊണ്ട് അദ്ദേഹം ആശ്രമത്തിനകത്തേക്കു പോയി. എൻെറ രോഗം ശരിയായി മനസ്സിലാക്കിയ ആ താപസശ്രേഷ്ഠൻ അതിനു വിസ്തരിച്ചുള്ള പ്രതിവിധി ആവശ്യമാണെന്നു തീരുമാനിച്ചിരുന്നു. ആശ്രമപരിസരത്തിലുള്ള മനോഹരമായ ഉദ്യാനത്തിലേക്ക് അദ്ദേഹം എന്നെ കൂട്ടിക്കൊണ്ടുപോയി, അവിടെയുള്ള ഒരു വിശാലമായ മന്ദിരത്തിൽ താമസിക്കാൻ എനിക്കു നിർദ്ദേശംതന്നു. ഞാൻ അവിടെ താമസംതുടങ്ങി. സന്യാസി എന്നെ അവിടെ ആക്കീട്ട് ആശ്രമത്തിനകത്തേക്കു പോയി. അതിനുശേഷം നാല്പതാമത്തെ ദിവസം അദ്ദേഹം എന്നെ വീണ്ടും വന്നുനോക്കി. അപ്പോൾ എൻെറ ആരോഗ്യം വളരെ ഭേദപ്പെട്ടിരിക്കുന്നതായി അദ്ദേഹം

കണ്ടു. ആ ഉദ്യാനത്തിൽ യഥേഷ്ടം സഞ്ചരിക്കണമെന്നും അവിടെയുള്ള പഴങ്ങളെല്ലാം പറിച്ചു ഭക്ഷിച്ചു ജീവിക്കണമെന്നും എന്നോടുപദേശിച്ചു. അതിനുശേഷം അദ്ദേഹം ഒരു കുടംനിറച്ച് ഒരുതരം മധു എനിക്കു തന്നിട്ട് എല്ലാദിവസവും രാത്രി നിരാഹാരമായി കഴിഞ്ഞിട്ടു രാവിലെ അതിൽനിന്ന് ആറ് ഔൺസുവീതം സേവിക്കാൻ ഉപദേശിച്ചു. അനന്തരം അദ്ദേഹം ആശ്രമത്തിലേക്കു മടങ്ങിപ്പോയി. അദ്ദേഹത്തിൻെറ ഉപദേശം ഒട്ടും തെററിക്കാതെ ഞാൻ നിഷ്കൃഷ്ടയായി അനുസരിച്ചുവന്നു. ദിവസങ്ങൾ കഴിയുംതോറും എൻെറ ശരീരത്തിനു ശക്തി വദ്ധിക്കുന്നതായും എൻെറ മനസ്സ് ശാന്തമാകുന്നതായും എനിക്കനുഭവപ്പെട്ടു. എന്നാൽ പ്രേമം അതിൻെറ ശക്തികൊണ്ടു് എന്നെ കീഴടക്കിത്തന്നെ വെച്ചുകൊണ്ടിരുന്നു. എൻെറ വനദേവതയുടെ സുന്ദരരൂപം എല്ലാദിവസവും എൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. ഞാൻ താമസിച്ചിരുന്ന കെട്ടിടത്തിൻെറ ഭിത്തിയിലുള്ള ഒരു തടത്തിൽ ഒരു ഗ്രന്ഥം ഇരിക്കുന്നതു ഞാൻ കണ്ടു. ഞാൻ അതെടുത്തു നോക്കിയപ്പോൾ വൈദ്യം മുതലായി ലോകത്തുള്ള സകല ശാസ്ത്രങ്ങളും സംബന്ധിച്ചുള്ള പൂർണ്ണമായ വിവരങ്ങളെല്ലാം അതിൽ അടങ്ങിയിട്ടുണ്ടെന്നു മനസ്സിലായി. ഞാൻ എല്ലാസമയവും ആ ഗ്രന്ഥം ശ്രദ്ധാപൂർവം പഠിച്ചുകൊണ്ടിരുന്നു. അങ്ങനെ വൈദ്യശാസ്ത്രസംബന്ധമായും മററും എനിക്ക് അത്ഭുതകരമായ വിജ്ഞാനം സിദ്ധിച്ചു. ഒരു കൊല്ലം ഞാൻ അവിടെ താമസിച്ചു. വീണ്ടും ശിവരാത്രി ദിവസം വന്നുചേന്നു. സന്ന്യാസി എന്നെയുംകൂട്ടിക്കൊണ്ടു് നദിയിൽ സ്നാനത്തിനു പോയി. എൻെറകൂടെ വന്നിരുന്ന വ്യാപാരിയും കൊട്ടാരത്തിലെ ഉദ്യോഗസ്ഥനും ഞങ്ങളെ അവിടെ കാത്തു വണങ്ങിനിന്നിരുന്നു. എൻെറ ആരോഗ്യം അത്ഭുതകരമായി വദ്ധിച്ചിരുന്നതു കണ്ടു് അവർ രണ്ടുപേരും സന്ന്യാസിയെ സ്തുതിക്കുകയും അദ്ദേഹത്തിൻെറ പാദങ്ങളിൽ

വീണ്ടു വന്ദിക്കയും ചെയ്തു. അതുപോലെ അവിടെ കൂടിയിരുന്ന അനേകലക്ഷം രോഗികളിൽ ഓരോരുത്തരും സന്ന്യാസിയെ ഭക്തിപൂർവ്വം വന്ദിച്ചു. സന്ന്യാസി നദിയിൽ സ്നാനം കഴിഞ്ഞു മടങ്ങിവന്നു് അവിടെ കൂടിയിരുന്ന രോഗികൾ ഓരോരുത്തരേയും പരിശോധിച്ചു് അവക്കുള്ള ചികിത്സാക്രമത്തിനു കുറിപ്പുകൾ കൊടുത്തയച്ചു. ഒടുവിൽ അവിടെ സുന്ദരനായ ഒരു ചെറുപ്പക്കാരൻമാത്രം ശേഷിച്ചു. അയാൾ വിളറി ശോഷിച്ചു് നിവൎന്നുനില്ക്കാൻപോലും ശക്തിയില്ലാത്ത അവസ്ഥയിലായിരുന്നു. അയാളെ ചൂണ്ടിക്കാണിച്ചുകൊണ്ടു്, അയാളെ ആശ്രമത്തിലേക്കു കൂട്ടിക്കൊണ്ടുപോകാൻ സന്ന്യാസി എന്നോടാജ്ഞാപിച്ചു. ഞാൻ അപ്രകാരം ചെയ്തു. ഞങ്ങൾ അകത്തെ കെട്ടിടത്തിൽ പ്രവേശിച്ചപ്പോൾ സന്ന്യാസി ആ യുവാവിനെ ഒരു മുറിക്കകത്തേക്കു കൂട്ടിക്കൊണ്ടുപോയിട്ടു് അയാളുടെ തലയോട്ടിയുടെ ഒരു ഭാഗം ഇളക്കി. അതിനുശേഷം അയാളുടെ തലച്ചോറിൽ പററിപ്പിടിച്ചു ചുരുണ്ടുകൂടിയിരുന്ന ഒരു അട്ടയെ സന്ന്യാസി തന്റെ രണ്ടുവിരലുകളുപയോഗിച്ചു വലിച്ചെടുക്കാൻ ശ്രമിച്ചു. അങ്ങനെ ആ അട്ടയെ പറിച്ചെടുക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. അതുകണ്ടു് എനിക്കു് ഒരു ഉപായം തോന്നിയതിനെ ഞാൻ ഇപ്രകാരം സന്ന്യാസിയോടു പറഞ്ഞുകേൾപ്പിച്ചു:—"കൈകൊണ്ടു പിടിച്ചാൽ തലച്ചോറിൽ പററിപ്പിടിച്ചിരിക്കുന്ന അട്ട എളുപ്പം അതിന്റെ പിടിവിട്ടു് ഇളകിവരികയില്ല. ആ പരീക്ഷണം ഒരുപക്ഷെ രോഗിയുടെ ജീവനും അപകടംവരുത്തിയേക്കും. എന്നാൽ ഒരു കൊടിൽഉപയോഗിച്ചു് ഒരു കരിക്കഷണം ചൂടാക്കി അട്ടയുടെ പുറത്തുവെച്ചാൽ അതു് തന്നിയെ ചുരുൾനിവൎന്നു പുറത്തുവരും". ഇത്രയും കേട്ടമാത്രയിൽ സന്ന്യാസി എന്നെ ആപാദചൂഡം ഒന്നു നോക്കി നോക്കീട്ടു് ഒരക്ഷരംപോലും സംസാരിക്കാതെ ആ മുറിയിൽനിന്നു പുറത്തേക്കിറങ്ങിപ്പോയി. അദ്ദേഹം എവിടെ

പോകുന്നുവെന്നും എന്തിനു പോകുന്നുവെന്നും എനിക്കു് ഒട്ടും മനസ്സിലായില്ല. അധികനേരം കഴിഞ്ഞിട്ടും അദ്ദേഹം മടങ്ങിവന്നുകാണായ്കയാൽ ഞാൻ പുറത്തേക്കിറങ്ങി നോക്കി. അപ്പോൾ എന്നെ ഞെട്ടിപ്പിക്കുന്ന ഒരു ഭയങ്കര കാഴ്ചയാണു ഞാൻ കണ്ടതു്. തോട്ടത്തിലുള്ള ഒരു വൃക്ഷശിഖരത്തിൽ സന്യാസി തന്റെ അരയിൽ ബന്ധിച്ചിരുന്ന ചരടുപയോഗിച്ചു കെട്ടിത്തൂങ്ങി മരിച്ചുകിടക്കുന്ന കാഴ്ചയാണു ഞാൻ കണ്ടതു്. ഞാൻ വളരെ സങ്കടപ്പെട്ടുവെങ്കിലും സംഭവം നടന്നുകഴിഞ്ഞ സ്ഥിതിക്കു് അതിനെപ്പററി കൂടുതൽ ചിന്തിച്ചു വിഷമിച്ചതുകൊണ്ടു പ്രയോജനമില്ലെന്നുകണ്ടു് ഞാൻ സന്യാസിയുടെ ശവസംസ്കാരകർമ്മം യഥാവിധി നിർവഹിച്ചു. സന്യാസിയുടെ മൃതദേഹം വൃക്ഷത്തിൽനിന്നു താഴെ ഇറക്കിയപ്പോൾ അദ്ദേഹത്തിന്റെ ജടയുടെ ഇടയിൽ നിന്നു രണ്ടു താക്കോലുകൾ താഴെവീണു. ഞാൻ ആ താക്കോലുകൾ എടുത്തുകൊണ്ടുപോയി ഓരോ മുറിയുടെ പൂട്ടിലും പ്രയോഗിച്ചു പരിശോധിച്ചു. ഒടുവിൽ ആ താക്കോലുകൾ ഉപയോഗിച്ചു രണ്ടുമുറികൾ തുറക്കാൻ സാധിച്ചു. അതിൽ ഒന്നിനകത്തു് വിലയേറിയ രത്നങ്ങൾ കുന്നുകൂട്ടി ഇട്ടിരുന്നതു കണ്ടു. അടുത്ത മുറിയുടെ ഒരു മൂലയിൽ ഹംസധൂളികൊണ്ടും സ്വർണ്ണത്തകിടുകൊണ്ടും പൊതിഞ്ഞ ഒരു പെട്ടി ഇരിക്കുന്നതു കണ്ടു. ഞാൻ ആ പെട്ടി തുറന്നുനോക്കിയപ്പോൾ അതിനകത്തു് ഒരപൂർവ്വഗ്രന്ഥം കണ്ടുകിട്ടി. ആ ഗ്രന്ഥം ഇസ്മുൽഅഅ്സം എഴുതപ്പെട്ടതും ആ എഴുത്തുപയോഗിച്ചു് അത്ഭുതകൃത്യങ്ങൾ സാധിക്കുന്നതും, ജിന്നുകളേയും ഭൂതങ്ങളേയും ദേവതകളേയും എല്ലാം ഇഷ്ടാനുസരണം വരുത്തുന്നതും സൂര്യനെ അടിമപ്പെടുത്തുന്നതും സംബന്ധിച്ചുള്ള കാര്യങ്ങൾ വിവരിക്കുന്നതായിരുന്നു. ഞാൻ അത്യാർത്തിയോടെ അതു വായിച്ചുപഠിച്ചു. അനന്തരം ഞാൻ ഉദ്യാനത്തിന്റെ പുറംവാതിൽ തുറന്നു് എന്റെ സഹായത്തിനു വന്നിരുന്ന രണ്ടുപേരേയും തേടിപ്പിടിച്ചു ഞങ്ങൾ

യാത്രയ്ക്കുപയോഗിച്ച കപ്പൽ ആശ്രമത്തിൻെറ കടവിൽ അടുപ്പിക്കാൻ ആവശ്യപ്പെട്ടു. അവർ അപ്രകാരം ചെയ്തു. ആശ്രമത്തിലുണ്ടായിരുന്ന രത്നങ്ങളും സ്വർണ്ണവുമെല്ലാം ശേഖരിച്ച് അവിടെയുണ്ടായിരുന്ന വിലയേറിയ ഗ്രന്ഥങ്ങളും എടുത്തുകൊണ്ട് ഞങ്ങൾ കപ്പൽകയറി നാട്ടിലേക്കു പുറപ്പെട്ടു. യഥാകാലം ഞങ്ങൾ നീംറോസ്നഗരത്തിൽ ചെന്നു ചേൎന്നു. ഞങ്ങളുടെ ആഗമനവിവരം അറിഞ്ഞു് എൻെറ പിതാവ് കുതിരപ്പുറത്തുകയറി എന്നെ എതിരേററുകൊണ്ടുപോകാൻ തുറമുഖംവരെ എഴുന്നെള്ളി. പൂൎണ്ണാരോഗ്യവാനായി തിരിച്ചെത്തിയ പുത്രനെ കെട്ടിപ്പുണൎന്ന് ആ സ്നേഹസമ്പന്നനായ പിതാവ് സന്തോഷാശ്രുക്കൾ പൊഴിച്ചു. മേലാൽ എൻെറ പഴയ താമസസ്ഥലത്തേക്കു പോകണ്ടായെന്നും ആ സ്ഥലം മനുഷ്യവാസത്തിനു പററിയതല്ലെന്നും അവിടം ഒരു അശുഭഭൂമിയാണെന്നും അതിനാൽ രാജധാനിയിൽ കോട്ടയ്ക്കകത്തുതന്നെ രാജാവിൻെറ കൊട്ടാരത്തിനടുത്ത് ഏതെങ്കിലും ഒരു കൊട്ടാരത്തിൽ ഞാൻ താമസമുറപ്പിക്കണമെന്നും അദ്ദേഹത്തിന് എപ്പോഴും എൻെറ മേൽനോട്ടം ജാഗ്രതയായി സ്വയം നിൎവ്വഹിക്കണമെന്നും പിതാവ് എന്നോടു പറഞ്ഞു. എൻെറ പഴയ വിശ്രമസ്ഥാനമാണ് എനിക്കു് ഏററവും പ്രിയമുള്ളതെന്നും അതിനാൽ അവിടെത്തന്നെ താമസിക്കാൻ എന്നെ അനുവദിക്കണമെന്നും ഞാനപേക്ഷിച്ചു. അദ്ദേഹം അതു സമ്മതിച്ചു. അങ്ങനെ ഞാൻ ആ പഴയ വാസസ്ഥാനത്തുതന്നെ സകല സുഖസൌകൎയ്യാദികൾക്കും യോജിച്ച സജ്ജീകരണങ്ങളോടുകൂടി വീണ്ടും വാസമാരംഭിച്ചു. അവിടെ താമസം ആരംഭിച്ച ദിവസംമുതൽ ഞാൻ ഭൂതങ്ങളെ കീഴടക്കി അനുസരണയിൽ കൊണ്ടുവരുന്നതിനുള്ള മന്ത്രങ്ങൾ പ്രയോഗിക്കാൻ തുടങ്ങി. സസ്യഭക്ഷണം മാത്രം ഉപയോഗിച്ചുകൊണ്ട് നാല്പതുദിവസം ഉപവാസം അനുഷ്ഠിച്ച് ആ ദിവ്യമന്ത്രം പ്രയോഗിച്ചു. നാല്പതാമത്തെ

ദിവസം അദ്ധരാത്രിയായപ്പോൾ ഒരു ഭയങ്കരമായ കൊടുങ്കാററു വീശുകയും അതിൻെറ ശക്തിയേറിയ ഗതിവേഗം കൊണ്ടു് ഒട്ടധികം ഉന്നതമായ കെട്ടിടങ്ങൾ നിലംപതിക്കുകയും വൃക്ഷങ്ങൾ പിഴുതുവീഴുകയും ചെയ്തു. അല്പസമയം കഴിഞ്ഞു് ഒരു സുവർണ്ണസിംഹാസനത്തിൽ ഉപവിഷ്ടനായി ഗർവഭാവം കലൎന്ന ഒരു ദിവ്യപുരുഷനെ ആകാശസഞ്ചാരികളായ കുറെ ഭൃത്യങ്ങൾ വഹിച്ചു് എൻെറ മുറിയിൽ എത്തിച്ചു. ആ ദിവ്യജീവി എന്നോടിങ്ങനെ സംസാരിച്ചു:—"നിങ്ങൾ എന്തിനാണു് ഈ കൊടുങ്കാററിനെ ഇളക്കിവിട്ടു് എന്നെ ഇവിടെ വരുത്തിയതു്?" അതുകേട്ടു് എനിക്കു് അദ്ദേഹത്തിൻെറ സുന്ദരിയായ പുത്രിയിൽ അനുരാഗം ഉണ്ടായിട്ടുണ്ടെന്നും അവളെ ഒരുനോക്കു കാണാതെ എനിക്കു ജീവിച്ചിരിക്കാൻ സാധിക്കുകയില്ലെന്നും അതിനാൽ അവളെ എൻെറ മുമ്പിൽ വരുത്തിക്കാണിക്കണമെന്നും ഞാൻ വിനീതനായി അപേക്ഷിച്ചു. അതുകേട്ടു് പ്രകാശം ചിതറുന്ന ആ പുരുഷൻ ഇങ്ങനെ മറുപടി പറഞ്ഞു:—"മനുഷ്യർ മണ്ണുകൊണ്ടു സൃഷ്ടിക്കപ്പെട്ടവരും ഞങ്ങൾ അഗ്നികൊണ്ടു സൃഷ്ടിക്കപ്പെട്ടവരുമാണു്. ഇങ്ങനെ മൌലികമായ ഭിന്നതയുള്ളവർ തമ്മിലുള്ള ബന്ധവും സ്നേഹവും വളരെ പ്രയാസമേറിയവയാണു്." അതുകേട്ടു് എനിക്കു് അവളെ ഒന്നു കാണണമെന്നുള്ളതിൽ കവിഞ്ഞു് മററാഗ്രഹങ്ങളൊന്നുമില്ലെന്നു് ദേവഗണങ്ങളുടെ അധിനാഥനായ അദ്ദേഹത്തോടു ഞാൻ പറഞ്ഞു. അപ്പോൾ അദ്ദേഹം എനിക്കു വീണ്ടും ഇങ്ങനെ ഉപദേശം നൽകി:—"മനുഷ്യൻ അവൻെറ വാഗ്ദത്തം പാലിക്കുന്നതിൽ ശ്രദ്ധയുള്ളവനല്ല. ആവശ്യം നേരിടുമ്പോൾ അവൻ സകലതും വാഗ്ദത്തം ചെയ്യും; എന്നാൽ പെട്ടെന്നുതന്നെ അവൻെറ വാഗ്ദാനങ്ങളെ മറക്കുകയും ചെയ്യും. ഇതു ഞാൻ നിങ്ങളുടെ ഗുണത്തിനുവേണ്ടി പറയുന്നതാണു്. എൻെറ വാക്കുകൾ പ്രത്യേകം ശ്രദ്ധിച്ചുകൊള്ളുക; നിങ്ങൾക്കു് എൻെറ

പുത്രിയെ കാണുന്നതിലപ്പുറം എന്തെങ്കിലും ആഗ്രഹം ജനിക്കാനിടയാകുന്നപക്ഷം നിങ്ങൾ രണ്ടുപേരും നാശകൂപത്തിൽ പതിക്കുന്നതും നിങ്ങളുടെ ജീവൻതന്നെ അപകടത്തിലായിത്തീരുന്നതുമാണു്." അതുകേട്ടു് ഞാൻ എൻെറ സത്യപ്രതിജ്ഞകളെ ആവൎത്തിക്കുകയും, എൻേറയും അവളുടേയും നന്മയ്ക്കല്ലാതെയുള്ള യാതൊന്നും ഞാൻ പ്രവൎത്തിക്കുകയില്ലെന്നും, എനിക്കു് അവളെ ഒരുനോക്കു കാണണമെന്നുള്ള ഏകയുദ്ദേശമേ ഉള്ളുവെന്നും അദ്ദേഹത്തെ ഞാനറിയിക്കയുംചെയ്തു. ഞങ്ങൾ ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കവേ അദ്ദേഹത്തിൻെറ പുത്രി സൎവ്വാഭരണവിഭൂഷിതയായി, ഒരു സിംഹാസനത്തിൽ ദേവതകളാൽ വഹിക്കപ്പെട്ടു് എൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ആ ക്ഷണത്തിൽ ദേവതകളുടെ രാജാവിനേയും വഹിച്ചുകൊണ്ടു് അദ്ദേഹത്തിൻെറ സിംഹാസനം ആകാശത്തേയ്ക്കുയൎന്നു മറഞ്ഞു. ദീൎഘകാലത്തെ തപസ്സിൻെറ ഫലമായി ആശിച്ച ഫലം കൈവരുമ്പോൾ ഒരുവനു് എത്രമാത്രം ആനന്ദാനുഭൂതിയുണ്ടാകുമോ അത്രമാത്രം ആഹ്ലാദത്തോടുകൂടി ഞാൻ അവളെ കെട്ടിപ്പുണൎന്നു. ഇത്രനാളും നിനക്കുവേണ്ടി തപിച്ചുകൊണ്ടിരുന്ന എൻെറ സമീപത്തേക്കുവരാതെ ഏറെനാൾ ഇങ്ങനെ പിൻവാങ്ങിയിരുന്നുകളഞ്ഞതെന്താണെന്നു ഞാൻ അവളോടു് അകംഴിഞ്ഞു വിലപിച്ചുചോദിച്ചു. ഞാൻ അവളെ മതിവരാത്തവണ്ണം ഗാഢഗാഢം കെട്ടിപ്പുണൎന്നും അവളുടെ പേലവാധരങ്ങളിൽ തെരുതെരെ ചുംബനം അൎപ്പിച്ചും അവളുടെ അലൌകികസൌന്ദൎയ്യമഹിമയെ കൺകുളിരെക്കണ്ടും ആനന്ദനിവൃതിയിൽ ലയിച്ചു. എൻെറ പ്രേമവായ്പു് ഉറപ്പേറിയ അടിത്തറയിൽ കെട്ടിപ്പടുത്തതാണെന്നുള്ള ബോധം അവളെ അത്യധികം അതുഭുതാധീനയാക്കി. ഇടയ്ക്കിടയ്ക്കു് അവൾ എന്നെ ഇങ്ങനെ ഉപദേശിച്ചുകൊണ്ടിരുന്നു:—
"എൻെറ പ്രാണപ്രിയാ, നിങ്ങൾ നിങ്ങളുടെ വാഗ്ദാനത്തെ ഏതുകാലത്തും കൃത്യമായി പാലിക്കുന്ന ആൾതന്നെ.

എന്നാൽ സ്നേഹവിചാരത്താൽ പ്രേരിതയായി ഞാൻ നിങ്ങൾക്ക് ഒരു ഉപദേശം തരാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ദിവ്യഗ്രന്ഥത്തെ നിങ്ങൾ വളരെ ഭദ്രമായി സൂക്ഷിച്ചുകൊള്ളണം. അല്ലാത്തപക്ഷം നിങ്ങൾ അശ്രദ്ധനായിരിക്കുന്ന സമയംനോക്കി ഏതെങ്കിലും ഭൂതം അതിനെ തട്ടിക്കൊണ്ടുപോയേക്കും." ഞാൻ ആ വിശിഷ്ടഗ്രന്ഥത്തെ എൻെറ പ്രാണനേക്കാൾ ഭദ്രമായി സൂക്ഷിക്കുമെന്ന് അവളോടു മറുപടി പറഞ്ഞു.

അങ്ങനെ ഞങ്ങൾ ഞങ്ങളുടെ ആനന്ദപ്രദമായ സഹവാസം നിർബാധം തുടൎന്നുവരവേ ഒരു രാത്രി, ശൈത്താൻ എന്നെ വഴിതെററിച്ചു. എൻെറ പ്രേമഭാജനവുമായി നൎമ്മസല്ലാപത്തിൽ ഏൎപ്പെട്ടിരിക്കവേ അവളുടെ കോമളരൂപം എന്നെ വല്ലാതെ വികാരാവേശനാക്കി. 'എത്രനാൾ ഞാൻ ഇങ്ങനെ ക്ഷമയോടുകൂടി കാത്തിരിക്കും' എന്ന് ഉള്ളിൽ എനിക്കൊരടക്കാൻവയ്യാത്ത ചിന്ത ഉദിച്ചു. ഉടനെ ഞാൻ ആ ദേവാംഗനയെ കെട്ടിപ്പുണരുവാൻ വികാരശമനത്തിനുദ്യമിച്ചു. ആ സമയം എൻെറ കൎണ്ണങ്ങളിൽ ഇങ്ങനെ ഒരു വാക്യം മുഴങ്ങിക്കേട്ടു. "ആ ഗ്രന്ഥം ഇങ്ങുതരിക, അല്ലാഹുവിൻെറ മഹത്വമേറിയ നാമങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ആ വിശുദ്ധഗ്രന്ഥത്തെ അശുദ്ധമാക്കരുത്." എൻെറ അപ്പോഴത്തെ വികാരോത്തേജനത്തിൻെറ ഫലമായി ഞാൻ സകല വീണ്ടുവിചാരവും മറന്നിരുന്നു. അതിനാൽ യാതൊന്നും ചിന്തിക്കാതെ ഞാൻ എൻെറ വക്ഷസ്സിൽചേൎത്തു സൂക്ഷിച്ചിരുന്ന ആ ഗ്രന്ഥത്തെ എടുത്തു് ആ ചോദ്യകൎത്താവിനെ ഏല്പിച്ചു. അനന്തരം ഞാൻ പ്രേമത്തിൻെറ തീക്ഷ്ണമായ പ്രവൎത്തനങ്ങളിൽ മതിമറന്നു് ആനന്ദംപൂണ്ടു. എൻെറ ബുദ്ധിശൂന്യമായ പ്രവൃത്തി കണ്ടുകൊണ്ടിരുന്ന ആ ദേവാംഗന എന്നോടിപ്രകാരം പറഞ്ഞു:—"കഷ്ടം! നിങ്ങൾ നിങ്ങളെത്തന്നെയും എൻെറ ഉപദേശത്തെയും മറന്നുകളഞ്ഞു." ഇത്രയും

പറഞ്ഞിട്ട് അവരം ബോധരഹിതയായിത്തീൻ. കണ്ണു തുറന്നു നോക്കിയപ്പോരം ഒരു ഭൂതം ആ ഗ്രന്ഥവും കൈയിൽ വഹിച്ചുകൊണ്ടു കട്ടിലിൻെറ തലയ്ക്കൽ നിൽക്കുന്നതു കണ്ടു. ഞാൻ ആ ഭൂതത്തെ പിടിക്കുന്നതിനും അടിയ്ക്കുന്നതിനും എൻെറ ഗ്രന്ഥം പിടിച്ചുവാങ്ങുന്നതിനും ഉദ്യമിച്ചു. ഉടനെ മററൊരു ഭൂതം ആദ്യത്തെ ഭൂതത്തിൻെറ കൈയ്യിൽ നിന്നു് ആ ഗ്രന്ഥം വാങ്ങിക്കൊണ്ടു് ഓടിമറഞ്ഞു. ഞാൻ ഉരുവിട്ടുപഠിച്ചിരുന്ന മന്ത്രങ്ങളെ ഞാൻ ഉച്ചരിച്ചു. അപ്പോരം അവിടെ നിന്നിരുന്ന ഭൂതം ഒരു കാളയായി രൂപാന്തരപ്പെട്ടു. എൻെറ മോഹനാംഗിയായ ദേവകുമാരി അവളുടെ മോഹാലസ്യത്തിൽനിന്നു് അപ്പോഴും ഉണൎന്നിരുന്നില്ല. എൻെറ മനസ്സു പെട്ടെന്നു് വിഭ്രാന്തി ബാധിക്കപ്പെട്ടതായിത്തീൻ. ആനന്ദത്തിനുപകരം കയ്പേറിയ വിചാരങ്ങരംകൊണ്ടു് എൻെറ ഹൃദയം നിറയ്ക്കപ്പെട്ടു. അന്നുമുതൽ മനുഷ്യരെ ഞാൻ കഠിനമായി വെറുക്കാൻ തുടങ്ങി. ഈ ഉദ്യാനത്തിൻെറ ഒരു മൂലയിൽ കഴിഞ്ഞുകൊണ്ടു് ഞാൻ എൻെറ വേദനനിറഞ്ഞ നിമിഷങ്ങരം ഓരോന്നായി തള്ളിനീക്കി ജീവിക്കുന്നു. എൻെറ ഹൃദയഭാരം കുറയ്ക്കാനായി ഞാൻ ഈ രത്നഹാരം ഉണ്ടാക്കുന്നതാണു്. മാസത്തിൽ ഒരുദിവസം ഈ കാളപ്പുറത്തുകയറി ഞാൻ മൈതാനസ്ഥലത്തു പ്രവേശിച്ചു് ഒരു പരിചാരകനെ വധിക്കുകയും മററം ചെയ്യുന്നതു ജനങ്ങരം എൻെറ ദയനീയാവസ്ഥ കണ്ടു് എന്നിൽ അനുതാപമുള്ളവരാകട്ടെ എന്നു കരുതിയാണു്. ഒരുപക്ഷേ അല്ലാഹുവിനു പ്രിയപ്പെട്ട ഏതെങ്കിലും ഒരു വ്യക്തി ഒരുനാരം ഈ നിൎഭാഗ്യവാനിൽ അനുകമ്പ തോന്നി ഇവനുവേണ്ടി അല്ലാഹുവിനോടു പ്രാൎത്ഥിച്ചു് ഇവൻെറ ഹൃദയാഭിലാഷം സഫലമാക്കിയെന്നും വരാം.” തൻെറ ചിത്തഭ്രമത്തിൻെറ കാൎയ്യകാരണങ്ങരം ഇങ്ങനെയാണെന്നു പറഞ്ഞുകൊണ്ടു യുവാവു് തൻെറ കഥാപ്രസംഗം അവസാനിപ്പിച്ചു. ആ ദയനീയസംഭവ

ചരിത്രം കേട്ട് എൻെറ ഹൃദയം സഹതാപം പൂണ്ടു. ഞാൻ ആ യുവാവിനെ ഇങ്ങനെ സമാശ്വസിപ്പിച്ചു: "പ്രിയപ്പെട്ട സ്നേഹിതാ, ഞാൻ ഇതാ ഈ മുഹൂർത്തത്തിൽ അല്ലാഹുവിനെ സാക്ഷിപ്പെടുത്തിക്കൊണ്ടു നിങ്ങളുടെ മുമ്പിൽ സത്യംചെയ്യുന്നു: ഇന്നുമുതൽ ഞാൻ എൻെറ സ്വന്തം ആശകളെ എല്ലാം മാററിവെച്ചിട്ടു നിങ്ങൾക്ക് ഉപകാരംചെയ്യാനുള്ള ശ്രമത്തിൽ ഏപ്പെടാൻ നിശ്ചയിച്ചു കഴിഞ്ഞു. ഞാൻ കാടും കരയും ദൂരദേശങ്ങളുമെല്ലാം ചുററിത്തിരഞ്ഞു നിങ്ങളുടെ ഹൃദയനാഥയെ തേടിപ്പിടിക്കാൻ പുറപ്പെടുകയാണ്." ഈ സത്യപ്രതിജ്ഞയ്ക്കു ശേഷം ഞാൻ എൻെറ കൃത്യനിർവഹണത്തിനായി ഇറങ്ങിത്തിരിച്ചു. കാടും കരയും വിസ്തൃതഭൂതലവും ചുററിത്തിരഞ്ഞു് അഞ്ചു നീണ്ട വർഷങ്ങൾ ആ ദേവാംഗനയെ അന്വേഷിച്ചു ഞാൻ വിശ്രമംകൂടാതെ അലഞ്ഞുനടന്നു. ഒരിടത്തും അവളുടെ പൊടിപോലും കണ്ടുകിട്ടാൻ എനിക്കു സാധിച്ചില്ല. അങ്ങനെ എൻെറ സകല ശ്രമങ്ങളും പരാജയപ്പെട്ടപ്പോൾ ഞാൻ ആ സംഗതിയിൽ ആശ നിശ്ശേഷം കൈവെടിഞ്ഞു. എൻെറ ഉദ്യമം സഫലമാകാതെ ജീവിച്ചിരിക്കണമെന്ന് എനിക്ക് ഒട്ടും താല്പര്യമില്ലായിരുന്നു. അതിനാൽ ഞാൻ തന്നെത്താനേ എൻെറ ജീവിതം ഒടുക്കാൻ തീരുമാനിച്ചതിനുശേഷം ഒരു ഉന്നതമായ പർവതശിഖരത്തിൻെറ അഗ്രഭാഗത്തു ചെന്നുനിന്നുകൊണ്ട് അത്യഗാധമായ അതിൻെറ അടിവാരത്തിലേക്കു കുതിച്ചുചാടി മരിക്കാൻ തയ്യാറായി. കീഴോട്ടു കുതിക്കാൻ എൻെറ പാദങ്ങൾ ഉയർത്തുന്നതിന് ഒരുനിമിഷം മുമ്പു നിങ്ങളെ മരണത്തിൽ നിന്നു രക്ഷപ്പെടുത്തിയ മൂടുപടം ധരിച്ച ആ അശ്വാരൂഢൻ അവിടെ പ്രത്യക്ഷപ്പെടുകയും എന്നെ ഇപ്രകാരം സമാശ്വസിപ്പിക്കുകയുംചെയ്തു: "നിങ്ങളുടെ ജീവനെ നശിപ്പിക്കാൻ തുനിയേണ്ടാ. വളരെ വേഗത്തിൽ നിങ്ങളുടെ ആഗ്രഹനിവൃത്തിയുണ്ടാകും." അനന്തരം ആ വിശുദ്ധനായ ഫക്കീർ

ഇങ്ങനെ തൻെറ പ്രസംഗം അവസാനിപ്പിച്ചു:—"അല്ലയോ ഫക്കീറന്മാരേ! ഒടുവിൽ എനിക്കു നിങ്ങളെ എല്ലാവരേയും കണ്ടെത്താൻ സാധിച്ചു. ഇപ്പോൾ അല്ലാഹു വിൻെറ അനുഗ്രഹത്താൽ എൻെറ ആഗ്രഹസാഫല്യത്തിൽ എനിക്കാശ അവശേഷിക്കുന്നുണ്ട്. നിരാശരായ മനു ഷ്യർക്ക് അല്ലാഹുവിൻെറ കാരുണ്യമല്ലാതെ അവരുടെ അഭിലാഷപൂർത്തിക്കു മററു മാർഗ്ഗങ്ങളില്ല."

---

# അദ്ധ്യായം 9

രണ്ടാമത്തെ ഫക്കീർ തൻെറ കഥ പറഞ്ഞുതീർത്ത തോടുകൂടി നേരം പ്രഭാതം ആയി. ആസാദ്ബ്രുക്ത് രാജാവു് താൻ ഒളിച്ചിരുന്ന സ്ഥലത്തുനിന്നെഴുന്നേററു നടന്നു് ആരുടേയും കണ്ണിൽപ്പെടാതെ കൊട്ടാരത്തിനു കത്തു പ്രവേശിച്ചു. പതിവനുസരിച്ചുള്ള ദിനചര്യകൾക്കു ശേഷം അദ്ദേഹം തൻെറ രാജസദസ്സിൽ ആഗതനായി സിംഹാസനത്തിൽ ഇരുന്നുകൊണ്ടു് ഒരു സേവകനെ വിളിച്ചു്, അടുത്തൊരു സ്ഥലത്തു് ഒരു കുടിലിൽ നാലു ഫക്കീറന്മാരെ കാണുമെന്നും അവരെ ഉടനേതന്നെ കൊട്ടാരത്തിലേക്കു കൂട്ടികൊണ്ടുവരണമെന്നും കല്പന കൊടുത്തു. ആ സേവകൻ ഫക്കീറന്മാരുടെ താവളസ്ഥലം കണ്ടുപിടിച്ചു് അവരെ വിവരം ധരിപ്പിച്ചു. അപ്പോൾ അവർ അവരുടെ പതിവനുസരിച്ചു് ഓരോരുത്തരും ഓരോ വഴിക്കു യാത്ര തുടങ്ങാൻ തയ്യാറാകുകയായിരുന്നു. അവർ വിസ്മയത്തോടുകൂടി പരസ്പരം നോക്കിക്കൊണ്ടു് രാജാവി ൻെറ ദൂതനോടിങ്ങനെ പറഞ്ഞു:—"ഞങ്ങൾതന്നെയാണു് ഞങ്ങളുടെ പ്രവൃത്തികളെ സംബന്ധിച്ചു രാജാധികാരം

വഹിക്കുന്നതു്. ഈ ഭൂമിയിലെ രാജാക്കന്മാരോടു ഞങ്ങൾക്കെന്തൊരു കാര്യം?" അതുകേട്ടു്, രാജദൂതൻ അവരെ സമാധാനപ്പെടുത്തിക്കൊണ്ടു് അവർ തന്നോടൊന്നിച്ചു വരുന്നതുകൊണ്ടു യാതൊരുവിധമായ ദോഷങ്ങൾക്കും വഴിയില്ലെന്നും അവർ രാജകല്പനയെ സ്വീകരിക്കുന്നതാണു് ഉത്തമമെന്നും പറഞ്ഞു. ഒടുവിൽ ഫക്കീറന്മാർ ആ ദൂതനോടൊരുമിച്ചു രാജസന്നിധിയിലേക്കു പോയി. അവിടെ രാജാവു് അവരെ ഭക്തിപൂർവ്വം സ്വീകരിക്കുകയും അവർക്കു് ഭക്ഷ്യപേയങ്ങൾ നല്കി തൃപ്തിപ്പെടുത്തുകയും ചെയ്തു. അനന്തരം അവർ എവിടെ നിന്നുവന്നുവെന്നു എങ്ങോട്ടുപോകുന്നുവെന്നും അവരുടെ കഥകൾ എങ്ങനെയെന്നും വിവരിച്ചുകേൾപ്പിക്കാൻ ആവശ്യപ്പെട്ടു. അപ്പോൾ ഫക്കീറന്മാർ ഇങ്ങനെ പറഞ്ഞു:—"ഫക്കീറന്മാർക്കു് വീടുംകൂടുമില്ല. എവിടെവെച്ചു നേരം ഇരുട്ടാകുന്നുവോ അവിടം അവരുടെ വിശ്രമസ്ഥാനമാകും. ഞങ്ങൾ ലോകംമുഴവൻ ചുററിസഞ്ചരിച്ചവരാണു്. ഞങ്ങളുടെ കഥ വളരെ നീണ്ടതാണു്. അതു് അങ്ങേയ്ക്കു കേൾക്കാൻ കൗതുകമുള്ളതും ആയിരിയ്ക്കുകയില്ല." രാജാവു് ഒരു മന്ദസ്മിതത്തോടുകൂടി തലേദിവസം രാത്രി നടന്ന സംഭവത്തെ അവരെ അറിയിക്കുകയും ശേഷിച്ച രണ്ടു ഫക്കീറന്മാരുടെ കഥകൂടെ കേൾക്കണമെന്നുള്ള ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. അവരുടെ ഉദ്ദേശനിർവ്വഹണത്തിനു് ഒരുപക്ഷേ താൻ സഹായിയായിത്തീർന്നേക്കാമെന്നും അതിനാൽ അവർ കൊട്ടാരത്തിൽതന്നെ ഏതാനും ദിവസങ്ങൾ സുഖമായി താമസിച്ചു് അവരുടെ കഥകളെല്ലാം വിവരിച്ചുകേൾപ്പിക്കണമെന്നും രാജാവു് വീണ്ടും വിനയസ്വരത്തിൽ അപേക്ഷിച്ചു. അതുകേട്ടു് അത്ഭുതസ്തബ്ധരായ ഫക്കീറന്മാർ ഒന്നും സംസാരിക്കാൻ തോന്നാതെ അശക്തരായി തലകുനിച്ചു മൗനമായി ഇരുന്നു. അപ്പോൾ രാജാവു് അവരോടു് ഇങ്ങനെ പറഞ്ഞു സമാധാനപ്പെടുത്തി: "ലോകത്തു് ഓരോതരത്തിലുള്ള അസാ

ധാരണമായ അനുഭവങ്ങൾ ഉണ്ടാകാത്ത മനുഷ്യർ ആരുമില്ല. ഞാൻ ഒരു രാജാവാണെങ്കിലും എനിക്കും അങ്ങനെയുള്ള അനേകം അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അതിനാൽ ആദ്യമായി ഞാൻ എന്റെ അനുഭവങ്ങളെത്തന്നെ വിവരിച്ചുകേൾപ്പിക്കാം. നിങ്ങൾ ശാന്തരായിരുന്ന് എന്റെ കഥ കേട്ടതിനുശേഷം നിങ്ങളുടെ കഥ പറഞ്ഞാൽ മതിയാകും. അപ്പോൾ നിങ്ങളുടെ ഭയവും നീങ്ങുമല്ലോ." അതുകേട്ട് അവരെല്ലാവരും ഏകസ്വരത്തിൽ രാജാവിനോട് അദ്ദേഹത്തിന്റെ അനുഭവകഥ വിവരിച്ചു കേൾപ്പിക്കാൻ അപേക്ഷിച്ചു. അസാദ്ബ്യക്ത് താഴെ വരുന്ന പദ്യം ചൊല്ലിക്കൊണ്ട് തന്റെ കഥ ആരംഭിച്ചു:

"കേട്ടാലും ഭക്തന്മാരെ രാജാവിൻകഥയീഞാൻ—
കേട്ടതും ദർശിച്ചതും ചൊല്ലിടാം കേട്ടിടുക
ഒട്ടുമേ കുറയ്ക്കാതെ എല്ലാമേ ചൊല്ലീടാം ഞാൻ
രാട്ടിന്റെ കഥയെല്ലാം ശ്രദ്ധിച്ചുകേട്ടീടുക.

എന്റെ പിതാവിന്റെ മരണശേഷം ഞാൻ മുറപ്രകാരം രാജാവായി. അങ്ങനെ ഞാൻ വിസ്തൃതമായ രുമേനിയാ മഹാരാജ്യത്തിന്റെ അധിപനായി. എന്റെ ഭരണം തുടൎന്നുവരവെ ഒരിക്കൽ ബദക്ഷാൻ * രാജ്യത്തുനിന്ന് ഒരു വണിക്ശ്രേഷ്ഠൻ എന്റെ രാജധാനിയിൽ എത്തി. അയാൾ പലതരത്തിലുള്ള കച്ചവടസാധനങ്ങളും വിലപിടിച്ച രത്നങ്ങളും വ്യാപാരത്തിനു കൊണ്ടുവന്നിരുന്നു. ഈ വിവരം എന്റെ രഹസ്യദൂതന്മാർ + മുഖാന്തിരം

* ബദക്ഷാൻ, കൊറാസാൻപ്രവിശ്യയിലെ ഒരു പ്രധാന തുറമുഖമാണ്. 'ബൽഖ്' നഗരമാണ് കൊറാസാന്റെ രാജധാനി. ആ നഗരത്തിനുസമീപം വിലപിടിച്ച രത്നങ്ങൾ വിളയുന്ന ഒരു പർവ്വതനിരയുണ്ട്. അവിടെനിന്നു ലഭിക്കുന്ന രത്നങ്ങൾ 'ബദക്ഷാനിലെ രത്നങ്ങൾ' എന്നുള്ള പേരിനാൽ പ്രസിദ്ധമായിത്തീൎന്നിട്ടുണ്ട്.

\+ ഏഷ്യയിലെ രാജാക്കന്മാർ അവരുടെ നാട്ടിലെ വൎത്തമാനങ്ങൾ ശേഖരച്ചറിയിക്കാൻ രഹസ്യദൂതന്മാരെ വെയ്ക്കുക പതിവാണ്.

എന്നിക്കറിവുകിട്ടി. ഞാൻ ആ വ്യാപാരിയെ കൊട്ടാരത്തിൽ വരുത്തി. അയാളുടെ കൈവശമുണ്ടായിരുന്നതും ഒരു പെട്ടിയിൽ ഭദ്രമായി സൂക്ഷിച്ചിരുന്നതും അഞ്ചു് ഔൺസ് തൂക്കം വരുന്നതുമായ ഒരു വിശിഷ്ടരത്നം അയാളെനിക്കു സമ്മാനിച്ചു. ആ രത്നം ആകർഷണീയമായ ആകൃതിയുള്ളതും വളരെ ശോഭയേറിയതുമായിരുന്നു. ഞാൻ അതിനു പകരം ആ വ്യാപാരിക്കു് ഒട്ടനവധി പാരിതോഷികങ്ങൾ നൽകുകയും എന്റെ രാജ്യത്തിനുള്ളിൽ അയാളിൽനിന്നു യാതൊരു തീരുവയും ഈടാക്കരുതെന്നും അയാളോടു ജനങ്ങളെല്ലാവരും സ്നേഹപൂർവം പെരുമാറണമെന്നും വിവരിച്ചുകൊണ്ടുള്ള ഒരു കല്പന എഴുതി ഒപ്പുവെച്ചുകൊടുക്കുകയും ചെയ്തു. അയാൾ സന്തുഷ്ടനായി. വളരെനാൾ അയാൾ എന്റെ രാജസദസ്സ സന്ദർശിക്കുകയും ഒരു ബഹുമാന്യനായ അതിഥിയായി കഴിയുകയുംചെയ്തു. എനിക്കു് ആ രത്നം അളവററ ആനന്ദത്തെ പ്രദാനംചെയ്തിരുന്നു. എല്ലാദിവസവും രാജസദസ്സുകൂടുമ്പോൾ ഞാൻ കൊട്ടാരംവക രത്നാഭരണങ്ങളുടെ സൂക്ഷിപ്പുകാരനായ ഉദ്യോഗസ്ഥൻമുഖാന്തിരം ആ രത്നത്തെ വരുത്തിച്ചു് അതുനോക്കി രസിക്കുക പതിവായിരുന്നു.

ഒരുദിവസം ഞാൻ ഒരസാധാരണ രാജസദസ്സ വിളിച്ചുകൂട്ടി. ഉദ്യോഗസ്ഥപ്രമുഖന്മാരും പ്രഭുക്കന്മാരും വിദേശരാജ്യങ്ങളിലെ രാജപ്രതിനിധികളുമെല്ലാം ആ സദസ്സിൽ സന്നിഹിതരായിരുന്നു. അപ്പോൾ പതിവനുസരിച്ചു് എനിക്കു് ഏററവും പ്രിയപ്പെട്ട രത്നത്തെ വരുത്തി അതുനോക്കി രസിച്ചതിനുശേഷം അതിന്റെ മാഹാത്മ്യത്തെ പ്രകീർത്തിക്കുകയും സദസ്യരിൽ ഓരോരുത്തരുടേയും അഭിപ്രായം അറിയുന്നതിലേക്കുവേണ്ടി അതിനെ ഓരോരുത്തരുടേയും കൈയ്യിൽ കൊടുക്കുകയുംചെയ്തു. അവർ ഓരോരുത്തരും അതുനോക്കി അത്ഭുതം പ്രദർശിപ്പിക്കുകയും അത്ര

DHARMARAM COLLEGE LIBRARY BANGALORE 20605

ശോഭയേറിയ ഒരു രത്നം കൈവശം കിട്ടാനുള്ള ഭാഗ്യമുണ്ടായതിൽ എന്നെ പുകഴ്ത്തുകയും ചെയ്തു. എന്നാൽ എൻെറ പിതാവിൻെറ മന്ത്രിയും എൻെറ കീഴിലും ആ ഉദ്യോഗം തന്നെ തുടന്നുവരുന്ന വന്ദ്യവയോധികനുമായ മന്ത്രിശ്രേഷ്ഠൻമാത്രം അല്പനേരം മൌനംദീക്ഷിച്ചിരുന്നശേഷം എഴുന്നേററ് എന്നെ ഭക്തിപൂൎവ്വം വണങ്ങിക്കൊണ്ടു് ഇങ്ങനെ പറഞ്ഞു: —"എൻെറ ജീവന് ഉറപ്പു ലഭിക്കുന്നപക്ഷം എനിക്കു് രാജസന്നിധിയിൽ ഒരഭിപ്രായം പറയാനുണ്ടു്." അയാൾക്കു് പറയാനുള്ളതു മുഴുവൻ തുറന്നുപറയാൻ ഞാൻ അനുവാദം നൽകി. അപ്പോൾ അയാൾ ഇപ്രകാരം സംസാരിച്ചു:—"മഹാപ്രഭോ! അങ്ങു് ഒരു രാജാവാണു്. രാജാക്കന്മാൎക്കു് ഒരു കല്ലിനെക്കുറിച്ചു് ഇത്രയധികം പ്രകീൎത്തിക്കുന്നതു് ഉചിതമല്ല. ആ കല്ലു് എത്ര ശോഭയേറിയതും എത്ര നല്ല ആകൃതിയുള്ളതും വിലയേറിയതുമായിരുന്നാലും അതൊരു കല്ലാണല്ലോ. ഇവിടെ അനേകം വിദേശരാജാക്കന്മാരുടെ പ്രതിപുരുഷന്മാർ ഹാജരുണ്ടു്. അവർ ഈ സംഭവത്തെക്കുറിച്ചു് അവരുടെ രാജാക്കന്മാരെ സന്ദർശിക്കുമ്പോൾ പറയാതെയിരിക്കുകയില്ല. അപ്പോൾ ആ രാജാക്കന്മാർ അങ്ങയെ പുച്ഛിക്കുകതന്നെ ചെയ്യും. പ്രഭോ! നിഷാപ്പൂർ * നഗരത്തിൽ ഒരു എളിയ കച്ചവടക്കാരൻെറ പക്കൽ ഇതിനേക്കാൾ വിലപിടിച്ചതും ഏഴു് ഔൺസുവീതം തൂക്കമുള്ളതുമായ പന്ത്രണ്ടു രത്നങ്ങൾ ഉണ്ടു്. അയാൾ അവയെ അയാളുടെ പട്ടിയുടെ കഴുത്തിൽ ഒരു തുകൽപട്ടയിൽചേൎത്തു കെട്ടിയിരിക്കുകയാണു്." മന്ത്രിയുടെ ഈ വാക്കുകൾകേട്ടു് ഞാൻ രോഷാകുലനാകുകയും, അയാളെ തൽക്ഷണം കഴുത്തുവെട്ടി വധിക്കാൻ കല്പനകൊടുക്കുകയും ചെയ്തു. എൻെറ സാഹസികമായ കല്പനകേട്ടു് ഫ്രാൻസിലെ രാജപ്രതിപുരുഷൻ എഴുന്നേററ് എൻെറ

---

* നിഷാപ്പൂർ, ഖുറാസാൻപ്രവിശ്യയിലെ ഏററവും സമ്പൽസമൃദ്ധമായ മഹാനഗരമാണു്.

മുമ്പിൽ വണങ്ങിനിന്നുകൊണ്ട് എന്റെ അനുവാദപ്രകാരം ഇങ്ങനെ അറിയിച്ചു:—"മന്ത്രിയുടെ തെററെന്താണെന്നു ദയവായി അറിയിക്കാൻ അപേക്ഷിക്കുന്നു." അതുകേട്ട് കള്ളംപറയുന്നതിലും, അതിലുംവിശേഷിച്ച് രാജസന്നിധിയിൽ അങ്ങനെ ചെയ്യുന്നതിലും വലുതായ അപരാധം ഉണ്ടോ എന്നു് ഞാൻ ആ രാജപ്രതിപുരുഷനോടു ചോദിച്ചു. അയാറം എന്റെ ക്രോധം അടക്കാൻ അപേക്ഷിച്ചുകൊണ്ട്, മന്ത്രി പറഞ്ഞതു വ്യാജപ്രസ്താവനയാണെന്നു മുറപ്രകാരം തെളിയുന്നതുവരെ അയാളുടെ വിശ്വസ്തസേവനങ്ങളേയും മററും ഒരു നിമിഷത്തിൽ മറന്നുകൊണ്ട് ഇങ്ങനെ കഠിനമായ കല്പന പുറപ്പെടുവിക്കുന്നതു് നീതിയല്ലെന്നു് എന്നെ ഉപദേശിച്ചു. അതുകേട്ടു ഞാൻ ശാന്തനായി. അങ്ങനെയാണെങ്കിൽ മന്ത്രിയെ തൽക്കാലം തടവിൽ പാർപ്പിച്ചാൽ മതിയെന്നും അയാറം പറഞ്ഞ കാര്യത്തിന്റെ സത്യാവസ്ഥ ഒരുകൊല്ലത്തിനകം വെളിപ്പെടുന്ന പക്ഷം അയാളെ സ്വതന്ത്രനാക്കുമെന്നും അല്ലാത്തപക്ഷം അയാളെ വധിക്കുന്നതാണെന്നും തീരുമാനിച്ചു. അതനുസരിച്ചു് മന്ത്രിയെ കാരാഗൃഹത്തിലാക്കി. ഈ വിവരം മന്ത്രിയുടെ ഭവനത്തിൽ എത്തിയപ്പോറം അവിടെ വിലാപം തുടങ്ങിയുള്ള ദുഃഖപ്രകടനങ്ങറം നടന്നു. മന്ത്രിക്കു പതിനഞ്ചുവയസ്സു പ്രായമുള്ള അതിസുന്ദരിയായ ഒരു പുത്രിയുണ്ടായിരുന്നു. ആ പുത്രിയെ മന്ത്രി പ്രാണതുല്യം സ്നേഹിക്കുകയും അവറംക്കു് ആനന്ദപ്രദമായി ജീവിക്കാൻ പ്രത്യേകമൊരു മണിമാളിക പണിയിച്ചുകൊടുക്കുകയും അതിൽ അവളുടെ സമപ്രായക്കാരായ ഉൽകൃഷ്ടകുലജാതകളായ യുവതികളെ അവളുടെകൂടെ പാർപ്പിക്കുകയും ചെയ്തിരുന്നു. മന്ത്രികുമാരി അവളുടെ കേളീസൌധത്തിൽ സഖിമാരോടുചേൎന്നു കളിച്ചുരസിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ ദുഃഖവാൎത്ത ആ ഭവനത്തിൽ എത്തിയ സമയം കുമാരി വാദ്യമേളങ്ങറം മുഴക്കിച്ചു് തന്റെ പാവയെ വിവാഹം

കഴിപ്പിച്ചുകൊടുക്കുന്ന രംഗത്തിൽ ആനന്ദപൂർവ്വം രസിച്ചു കൊണ്ടിരിക്കുകയായിരുന്നു. അത്യന്തം ദുഃഖാത്തയായി അവളുടെ മാതാവു് മാറത്തടിച്ചു നിലവിളിച്ചുകൊണ്ടു് ആ കേളീഗൃഹത്തിൽ പ്രവേശിച്ചിട്ടു് ഇങ്ങനെ വിലപിച്ചു:--"നിനക്കുപകാരം ഒരു കുരുടനായ പുത്രനെങ്കിലും എന്റെ വയററിൽ ജനിച്ചിരുന്നെങ്കിൽ ഞാൻ എത്ര ഭാഗ്യവതിയായിരുന്നേനെ." ഇതുകേട്ടു് മന്ത്രികുമാരി മാതാവിനോടു വിവരങ്ങളെല്ലാം ചോദിച്ചറിയുകയും ഒരു കുരുടനായ പുത്രനു് ഈ ആപൽഘട്ടത്തിൽ പിതാവിന്റെ മോചനത്തിനുവേണ്ടി എന്തെല്ലാം ചെയ്യാൻ കഴിയുമോ അതെല്ലാം അവൾക്കും ചെയ്യാൻ കഴിവുണ്ടെന്നു പറയുകയും മാതാവിനെ ഇങ്ങനെ സാന്ത്വനപ്പെടുത്തുകയും ചെയ്തു: "പ്രിയപ്പെട്ട അമ്മേ, വിധിയുടെ ഗതിക്കെതിരായി ഒന്നും പ്രവത്തിക്കാൻ നമുക്കു കഴിവില്ല. അനർഹമായ ദുരാപത്തു സംഭവിക്കുമ്പോൾ മനുഷ്യൻ ക്ഷമയുള്ളവനായിരിക്കുകയും അല്ലാഹുവിന്റെ കാരുണ്യത്തിൽ ആശ്രയിക്കുകയുമാണു വേണ്ടതു്. അല്ലാഹു കരുണാമൂത്തിയാണു്. അവൻ നമ്മുടെ ആപത്തുകളെല്ലാം നീക്കിത്തരും ഇങ്ങനെ മുറവിളികൂട്ടുന്നതു ശരിയല്ല. ഒരുപക്ഷേ നമ്മുടെ ശത്രുക്കൾ നമ്മുടെ വിലാപങ്ങളെ ദുർവ്യാഖ്യാനംചെയ്തു് രാജസന്നിധിയിൽ തെററിദ്ധാരണയുളവാക്കുന്ന വിധത്തിൽ വിവരിച്ചു കേൾപ്പിക്കുകയും അങ്ങനെ മഹാരാജാവിന്റെ കോപം വദ്ധിക്കുകയും ചെയ്യാനിടയുണ്ടു്. വിലാപം നിറുത്തീട്ടു് നമുക്കു് മഹാരാജാവുതിരുമനസ്സിലെ ക്ഷേമൈശ്വര്യങ്ങൾക്കു വേണ്ടി അല്ലാഹുവിനോടു പ്രാത്ഥിക്കാം. നാം രാജാവിന്റെ ദാസരല്ലയോ. തിരുമനസ്സുകൊണ്ടു് ഇപ്പോൾ ക്രോധം പൂണ്ടിരിക്കുകയാണെങ്കിലും അദ്ദേഹം പെട്ടെന്നു കാരുണ്യവാനാകാതിരിക്കയില്ല." അനന്തരം കുമാരി തന്റെ വിശ്വസ്തയായ പരിചാരികയോടു് അവളുടെ ഭത്താവിനെ കൂട്ടിക്കൊണ്ടുവരാൻ ശട്ടംകെട്ടി. അല്പംകഴിഞ്ഞു്

അവരം അവളുടെ ഭത്താവോടൊന്നിച്ചു വന്നു. അയാളോടു കുമാരി താൻ വേഷപ്രച്ഛന്നയായി ഒരു കച്ചവടസംഘത്തിൻെറ നായകനെന്നുള്ള നാട്യത്തിൽ ആരുമറിയാതെ നഗരംവിട്ടു പോകാൻ തീച്ചപ്പെടുത്തിയെന്നും നിഷാപ്പൂരിൽ ചെന്നു് തൻെറ പിതാവു വെളിപ്പെടുത്തിയ വിവരമനുസരിച്ചുള്ള കാൎയ്യങ്ങരം അവിടെ കണ്ടുപിടിക്കാൻ തീർച്ചപ്പെടുത്തിയെന്നും അതിലേക്കു് അയാരം ആത്മാത്ഥമായി സഹായിക്കണമെന്നും അറിയിച്ചു. ആദ്യം പല തടസ്സങ്ങളും പുറപ്പെടുവിച്ചെങ്കിലും ഒടുവിൽ അയാരം ആ അഭിപ്രായം സമ്മതിച്ചു. അങ്ങനെ മന്ത്രികുമാരി പുരുഷവേഷം ധരിച്ചു് തൻെറ പരിചാരികയുടെ ഭത്താവിൻെറ അകമ്പടിയോടുകൂടി പലതരം വ്യാപാരസാധനങ്ങളും ഭൃത്യന്മാരുമായി, കുതിരപ്പുറത്തുകയറി രാത്രിയിൽ ആരുമറിയാതെ നിഷാപ്പൂരിലേക്കു് ഒരു കച്ചവടസംഘത്തെ നയിച്ചു. അനേകദിവസത്തെ യാത്രയ്ക്കുശേഷം ആ സംഘം നിഷാപ്പൂർനഗരത്തിലെത്തി. തൻെറ പരിവാരങ്ങളെയെല്ലാം നഗരാതിത്തിയിൽ ഒരു സത്രത്തിൽ താമസിപ്പിച്ചിട്ടു് കുമാരി പുരുഷവേഷത്തിൽ നഗരത്തിനകത്തുകടന്നു്. അവിടമെല്ലാം ചുററിനടന്നുനോക്കി. അവിടെ ഏററവും പ്രധാനമായ ഒരു തെരുവിൽ വളരെ വലിയ ഒരു വ്യാപാരശാല കണ്ടു. ആ ശാലയിൽ നിരവധി രത്നങ്ങളും വിശിഷ്ടവസ്തുക്കളും വില്പനയ്ക്കു നിരത്തിയിരിക്കുന്നതും നിരവധി ഭൃത്യന്മാർ അവരുടെ യജമാനൻെറ ആജ്ഞകാത്തു ഭക്തിപൂൎവ്വം നില്ക്കുന്നതും കണ്ടു. ആ ശാലയുടെ അധിപനായ വണിക്ശ്രേഷ്ഠൻ ഒരു ഉയന്ന കസേരയിൽ മെത്തപ്പുറത്തിരിക്കുന്നതും അയാളുടെ നാലുവശവും സ്നേഹിതന്മാർ കൂടിയിരുന്നു സംഭാഷണം നടത്തുന്നതും കുമാരി കണ്ടു. ആ വ്യാപാരിക്കു് ഉദ്ദേശം അൻപതുവയസ്സു പ്രായം ഉണ്ടായിരുന്നു. ദൂരദേശത്തുള്ള ഒരു വ്യാപാരിയുടെ പുത്രനായി അഭിനയിച്ചുകൊണ്ടു് കുമാരി അവിടെ

നിന്നു് അതെല്ലാം സൂക്ഷിച്ചുകണ്ടു. തന്റെ പിതാവു വിവരിച്ച കഥാനായകൻ ആ ശാലയുടെ അധിപൻ തന്നെ ആയിരിക്കുമെന്നു് കുമാരി മനസാ ആഗ്രഹിച്ചു. അങ്ങനെ നോക്കിനില്ക്കവേ ആ ശാലയുടെ അടുത്ത മുറിയിൽ കുമാരി ഒരത്ഭുതകരമായ കാഴ്ച കണ്ടു. അവിടെ ഇരുമ്പഴികൾകൊണ്ടുള്ള രണ്ടു കൂടുകൾ തൂക്കിയിരിക്കുന്നതും അവയിൽ ഓരോന്നിനുമകത്തു് വിഷാദംപൂണ്ടും അസ്ഥിമാത്രം ശേഷിച്ചു ശോഷിച്ചുമിരുന്ന ഓരോ പുരുഷന്മാർ മുട്ടുകളിൽ കൈകൾ ചുററിപ്പിണച്ചുവെച്ചുകൊണ്ടും തല മാറിൽ കുനിച്ചുവെച്ചുകൊണ്ടും മൗനമായിരിക്കുന്നതുമാണു് കാണപ്പെട്ടതു്. ആ കൂടുകളുടെ ഇരുവശങ്ങളിലും ഓരോ വിരൂപതപൂണ്ട നീഗ്രോ ആയുധധാരിയായി കാവൽനില്പുണ്ടായിരുന്നു. ഈ കാഴ്ചകണ്ടു് കുമാരി അമ്പരന്നു് 'ദൈവാനുഗ്രഹമുണ്ടാകട്ടെ' എന്നു് താനറിയാതെ ഉച്ചത്തിൽ വിളിച്ചുപോയി. കുമാരി പെട്ടെന്നു് എതിർവശത്തേക്കു തിരിഞ്ഞപ്പോൾ അവിടെ വേറൊരു മുറിയിൽ പരവതാനികൾ വിരിച്ചിരിക്കുന്നതും അതിന്റെ മദ്ധ്യത്തിൽ ദന്തനിർമ്മിതമായ ഒരു പീഠത്തിൽ മൃദുലതരമായ പട്ടുമെത്തയിട്ടു് അതിന്മേൽ ഒരു പട്ടി കിടക്കുന്നതും ആ പട്ടിയെ ഒരു സ്വർണ്ണച്ചങ്ങലകൊണ്ടു പൂട്ടിയിരിക്കുന്നതും അതിന്റെ കഴുത്തിൽ പന്ത്രണ്ടു വിലയേറിയ രത്നങ്ങൾ ഒരു തോൽപട്ടയിൽ ചേർത്തു ബന്ധിച്ചിരിക്കുന്നതും കണ്ടു. ആ പട്ടിയുടെ ഇരുവശത്തും സുമുഖന്മാരായ രണ്ടു ഭൃത്യന്മാർ കാത്തുനില്ക്കുന്നതും അവരിൽ ഒരു ഭൃത്യൻ സ്വർണ്ണംകൊണ്ടുള്ള കൈപിടിയും കൈപിടിയിൽ രത്നംപതിച്ചുമിരുന്ന ഒരു വിശറികൊണ്ടു് ആ ശ്വാനനെ മന്ദമായി വീശുന്നതും മററേ ഭൃത്യൻ ഒരു വെണ്മയേറിയ ലേസുകൊണ്ടു് അതിന്റെ വായും കൈകാലുകളും കൂടക്കൂടെ തുടയ്ക്കുന്നതും കണ്ടു. തന്റെ പിതാവു രാജാവിനെ വിവരിച്ചുകേൾപ്പിച്ചവിധമുള്ള പട്ടിയേയും അതിന്റെ കഴുത്തിൽ കെട്ടിത്തൂക്കിയി

ട്ടിരുന്ന രത്നങ്ങളേയും കണ്ടപ്പോൾ ഈ പട്ടിയെ ഈവിധത്തിൽതന്നെ രാജസന്നിധിയിൽ എത്തിക്കുന്നതെങ്ങനെയെന്നുള്ള ചിന്തയിൽ കുമാരി ലയിച്ചു. അങ്ങനെ അവൾ ചിന്താമഗ്നയായി ജനനിബിഡമായ ആ തെരുവിൻെറ മദ്ധ്യത്തു നില്ക്കവേ അതിലേ കടന്നുപോയ ജനങ്ങളെല്ലാം ആ യുവാവിൻെറ സൌന്ദൎയ്യക്കൊഴുപ്പും പ്രായത്തിൻെറ ചെറുപ്പവും കണ്ടു് അത്ഭുതപ്പെട്ടു നിന്നുപോയി. മുൻപറഞ്ഞ പീടികയുടെ അധിപനായ വ്യാപാരിയും പുരുഷവേഷത്തിൽ നിന്ന കുമാരിയെ കണ്ടു. അയാളും ആ യുവകോമളൻെറ ആകൎഷണീയതയിൽ ആശ്ചൎയ്യപ്പെട്ടുകൊണ്ടു് അയാളെത്തന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു. ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ ആ വ്യാപാരിയുടെ ഒരു ഭൃത്യൻ അവിടെ വന്നു് ആ യുവാവിനെ വ്യാപാരി പീടികയിലേക്കു ക്ഷണിക്കുന്നുവെന്നറിയിച്ചു. കുമാരി വ്യാപാരിയുടെ അടുത്തുചെന്നു. ആ വൃദ്ധൻ ആനന്ദതുന്ദിലനായി ആ കൃത്രിമയുവാവിനെ കെട്ടിപ്പുണരുകയും, അയാളുടെ നെററിത്തടത്തിൽ ചുംബിക്കുകയും സ്നേഹപൂൎവ്വം 'മകനേ!' എന്നു് സംബോധനചെയ്യുകയും ചെയ്തു. യുവാവിൻെറ ഊരും പേരുമെല്ലാം വ്യാപാരി സ്നേഹപൂൎവ്വം ചോദിച്ചറിയുകയും അയാളുടെ കച്ചവടസാധനങ്ങളേയും പരിവാരങ്ങളേയുമെല്ലാം നഗരത്തിലേക്കു കൊണ്ടുവരാൻ അപേക്ഷിക്കുകയും ചെയ്തു. കുമാരി അതനുസരിച്ചു് പ്രവൎത്തിച്ചു. അങ്ങനെ ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ രണ്ടുപുരുഷന്മാരോടു് ഇങ്ങനെ മൃഗീയമായി പെരുമാറുന്നതിനേയും ഒരു പട്ടിയെ ഇത്ര കാൎയ്യമായി ആരാധിക്കുന്നതിനേയും സംബന്ധിച്ചുള്ള വിശദീകരണം കുമാരി വ്യാപാരിയോടാവശ്യപ്പെട്ടു. ആ കഥ തൻെറ ആത്മരഹസ്യമാണെന്നും അതു് ആരേയും പറഞ്ഞുകേൾപ്പിക്കാൻ തനിക്കു നിവൃത്തിയില്ലെന്നും വ്യാപാരി പറഞ്ഞു. അതിനുശേഷം ആ വിഷയത്തെ സംബന്ധിച്ചു് കുമാരി കൂടുതലായി ഒന്നും ചോദി

ച്ചില്ല. രണ്ടു ഭൃത്യന്മാർ ആ പട്ടിക്ക് സ്വർണ്ണപ്പാത്രത്തിൽ പാകംചെയ്ത മാംസം തുടങ്ങിയുള്ള വിശിഷ്ടാഹാരങ്ങളും ഒരു സ്വർണ്ണക്കിണ്ണത്തിൽ വെള്ളവും കൊണ്ടുകൊടുക്കുന്നതും പട്ടി യഥേഷ്ടം ഭക്ഷിച്ചിട്ട വെള്ളം നക്കിക്കുടിച്ച സംതൃപ്തനായി തൻെറ പട്ടുമെത്തമേൽ ശയനംപ്രാപിക്കുന്നതും അതിനുശേഷം ഇരുമ്പുക്കൂടുകളിൽ ബന്ധിച്ചിരുന്ന പുരുഷന്മാരെ ഇറക്കിക്കൊണ്ടുവന്ന് അവക്ക് ആ പാത്രങ്ങളിൽ പട്ടി തിന്നതിൻെറ ഉച്ഛിഷ്ടസാധനങ്ങളും വെള്ളവും കൊടുക്കുന്നതും അതിനുശേഷം അവരെ മൃഗീയമായി ഒരു വടികൊണ്ടടിക്കുന്നതും കുമാരി കണ്ടു. ഇതിൻെറയൊന്നും ആന്തരാത്ഥം കുമാരിക്കു മനസ്സിലാക്കാൻ നിവൃത്തിയില്ലായിരുന്നു. ഈമാതിരിയുള്ള ദുഷ്ടത ചെയ്യുന്നതുകൊണ്ടും ഒരു പട്ടിയെ ഇത്രയധികം ശ്രേഷ്ഠമായി കരുതുന്നതുകൊണ്ടും ആ സ്ഥലവാസികൾ ആ വ്യാപാരിയെ വളരെ പുഛിച്ചിരുന്നുവെന്നും അയാൾക്ക് 'ശ്വാവിൻെറ ആരാധകൻ' എന്ന് അവർ പരിഹാസപൂർവ്വം സ്ഥാനപ്പേരു നല്കിയിരുന്നുവെന്നും, ഇങ്ങനെയുള്ള രീതികൾ തുടൎന്നുപോകുന്നതിനു ശിക്ഷയായി ആ വ്യാപാരി ഒരു പ്രത്യേക വരിപോലും സക്കാരിനു കൊടുക്കേണ്ടിയിരുന്നുവെന്നും കുമാരിക്കു മനസ്സിലായി. കുറേ ദിവസങ്ങൾ കഴിഞ്ഞു് ഒരുദിവസം തനിക്കു നാട്ടിലേക്കു തിരിച്ചുപോകണമെന്നും തൻെറ വൃദ്ധരായ മാതാപിതാക്കന്മാരുടെ ഏകപുത്രനാണു താനെന്നും അവരെ ചെന്നു കാണാതെയിരിക്കാൻനിവൃത്തിയില്ലെന്നും കുമാരി ആ വ്യാപാരിയെ അറിയിച്ചു. ആ വത്തമാനം വ്യാപാരിയെ അത്യധികം വ്യാകുലപ്പെടുത്തി. അയാൾ മാറത്തലച്ചു വാവിട്ടുനിലവിളിയ്ക്കുകയും ഒരുനിമിഷംപോലും ആ യുവാവിനെ പിരിഞ്ഞു ജീവിക്കുവാൻ തനിക്കു സാധ്യമല്ലെന്നും തൻെറ കാലശേഷം തൻെറ കണക്കില്ലാത്ത സ്വത്തുക്കളുടെ അനന്തരാവകാശിയാക്കി തൻെറ വളത്തുപുത്രനായി ആ യുവാവിനെ കരുതിയിരിക്കുകയാണെന്നും

വ്യാപാരി പറഞ്ഞു. യാതൊരു കാരണവശാലും തനിക്കു നാട്ടിലേക്കു പോകാതെയിരിക്കാൻ നിവൃത്തിയില്ലെന്നും താൻ പുറപ്പെട്ട് ഒരുവഷത്തിനകം തിരിച്ചെത്തിയില്ലെങ്കിൽ തൻെറ മാതാപിതാക്കന്മാർ ജീവനോടെ ഇരിക്കുകയില്ലെന്നും കുമാരി അറിയിച്ചപ്പോൾ 'അങ്ങനെയാണെങ്കിൽ ഞാനും നിങ്ങളുടെകൂടെ വരാം' എന്ന് ആ വ്യാപാരി പറഞ്ഞു. അതനുസരിച്ച് അവർ പരിവാരസമേതം ഒട്ടധികം വ്യാപാരസാധനങ്ങളും സ്വർണ്ണം, വെള്ളി, രത്നങ്ങൾ ഇവയുമായി റുമേനിയാരാജ്യത്തേക്കു തിരിച്ചു. വ്യാപാരി തൻെറ നിത്യസഹചാരിയായ പട്ടിയേയും കൂട്ടിലടയ്ക്കപ്പെട്ടിരുന്ന രണ്ടു പുരുഷന്മാരേയും കൂടെത്തന്നെ കൊണ്ടുപോയി. അങ്ങനെ ആ പട്ടിയേയും അതിൻെറ കഴുത്തിൽ അണിഞ്ഞിരുന്ന പന്ത്രണ്ടു രത്നങ്ങളേയും തൻെറ നാട്ടിലെ രാജസന്നിധിയിൽ കൊണ്ടുചെല്ലാൻ സാധിക്കുമെന്നുകണ്ടു് കുമാരിക്കു വളരെ സന്തോഷമുണ്ടായി. അനേക ദിവസത്തെ യാത്രയ്ക്കുശേഷം അവർ റുമേനിയാരാജ്യത്തിൻെറ തലസ്ഥാനനഗരിയുടെ കോട്ടയ്ക്കുവെളിയിൽ എത്തിച്ചേർന്നു. തനിക്ക് തനിച്ചുപോയി തൻെറ മാതാപിതാക്കന്മാരെ സന്ദശിക്കണമെന്നും തൻെറ വീട്ടിനടുത്തുതന്നെ ആ വ്യപാരിക്കു താമസിക്കാൻ ഒരു കെട്ടിടം ഏപ്പ്പാടുചെയ്തിട്ടു് പെട്ടെന്നു മടങ്ങിവന്നുകൊള്ളാമെന്നും പറഞ്ഞു് അതിലേക്ക് വ്യാപാരിയുടെ അനുവാദവും വാങ്ങി കുമാരി നഗരത്തിനകത്തേക്കു പോയി. വീട്ടിനകത്തു് ഒരു യുവാവ് സ്വാതന്ത്ര്യത്തോടുകൂടി വന്നുകയറിയതുകണ്ടു് മന്ത്രിയുടെ ഭായ്യ അത്ഭുതപ്പെട്ട് അയാളെ തടഞ്ഞു. തൻെറപുത്രി എവിടെയോ പോയി മറഞ്ഞുവെന്നും അവളെ വീണ്ടുകിട്ടാൻ സാധ്യമാകുകയില്ലെന്നും വിശ്വസിച്ചിരുന്ന ആ സ്ത്രീ, കുമാരിയുടെ തിരോധാനം കുടുംബത്തിനപമാനകരമാകയാൽ ആ വിവരം പരമരഹസ്യമായി വെച്ചിരുന്നു. കുമാരി പെട്ടെന്നു തൻെറ പ്രച്ഛന്നവേഷം മാററി സ്വന്തരൂപ

ത്തിൽ മാതാവിൻെറ കാല്ക്കൽവീണു മാപ്പപേക്ഷിച്ചു. തൻെറ പിതാവിനെ തടവിൽനിന്നു മോചിപ്പിക്കുന്നതിനു വേണ്ടി താൻ ഇങ്ങനെ ആരുമറിയാതെ പുരുഷവേഷം ധരിച്ച് നിഷാപ്പൂരിലേക്കു പോയതാണെന്നും പിതാവിനെ ഉടനേതന്നെ മോചിപ്പിക്കാനുള്ള വഴികളെല്ലാം താൻ നേടിക്കഴിഞ്ഞുവെന്നും തൻെറ ജീവിതത്തിൻെറ നൈമ്മല്യം ഒരുപ്രകാരത്തിലും കളങ്കിതമായിട്ടില്ലെന്നും അറിയിച്ചപ്പോൾ കുമാരിയുടെ മാതാവ് സംതൃപ്തയായി. തൻെറ ഉദ്ദിഷ്ടകാര്യം പൂത്തിയാക്കുന്നതിനുവേണ്ടി ഉടൻതന്നെ തനിക്കു വീണ്ടും പുറത്തേക്കു പോകണമെന്നുപറഞ്ഞ് മാതാവിൻെറ അനുമതിയോടുകൂടി കുമാരി വ്യാപാരിയുടെ അടുക്കലേക്കു യാത്രയായി. കുമാരി വളരെനേരം താമസിക്കുന്നതുകണ്ട് അസ്വസ്ഥനായ വ്യാപാരി അവളെ തിരക്കി നഗരത്തിനകത്തു പ്രവേശിച്ച് മുമ്പോട്ടു നീങ്ങുകയായിരുന്നു. ഇടയ്ക്കുവെച്ച് അവർതമ്മിൽ കണ്ടുമുട്ടി. അവർ അവിടെ അവരുടെ കൂടാരമടിച്ചു താമസമുറപ്പിച്ചു. രാത്രി ഭക്ഷണം കഴിഞ്ഞതിനുശേഷം വ്യാപാരിയും മന്ത്രികുമാരിയും ഉന്നതമായ പീഠങ്ങളിൽ ഇരുന്നു നഗരം മുഴുവൻ നോക്കിക്കണ്ടുകൊണ്ടിരുന്നു. അവർ അങ്ങനെ അവിടെ ഇരിക്കുമ്പോൾ ഒരു രാജസേവകൻ അതുവഴി കടന്നുപോകയും വിവരമറിഞ്ഞ് വ്യാപാരി അയാളെ വിളിച്ചുവരുത്തി വേണ്ടവിധത്തിൽ സല്ക്കരിച്ചതിനുശേഷം വളരെ വിലപിടിച്ച അനേകം സാധനങ്ങൾ സമ്മാനമായി കൊടുത്തയയ്ക്കുകയും ചെയ്തു. ആ രാജസേവകനിൽനിന്ന് ഈ പുതിയ വ്യാപാരിയുടെ വരവ് നഗരത്തിൽ എല്ലായിടത്തും അറിഞ്ഞു. ക്രമേണ ആ വത്തമാനം എൻെറ ചെവിയിലും എത്തി. പിറേറദിവസം ഞാൻ എൻെറ സേവകസംഘത്തിൻെറ നായകനെ ആ വ്യാപാരിയുടെ കൂടാരത്തിൽ പോയി വിവരങ്ങളെല്ലാം വിശദമായി അറിഞ്ഞുവരാൻ അയച്ചു. അയാൾ കൂടാരത്തിൽചെന്ന് വ്യാപാരിയെ ഔപ

ചാരികമായി സന്ദർശിച്ച് അവിടെ നടക്കുന്ന സകല വിവരങ്ങളും ഗ്രഹിച്ചു. അയാൾക്കു വ്യാപാരി വേണ്ട സമ്മാനങ്ങളും കൊടുത്തയച്ചു. പിറേറദിവസം സേവകനിൽനിന്ന് എല്ലാ വിവരങ്ങളും ഞാൻ അറിയുകയും പട്ടിയോടു കാണിക്കുന്ന അതിരററ ആദരവും രണ്ടു തടവുകാരോടു കാണിക്കുന്ന മൃഗീയമായ ക്രൂരതയും എൻെറ ശ്രദ്ധയിൽ പെട്ടപ്പോൾ ഞാൻ കോപാവേശംപൂണ്ടു വിറച്ചുകൊണ്ട് ആ അധമനായ വ്യാപാരി മരണത്തിനർഹനാണെന്നു തീരുമാനിക്കുകയും അയാളുടെ തല വെട്ടിക്കൊണ്ടുവരാൻ കല്പനകൊടുക്കുകയും ചെയ്തു. ആ സമയം യാദൃച്ഛികമായി ഫ്രാൻസുരാജ്യത്തിലെ രാജപ്രതിപുരുഷനും എൻെറ രാജസദസ്സിൽ ഹാജരുണ്ടായിരുന്നു. അദ്ദേഹം ഏററവും വിനയത്തോടുകൂടി എൻെറ സാഹസികമായ തീരുമാനം ശരിയല്ലെന്ന് എന്നെ പറഞ്ഞു മനസ്സിലാക്കുകയും ആ വ്യാപാരിയെ വരുത്തി അയാളോടു നേരിട്ടു ചോദിച്ചു വിവരങ്ങളറിഞ്ഞതിനുശേഷം അയാൾ കുററക്കാരനാണെന്നു കാണുന്നപക്ഷംമാത്രമേ അയാളെ ശിക്ഷിക്കാൻപാടുള്ളുവെന്ന് എന്നെ ഉപദേശിക്കുകയും ചെയ്തു. അതനുസരിച്ചു ഞാൻ ആ വ്യാപാരിയെ കൂട്ടിക്കൊണ്ടുവരാൻ ആളയച്ചു. വളരെ വേഗത്തിൽ ആ വ്യാപാരിയും അയാളുടെ സുന്ദരനായ പുത്രനും ഇരുമ്പുകൂട്ടിലടയ്ക്കപ്പെട്ടതടവുകാരും, താലോലിച്ചു വളർത്തപ്പെട്ട പട്ടിയും എല്ലാം എൻെറ മുമ്പിൽ ഹാജരാക്കപ്പെട്ടു. വ്യാപാരിയുടെ പുത്രൻെറ സുന്ദരശരീരംകണ്ട് എല്ലാവരും അത്ഭുതപ്പെട്ടുപോയി. അയാൾ ഒരു തട്ടത്തിൽ വിലയേറിയ നിരവധി രത്നങ്ങൾ എൻെറ മുമ്പിൽ കൊണ്ടുവന്നു കാഴ്ചവെച്ചിട്ട് വിനയത്തോടുകൂടി അല്പം അകലെ മാറി ഒതുങ്ങിനിന്നു. ആ രത്നങ്ങളിൽനിന്നു പുറപ്പെടുന്ന കണ്ണഞ്ചിക്കുന്ന പ്രഭാപൂരം എൻെറ കാര്യാലോചനാശാല മുഴുവൻ ദീപ്തമാക്കി. വ്യാപാരി എന്നെ സ്തുതിക്കുകയും എൻെറ ക്ഷേമൈശ്വര്യങ്ങൾക്കായി ആശീർവദിക്കുകയും

ചെയ്തുകൊണ്ട് എന്നെ താണുവണങ്ങി നിന്നു. ഞാൻ കോപസ്വരത്തിൽ ആ വ്യാപാരിയോടിങ്ങനെ ചോദിച്ചു:— "ഹേ, മനുഷ്യാകൃതിപൂണ്ട ശെയിത്താനേ! നീ എന്തു പൈശാചികമായ ഒരു വലയാണു നിൻെറ ചുററിലും സൃഷ്ടിച്ചിരിക്കുന്നതു്? എന്തു നരകകൂപമാണു നീ നിൻെറ മുന്നിൽ നിർമ്മിച്ചിരിക്കുന്നതു്? എന്തു മതവും മതാചാരവുമാണു് ഞാൻ ഈ കാണുന്നതു്? ഏതു പ്രവാചകനെയാണു നീ അനുകരിക്കുന്നതു്? നീ ഒരു അമുസ്ലിമാണെങ്കിൽ തന്നെ നിൻെറ ഈ പെരുമാററത്തിനെന്തർത്ഥമാണുള്ളതു്? നീ ഇങ്ങനെ പ്രവർത്തിക്കാനുള്ള കാരണമെന്താണെന്നു വെളിപ്പെടുത്തുക." ഇതുകേട്ട് ആ വൃദ്ധനായ വ്യാപാരി ഇങ്ങനെ മറുപടിപറഞ്ഞു: "പ്രഭോ, അവിടത്തെ ആയുസ്സും ഐശ്വര്യവും വളരെയധികം വർദ്ധിക്കട്ടെ. ഈ ദാസൻെറ മതവിശ്വാസം ഇതാണു്: അല്ലാഹു ഏകനാണു്, അവനു തുല്യമായി മറെറാന്നില്ല, അവൻെറ പ്രവാചകനായ വിശുദ്ധമുഹമ്മദ് എക്കാലത്തുമുള്ള ജനങ്ങളുടെ മാർഗ്ഗദർശിയായി അയയ്ക്കപ്പെട്ടു. മുഹമ്മദിനു് അല്ലാഹുവിൻെറ ശാന്തിയുണ്ടാകട്ടെ! ഞാൻ ദിവസവും അഞ്ചുപ്രാവശ്യം നമസ്കരിക്കുന്നുണ്ട്. മുഹമ്മദിനുശേഷമുള്ള പന്ത്രണ്ടു മതാധ്യക്ഷന്മാരുടെ നിർദ്ദേശങ്ങളെ ഞാൻ അനുസരിക്കുന്നു. അഞ്ചുനേരത്തെ നമസ്കാരം മുടങ്ങാതെ അനുഷ്ഠിക്കുന്നതു കൂടാതെ ഞാൻ വ്രതം അനുഷ്ഠിക്കുകയും വിശുദ്ധ മക്കാനഗരത്തിലേക്ക് ആണ്ടിലൊരുപ്രാവശ്യം പുണ്യയാത്ര പോകയും. എൻെറ സ്വത്തിൻെറ കണക്കനുസരിച്ചുള്ള ഓഹരി സാധുക്കൾക്കായി ദാനംചെയ്കയും ചെയ്യുന്നു. ഞാൻ ഒരു മുസ്ലിം ആണു്. എന്നാൽ ഞാൻ ഈ കാണിക്കുന്ന ദുഷ്പ്രവൃത്തികൾക്കു തക്കതായ കാരണമുണ്ട്. ആ കാരണങ്ങളെ എനിക്കു വെളിപ്പെടുത്താൻ നിവൃത്തിയില്ല. എൻെറ ഈ പെരുമാററം അങ്ങയുടെ കോപത്തിനു ഹേതുവായതുപോലെ മററുള്ളവരുടെ നിന്ദയ്ക്കും

എന്നെ അഷ്ഹനാക്കിയിരിക്കുകയാണു്. ഈവിധത്തിലുള്ള എന്റെ പെരുമാററം ഹേതുവാൽ എന്നെ മററുള്ളവർ ശപാവിന്റെ ആരാധകനെന്നു പരിഹസിക്കുന്നുണ്ടു്. ഇതിന്റെ ശിക്ഷയായി ഞാൻ കഠിനമായ ഇരട്ടിവരിക്കു വിധേയനാക്കപ്പെട്ടിരിക്കുന്നു. ഇതെല്ലാം ഞാൻ സഹിക്കുകയാണു്. എങ്കിലും എന്റെ ഹൃദയരഹസ്യങ്ങൾ ഒരു ജീവിയേയും അറിയിച്ചിട്ടില്ല." വ്യാപാരിയുടെ ഈ വാക്കുകൾ കേട്ടു് എന്റെ കോപം വദ്ധിക്കുകയും അയാൾ വാക്പ്രവാഹം കൊണ്ടു് എന്നെ മയക്കാൻ ശ്രമിക്കുകയാണെന്നും ഇതിന്റെയെല്ലാം കാരണം വിശദമായി അറിയാതെ ഞാൻ അയാളുടെ വാക്കുകളൊന്നും വിശ്വസിക്കാൻ തയ്യാറില്ലെന്നും അയാൾ കാൎയ്യങ്ങൾ വിശദപ്പെടുത്താൻ മടിക്കുന്ന പക്ഷം അയാളെ വധശിക്ഷയ്ക്കു വിധേയനാക്കുമെന്നും ഞാൻ പറയുകയും ചെയ്തു. വ്യാപാരി ഉച്ചത്തിൽ വിലപിയ്ക്കുകയും എന്റെ മാപ്പിന്നപേക്ഷിക്കുകയുംചെയ്തു. ഞാൻ അതൊന്നും ശ്രദ്ധിക്കുകയില്ലെന്നും അയാളുടെ രഹസ്യങ്ങൾ വെളിപ്പെടുത്താത്തപക്ഷം അയാൾക്കു ജീവഹാനി സംഭവിക്കുമെന്നും വിശ്വാസം തോന്നിയപ്പോൾ അയാൾ കഥയെല്ലാം വിവരിച്ചുപറയാമെന്നു സമ്മതിച്ചു. അതനുസരിച്ചു് ഇരുമ്പുകൂട്ടുകളിൽ അടയ്ക്കപ്പെട്ടിരുന്ന രണ്ടുപേരെയും എന്റെ സമീപം നിരത്തുന്നതിന്നും വ്യാപാരി പറയുന്നതിൽ എന്തെങ്കിലും കളവുകലൎന്നിട്ടുണ്ടെങ്കിൽ അതിനെ ചൂണ്ടിക്കാണിക്കുന്നതിന്നും അതിലേക്കു് ആ വ്യാപാരിയെ അഷ്ഹിക്കുന്നവിധത്തിൽ ശിക്ഷിക്കുന്നതിന്നും ആ രണ്ടുപേൎക്കും അനുവാദം നല്കണമെന്നും വ്യാപാരി എന്നോടപേക്ഷിച്ചു. ഞാൻ അപ്രകാരംചെയ്തു. അനന്തരം വ്യാപാരി താഴെവരുംപ്രകാരം അയാളുടെ ജീവിതകഥയെ വിവരിക്കാൻ തുടങ്ങി.

# അദ്ധ്യായം 10

"പ്രഭോ! ഇവിടെ എൻെറ വലത്തുവശത്തു നില്ക്കുന്ന ഈ ആൾ എൻെറ ഏററവും മൂത്ത സഹോദരനും, ഇടത്തുവശത്തു നില്ക്കുന്ന ആൾ എൻെറ രണ്ടാമത്തെ സഹോദരനുമാണ്. ഞാൻ അവരെ രണ്ടുപേരെയുംകാൾ പ്രായംകുറഞ്ഞവനാണ്. ഞങ്ങളുടെ പിതാവ് പേർഷ്യാരാജ്യത്തിലെ ഒരു പ്രധാന വ്യാപാരിയായിരുന്നു. ഞാൻ ബാലനായിരിക്കുമ്പോൾതന്നെ പിതാവു മരിച്ചു. അന്നെനിക്കു പതിന്നാലു വയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. ഞാനും സഹോദരന്മാരും പിതാവിൻെറ ഭവനത്തിൽ താമസിച്ചിരുന്നു. ഞങ്ങളുടെ പിതാവിൻെറ വകയായി ഒട്ടനവധി സ്വത്തുക്കളുണ്ടായിരുന്നതു ഞങ്ങളുടെ അധീനത്തിൽ വന്നുചേർന്നു. പിതാവിൻെറ മരണാനന്തരകർമ്മങ്ങൾ കഴിഞ്ഞ ഉടനേതന്നെ സ്വത്തുക്കളെല്ലാം ഞങ്ങൾ സഹോദരന്മാർതമ്മിൽ ഭാഗിക്കണമെന്ന് എൻെറ ജ്യേഷ്ഠന്മാർ അഭിപ്രായപ്പെട്ടു. അതുകേട്ടു ഞാൻ വളരെ സങ്കടപ്പെടുകയും,സ്വത്തുക്കളെല്ലാം അവർ രണ്ടുപേരുംതന്നെ ഭരിക്കുകയും ആദായമെടുക്കുകയും ചെയ്തുകൊള്ളണമെന്നും അവർതന്നെ എൻെറ പിതാവിൻെറ സ്ഥാനം വഹിച്ചുകൊണ്ടു് എന്നെ അവരുടെകൂടെ താമസിപ്പിച്ചു സംരക്ഷിച്ചാൽ മതിയെന്ന് ഞാൻ കേണപേക്ഷിക്കയും ചെയ്തു. അവർ അതു വകവെച്ചില്ല. ഒടുവിൽ അവർ ന്യായാധിപൻെറ മുമ്പിൽ ഹാജരായി പരാതി ബോധിപ്പിച്ചു. ന്യായാധിപൻ എന്നെ വരുത്തി മുറപ്രകാരം വിചാരണചെയ്തു. ഞാൻ എൻെറ ആഗ്രഹത്തെ ന്യായാധിപനോടറിയിച്ചു. അപ്പോൾ എൻെറ സഹോദരന്മാർ ഞാൻ പറയുന്നതിൽ യാഥാർത്ഥ്യതയില്ലെന്നും അങ്ങനെയാണെങ്കിൽ എൻെറ വീതംകൂടെ അവർക്കു രണ്ടുപേർക്കുമായി ഒഴിഞ്ഞെഴുതിവെയ്ക്കണമെന്നും പറഞ്ഞു. അപ്രകാരം

ചെയ്യാമെന്നു ഞാൻ സമ്മതിക്കുകയും ന്യായാധിപന്റെ മുമ്പിൽവെച്ചുതന്നെ എന്റെ അവകാശം ഒഴിഞ്ഞെഴുതി വെയ്ക്കുകയും ചെയ്തു. ഞങ്ങൾ വീട്ടിൽ മടങ്ങിവന്നതിനു ശേഷം ഒന്നുരണ്ടു ദിവസങ്ങൾ കഴിഞ്ഞു് എന്റെ സഹോദരന്മാർ എന്നെ വിളിച്ചു് ആ വീട്ടിൽനിന്നു മാറിത്താമസിക്കണമെന്നാവശ്യപ്പെടുകയും അടുത്തെവിടെയെങ്കിലും പ്രത്യേകമൊരു സ്ഥലം ഞാൻ വാടകയ്ക്കെടുത്തു താമസിക്കുന്നതാണു നല്ലതെന്നഭിപ്രായപ്പെടുകയുംചെയ്തു. അവരുടെ ഉദ്ദേശമെന്താണെന്നു് അപ്പോഴാണു് എനിക്കു മനസ്സിലായതു്. ഏതായാലും എന്റെ അവകാശങ്ങൾ അവർക്കൊഴിഞ്ഞെഴുതി വെച്ചതിനാൽ എനിക്കു മറ്റൊന്നും പറയാൻ അധികാരമില്ലാതെവന്നു. അങ്ങനെ ഞാൻ എന്റെ പിതാവിന്റെ വീട്ടിൽനിന്നു മാറി വേറൊരു ചെറിയ വീടു് വാടകയ്ക്കെടുത്തു് അവിടെ താമസമാരംഭിച്ചു. എന്റെ പിതാവു് എനിക്കു സംഭാവനചെയ്തിരുന്ന ചില്ലറ വസ്തുക്കളും പണവുമെല്ലാം ഞാൻ കൊണ്ടുപോയി വീട്ടാവശ്യങ്ങൾക്കുപയോഗിച്ചു. ബാക്കിയുള്ള ചെറിയ സംഖ്യകൊണ്ടു ഞാൻ ഒരു ചെറിയ പീടിക വാടകയ്ക്കെടുത്തു് ചെറുതായിട്ടു് ഒരു തുണിക്കട തുടങ്ങി. ആ കച്ചവടം ക്രമേണ അഭിവൃദ്ധിപ്പെട്ടുവന്നു് ഒടുവിൽ ആ സ്ഥലത്തെ ഏറ്റവും വലിയ കടയായിത്തീർന്നു. എനിക്കു് ആവശ്യംപോലെ എത്ര പണവും വിശ്വാസത്തിന്മേൽ തരാൻ തയ്യാറുള്ള പലരും ഉണ്ടായിരുന്നു. അങ്ങനെ എന്റെ സമ്പത്തും സ്ഥിതിയും വർദ്ധിച്ചു. ഒരുദിവസം ഞാൻ എന്റെ വീട്ടിൽ വിശ്രമിക്കുമ്പോൾ എന്റെ ഒരു ഭൃത്യൻ ഓടിവന്നു എന്നെ സ്നേഹമില്ലാത്തവനും ചുമതലാബോധമില്ലാത്തവനുമാണെന്നു കുറ്റപ്പെടുത്തി. കാര്യം ചോദിച്ചറിഞ്ഞപ്പോൾ ഈ നില്ക്കുന്ന എന്റെ മൂത്ത സഹോദരനെ പട്ടാപ്പകൽ തെരുവിൽ ഒരു യഹൂദൻ ഒരു വടികൊണ്ടു് പുറത്തു നിർദ്ദയം അടിച്ചു പൊട്ടിച്ചുകൊണ്ടു നടക്കുന്നുവെന്നും ആ യഹൂദനു് എന്റെ

സഹോദരൻ കൊടുത്തുതീക്കാനുള്ള പണം കൊടുക്കാൻ നിവൃത്തിയില്ലാത്തതിനാലാണു് അപ്രകാരം ചെയ്യാൻ ഇടയായതെന്നും മനസ്സിലായി. ഉടൻതന്നെ ഞാൻ തെരുവിലേയ്ക്കോടി. അവിടെ ചെന്നപ്പോൾ എൻെറ ഭൃത്യൻ പറഞ്ഞ കാൎയ്യം ഞാൻ നേരിട്ടുകണ്ടു ബോദ്ധ്യപ്പെട്ടു. സഹോദരസ്നേഹത്താൽ എൻെറ രക്തം തിളയ്ക്കുകയും ഞാൻ ആ യഹൂദനെ തടഞ്ഞുകൊണ്ടു് അയാൾക്കു ചെല്ലാനുള്ള പണത്തിനുള്ള തെളിവു കാണിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അയാൾ അപ്രകാരം ചെയ്യുകയും ഉടനേതന്നെ ഞാൻ അയാളുടെ പണം കൊടുത്തിട്ടു് എൻെറ സഹോദരനെ രക്ഷിക്കുകയുംചെയ്തു. ഞാൻ സഹോദരനെ വീട്ടിൽ കൊണ്ടുവന്നു് ചൂടുവെള്ളത്തിൽ കുളിപ്പിച്ചു് പുതിയ വസ്ത്രങ്ങളും നല്ല ആഹാരവും കൊടുത്തു തൃപ്തനാക്കി. എൻെറ പിതാവിൻെറ വമ്പിച്ച സ്വത്തുമുഴുവൻ എൻെറ സഹോദരന്മാർ ധൂൎത്തടിച്ചു നശിപ്പിച്ചു ദരിദ്രന്മാരായിക്കഴിഞ്ഞിരുന്നു. എന്നാലും അതേപ്പററിയൊന്നും ചോദിച്ചു ഞാൻ എൻെറ സഹോദരനെ ദുഃഖിപ്പിച്ചില്ല. അതിനിടയ്ക്കു് ഞാൻ എൻെറ മറേറ സഹോദരനേയും അവിടെ കൂട്ടിക്കൊണ്ടുവന്നു സംരക്ഷിച്ചു. കുറെ ദിവസങ്ങൾ അങ്ങനെ കഴിഞ്ഞു. ഒടുവിൽ ഒരുദിവസം ഞാൻ എൻെറ സഹോദരന്മാർ രണ്ടുപേരേയും വിളിച്ചു് ഇങ്ങനെ പറഞ്ഞു—"സഹോദരന്മാരേ! നിങ്ങൾ നിങ്ങളുടെ സ്വത്തെല്ലാം നശിച്ചു നിൎദ്ധനന്മാരായിത്തീൎന്നിരിക്കുകയാണു്. നിങ്ങളെപ്പററി ഈ നാട്ടിൽ ആൎക്കും ഇപ്പോൾ മതിപ്പില്ലെന്നു വന്നിരിക്കുന്നു. അതിനാൽ നിങ്ങൾ രണ്ടുപേരും അന്യദേശങ്ങളിൽ പോയി വ്യാപാരം ചെയ്തു സമ്പത്തുണ്ടാക്കണം." സഹോദരന്മാർ രണ്ടുപേരും ഒന്നും മറുപടിപറയാതെ മൌനമായിരുന്നു. ഒടുവിൽ അവൎക്കു വേണ്ട കച്ചവടസാധനങ്ങളെല്ലാം സംഭരിച്ചു് ആവശ്യമുള്ള പണവുംകൊടുത്തു് അവരെ ഞാൻ ഒരു കച്ച

വടസംഘത്തിൽ ചേർത്തു് 'ബുഖാറാ' * എന്ന സ്ഥലത്തേയ്ക്കയച്ചു. ഒരുവർഷം കഴിഞ്ഞപ്പോൾ ആ കച്ചവടസംഘം നാട്ടിൽ മടങ്ങിയെത്തി. എന്നാൽ എൻെറ സഹോദരന്മാർ അക്കൂട്ടത്തിൽ മടങ്ങിയെത്തിയിട്ടില്ലായിരുന്നു. അവരെപ്പററിയുള്ള യാതൊരു വിവരവും ആ സംഘത്തിൽപ്പെട്ട ആരും എന്നോടു പറയാൻ തയ്യാറായില്ല. ആ സംഘത്തിൽപെട്ട ഒരാളിനോടു ഞാൻ വളരെ നിർബ്ബന്ധപൂർവ്വം ചോദിച്ചപ്പോൾ അയാൾ വളരെ വിസമ്മതത്തോടുകൂടിയാണെങ്കിലും എൻെറ സഹോദരന്മാരെ സംബന്ധിച്ചുള്ള വിവരങ്ങൾ എന്നെ പറഞ്ഞുകേൾപ്പിച്ചു. ഒരു സഹോദരൻ ബുഖാറിയിൽ എത്തിയ ഉടനേതന്നെ അയാളുടെ സ്വത്തെല്ലാം ചൂതുകളിയിൽ ധൂർത്തടിച്ചു നശിപ്പിച്ചെന്നും ഒടുവിൽ ഒരു കാശുപോലും അവശേഷിക്കാതെ വന്നപ്പോൾ അയാൾ ആ ചൂതുകളിസ്ഥലത്തുതന്നെ താമസിച്ചു് അവിടെ ചൂതാടാൻ വരുന്നവർക്കു് ഓരോ ജോലികൾ ചെയ്തുകൊടുത്തു് ഉപജീവനം കഴിക്കുകയാണെന്നും അറിഞ്ഞു. മററെസഹോദരൻ ബുഖാറായിലുള്ള ഒരു മദ്യശാലയുടെ ഉടമസ്ഥൻെറ മകളുമായി സ്നേഹത്തിലേർപ്പെട്ടു് അയാളുടെ പണമെല്ലാം നശിപ്പിക്കുകയും ഒടുവിൽ നിർദ്ധനാവസ്ഥയിൽ എത്തിയപ്പോൾ ആ മദ്യശാലയിൽത്തന്നെ ഒരു വേലക്കാരനായി പണിയെടുത്തു ജീവിക്കുകയുമാണുണ്ടായതു്. ഈ വിവരങ്ങളെല്ലാം അറിഞ്ഞപ്പോൾ എനിക്കു വളരെ സങ്കടവും നിരാശ

---

* ബുഖാറാ ടാർടറിദേശത്തുള്ള ഒരു മുഖ്യനഗരമാണു്. ടാർടറിദേശത്തെ ടാർടാർവർഗ്ഗക്കാർ പിടിച്ചടക്കുന്നതിനുമുമ്പു് 'മവാറന്നമാർ' എന്നറിയപ്പെട്ടിരുന്ന ആ പ്രദേശത്തിൻെറ തലസ്ഥാനനഗരമായിരുന്നു ബുഖാറാ. ബുഖാറാ പേഷ്യയിൽവെച്ചു് പഴവർഗ്ഗങ്ങൾ, സുഖപ്രദമായ ശീതോഷ്ണാവസ്ഥ, സുന്ദരികളായ സ്ത്രീകൾ ഇവയ്ക്കു് കവികൾ ഏററവും ഉന്നതനിലയിൽ പ്രകീർത്തിച്ചിരുന്ന ഒരു നഗരമായിരുന്നു.

യും തോന്നി. ഏതായാലും സഹോദരസ്നേഹം എന്നെ സമാധാനമായിരിക്കാൻ അനുവദിച്ചില്ല ഞാൻ കുറെ പണവുംകൊണ്ടു് ഉടൻതന്നെ ബുഖാറായിലേക്കു തിരിച്ചു. അവിടെച്ചെന്നു് സഹോദരന്മാരെ കണ്ടുപിടിച്ചു് അവക്കു പുതിയ വസ്ത്രങ്ങളും മററും വാങ്ങിക്കൊടുത്തതിന്നുശേഷം കുറെ പണം മുടക്കി കച്ചവടസാധനങ്ങളും വാങ്ങി അവിടെ നിന്നു നാട്ടിലേയ്ക്കു പുറപ്പെട്ടു. ഞങ്ങൾ ഖുറാസാനു സമീപം എത്തിയപ്പോൾ സഹോദരന്മാരെ അവിടെ താമസിച്ചുവിശ്രമിക്കാൻ ഏപ്പാടുചെയ്തിട്ടു ഞാൻ വീട്ടിലേയ്ക്കു മടങ്ങി. പിറേറദിവസം എൻെറ സഹോദരന്മാർ കച്ചവടത്തിന്നുപോയിട്ടു് വളരെ സാധനങ്ങളുംകൊണ്ടു് അന്തസ്സായി മടങ്ങിയെത്തിയെന്നുള്ള വിവരം പരസ്യമാക്കീട്ടു് അവരെ വന്നുകണ്ടു് വീട്ടിലേക്കു ക്ഷണിച്ചുകൊണ്ടുവരുന്നതായി ഭാവിക്കണമെന്നുള്ളതായിരുന്നു എൻെറ ഉദ്ദേശം. എന്നാൽ പിറേറദിവസം രാവിലെ ഞാൻ പുറപ്പെടാൻ തയാറായിരിക്കുമ്പോൾ എൻെറ സഹോദരന്മാരെ താമസിപ്പിച്ചിരുന്ന വീട്ടിലെ സാധുകഷ്കൻ കരഞ്ഞുകൊണ്ടു് എൻെറ മുമ്പിലെത്തി തലേദിവസം രാത്രി ഒരു തസ്കരസംഘം അയാളുടെ വീടു കവച്ചുചെയ്തു് എൻെറ സഹോദരന്മാരുടെ സാധനങ്ങളും ആ സാധുവിൻെറ വീട്ടുസാധനങ്ങളുമെല്ലാം തട്ടിക്കൊണ്ടുപോയെന്നും എൻെറ സഹോദരന്മാർ ഉടുക്കാനുള്ള വസ്ത്രംപോലും ശേഷിക്കാതെ വെളിയിൽ സങ്കടത്തിൽ പെട്ടു് ഇരിക്കുന്നുവെന്നും എന്നെ അറിയിച്ചു. ഉടനേതന്നെ ഞാൻ രണ്ടുപേക്കും വേണ്ട വസ്ത്രങ്ങളുമായി അവിടെച്ചെന്നു് അവരെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുവന്നു താമസിപ്പിച്ചു. അങ്ങനെ അവർ മൂന്നുമാസം അവിടെ സുഖമായി താമസിച്ചു. ഒടുവിൽ കച്ചവടത്തിന്നുതന്നെ വീണ്ടും അവർ പുറപ്പെടണമെന്നും അവരുടെ നഷ്ടപ്പെട്ട അന്തസ്സും അഭിമാനവും അവർ വീണ്ടെടുക്കേണ്ടതാവശ്യമാണെന്നും ഞാൻ അഭിപ്രായപ്പെട്ടു. വേണമെന്നുണ്ടെങ്കിൽ അവരുടെകൂടെഞാനും

പോകാമെന്നു പറഞ്ഞു. അതനുസരിച്ച് ഒരു കപ്പൽ നിറയെ കച്ചവടസാധനങ്ങളും സംഭരിച്ച ഞങ്ങൾ ഒരു ശുഭമുഹൂൎത്തത്തിൽ കപ്പൽ നീക്കി. ഒരുമാസത്തോളം ഞങ്ങളുടെ കപ്പൽ നദിയിൽ സഞ്ചരിച്ചു. അതിനിടയ്ക്ക് എൻെറ രണ്ടാമത്തെ സഹോദരൻ എൻെറ അടിമസ്ത്രീയുമായി സ്നേഹത്തിലേപ്പെട്ടു. സഹോദരന്മാർ രണ്ടുപേരുംചേൎന്ന് എൻെറ ശല്യം എങ്ങനെയും ഒതുക്കണമെന്നും എന്നെ ഏതുവിധവും കൊലപ്പെടുത്തണമെന്നും തീൎച്ചപ്പെടുത്തി. എനിക്ക സഹായത്തിനായി എൻെറ വിശ്വസ്തസേവകനായ ഈ പട്ടിമാത്രമേ കപ്പലിൽ ഉണ്ടായിരുന്നുള്ളു. ഒരുദിവസം കപ്പലിൻെറ മേൽത്തട്ടിൽനിന്നു വെള്ളത്തിലേയ്ക്ക സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്ന എൻെറ മൂത്തസഹോദരൻ നദിയിൽ ജലദേവതകൾ നൃത്തംനടത്തുന്നുവെന്നും അതു കാണാൻ ചെല്ലണമെന്നും എന്നോടാവശ്യപ്പെട്ടു. ഞാൻ വെള്ളത്തിലേയ്ക്ക സൂക്ഷിച്ചുനോക്കിക്കൊണ്ടു നിന്നു. എന്നാൽ അവിടെ വിശേഷവിധിയായി ഒന്നുംതന്നെ കണ്ടില്ല. എൻെറ മൂത്തസഹോദരൻ ഓരോന്നു പറഞ്ഞുകൊണ്ട് എൻെറ ശ്രദ്ധയെ ആകൎഷിച്ചുകൊണ്ടിരുന്നു. എൻെറ പട്ടി ആ സമയം എൻെറ സമീപം ഉണ്ടായിരുന്നു. അല്പനേരം കഴിഞ്ഞപ്പോൾ എൻെറ രണ്ടാമത്തെ സഹോദരൻ ഞാൻ കാണാതെ എൻെറ പുറകിൽ വന്നുനിന്നുകൊണ്ട് എന്നെ ഒററച്ചവിട്ടിനു വെള്ളത്തിൽ തള്ളിയിട്ടു. ഞാൻ അഗാധമായ നദിയിൽവീണു നീന്തിയും തുടിച്ചും പ്രാണൻ രക്ഷിക്കാനായി തുഴഞ്ഞു. ആ സമയം എൻെറ പട്ടിയും വെള്ളത്തിൽ ചാടി എൻെറ പുറകേ തുടൎന്നു നീന്തിക്കൊണ്ടിരുന്നു. കപ്പൽ മുന്നോട്ടുനീങ്ങി. എൻെറ സഹോദരന്മാർ ഞാൻ വെള്ളത്തിൽ വീണുപോയി എന്നു വിളിച്ചുപറഞ്ഞുകൊണ്ടു കള്ളക്കരച്ചിൽ തുടങ്ങി. അപ്പോഴേയ്ക്കും കപ്പൽ വളരെ മുന്നോട്ടുപോയിരുന്നതിനാൽ എന്നെ ഉപേക്ഷിച്ചിട്ട് കപ്പൽ യാത്രതുടൎന്നു. ഞാൻ കുറച്ചുനേരം തുഴഞ്ഞതി

ന്നശേഷം കൈകാലുകൾ കുഴഞ്ഞു ശക്തിയററവനായിത്തീ ന്നു. ആ അവസ്ഥയിൽ വെള്ളത്തിൽ മുങ്ങി മരണമടയുക യല്ലാതെ ഗത്യന്തരമൊന്നും കാണാതെ ഞാൻ സർവ്വശക്ത നിൽ അഭയംതേടികൊണ്ടു് അനങ്ങാതെ വെള്ളത്തിനു മീതെ കിടന്നു. അപ്പോൾ എൻെറ കൈ എന്തോ ഒന്നിൽ തടഞ്ഞതായിത്തോന്നി. ഞാൻ സൂക്ഷിച്ചുനോക്കിയപ്പോൾ പട്ടിയുടെ വാലിലാണു് എൻെറ കൈ തടഞ്ഞതെന്നു മന സ്സിലായി. ഞാൻ അതിൽ മുറുകെപ്പിടിച്ചുകിടന്നു. പട്ടി മുന്നോട്ടു നീന്തിത്തുടങ്ങി. അങ്ങനെ ഏഴുദിവസം ഞാനും എൻെറ പട്ടിയും വെള്ളത്തിൽതന്നെ കഴിച്ചു. എട്ടാമ ത്തെദിവസം ഞങ്ങൾ കരയ്ക്കടുത്തു. ആഹാരമൊന്നുംകൂടാ തെ ഇത്രയധികംദിവസം വെള്ളത്തിൽ കിടന്ന എനിക്കു് നിൽക്കാൻപോലും ശക്തിയില്ലായിരുന്നു. അതിനാൽ ഞാൻ തറയിൽ കിടന്നുകൊണ്ടു് മുന്നോട്ടു് ആയം കൊണ്ടു് ഇഴഞ്ഞു. അങ്ങനെ ഇഴഞ്ഞിഴഞ്ഞു് സൂര്യാസ്തമ നത്തോടെ രണ്ടുമൈൽദൂരത്തുള്ള ഒരു മലഞ്ചെരിവിൽ ചെന്നു ചേന്നു. രാത്രി അവിടെത്തന്നെ കഴിഞ്ഞുകൂടി. അടുത്ത പ്രഭാതംമുതൽ വീണ്ടും ഇഴയാൻ തുടങ്ങി. ഉച്ചയായപ്പോ ഴേയ്ക്കും ഞാൻ ഒരുവിധത്തിൽ നഗരത്തിൽ എത്തി. അവിടെ ഓരോ ഹോട്ടലുകളിലും കാപ്പിക്കടകളിലും ആഹാ രസാധനങ്ങൾ തയ്യാറാക്കിവെച്ചിരുന്നതു കണ്ടു് ഞാൻ ആത്യാത്തിപൂണ്ടു. എന്നാൽ എൻെറ കൈവശം ഒരു ചില്ലിക്കാശുപോലും ഇല്ലാതെയിരുന്നതിനാലും ഭിക്ഷയിര ക്കാൻ ഞാൻ ആഗ്രഹിക്കാഞ്ഞതുകൊണ്ടും എൻെറ കഠിന മായ വിശപ്പു സഹിച്ചുകൊണ്ടു മരണത്തിൻെറ വായിലേക്കു വഴുതിവീഴാനല്ലാതെ ഗത്യന്തരമില്ലെന്നു കണ്ടു. അങ്ങനെ നിരാശനായി കിടക്കുമ്പോൾ പേഴ്സ്യാക്കാരുടെ രീതിയിൽ വസ്ത്രധാരണം ചെയ്തിരുന്ന രണ്ടു പുരുഷന്മാർ എതിരേ വന്നതു കണ്ടു ഞാൻ സമാശ്വസിച്ചു. എൻെറ നാട്ടുകാരായ തുകൊണ്ടു് അവർമൂലം എന്തെങ്കിലും സഹായം ലഭിക്കു

മെന്നു ഞാൻ ആശിച്ചു. എന്നാൽ അവർ അടുത്തു് എത്തിയപ്പോൾ എന്റെ സഹോദരന്മാരാണെന്നു മനസ്സിലായി. അവർ എന്നെ കഠിനമായി അടിക്കുകയും തൊഴിയ്ക്കുകയും മററുംചെയ്തു് മരണാവസ്ഥയിലെത്തിച്ചു. അവിടെ കൂടിയവർ കാരണം ചോദിച്ചപ്പോൾ ഞാൻ അവരുടെ ഭൃത്യനായിരുന്നുവെന്നും കപ്പലിൽനിന്നു ഞാൻ അവരുടെ സഹോദരനെ വെള്ളത്തിൽ തള്ളിയിട്ടു കൊന്നവനാണെന്നും മററും അവർ കപടവിലാപത്തോടുകൂടി പറഞ്ഞു കേൾപ്പിച്ചു. സഹോദരന്മാർ എന്നെ തുടർന്നുപദ്രവിച്ചു കൊണ്ടുനില്ക്കുമ്പോൾ ഏതാനും പോലീസുകാർ അവിടെ വന്നു് അവരെ തടസ്സപ്പെടുത്തീട്ടു് ഞങ്ങളെ എല്ലാവരേയും കോടതിയിൽകൊണ്ടുപോയി മജിസ്ത്രേട്ടിന്റെമുമ്പിൽ ഹാജരാക്കി. എന്റെ സഹോദരന്മാർ മുൻപറഞ്ഞ കള്ളക്കഥ അവിടെ പറഞ്ഞു. മജിസ്ത്രേട്ടു് എന്നോടു വിവരങ്ങൾ ചോദിച്ചുവെങ്കിലും ക്ഷീണംകൊണ്ടു മരണാവസ്ഥയിൽ എത്തിയിരുന്ന എനിക്കു് ഒരക്ഷരംപോലും സംസാരിക്കാൻ ശക്തിയില്ലായിരുന്നതിനാൽ ഞാൻ മൌനമായിരുന്നു. എന്റെ മൌനം കുററസമ്മതമാണെന്നു ധരിച്ച മജിസ്ത്രേട്ടു് എന്നെ നഗരത്തിനുവെളിയിലുള്ള മൈതാനത്തു കൊണ്ടുപോയി മുക്കാലിയിൽ കെട്ടി അടിക്കാൻ വിധിച്ചു. അതനുസരിച്ചു് മജിസ്ത്രേട്ടിന്റെ കിങ്കരന്മാർ എന്നെ അവിടെക്കൊണ്ടുപോയി മുക്കാലിയിൽ കെട്ടി. ഞാൻ ഏററവും ഹൃദയവേദനയോടെ അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടു് ഇപ്രകാരം ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചു:—"ഈ ഭയങ്കരസന്ദർഭത്തിൽ നീയല്ലാതെ ഈ നിരപരാധിയായ സാധുവിന്റെ കാര്യത്തിൽ ഇടപെട്ടു രക്ഷിക്കാൻ മററാരുമില്ല. ഇപ്പോൾ നീ എന്നെ രക്ഷിക്കുകയാണെങ്കിൽമാത്രം ഞാൻ രക്ഷപ്പെടും." അന

ന്തരം 'ഷഹാദത്ത്' * ഉരുവിട്ടുകൊണ്ടു് ഞാൻ ബോധം കെട്ടു പുറകോട്ടു മറിഞ്ഞു. ഉത്തരക്ഷണത്തിൽ ആ നാട്ടിലെ രാജാവിൻെറ കിങ്കരന്മാർ അവിടെ വരികയും രാജാവിനു പെട്ടെന്നു മോഹാലസ്യം ബാധിച്ചിരിക്കുന്നതിനാൽ അതിൻെറ ഉപശാന്തിക്കുവേണ്ടി എല്ലാത്തടവുകാരെയും മോചിപ്പിക്കാൻ കല്പനയുണ്ടെന്നു പറയുകയുംചെയ്തു. അങ്ങനെ അവർ എന്നെ മുക്കാലിയിൽനിന്നു മോചിപ്പിച്ചു. എന്നാൽ എൻെറ മരണം കണ്ടു സന്തോഷിക്കാനായി അവിടെ എത്തിയിരുന്ന എൻെറ ഈ സഹോദരന്മാർ എന്നെ ഉടനേതന്നെ വീണ്ടും പിടിച്ചുകെട്ടി മജിസ്ട്രേട്ടിൻെറ മുമ്പിൽ ഹാജരാക്കിയതിനുശേഷം മജിസ്ട്രേട്ടിനു കോഴയായി ഒരു വലിയസംഖ്യ കൊടുത്തിട്ടു് എന്നെ ഉടനേതന്നെ മരണദണ്ഡനയ്ക്കു വിധിയ്ക്കണമെന്നാവശ്യപ്പെട്ടു. മജിസ്ട്രേട്ടു് അവരുടെ ആഗ്രഹപ്രകാരം വേണ്ടതെല്ലാം ചെയ്യാൻ കടപ്പെട്ടിരുന്നതിനാൽ അല്പനേരം ആലോചിച്ചിട്ടു് ഞാൻ വളരെവേഗംതന്നെ മരിച്ചുപോകത്തക്കവിധത്തിലുള്ള ഒരു കാരാഗൃഹത്തിൽ ഭക്ഷണമോ വെള്ളമോ തരാതെ എന്നെ അടച്ചിടാമെന്നു സമ്മതിച്ചു. ആ പട്ടണത്തിൽനിന്നു രണ്ടുനാഴിക അകലെ ഒരു മലയിടുക്കിൽ പണ്ടു രാജാവായിരുന്ന സുലൈമാൻനബിയുടെ കാലത്തു് ജിന്നുകൾ ഒരഗാധമായ കിണറു കുഴിച്ചിരുന്നു. അക്കാലത്തു് സുലൈമാൻനബിയുടെ അപ്രീതിക്കു പാത്രമാകുന്നവരെ ആ പടുംകുഴിയിൽ ഇട്ടു് ഭക്ഷണമോ വെള്ളമോ ഒന്നും കൊടുക്കാതെ കൊല്ലുക പതിവായിരുന്നു. മജിസ്ട്രേട്ടിൻെറ കിങ്കരന്മാർ എന്നെ ആ കാരാഗൃഹത്തിലാണു

---

* 'ഷഹാദത്ത്' മുസ്ലിംകളുടെ വിശ്വാസപ്രമാണം ഉൾക്കൊള്ളുന്ന ചൊല്ലാണു്. അവർ വീരചരമം അടയുമ്പോൾ ഈ പ്രമാണം ഉച്ചരിച്ചു് ആത്മശക്തി ഉറപ്പിക്കുക പതിവാണു്. അതുപോലെതന്നെ അവിശ്വാസികളോടു് യുദ്ധക്കളത്തിൽവെച്ചു് ഏററുമുട്ടുന്ന അവസരത്തിലും അവർ ഇതിനെചൊല്ലി ആത്മവീര്യം നേടുക പതിവാണു്.

കൊണ്ടുപോയിത്തള്ളിയതു്. മുമ്പു് അവിടെക്കിടന്നു മരണമടഞ്ഞവരുടെ എല്ലുകളല്ലാതെ അവിടെ മറെറാന്നും ഇല്ലായിരുന്നു. ആ ഇരുളംനിറഞ്ഞ കുഴിയിൽക്കിടന്നു ഞാൻ മരിക്കുകയല്ലാതെ അതിൽനിന്നു രക്ഷപ്പെടാൻ ഒരു മാർഗ്ഗവും കണ്ടില്ല. എൻെറ പ്രിയപ്പെട്ട ഈ പട്ടിമാത്രം എനിക്കു കാവലായി കിണററിൻെറ മേൽഭാഗത്തു വന്നുകിടന്നു. ഞാൻ വളരെനേരം ബോധരഹിതനായി ആ കിണററിൻെറ അടിയിൽക്കിടന്നു. ഒടുവിൽ ബോധംതെളിഞ്ഞുണർന്നപ്പോൾ മരണത്തോടു് ഏററവും അടുത്തിരിക്കുന്നതായി എനിക്കുതോന്നി. ഞാൻ എന്നെ അല്ലാഹുവിൽ സമർപ്പിച്ചു കണ്ണടച്ചുകിടന്നു. അപ്പോൾ എൻെറ സമീപത്തു രണ്ടുപേർതമ്മിൽ പതിഞ്ഞ സ്വരത്തിൽ എന്തോ സംസാരിക്കുന്നതു കേട്ടു. മരണത്തിൻെറ മടിത്തട്ടിലെത്തിക്കഴിഞ്ഞ എൻെറ സമീപം 'മുൻകർ' എന്നും 'നക്കീർ' * എന്നുമുള്ള രണ്ടു മലക്കുകൾ എത്തിയിരിക്കുകയാണെന്നു ഞാൻ തീർച്ചപ്പെടുത്തി. കുറച്ചുകഴിഞ്ഞപ്പോൾ കിണററിൽ കയർ ഇറക്കുമ്പോൾ ഉണ്ടാകുന്ന ശബ്ദം ഞാൻ കേട്ടു. എന്തോ ഒന്നു് കിണററിൻെറ ആഴത്തിൽ വന്നുവീണതുപോലെയും തോന്നി. ഞാൻ ഇരുട്ടിൽ തപ്പിനോക്കിയപ്പോൾ മരിച്ച മനുഷ്യരുടെ എല്ലുകളല്ലാതെ മറെറാന്നും എൻെറ കൈയ്യിൽപെട്ടില്ല. കുറച്ചുകഴിഞ്ഞു് അവിടെ ഉണ്ടായിരുന്നവർ രണ്ടുപേരും എന്തോ ചവച്ചുതിന്നുന്ന ശബ്ദംകേട്ടു. ഞാൻ ജീവനോടെ ഇരിക്കുകയാണോ എന്നുള്ള സംശയനിവൃത്തിക്കുവേണ്ടി ഞാൻ അവരോടു്, അവർ ആരാണെന്നും ഞാൻ ജീവിച്ചിരിക്കുകയാണോ എന്നും പറയാനാവശ്യപ്പെട്ടു. അവർ

---

* മരിച്ചു് സംസ്കരിച്ചുകഴിഞ്ഞാൽ ഉടനെ രണ്ടു മലക്കുകൾ ഖബറിനുള്ളിൽ വന്നു് മരിച്ചയാളിനെ ജീവിപ്പിച്ചു് അയാളോടു് അയാളുടെ വിശ്വാസത്തെയും പ്രവൃത്തികളെയുംപററി ചോദിക്കുമെന്നു മുസ്ലിംകൾ വിശ്വസിക്കുന്നു. ആ മലക്കുകളുടെ പേർ 'മുൻകർ' എന്നും 'നക്കീർ' എന്നുമാണു്.

വികൃതമായി ചിരിച്ചുകൊണ്ടു് അവർ സുലൈമാന്റെ കാരാഗൃഹത്തിലെ തടവുകാരാണെന്നും എനിക്കു് അപ്പോഴും ജീവനുണ്ടെന്നും എന്നാൽ ഏറെത്താമസിയാതെ ഞാൻ മരിച്ചുകൊള്ളുമെന്നും മറുപടിപറഞ്ഞു. അവർ ഭക്ഷിക്കുന്നതു് എന്തായാലും അതിൽ അല്പം എനിക്കു തരാൻ ഞാനവരോടപേക്ഷിച്ചു. അതിനു് നിഷേധരൂപത്തിലുള്ള ഒരു ശുഷ്കിച്ച മറുപടിമാത്രമാണവരിൽനിന്നു കിട്ടിയതു്. ഭക്ഷിച്ചുതീർന്നപ്പോൾ അവർ നിദ്രയിൽ ആണ്ടു. ക്ഷീണംകൊണ്ടു ബോധം നശിച്ച ഞാൻ വീണ്ടും മയക്കത്തിൽ വീഴുകയും വിലപിച്ചുകൊണ്ടു കിടന്നു് അല്ലാഹുവിനെ സ്മരിക്കുകയുംചെയ്തു. അങ്ങനെ ഞാനു അവിടെകിടന്നു നരകയാതന അനുഭവിച്ചു. ചിലപ്പോൾ ആരോ ഒരാൾ ഒരു കയറിൽ കെട്ടി തുണിയിൽ പൊതിഞ്ഞു് അപ്പക്കഷണം കിണററിലെയ്ക്കിടുന്നതും ഒരു കുടത്തിൽ വെള്ളം കീഴോട്ടു കെട്ടിയിറക്കുന്നതും കാണാറുണ്ടായിരുന്നു. എന്നാൽ എന്റെകൂടെയുണ്ടായിരുന്ന രണ്ടു തടവുകാർ ആ അപ്പക്കഷണവും വെള്ളവും പിടിച്ചെടുത്തു മുഴുവൻ വയററിലാക്കുകയും എനിക്കു യാതൊന്നും കിട്ടാതെവരികയും പതിവായിരുന്നു. ഈ സംഭവങ്ങളെല്ലാം കണ്ടുകൊണ്ടു കരയുക കാത്തുകിടന്ന എന്റെ വിശ്വസ്തനായ ശ്വാനൻ ആ രീതിയിൽ എനിക്കും സഹായം എത്തിക്കാനുള്ള വഴി ആലോചിച്ചു അവൻ നഗരത്തിലുള്ള ഏതോ റൊട്ടിക്കടയിൽനിന്നു് ഒരു റൊട്ടി കടിച്ചെടുത്തുകൊണ്ടു് ഓടി കിണററിൻകരയിലെത്തി കീഴ്പോട്ടിട്ടുതന്നു. ഞാൻ അതെടുത്തു ഭക്ഷിച്ചു വിശപ്പടക്കി. അനന്തരം അവൻ അടുത്തുള്ള ഒരു വീട്ടിൽചെന്നു് പലവിധത്തിലുള്ള അടയാളങ്ങൾകാണിച്ചു് ആ വീട്ടിലുള്ള വൃദ്ധയെ കിണററിന്നുസമീപത്തേക്കു നയിക്കുകയും അവരെക്കൊണ്ടു് കിണററിലേക്കു് ഒരു കുടത്തിൽ വെള്ളംകെട്ടിയിറക്കിച്ചുതരികയും ചെയ്കയാൽ ഞാൻ ദാഹശമനവുംവരുത്തി. ഇങ്ങനെ കുറച്ചുദിവസത്തേക്കു ജീവിച്ചി

രിക്കാൻ എനിക്കു സാധിച്ചു. ഞാൻ എൻെറ പട്ടിയുടെ ബുദ്ധികൌശലത്താൽ ദിവസേന ഓരോ റൊട്ടിയും വെള്ളവുംകഴിച്ചു ജീവിച്ചുവന്നു. അങ്ങനെ ആറുമാസം ഞാൻ ആ കിണററിൽ കഴിച്ചുകൂട്ടി. ഒരു രാത്രിയിൽ കിണററിൻെറ മേൽഭാഗത്തുനിന്നു് ഒരു കയർ കിണററിലേയ്ക്കിറക്കുന്നതായി ഞാൻ കണ്ടു. അതിനെത്തുടന്നു് ആ കയർ അരയിൽചേത്തു ബലമായി കെട്ടാൻ പതിഞ്ഞ സ്വരത്തിൽ ഒരു ഉപദേശവും കേട്ടു. ഞാൻ അപ്രകാരം ചെയ്തു. ഏതാനും നിമിഷങ്ങൾക്കകം ആരോ ഒരാൾ എന്നെ വലിച്ചു കരയ്ക്കു കയററി. വിവരങ്ങൾ ഒന്നും സംസാരിക്കാതെ ഉടനെ പുറപ്പെടണമെന്നും അവിടെ താമസിക്കുന്നതു് അപകടമാണെന്നും എന്നെ കരയ്ക്കുകയററിയ ആൾ എന്നോടു മന്ത്രിച്ചു. ഞാൻ ആ ആളിൻെറകൂടെ തപ്പിത്തടഞ്ഞു കുറച്ചു ദൂരം നടന്നുപോയി. കുറച്ചുകലെയായി രണ്ടു കുതിരകളെ സവാരിക്കു തയ്യാറാക്കി ബന്ധിച്ചിരുന്നു. എൻെറകൂടെയുള്ള ആൾ അതിൽ ഒന്നിൻെറ പുറത്തുകയറീട്ടു് മറേറതിൽ കയറാൻ എന്നെ സഹായിച്ചു. ഞാൻ വളരെ പണിപ്പെട്ടു് ആ കുതിരപ്പുറത്തു കയറി. ഞങ്ങൾ രണ്ടുപേരും അതിവേഗത്തിൽ കുതിരകളെ ഓടിച്ചുപോയി. നേരം പ്രഭാതമായപ്പോൾ ഞങ്ങൾ ഒരു നദിയുടെ കരയിൽ എത്തിച്ചേന്നു. അപ്പോഴേയ്ക്കും ഞങ്ങൾ നഗരത്തിൽനിന്നു പത്തുപന്ത്രണ്ടു മൈൽ അകന്നുകഴിഞ്ഞു. പ്രഭാതവെളിച്ചത്തിൽ എൻെറകൂടെ യാത്രചെയ്തിരുന്ന ആളിനെ എനിക്കു വ്യക്തമായി കാണാൻ സാധിച്ചു. അയാൾ ആയുധധാരിയായ അതികോമളനായ ഒരു യുവാവായിക്കാണപ്പെട്ടു. ആ യുവാവു് എന്നെ അല്പനിമിഷത്തേക്കു സൂക്ഷിച്ചുനോക്കിയതിനു ശേഷം കോപത്താൽ വിറയ്ക്കുന്ന അധരങ്ങളെ പല്ലുകൊണ്ടുരുമ്മിക്കൊണ്ടു് തൻെറ അരയിൽ ഉറയിൽ കിടന്ന വാൾ ഊരിപ്പിടിച്ചു് എൻെറ കുതിരയ്ക്കെതിരായി അയാളുടെ കുതിരയെ വിട്ടുകൊണ്ടു് എൻെറനേക്കു് ആഞ്ഞൊന്നു

വെട്ടി. ഭയവിഹ്വലനായ ഞാൻ വെട്ടേൽക്കുന്നതിനുമുമ്പു തന്നെ കുതിരപ്പുറത്തുനിന്നു ദൂരെ തെറിച്ചുവീണു. അവിടെക്കിടന്നുകൊണ്ടു് ഞാൻ ആ യുവാവിൻെറ കാരുണ്യമർത്ഥിക്കുകയും അയാളോടിങ്ങനെ വിനയപൂർവ്വം പറയുകയും ചെയ്തു:—"ഞാൻ നിരപരാധിയാണു്, എന്തിനാണു് അവിടുന്നു് എൻെറ വധം ആഗ്രഹിക്കുന്നതു്? എന്നെ ആ പാഴ്നരകത്തിൽനിന്നു കരകയററിയ അങ്ങു് ഇപ്പോൾ എന്നോടു് ഇത്ര കരുണയില്ലാതെ പെരുമാറുന്നതെന്തുകൊണ്ടാണെന്നറിയുന്നില്ല." ഉടനെ ആ യുവാവു് എന്നോടു് "നീചാ, നീ ആരാണെന്നു വേഗം പറയൂ" എന്നു് ആജ്ഞാപിച്ചു. ഞാൻ ഒരു സഞ്ചാരിയാണെന്നും അനർഹമായി ആ കാരാഗൃഹത്തിൽ അടയ്ക്കപ്പെടാനിടയായതാണെന്നും ആ യുവാവിൻെറ കാരുണ്യംകൊണ്ടു് എൻെറ ജീവൻ രക്ഷപെട്ടതാണെന്നും മററും ഹൃദയാവർജ്ജകമായി അയാളെ പറഞ്ഞുകേൾപ്പിച്ചു. എൻെറ വാക്കുകൾ കേട്ടു് അയാളുടെ കോപം അല്പം ശമിക്കുകയും അല്പനേരം ചിന്തിച്ചുനിന്നതിനുശേഷം അയാൾ എന്നോടിപ്രകാരം പറയുകയുംചെയ്തു:—"ശരി, ദൈവനിശ്ചയംപോലയേ കാര്യങ്ങൾ നടക്കുകയുള്ളു; നിങ്ങളെ ഞാൻ ഇപ്പോൾ ഒന്നും ചെയ്യുന്നില്ല. ഞാൻ നിങ്ങളെ വധിക്കാതെ മാപ്പുതരുന്നു. വേഗം കുതിരപ്പുറത്തുകയറി എന്നെ അനുഗമിക്കുക; ഇവിടം ഒരു നിമിഷനേരംപോലും താമസിക്കാവുന്ന സ്ഥാനമല്ല." ഇത്രയും പറഞ്ഞുകൊണ്ടു് യുവാവു് വാൾ ഉറയിൽ ഇട്ടു. ഞാൻ എൻെറ കുതിരപ്പുറത്തുകയറി അയാളുടെ കുതിരയുടെ പിന്നാലെ ഓടിച്ചുപോയി. പകൽ ഉദ്ദേശം മൂന്നുമണിയായപ്പോൾ ഞങ്ങൾ മനോഹരമായ ഒരു ദ്വീപിൽ ചെന്നുചേർന്നു. അവിടെ ഞങ്ങൾ കുതിരപ്പുറത്തുനിന്നിറങ്ങി. യുവാവു് കുതിരകളുടെ ജീനി മുതലായവ അഴിച്ചുമാററീട്ടു് അവയെ മേയാൻ വിട്ടു. അനന്തരം അയാൾ അവിടെ തകിടിപ്പുറത്തിരുന്നുകൊണ്ടു് എന്നോടിങ്ങനെ പറഞ്ഞു:—

“നിർഭാഗ്യവാനായ മനുഷ്യാ! ഇനി നിങ്ങളുടെ കഥ എന്നെ പറഞ്ഞുകേൾപ്പിക്കുക; നിങ്ങൾ ആരാണെന്നു ഞാനറിയട്ടെ.” ഞാൻ എന്റെ കഥകളെല്ലാം ആ യുവാവിനെ പറഞ്ഞുകേൾപ്പിച്ചു. എന്റെ കഥയെല്ലാം ശ്രദ്ധിച്ചുകേട്ടുകൊണ്ടിരുന്ന ആ യുവാവ് എനിക്കു നേരിട്ട ആപത്തുകളെല്ലാമോർത്തു കരഞ്ഞുകണ്ണീർവാർത്തുപോയി ഒടുവിൽ അയാൾ തന്റെ സ്വന്തകഥയെ എന്നെ വിവരിച്ചുകേൾപ്പിക്കാമെന്നു സമ്മതിച്ചു. അയാൾ ഇങ്ങനെ തുടർന്നു:— “ഞാൻ സെയർബാദിലെ * രാജാവിന്റെ പുത്രിയാണ്. നിങ്ങളുടെകൂടെ ‘സുലൈമാന്റെ ഗുഹ’ എന്നറിയപ്പെടുന്ന ആ കാരാഗൃഹത്തിൽ കിടക്കുന്ന യുവാവ് എന്റെ പിതാവിന്റെ മന്ത്രിയുടെ പുത്രനാണ്. അയാളുടെ പേര് ബഹർമന്ദ് എന്നാണ്. ഒരുദിവസം എന്റെ പിതാവ് സകല രാജാക്കന്മാരെയും പ്രഭുക്കന്മാരെയും ക്ഷണിച്ചുവരുത്തി കോട്ടയ്ക്കു വെളിയിൽ മൈതാനത്ത് കുതിരസവാരി, വാൾപ്പയറ്റ് തുടങ്ങിയുള്ള കായികാഭ്യാസങ്ങളിൽ ഒരു പന്തയം നടത്തി. അതു കാണുന്നതിനുവേണ്ടി കോട്ടയുടെ മുകൾഭാഗത്ത് ഒരു മറയുടെ പുറകിൽ ഞാനും എന്റെ മാതാവും ഇരുന്നു. ആ യോദ്ധാക്കളുടെ കൂട്ടത്തിൽ എനിക്ക് ഏററവും ഇഷ്ടപ്പെട്ടത് ബഹർമന്ദിന്റെ കായികാഭ്യാസങ്ങളാണ്. ആ യുവാവ് അതീവ കോമളനും ആയിരുന്നു. അയാളിൽ എനിക്കു പ്രേമംജനിച്ചു. ഒടുവിൽ എന്റെ സഖിയുടെ സഹായത്താൽ അയാളെ കൊട്ടാരത്തിൽ രഹസ്യമായി കൂട്ടിക്കൊണ്ടുവരുന്നതിനും അയാളുമായി സല്ലപിക്കുന്നതിനും എനിക്കു സാധിച്ചു. അങ്ങനെ ഞങ്ങൾ വളരെക്കാലം ഞങ്ങളുടെ രഹസ്യസമ്മേളനം തുടർന്നുവന്നു. എന്നാൽ

* സെയർബാദ് ബംഗാളിന്റെ തെക്കുകിഴക്കുഭാഗത്തു പണ്ടുണ്ടായിരുന്ന ഒരു രാജ്യമാണ്. ‘ആവാ’ ‘പെഗു’ ഈ പ്രവിശ്യകൾ സെയർബാദിൽ ഉൾപ്പെട്ടിരുന്നു.

ഒരുരാത്രിനിർഭാഗ്യവശാൽ ആ യുവാവിനെ അന്തഃപുരംകാവല്ക്കാർ പിടിച്ചു ബന്ധനസ്ഥനാക്കി. അയാളെ വധിക്കാൻ എൻെറ പിതാവായ രാജാവ് കല്പനനൽകി. എന്നാൽ കൊട്ടാരത്തിലെ ഉദ്യോഗസ്ഥപ്രമുഖർ എല്ലാവരുംചേൎന്ന് എൻെറ പിതാവിനോടഭ്യൎത്ഥിച്ചതിൻെറ ഫലമായി അയാളുടെ ജീവൻ രക്ഷപെടുത്താമെന്നു പിതാവു സമ്മതിക്കുകയും അതിനുപകരം അയാളെ 'സുലൈമാൻെറ ഗുഹ' എന്നറിയപ്പെടുന്ന കാരാഗൃഹത്തിലടയ്ക്കണമെന്നു തീരുമാനിക്കുകയും ചെയ്തു. ആ യുവാവിൻെറകൂടെ ഗുഹയിൽ കണ്ട മററെ ആൾ ബഹർമന്ദിൻെറ ആത്മസ്നേഹിതനാണ്. ആ സ്നേഹിതനും കാവല്ക്കാരുടെ കൈയിൽ അകപ്പെട്ട രാത്രിയിൽ ബഹർമന്ദിൻെറകൂടെ ഉണ്ടായിരുന്നു. അങ്ങനെ ആ യുവകേസരികൾ രണ്ടുപേരും ആ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു. അന്നുമുതൽ എട്ടുദിവസത്തിലൊരിക്കൽ ഞാൻ ആ ഗുഹയുടെ വാതുക്കൽ ചെന്നു് എട്ടുദിവസത്തേക്കുള്ള ഭക്ഷണസാധനങ്ങളും വെള്ളവും ആ യുവാക്കന്മാരുടെ ആവശ്യത്തിലേക്ക് കിണററിൽ കെട്ടിയിറക്കിക്കൊടുത്തുകൊണ്ടിരുന്നു. അങ്ങനെയിരിക്കെ ഒരു രാത്രിയിൽ ഞാൻ ഒരു സ്വപ്നം കണ്ടു. ഒരു കുതിരയോടുകൂടി ഒരു കയറേണിയും ചിലവിനു കുറെ പണവുമായി ആ രാത്രിയിൽ ഞാൻ ഗുഹയിൽ ചെന്നു് അതിനകത്തു കിടക്കുന്ന തടവുകാരെ കരയ്ക്കു കയററണമെന്നായിരുന്നു ആ സ്വപ്നം. ആ സ്വപ്നം എന്നെ ആനന്ദതുന്ദിലയാക്കി. അങ്ങനെയാണ് ഞാൻ അവിടെ വരുന്നതിനും കിണററിലേക്ക് കയറേണി എറിയുന്നതിനും ഇടയായതു്. എന്നാൽ ആ രണ്ടുയുവാക്കന്മാൎക്കു പകരം നിങ്ങളാണ് കരയ്ക്കുവന്നതു്. ഒരുപക്ഷേ നിങ്ങളെ കാത്തുരക്ഷിക്കുന്ന ദേവത എന്നെ അങ്ങോട്ടേയ്ക്കു പ്രേരിപ്പിച്ചയച്ചതായിരിക്കാം. ഏതായാലും നിങ്ങൾ രക്ഷപെടണമെന്നുള്ളതായിരിക്കും ദൈവനിശ്ചയം. എൻെറ ഭാഗ്യദോഷം കൊണ്ടായിരിക്കാം ഒരുപക്ഷേ പ്രതീക്ഷ തെററി

ഇങ്ങനെ സംഭവിക്കാനിടയായത്. ഏതായാലും ഇതിൽ ഇനി ഒന്നും ചെയ്യാനില്ല.'' ഇത്രയും പറഞ്ഞുതീൎന്നിട്ട് അവൾ ഒരു തുണിക്കെട്ടിനകത്തുനിന്നു റൊട്ടിയും പാകം ചെയ്ത മാംസവും എടുത്ത് എനിക്കു ഭക്ഷിക്കാൻ തന്നു. വെള്ളത്തിൽ പഞ്ചസാരകലക്കി അവൾ എനിക്കു കുടിക്കാൻതന്നു. ഞാൻ ആ വെള്ളം അവളുടെ കൈയിൽ നിന്നു വാങ്ങി ആനന്ദപൂൎവ്വം കുടിച്ചു ദാഹശമനം വരുത്തി. അനന്തരം അവൾ എന്നെ നദിയുടെ തീരത്തേക്കു കൂട്ടി ക്കൊണ്ടുപോയി എന്റെ മുടിയും നഖങ്ങളും വെട്ടി എന്നെ വൃത്തിയാക്കീട്ടു നദിയിൽ കുളിപ്പിച്ചു് ഒരു പുതിയ മനുഷ്യനാക്കിത്തീൎത്തു. മടങ്ങിവന്നു ഞാൻ കൈകാലുകൾ ശുദ്ധിചെയ്തു നമസ്കാരകൎമ്മം നടത്തി. ആ യുവതി അതു സൂക്ഷിച്ചുകൊണ്ടിരുന്നു. എന്റെ പ്രാൎത്ഥന അവസാനിച്ച പ്പോൾ അവൾ ഞാൻ എന്തുചെയ്യുകയായിരുന്നുവെന്നു് എന്നോടു ചോദിച്ചു മനസ്സിലാക്കി. ഞാൻ ഒരു മുസൽമാൻ ആണെന്നറിഞ്ഞു് അവൾ ഇസ്ലാംമതതത്വങ്ങളേയും വിശ്വാസപ്രമാണങ്ങളേയുംകുറിച്ചു് എന്നോടുചോദിച്ചുപഠി ച്ചു. അവൾ പരിശുദ്ധമായ ഇസ്ലാംമതത്തിലേക്കു് പരി വൎത്തനംചെയ്യാൻ ആത്മാൎത്ഥമായ ആഗ്രഹം പ്രദൎശിപ്പി ച്ചു. അനന്തരം ഞങ്ങൾ കുതിരപ്പുറത്തുകയറി യാത്രയാരം ഭിച്ചു. രാത്രി ഞങ്ങൾ ഒരു സ്ഥലത്തു താവളമടിച്ചു. അന്നു രാത്രി മുഴുവൻ അവൾ ഇസ്ലാംമതത്തെ സംബന്ധിച്ചുള്ള സകല കാൎയ്യങ്ങളും എന്നോടു ചോദിച്ചുപഠിച്ചു.

# അദ്ധ്യായം 11

ഞങ്ങൾ രണ്ടുമാസം നിരന്തരം യാത്രചെയ്തതിനു ശേഷം സെയർബാദിനും സറൻദ്വീപിനും * ഇടയ്ക്കുള്ള അതിമനോഹരമായ ഭൂപ്രദേശത്ത് എത്തിച്ചേർന്നു. അവിടെ ആകർഷണീയമായ ഒരു നഗരവും കാണപ്പെട്ടു. ഞങ്ങൾ ആ നഗരത്തിൽ ഒരു വീടു വിലയ്ക്കുവാങ്ങി അവിടെ താമസമുറപ്പിച്ചു. ആ രാജ്യത്തിലെ രാജാവ് വളരെ നീതിമാനായിരുന്നു എൻെറകൂടെയുള്ള യുവതി മുറപ്രകാരം ഇസ്ലാംമതം സ്വീകരിക്കുകയും ഞങ്ങൾതമ്മിൽ മതാചാരപ്രകാരം വിവാഹം നടക്കുകയും ചെയ്തു. അങ്ങനെ ഞങ്ങൾ ആനന്ദകരമായി അവിടെ താമസിച്ചു. ഞാൻ ക്രമേണ ആ നഗരത്തിലെ പലതരത്തിലുള്ള ജനങ്ങളുമായി പരിചയം നേടുകയും ഒരു കച്ചവടം തുടങ്ങുകയും ചെയ്തു. എൻെറ വ്യാപാരം നാൾക്കുനാൾ ആദായകരമായിത്തീരുകയും ഒടുവിൽ ഞാൻ ആ നഗരത്തിലെ ഒന്നാമത്തെ വ്യാപാരിയായി ഉയരുകയും ചെയ്തു.

ആ നഗരത്തിൽ സുഖമായും ഐശ്വര്യപൂർണ്ണമായും ഞങ്ങൾ താമസം തുടർന്നുവരവേ ഒരുദിവസം ഞാൻ ആ രാജ്യത്തിലെപ്രധാനമന്ത്രിയെ സന്ദർശിക്കാൻ പുറപ്പെട്ടു. വഴിമദ്ധ്യേ ജനങ്ങൾ ഒരുസ്ഥലത്തു തിങ്ങിക്കൂടിനില്ക്കുന്നതും വ്യഭിചാരം, മോഷണം മുതലായ കുററങ്ങൾ ചെയ്ത രണ്ടു പുരുഷന്മാരെ കൈകൾ കൂട്ടിക്കെട്ടി അവിടെ നിറുത്തിയിരിക്കുന്നതും ഞാൻ കണ്ടു. അവരെ മുക്കാലിയിൽകെട്ടി അടിച്ചു കൊല്ലാൻ അവിടെ കൊണ്ടുവന്നു നിറുത്തിയിരിക്കയായിരുന്നു. അതുകണ്ടു് മുമ്പ് എന്നെ ആ ശിക്ഷയ്ക്കു വിധിച്ചിരുന്നതും അതിൽനിന്നു് അല്ലാഹുവിൻെറ അനുഗ്രഹത്താൽ രക്ഷപെടാൻ ഇടയായതും ഞാൻ ഓർത്തു. ആ നിർഭാഗ്യ

---

* സറൻദ്വീപ് സിലോൺദ്വീപിൻെറ പുരാതനമായ പേരാണു്.

വാന്മാർ ആരാണെന്നു ഞാൻ അടുത്തുചെന്നു നോക്കി. അപ്പോഠം അവർ എൻെറ ഈ സഹോദരന്മാരാണെന്നു മനസ്സിലായി. അവർ യഥാൎത്ഥത്തിൽ കുററവാളികളായിരുന്നുവോ, എന്നെപ്പോലെ നിരപരാധികളായിരുന്നിട്ടും ശിക്ഷയ്ക്കു വിധിക്കപ്പെട്ടതാണോ എന്ന് എനിക്കു നിശ്ചയമില്ലായിരുന്നു. ഏതായാലും സഹോദരസ്നേഹത്താൽ എൻെറ ഹൃദയം അത്യധികം തപിച്ചു. ഞാൻ, മുക്കാലിയിൽകെട്ടി അടിച്ചു ശിക്ഷനടത്താൻ വന്നിരുന്ന ഉദ്യോഗസ്ഥന്മാൎക്ക് ഒരു നല്ലതുക സംഭാവന നല്കിയതിൻെറ ഫലമായി ഏതാനും മണിക്കൂർനേരം ആ ശിക്ഷ നടപ്പിൽ വരുത്താതെ താമസിപ്പിക്കാമെന്നവർ സമ്മതിച്ചു. അതിനുശേഷം ഞാൻ മിന്നൽവേഗത്തിൽ അവിടത്തെ ഗവൎണ്ണരെ സന്ദർശിച്ച് ആ കുററവാളികഠംക്കു മാപ്പുനൽകാനപേക്ഷിക്കുകയും അതിന് പ്രതിഫലമായി വിലയേറിയ ഒരു രത്നം അദ്ദേഹത്തിനു് സമ്മാനിക്കുകയുംചെയ്തു. ഒരു പരാതിക്കാരൻെറ സങ്കടം കേട്ടു വിചാരണനടത്തി അവർ കുററക്കാരാണെന്നു കണ്ടുപിടിച്ച് അവരെ താൻ ശിക്ഷയ്ക്കു വിധിച്ചതാണെന്നും ഇനി ആ ശിക്ഷയെ ഭേദഗതിചെയ്യാൻ ഗവർണക്കധികാരമില്ലെന്നും പരാതിക്കാരനുമാത്രമേ ആ സംഗതിയിൽ ഈ പതനത്തിൽ എന്തെങ്കിലുംചെയ്തു സഹായിക്കാൻ സാധിക്കുകയുള്ളുവെന്നും ഗവൎണ്ണർ എന്നെ അറിയിച്ചു. ഗവൎണ്ണർ ആ പരാതിക്കാരനെ വരുത്തി അയാളോടു നിർബന്ധപൂൎവ്വം ആവശ്യപ്പെട്ടതനുസരിച്ച് അയ്യായിരം വെള്ളിനാണയങ്ങഠം കൊടുത്താൽ കുററക്കാൎക്കു മാപ്പുകൊടുക്കാമെന്നയാഠം ഏററു. അതനുസരിച്ച് അയ്യായിരം വെള്ളിനാണയങ്ങഠം ഉടൻതന്നെ ഞാൻ അയാഠംക്ക് എണ്ണിക്കൊടുത്തു. അങ്ങനെ എൻെറ സഹോദരന്മാരെ ശിക്ഷയിൽനിന്നൊഴിവാക്കി എൻെറ വീട്ടിൽ കൂട്ടിക്കൊണ്ടുവന്നു. അവിടെ അവൎക്ക് വസ്ത്രവും ആഹാരവുമെല്ലാം സുഭിക്ഷമായി കൊടുത്ത് അവരെ വേണ്ടവിധത്തിൽ സംര

ക്ഷിച്ചു. എൻെറ ഭാൎയ്യയോട് അവരുടെ പൂൎവ്വചരിത്ര മെല്ലാം ഞാൻ പറഞ്ഞുകേൾപ്പിച്ചു. അതെല്ലാം കേട്ടതിനു ശേഷം അവരെ വിശ്വസിക്കുന്നതു് ബുദ്ധിമോശമാണെന്ന വൾ എന്നെ ഉപദേശിക്കുകയും വളരെ കരുതലോടുകൂടി ഇരിക്കണമെന്നപേക്ഷിക്കുകയും ചെയ്തു. അങ്ങനെ മൂന്നു വൎഷംവരെ ഞങ്ങൾ അവിടെ സുഖമായിക്കഴിഞ്ഞു. അക്കാലത്തിനിടയ്ക്കു് എൻെറ സഹോദരന്മാർ എന്നോടു യാതൊരുവിധമായ തെററോ ദ്രോഹപ്രവൃത്തിയോ ചെയ്യാൻ ശ്രമിച്ചില്ല. അവരുടെ സ്വഭാവം നന്നായതായിരിക്കുമെന്നും അവരുടെ നന്ദിയില്ലാത്ത മുൻപ്രവൃത്തികളെ സംബന്ധിച്ച് അവൎക്കു പശ്ചാത്താപം ഉണ്ടായിരിക്കാമെന്നും ഞാൻ ഊഹിച്ചു. ഒരുദിവസം ഞാൻ പുറത്തുപോയിരുന്ന സമയം എൻെറ ഗുണവതിയായ ഭാൎയ്യ കുളിമുറിയിൽ കുളികഴിഞ്ഞു് മടങ്ങിവന്നു് സല്ക്കാരമുറിയിൽ പ്രവേശിച്ചു. അവിടെ ആരുമില്ലാതെയിരുന്നതിനാൽ അവൾ അവിടെ തൻെറ ശരീരം മറച്ചിരുന്ന മേൽമുണ്ടു മാററിയിട്ടു. അപ്പോൾ ആ മുറിയുടെ മൂലയിൽ പതുങ്ങിക്കിടന്നിരുന്ന എൻെറ രണ്ടാമത്തെ സഹോദരൻ ഉറക്കമുണൎന്നു കണ്ണുതുറന്നു നോക്കി. അവളുടെ സൌന്ദൎയ്യം അയാളെ വല്ലാതെ ആകൎഷിച്ചു. ഈ വിവരം അയാൾ എൻെറ മൂത്തസഹോദരനെ അറിയിക്കുകയും എന്നെ വധിക്കാൻ അവർ തങ്ങളിൽ രഹസ്യമായി ആലോചന നടത്തുകയുംചെയ്തു. ഞാൻ അതൊന്നുമറിയാതെ സഹോദരന്മാരുമായി വളരെ സന്തോഷത്തിൽ വൎത്തിച്ചു. ഒരുദിവസം ഉച്ചഭക്ഷണം കഴിഞ്ഞു് ഞങ്ങൾ വിശ്രമിക്കുമ്പോൾ എൻെറ ഒന്നാമത്തെ സഹോദരൻ ഹൃദയഭേദകമായി വിലപിക്കുകയും ഞങ്ങളുടെ ജന്മഭൂമിയായ ഇറാൻരാജ്യത്തിൻെറ മഹിമാവിലാസത്തെ പ്രകീൎത്തിക്കുകയും നാട്ടിലേക്കു മടങ്ങാൻ വളരെ ആഗ്രഹമുണ്ടെന്നു് എന്നെ അറിയിക്കുകയും ചെയ്തു. ആ സമയം എൻെറ രണ്ടാമത്തെ സഹോദരൻ അതികഠിനമായ ദുഃഖസൂചക

മായി ഒന്നു നെടുവീർപ്പിടുകയും ചെയ്തു. അവരുടെ ആഗ്രഹം നിറവേററാൻ എനിക്കു് ഒരു സഹോദരനെന്നുള്ള നിലയിൽ ചുമതലയുണ്ടെന്നും ഞങ്ങൾക്കു് എല്ലാപേക്കുമായി നാട്ടിലേക്കു മടങ്ങാമെന്നും ഞാൻ അവരെ സമാധാനപ്പെടുത്തി. ഈ വിവരമെല്ലാം ഞാൻ എൻെറ ഭാര്യയേയും അറിയിച്ചു. അതുകേട്ടു് അവൾ ഇങ്ങനെ പറഞ്ഞു:— "നിങ്ങൾക്കു് എല്ലാക്കാര്യങ്ങളും നന്നായിട്ടറിയാം; അവർ വീണ്ടും നിങ്ങളെ ചതിക്കാൻ വഴിതേടുകയാണു്; അവർ നിങ്ങളുടെ ജീവൻെറ ശത്രുക്കളാണു്; നിങ്ങൾ പാമ്പിനു പാലുകൊടുത്തു വളത്തി നിങ്ങളുടെ മാറിൽ സ്ഥാനംകൊടുത്തിരിക്കുകയാണു്. നിങ്ങൾ ഇനിയും അവരുടെ സ്നേഹത്തിൽ വിശ്വസിക്കുന്നുണ്ടാവാം. നിങ്ങളുടെ ഇഷ്ടംപോലെയെല്ലാം ചെയ്തുകൊള്ളുക. എന്നാൽ ആ ദുഷ്ടന്മാരെപ്പററി കരുതലോടുകൂടി ഇരിക്കണം."

ഞാൻ എത്രയുംവേഗത്തിൽ വളരെയധികം കച്ചവടസാധനങ്ങൾ ശേഖരിക്കുകയും സഹയാത്രചെയ്യാൻ വിപുലമായ ഒരു വ്യാപാരിസംഘത്തെ ഏപ്പാടുചെയ്കയും ചെയ്തു. ആ വമ്പിച്ച സംഘം നഗരാതിത്തിയിലുള്ള മൈതാനസ്ഥലത്തു വന്നുകൂടി അവിടെ അവരുടെ കൂടാരങ്ങൾ ഉറപ്പിച്ചു. ആ സംഘം എന്നെ അവരുടെ നായകൻ (ഖാഫ്ലാ ബാഷീ) ആയി പ്രഖ്യാപിച്ചു. അതനുസരിച്ചു് ആ സംഘത്തിൻെറ യാത്രാപരിപാടിയെല്ലാം എൻെറ ആജ്ഞയ്ക്കു വിധേയമായിത്തീന്നു. അങ്ങനെ ഞാനും സഹോദരന്മാരും ഞങ്ങളുടെ കണക്കില്ലാത്ത വ്യാപാരസാധനങ്ങൾ ഒട്ടകങ്ങളുടേയും പെൺകഴുതകളുടേയും പുറത്തുകയററി യാത്രതിരിച്ചു. ഏതാനുംദിവസത്തെ യാത്രയ്ക്കുശേഷം ഞങ്ങൾ ഒരു വിസ്തൃതമായ മൈതാനത്തിൻെറ ഒരററത്തു് താവളമുറപ്പിച്ചു. ഞാൻ ഓരോ ദിവസവും എൻെറ സഹോദരന്മാരെ സംബന്ധിച്ചു വളരെ കരുതലോടുകൂടി കഴിഞ്ഞുവരി

കയായിരുന്നു. ഞങ്ങളുടെ താവളസ്ഥലത്തുവെച്ച് എന്റെ രണ്ടാമത്തെ സഹോദരൻ എന്റെ സമീപംവന്ന് ഇപ്രകാരം സ്നേഹഭാവത്തിൽ സംസാരിച്ചു:-"പ്രിയസഹോദരാ, ഇവിടെനിന്ന് ഒരുഫർലാംഗ് അകലത്തിൽ വളരെ മനോഹരമായ ഒരു നീരുറവ ഭൂമിയിൽനിന്നു പുറത്തേക്കു പ്രവഹിക്കുന്നുണ്ടു്. അതു് 'സൽസബീൽ' * പോലെ കുളിർമയേറിയതും നയനാനന്ദകരവുമാണു്. ആ ഉറവയുടെ ചുററും വിശാലമായ ഒരു മൈതാനമുണ്ടു്. ആ മൈതാനത്തിൽ താമര, ആമ്പൽ തുടങ്ങിയുള്ള നിരവധി പുഷ്പങ്ങൾ ധാരാളമായി വിടന്നുനില്പുണ്ടു്. നമുക്കു് അവിടെച്ചെന്നാൽ ആ മനോഹരമായ സ്ഥലം കണ്ടു് ആനന്ദിക്കാം." അതുകേട്ടു് ഞാൻ അപ്രകാരം സമ്മതിച്ചു. ആ പ്രകൃതിരമണീയമായ സ്ഥലം കണ്ടു് എന്റെ യാത്രാക്ലേശം തീക്കാമെന്നും ഞാൻ കരുതി. ആ യാത്രയ്ക്കുവേണ്ടി അടുത്തദിവസംകൂടെ താവളം ദീർഘിപ്പിക്കാൻ ഞാൻ തീരുമാനിക്കുകയും ആ വിവരം കച്ചവടസംഘത്തിനറിവുകൊടുക്കുകയുംചെയ്തു. അടുത്തപ്രഭാതത്തിൽ ഞങ്ങൾ ആ സ്ഥലത്തേക്കു പോകാൻ തയ്യാറായി. എന്റെ സഹോദരന്മാർ രണ്ടുപേരും അതിരാവിലെതന്നെ വിശിഷ്ടവസ്ത്രങ്ങളും ആയുധങ്ങളും ധരിച്ചു് എന്റെ കൂടാരത്തിൽ വന്നുചേന്നു. യാത്രയ്ക്കു് കുതിരകളെ തയ്യാറാക്കാനും ഭക്ഷണസാധനങ്ങൾ കൊണ്ടുപോകാനും ഞാൻ എന്റെ ഭൃത്യന്മാക്കു് ആജ്ഞനൽകി. അപ്പോൾ "കുതിരപ്പുറത്തിരുന്നുകണ്ടാൽ ശരിയായ കാഴ്ചയായിരിക്കുകയില്ലെന്നും അവിടെ നടന്നുവേണം നോക്കേണ്ടതെന്നും കുതിരകളേയുംകൊണ്ടു് കുതിരക്കാർ പുറകേ എത്തിക്കൊണ്ടാൽ മതിയെന്നും" എന്റെ സഹോദരന്മാർ അഭിപ്രായപ്പെട്ടു.

---

* 'സൽസബീൽ' മുസ്ലിംവിശ്വാസപ്രകാരം സ്വർഗ്ഗത്തിലുള്ള ഒരു നീരുറവയാണു്. സൽപ്രവൃത്തിചെയ്യുന്ന ആത്മാക്കൾക്കു് ആ കുളിർമയേറിയതും മാധുര്യമേറിയതുമായ ശുദ്ധജലം സ്വർഗ്ഗത്തിൽ ഉപയോഗത്തിനു ലഭിക്കുന്നതാണു്.

ഞാൻ അതു സമ്മതിച്ചു. അങ്ങനെ ഞങ്ങൾ വിനോദയാത്രയ്ക്കു പുറപ്പെട്ടു. എന്റെ വിശ്വസ്തനായ ഈ പട്ടിയും എന്നെ അനുഗമിച്ചു. കുറച്ചുദൂരം നടന്നു് ഞങ്ങൾ മുൾച്ചെടികളും പാറക്കെട്ടുകളും നിറഞ്ഞ ഒരു മരുപ്രദേശത്തെത്തി. അവിടെയാണു് നീരുറവയുള്ളതെന്നു് എന്റെ സഹോദരന്മാർ പറഞ്ഞു. ഞാൻ അവിടെയെല്ലാം നടന്നു നോക്കീട്ട് അവർ പറഞ്ഞതുപോലെയുള്ള യാതൊന്നും അവിടെ കണ്ടില്ല. ഒടുവിൽ ഞാൻ മൂത്രവിസർജ്ജനത്തിനായി ഒരൊഴിഞ്ഞ സ്ഥലത്തു ചെന്നിരുന്നു. എന്റെ പട്ടി എന്നെ പിന്തുടർന്നുവന്നു് സമീപത്തു നിന്നു. അപ്പോൾ എന്റെ രണ്ടാമത്തെ സഹോദരൻ എന്റെ പുറകിൽ മറഞ്ഞുനിന്നുകൊണ്ടു് എന്റെ ശിരസ്സിനെ ലക്ഷ്യമാക്കി വാൾ ഓങ്ങി. എന്റെ പട്ടി അതുകണ്ടു് കുരയ്ക്കുകയും അയാളെ ആക്രമിക്കുകയുംചെയ്തു. അടുത്തു നിന്നിരുന്ന മൂത്ത സഹോദരൻ പട്ടിയെ വാൾകൊണ്ടു വെട്ടി മുറിവേല്പിച്ചു. അനന്തരം സഹോദരന്മാർ രണ്ടുപേരുംചേർന്നു് എന്റെ ശിരസ്സുമുതൽ പാദംവരെ അനേകം കഠിനമായ മുറിവുകൾ ഏല്പിച്ചു. ഞാൻ ബോധരഹിതനായി രക്തത്തിൽ മുഴുകി അവിടെ വീണു. മുറിവേററ എന്റെ പട്ടിയും എന്റെ അടുത്തു കിടന്നു. എന്റെ സഹോദരന്മാർ ഞാൻ മരിച്ചു കഴിഞ്ഞുവെന്നു തീർച്ചപ്പെടുത്തിക്കൊണ്ടു് എന്റെ രക്തം പുരണ്ട വസ്ത്രങ്ങളുമെടുത്തു് അവരുടെ ദേഹത്തു ചില ചില്ലറ മുറിവുകളും പോറലുകളും സ്വയം ഉണ്ടാക്കിയതിനു ശേഷം ഞങ്ങളുടെ പാളയത്തിൽ ഓടിയെത്തി. ഞങ്ങൾ വിനോദയാത്ര തുടരവേ ഒരു തസ്കരസംഘം ഞങ്ങളെ ആക്രമിച്ചുവെന്നും ആ സംഘട്ടനത്തിൽ എന്റെ സഹോദരന്മാർക്കു മുറിവേററുവെങ്കിലും അവർ ഓടി രക്ഷപെട്ടുവെന്നും ഞാൻ കള്ളന്മാരുടെ കൈയ്യിൽപെട്ടു മരണമടഞ്ഞുവെന്നും, ഇനിയും ഒരുനിമിഷംപോലും അവിടെ തങ്ങുന്നതു് അപകടമാണെന്നും ഉടൻതന്നെ കച്ചവടസംഘം മുമ്പോട്ടു നീങ്ങ

ണമെന്നും പറഞ്ഞു. അവർ അതു വിശ്വസിച്ചു. അതനുസരിച്ച് വളരെ വേഗത്തിൽ കൂടാരങ്ങൾ ഇളക്കിക്കൊണ്ട് ഞങ്ങളുടെ കച്ചവടസംഘം അവിടംവിട്ടു. ഞാൻ വളരെ നേരം അവശനായി ആ വിജനപ്രദേശത്തു കിടന്നു. മരണാവസ്ഥയിൽ കിടന്ന ഞാൻ എന്നിൽ ജീവൻ എങ്ങനെ അവശേഷിച്ചുവെന്ന് ഇപ്പോഴും അത്ഭുതപ്പെടുകയാണ്. കഥ ഈ ഘട്ടത്തിലെത്തിയപ്പോൾ അസാദ്ബുക്ത് രാജാവ് ആ ദർവ്വേശന്മാരോടിങ്ങനെ പറഞ്ഞു:—ദർവ്വേശന്മാരെ, ആ വ്യാപാരിയുടെ ഈ ദാരുണാവസ്ഥ വിവരിച്ചു കേട്ടപ്പോൾ എനിക്കു സങ്കടം അടക്കാൻവയ്യാതായി ഞാനറിയാതെ വാവിട്ടു നിലവിളിച്ചുപോയി. അതുകണ്ട് ആ വ്യാപാരി കണ്ണീർവാർത്തുകൊണ്ട് തന്റെ ദേഹത്ത് ഉച്ചിമുതൽ ഉള്ളംകാലുവരെയുള്ള അതിഭയങ്കരമായ മുറിവുകൾ കരിഞ്ഞ പാടുകൾ ഉണ്ടെന്നും അവയെല്ലാം എന്നെ കാണിക്കാമായിരുന്നുവെന്നും രാജസന്നിധിയിൽ നഗ്നമായി നില്ക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് കാണിക്കാത്തതാണെന്നും പറഞ്ഞുകൊണ്ടു വാവിട്ടുനിലവിളിച്ചു. അയാളുടെ തലയിൽ ധരിച്ചിരുന്ന തലപ്പാവെടുത്തു മാററിയപ്പോൾ തല മുഴുവൻ വെട്ടേററ മുറിവുകൾകരിഞ്ഞ പാടുകൾ നെടുംചാലുകൾപോലെ കാണാമായിരുന്നു. അതിൽ ഒരു മുറിവുപാട് വളരെ ആഴത്തിൽ തലയോട്ടിയെ ഭേദിച്ചു കഴിഞ്ഞതാണിരുന്നു. ആ ഭാരത്തിന് ഒരു മധുരനാരങ്ങാവെച്ചടയ്ക്കത്തക്ക വലിപ്പമുണ്ടായിരുന്നു. വ്യാപാരി വീണ്ടും അയാളുടെ കഥ ഇങ്ങനെ തുടർന്നു:—"എന്റെ സഹോദരന്മാർ എന്റെ വീട്ടിലെത്തി എന്റെ ഭാര്യയോട് ഞാൻ കള്ളന്മാരുടെ കൈയ്യിലകപ്പെട്ടു മരണമടഞ്ഞുവെന്നുള്ള കള്ളക്കഥ കപടവിലാപത്തോടുകൂടി അറിയിച്ചു എന്റെ സഹോദരന്മാരുടെ ദുഷ്ടസ്വഭാവത്തെപ്പററി ശരിയായി മനസ്സിലാക്കിയിരുന്ന ഗുണവതിയായ എന്റെ ഭാര്യ എന്റെ മരണവാർത്ത കേട്ടമാത്രയിൽതന്നെ അവരുടെ വ്യാജം മന

സ്സിലാക്കുകയും ഒരു കഠാരികൊണ്ടു തന്നത്താൻ കുത്തി ആത്മഹത്യചെയ്യുകയും ചെയ്തു.

ഞാൻ മുറിവേററുകിടന്ന സ്ഥലം സറന്ദീപ്രാജ്യത്തിലെ ജനനിബിഡമായ ഒരു നഗരത്തിൻെറ അതിർത്തിയിലായിരുന്നു. ആ രാജ്യത്തിലെ രാജാവിന് അതിസുന്ദരിയായ ഒരു പുത്രിയുണ്ടായിരുന്നു. ആ രാജകുമാരിയിൽ അവിടത്തെ അനേകം പ്രഭുക്കന്മാർ അനുരക്തരായിരുന്നു. ആ നാട്ടിൽ സ്ത്രീകൾ ശരീരം മറയ്ക്കാതെ യഥേഷ്ടം എവിടെയും സഞ്ചരിക്കുക പതിവായിരുന്നു. ഞാൻ കിടന്ന സ്ഥലത്തിനല്പം അകലെയായിരുന്നു രാജകുമാരി മൃഗയാവിനോദത്തിനുപയോഗിച്ചിരുന്ന മനോഹരമായ ഒരു ഉപവനം സ്ഥിതിചെയ്തിരുന്നതു്. എല്ലാദിവസവും രാജകുമാരി ആ സ്ഥലത്തു് സഖിമാരുമൊത്തെഴുന്നെള്ളി പകൽമുഴുവൻ അവിടെയെല്ലാം വേട്ടയാടി വിനോദിക്കുക പതിവാണു്. പതിവനുസരിച്ചു് രാജകുമാരിയും പരിവാരങ്ങളും വേട്ടകഴിഞ്ഞു് ഉദ്യാനത്തിലുള്ള കൊട്ടാരത്തിലേയ്ക്കു മടങ്ങുമ്പോൾ മുറിവേററു മരണാവസ്ഥയിൽ രക്തത്തിൽ മുഴുകിക്കിടന്ന എന്നെയും എൻെറ പട്ടിയേയും കുമാരി കണ്ടു. അവളുടെ ഒരു സഖിയെ അയച്ചു് ഞാൻ മരിച്ചുപോയോ എന്നു പരിശോധിപ്പിച്ചു. ഞാൻ വളരെ അവശനായി കിടക്കുകയാണെന്നും ശ്വാസോച്ഛ്വാസംചെയ്യുന്നുണ്ടെന്നും ആ തോഴി കുമാരിയെ അറിയിച്ചു. ഉടൻതന്നെ രാജകുമാരി കൊട്ടാരത്തിലെ അതിവിദഗ്ദ്ധനായ ഒരു ഭിഷഗ്വരനെ വരുത്തി എൻെറ മുറിവുകളെല്ലാം വെച്ചുകെട്ടി ഔഷധപ്രയോഗം നടത്തിച്ചു. എൻെറ പട്ടിയുടെ മുറിവിലും മരുന്നു വെച്ചുകെട്ടി. എന്നേയും പട്ടിയേയും ഉദ്യാനത്തിലുള്ള കെട്ടിടത്തിലേക്കു മാററി. രാജകുമാരിയുടെ സ്വന്തം മേൽനോട്ടത്തിൽ എന്നേയും എൻെറ പട്ടിയേയും ശുശ്രൂഷിച്ചുവന്നു. രാജകുമാരി എല്ലാദിവസവും എൻെറ കിടക്കയ്ക്കു സമീപം

വന്നിരുന്ന് എന്നെ സാന്ത്വനപ്പെടുത്തുകയും അവളുടെ കൈകൊണ്ടുതന്നെ എനിക്കു കുടിക്കാൻ മരുന്നു തരികയും ചെയ്തുകൊണ്ടിരുന്നു. ഏതാനുംദിവസങ്ങൾ കഴിഞ്ഞപ്പോൾ എൻെറ മുറിവുകളെല്ലാം ഉണങ്ങി ഞാൻ പൂർണ്ണമായ ആരോഗ്യം വീണ്ടെടുത്തു. എൻെറ പട്ടിയും മുറിവുകൾ ഉണങ്ങി പഴയതുപോലെയുള്ള ആരോഗ്യാവസ്ഥ പ്രാപിച്ചു. രാജകുമാരിക്ക് എന്നോടു വളരെ പ്രീതിയുള്ളതുപോലെ തോന്നി. അവൾ ദിവസവും എൻെറ മുറിയിൽ വന്നു സംസാരിച്ചുകൊണ്ടിരിക്കുകയും എൻെറ സംഭാഷണം അവൾക്ക് ആനന്ദപ്രദമായിത്തോന്നുകയും ചെയ്തിരുന്നു. രാജകുമാരി അവിടെ ഇല്ലാത്ത സമയംനോക്കി ഞാൻ കൈകാലുകൾ ശുദ്ധിചെയ്ത് എൻെറ അഞ്ചുനേരത്തെ നമസ്കാരകർമ്മം മുടങ്ങാതെ നടത്തിവന്നു. ഒരിക്കൽ ഞാൻ പ്രാർത്ഥനനടത്തിക്കൊണ്ടിരിക്കുമ്പോൾ അവിചാരിതമായി രാജകുമാരിയും സഖിയും അവിടെ വരാനിടയാകുകയും അവർ എൻെറ ക്രിയകളെല്ലാം കാണുകയുംചെയ്തു. പ്രാർത്ഥന അവസാനിച്ചപ്പോൾ ഞാൻ എന്തുചെയ്യുകയായിരുന്നുവെന്നു രാജകുമാരി എന്നോടു ചോദിച്ചു. ഞാൻ ഒന്നും മറുപടിപറയാതെ വിഷാദത്തോടെ മൌനമായി ഇരുന്നു. അപ്പോൾ കുമാരിയുടെ സഖി ഇങ്ങനെ പറഞ്ഞു: "കുമാരീ! ഈ വേഷ്യാക്കാരൻ ഒരു മുസൽമാനാണെന്നു തോന്നുന്നു. അയാൾ അദൃശ്യനായ ദൈവത്തെ വണങ്ങുന്നവനാണ്, അങ്ങനെ അയാൾ നാം ആരാധിക്കുന്ന ദൈവങ്ങളായ ലാഊത്തിൻേറയും* മനാഊത്തിൻേറയും* ശത്രുവാണ്." അതുകേട്ടു രാജകുമാരിക്ക് അടക്കാൻവഹിയാത്ത കോപം ഉണ്ടാകുകയും അവളുടെ ദൈവങ്ങളുടെ ശത്രുവായ എന്നെ ആപത്തിൽനിന്നു രക്ഷിച്ചതിനു് അവളോട് അവളുടെ

---

*'ലാഊത്തും' 'മനാഊത്തും' പ്രാചീനഹിന്ദുക്കൾ ആരാധിച്ചുവന്ന രണ്ടു വിഗ്രഹങ്ങളുടെ പേരാണ്.

ദൈവങ്ങൾ കോപിക്കുമെന്നു ഭയപ്പെട്ടുകയുംചെയ്തു. അവൾ എന്നെ വാൾകൊണ്ടു വെട്ടി വധിക്കാൻ ഉദ്യമിച്ചു. ഞാൻ അവളോടു പല സമാധാനവാക്കുകളും പറഞ്ഞു് അവളുടെ കോപം ശമിപ്പിച്ചു. ഒടുവിൽ അവൾ എന്റെ മതത്തെക്കുറിച്ചു് എന്നോടു വിശദമായി ചോദിച്ചു മനസ്സിലാക്കുകയും അതിലെ വിശിഷ്ടതത്വങ്ങൾ അവൾക്കു ബോദ്ധ്യമാകുകയുംചെയ്തു. അവൾ എന്നെ പൂർവ്വാധികം സ്നേഹിക്കുകയും എന്റെ മതവിശ്വാസത്തിൽ അവൾ ചേരുകയും ചെയ്തു. എന്നാൽ അവളുടെ മാതാപിതാക്കന്മാർ പരിശുദ്ധമായ ഇസ്ലാംമതം സ്വീകരിച്ചിട്ടില്ലെന്നും അവളുടെ മതംമാററം അറിയുമ്പോൾ അവർ എന്തു പ്രവൎത്തിക്കുമെന്നു നിശ്ചയമില്ലെന്നും അതിനാൽ അവിടെതാമസംതുടരുന്നതു് ആപത്താണെന്നും കുമാരി എന്നെ അറിയിച്ചു. അവളെ അവളുടെ അമ്മാവന്റെ മകനു വിവാഹം നിശ്ചയിച്ചിരിക്കുകയാണെന്നും അങ്ങനെ ആ വിവാഹം നടക്കുകയാണെങ്കിൽ അവൾ ഒരവിശ്വാസിയുടെ ഭാൎയ്യയായിരിക്കാനുള്ള നിർഭാഗ്യാവസ്ഥയിൽ എത്തിച്ചേരുമെന്നും അവൾ അങ്ങനെ ഇസ്ലാമികനിയമപ്രകാരം അസാധുവും അസാന്മാൎഗ്ഗികവുമായ ലൈംഗികബന്ധത്തിൽ ഏപ്പെട്ടു പാപിയായിത്തീരുകയും ചെയ്യുമെന്നു ഭയപ്പെടുന്നുവെന്നും എന്നെ അറിയിച്ചു. ഞങ്ങൾ രണ്ടുപേരും ദീർഘനേരം ആലോചിച്ചതിനു ശേഷം ആ നാടുവിട്ടു പോകാൻതന്നെ തീൎച്ചപ്പെടുത്തി. അതിനു ഞങ്ങൾ ഒരു ഉപായം കണ്ടുപിടിച്ചു. നഗരത്തിനു വെളിയിൽ പേഴ്സ്യയിൽ നിന്നു വന്നു പാളയമടിച്ചു താമസിക്കുന്ന മുസ്ലിംവ്യാപാരികളുടെ കൂടാരത്തിൽ ഞാൻ പോയി താമസിച്ചു് അവരുമായി സമ്പൎക്കംപുലൎത്തണമെന്നും അങ്ങനെ അവർ കപ്പലിൽ നാട്ടിലേക്കു പുറപ്പെടുന്ന സമയം അറിഞ്ഞു രാജകുമാരിയുടെ തോഴിയെ വിവരം അറിയിക്കണമെന്നും അപ്പോൾ രാജകുമാരി കൊട്ടാരത്തിൽ

നിന്നു് ആരുമറിയാതെ ഇറങ്ങി എൻെറകൂടെ വന്നുചേൎന്നു കൊള്ളാമെന്നും അങ്ങനെ ഞങ്ങൾക്കു പേഷ്യാരാജ്യത്തു ചെന്നുചേരാമെന്നുമായിരുന്നു ഞങ്ങൾ കണ്ടുപിടിച്ച ഉപായം. അതനുസരിച്ചു ഞാൻ കച്ചവടക്കാരുടെ പാളയത്തിലേക്കും രാജകുമാരി കൊട്ടാരത്തിലേക്കും പുറപ്പെട്ടു. ഏതാനും ദിവസങ്ങൾക്കുശേഷം ഒരുസംഘം കച്ചവടക്കാർ കപ്പലിൽ പേഷ്യയിലേക്കു മടങ്ങുന്ന വിവരവും അതിലേക്കു നിശ്ചയിച്ച തീയതിയും മനസ്സിലാക്കി ഞാൻ രാത്രിയിൽ കൊട്ടാരത്തിൽ ആരുമറിയാതെ പ്രവേശിച്ചു രാജകുമാരിയെ അറിയിച്ചു. നിശ്ചിതരാത്രിയിൽ ഞാൻ അവിടെ ചെന്നപ്പോൾ രാജകുമാരി എന്നെ കാത്തു കപ്പലിലേക്കു പുറപ്പെടാൻ തയ്യാറായി നിന്നിരുന്നു. അവളുടെ തോഴിയ്ക്കും ഈ വിവരങ്ങളെല്ലാം അറിവുണ്ടായിരുന്നു. ഞങ്ങൾ ആ തോഴിയെ വെട്ടിക്കൊന്നു് അവിടെ ഇട്ടിട്ടു് ആരുമറിയാതെ ഒട്ടനവധി രത്നാഭരണങ്ങളും പണവും മററും എടുത്തുകൊണ്ടു കപ്പലിലേക്കു പുറപ്പെട്ടു. കപ്പലിനകത്തു് ആരുമറിയാതെ രാജകുമാരിയെ ഞാൻ ഒരു പെട്ടിയിൽ അടച്ചു് ഒളിച്ചുവെച്ചിരുന്നു. അവൾ എൻെറ അടിമസ്ത്രീയാണെന്നു ഞാൻ എൻെറ സഹയാത്രക്കാരെ പറഞ്ഞുവിശ്വസിപ്പിച്ചിരുന്നു. കപ്പൽ നങ്കൂരമിളക്കി യാത്രതിരിച്ചു മുന്നോട്ടുനീങ്ങി. അപ്പോൾ തുറമുഖത്തിൻെറ അധിപനായ ഗവൎണ്ണർ കപ്പൽ വീണ്ടും തുറമുഖത്തടുപ്പിക്കാൻ ഉത്തരവു പുറപ്പെടുവിക്കുകയും അതിൻെറ സൂചനയായി ഞങ്ങളുടെ കപ്പലിനു സമീപം ഒരു വെടിയുടെ ശബ്ദം മുഴങ്ങികേൾക്കുകയുംചെയ്തു. എൻെറ കൂട്ടയാത്രക്കാരും ആ സ്ഥലത്തുനിന്നു സുന്ദരികളായ അനേകം അടിമസ്ത്രീകളെ വിലയ്ക്കുവാങ്ങി കപ്പലിൽ കയററിയിട്ടുണ്ടായിരുന്നു. ഞങ്ങളുടെ യാത്ര തടസ്സപ്പെടുത്തിയതിൻെറ ഉദ്ദേശം മനസ്സിലാകാതെ ഞങ്ങൾ എല്ലാവരും അമ്പരന്നു ഏതായാലും ഒരു കരുതൽനടപടിയായി എല്ലാവരും അവരവരുടെ അടിമസ്ത്രീകളെ ഓരോ പെട്ടിക

ളിലായി ഒളിച്ചുവെച്ചു. കപ്പിത്താൻ കപ്പലിനെ വീണ്ടും തുറമുഖത്തടുപ്പിച്ചു. അപ്പോൾ ഗവർണ്ണർ ഒരു ബോട്ടിൽ വന്നു കപ്പലിൽ പ്രവേശിച്ചു. കപ്പലിലുള്ള സ്ത്രീകളെ എല്ലാം കരയ്ക്കിറക്കണമെന്നും കൊട്ടാരത്തിൽനിന്നുള്ള കല്പനയാണെന്നും രാജാവിന്റെ പരിശോധനയ്ക്കുശേഷം ആ സ്ത്രീകളെ വിട്ടുതരുമെന്നും ഗവർണ്ണർ പറഞ്ഞു. ഒരു യാത്രക്കാരൻ ഭയന്നു വിറച്ചുകൊണ്ടു സ്ത്രീകളെയെല്ലാം പെട്ടിയ്ക്കകത്താക്കി ഒളിച്ചുവെച്ചിരിക്കയാണെന്നു സമ്മതിച്ചു. അതനുസരിച്ച് എല്ലാ പെട്ടികളും തുറന്നു സ്ത്രീകളെ വെളിയിൽ ഇറക്കി. അക്കൂട്ടത്തിൽ രാജകുമാരിയും പുറത്തു വന്നു. കൊട്ടാരത്തിൽ നടന്ന പരിചാരികയുടെ വധവും രാജകുമാരിയുടെ തിരോധാനവും അറിഞ്ഞു രാജാവു കുമാരിയെ കണ്ടുപിടിക്കാൻ പല ശ്രമങ്ങളും നടത്തിയകൂട്ടത്തിൽ ഒന്നാണ് ഇതും. സ്ത്രീകളെ എല്ലാം കരയ്ക്കിറക്കി എങ്ങോട്ടോ കൊണ്ടുപോയി. ഏതാനും മണിക്കൂറുകൾ കഴിഞ്ഞു് അവരെ എല്ലാം തിരിച്ചു കപ്പലിൽ എത്തിച്ചു. എന്നാൽ രാജകുമാരിമാത്രം തിരിയെ വന്നില്ല. അതു കണ്ടു ഞാൻ വളരെ പരിഭ്രമിക്കുകയും സങ്കടപ്പെടുകയും ചെയ്തു. എന്റെ അടിമസ്ത്രീ മററുള്ളവരേക്കാളെല്ലാം ശ്രേഷ്ഠയാണെന്നുകണ്ടു രാജാവ് അവളെ വിട്ടയയ്ക്കാതെയിരുന്നതാണെന്നു കൂട്ടയാത്രക്കാർ പറഞ്ഞു് എന്നെ സമാധാനിപ്പിച്ചു. ഏതായാലും അവൾകൂടെയില്ലാതെ നാട്ടിലേക്കു മടങ്ങുന്നില്ലെന്നുപറഞ്ഞു ഞാൻ കരയ്ക്കിറങ്ങി. മററു യാത്രക്കാരേയുംകൊണ്ടു കപ്പൽ മുമ്പോട്ടു നീങ്ങി.

കരയ്ക്കിറങ്ങി ഞാൻ പല സ്ഥലങ്ങളിലും തേടിത്തിരഞ്ഞിട്ടും രാജകുമാരിയെപ്പററിയുള്ള വിവരങ്ങളൊന്നും അറിയാൻ കഴിഞ്ഞില്ല. രാത്രിയിൽ ആരുമറിയാതെ ഞാൻ കൊട്ടാരത്തിനകത്തു കടന്നു പരിശോധിച്ചപ്പോൾ രാജകുമാരി കൊട്ടാരത്തിൽ ഇല്ലെന്നു മനസ്സിലായി. അങ്ങനെ

ഞാൻ ദുഃഖാർത്തനായി അലഞ്ഞുനടക്കുമ്പോൾ ഗവർണ്ണരുടെ മന്ദിരത്തിൻെറ പുറംമതിലിനകത്തു് ഒരാൾ മുസ്ലിംരീതിയിൽ പ്രാർത്ഥനാവചനങ്ങൾ ഭക്തിപൂർവ്വം ചൊല്ലുന്നതു ഞാൻ കേട്ടു. ഞാൻ വളരെ പണിപ്പെട്ടു് ഒരു ഓടവഴി ആ കോട്ടമതിലിനകത്തു കടന്നപ്പോൾ രാജകുമാരി ആ മന്ദിരത്തിൽ ഉണ്ടെന്നും അവളാണു പ്രാർത്ഥിച്ചുകൊണ്ടിരുന്നതെന്നും മനസ്സിലായി. ഞങ്ങൾ ദീർഘനേരം സംഭാഷണത്തിൽ ഏർപ്പെട്ടു. കപ്പലിൽനിന്നു കരയ്ക്കിറക്കിയ സ്ത്രീകളെ ഓരോരുത്തരെയായി ഗവർണ്ണർ പരിശോധിച്ചുവെന്നും അക്കൂട്ടത്തിൽ രാജകുമാരിയുടെ സൌന്ദര്യം അയാളെ അത്യധികം ആകർഷിച്ചതിനാൽ അവളെ ഗവർണ്ണരുടെ മന്ദിരത്തിലേക്കയച്ചിട്ടു മററുള്ള സ്ത്രീകളെമാത്രമേ കൊട്ടാരത്തിലേക്കയച്ചുള്ളുവെന്നും എനിക്കു മനസ്സിലായി. "ഗവർണ്ണർ പ്രേമാർത്ഥനയുമായി തന്നെ സമീപിച്ചിരിക്കുന്നുവെന്നും താൻ ഓരോ തന്ത്രങ്ങൾ പ്രയോഗിച്ചു് അതിൽനിന്നൊഴിഞ്ഞുനില്ക്കുകയാണെന്നും, അയാളുടെ പിടിയിൽനിന്നു രക്ഷപെടാൻ ഇനി മാർഗ്ഗമെന്താണെന്നു നിശ്ചയമില്ലെന്നും" മററുമുള്ള സകല വിവരങ്ങളും കുമാരി എന്നെ പറഞ്ഞുകേൾപ്പിച്ചു. ഏതുവിധവും അവിടെനിന്നു രക്ഷപെടാനുള്ള ഉപായം ഞങ്ങൾ ആലോചിച്ചു. ഒടുവിൽ രാജകുമാരി എന്നോടിങ്ങനെ ഉപദേശിച്ചു:—"ഈ നഗരത്തിൽ ഒരു വലിയ ക്ഷേത്രവും അതിൽ എൻെറ പൂർവ്വികന്മാർ ആരാധിച്ചുവരുന്ന ഒരു വിഗ്രഹവും ഉണ്ടു്. വിഗ്രഹത്തിനടുത്തു് വളരെ പ്രായാധിക്യത്തിലെത്തിയ ഒരു ബ്രാഹ്മണസ്ത്രീയും അവരുടെകൂടെ രണ്ടു ബ്രാഹ്മണബാലന്മാരും ഇരിപ്പുണ്ടു്. അവർ എപ്പോഴും മന്ത്രോച്ചാരണവും ദൈവസ്തോത്രങ്ങളുംകൊണ്ടു് വിഗ്രഹത്തിനെ പ്രീതിപ്പെടുത്തുന്നവരാണു്. നിങ്ങൾ ആ ക്ഷേത്രത്തിൻെറ മുമ്പിൽചെന്നു് ഒരു ഭക്തനായി അഭിനയിച്ചു് കാഷായവസ്ത്രവുംധരിച്ചു് തുകൽ വിരിച്ചു് ധ്യാനത്തിൽ

ഇരിക്കണം. അപ്പോഠം അവിടെ ആരാധനയ്ക്കു വരുന്നവ രെല്ലാം നിങ്ങളെ വന്ദിക്കുകയും നിങ്ങാംക്കു വിലയേറിയ വളരെയധികം സാധനങ്ങാം നേച്ചയായി സംഭാവന ചെയ്യുകയും ചെയ്യും. അങ്ങനെ കുറേ ദിവസങ്ങാം അവിടെ ധ്യാനനിരതനായി ഇരിയ്ക്കുമ്പോഠം മുൻപറഞ്ഞ ഭക്തയായ അമ്മ നിങ്ങളുടെ അഭീഷ്ടം എന്താണെന്നന്വേഷിക്കും. അപ്പോഠം നിങ്ങാം ആ ക്ഷേത്രത്തിൽ അധിവസിക്കുന്ന ദൈവത്തിൻെറ മുമ്പിൽ ഒരു സങ്കടമുണർത്തിക്കാൻ വന്നിരി ക്കുകയാണെന്നും നിങ്ങളുടെ സങ്കടനിവൃത്തിവരാതെ അവി ടെനിന്നു പോകുകയില്ലെന്നും പറഞ്ഞുകൊണ്ട് ആ മഹ തിയുടെ വസ്ത്രത്തിൻെറ അററത്തു വിടാതെ ബലമായി പിടിച്ചുകൊള്ളണം. അപ്പോഠം അവർ നിങ്ങളോടു വിവര ങ്ങാം ചോദിക്കും. നിങ്ങാം ഒരു മുസൽമാനാണെന്നും നിങ്ങ ളുടെ ഭാര്യയെ തുറമുഖത്തിൻെറ അധിപനായ ഗവർണ്ണർ അന്യായമായി പിടിച്ചുകൊണ്ടുപോയി എന്നും അവളെ വീണ്ടുകിട്ടണമെന്നുള്ളതാണു നിങ്ങളുടെ അപേക്ഷയെന്നും പറയണം. അപ്പോഠം ആ മഹതിയുടെ അനുഗ്രഹത്താൽ നിങ്ങളുടെ ആഗ്രഹനിവൃത്തിയുണ്ടാകും." ഉടനേതന്നെ ഞാൻ ക്ഷേത്രത്തിൽചെന്ന് രാജകുമാരിയുടെ നിർദ്ദേശ പ്രകാരമെല്ലാം പ്രവത്തിച്ചു. എൻെറ സങ്കടകഥ കേട്ട് ആ ക്ഷേത്രത്തിലെ വൃദ്ധയായ ബ്രാഹ്മണസ്ത്രീക്ക് എന്നിൽ അനുകമ്പ തോന്നി അവരുടെ രണ്ടു പുത്രന്മാരേയുംകൂട്ടി എന്നെ രാജസന്നിധിയിലേക്കയച്ചു. അവിടെച്ചെന്ന് ഗവ ർണ്ണർ അയോഗ്യനാണെന്നും ഉടനടി അയാളെ ആ സ്ഥാന ത്തുനിന്നു മാററണമെന്നും എൻെറ ഭാര്യയെ ഉടൻതന്നെ എന്നെ ഏല്പിക്കണമെന്നും ദൈവകല്പന ഉണ്ടായിരിക്കു ന്നതിനാൽ ആ കല്പനയെ അക്ഷരംപ്രതി പാലി ച്ചില്ലെങ്കിൽ ദൈവകോപം നേരിടുമെന്നു രാജാവിനെ അറിയിയ്ക്കാൻ ആ മഹതി പുത്രന്മാരോടു പറഞ്ഞു. ഞങ്ങാം ഉടനേതന്നെ കൊട്ടാരത്തിലേക്കു പുറപ്പെട്ടു. അവിടെ

ഞങ്ങളെ രാജാവു് ഭക്തിപൂർവ്വം സ്വീകരിച്ചു് അവൎക്കു് സിംഹാസനത്തിൽ തന്റെ ഒപ്പം ഇരിപ്പിടം നല്കി. അവർ തങ്ങളുടെ ദൌത്യം രാജാവിന്നെ അറിയിച്ചപ്പോൾ ഉടൻ തന്നെ ഗവൎണ്ണരേയും എന്റെ ഭാൎയ്യയേയും രാജസന്നിധിയിൽ വരുത്തി വിചാരണചെയ്തു ന്യായപൂൎത്തിവരുത്താമെന്നു് രാജാവു് പറഞ്ഞു. ഞാൻ വല്ലാതെ പരിഭ്രമിച്ചു. രാജകുമാരി കൊട്ടാരത്തിൽ ചെല്ലുമ്പോൾ കഥകളെല്ലാം പുറത്താകുമെന്നും കാൎയ്യമെല്ലാം അവതാളത്തിലാകുമെന്നുമുള്ള ഭയം എന്നെ വല്ലാതെ വിഷമത്തിലാക്കി. എന്റെ മുഖഭാവം കണ്ടു് രാജാവിന്റെ തീരുമാനം എനിക്കു തൃപ്തികരമല്ലെന്നു മനസ്സിലാക്കിയ ബ്രാഹ്മണബാലന്മാർ സിംഹാസനത്തിൽനിന്നു ചാടിയെഴുന്നേററു് കോപത്തോടുകൂടി അങ്ങനെയൊന്നും വേണ്ടായെന്നും ദൈവത്തിന്റെ അരുളപ്പാടിനെ അനുസരിക്കാതെയിരുന്നാൽ ദൈവകോപം ഉടനടി രാജാവിൽ ഉണ്ടാകുമെന്നും ആക്രോശിച്ചു. രാജസദസ്സിൽ ഹാജരുണ്ടായിരുന്ന ഉദ്യോഗസ്ഥപ്രമുഖന്മാർ എല്ലാവരും ആ സമയം ഗവൎണ്ണർ നീതിമാനല്ലെന്നും ക്ഷേത്രത്തിലെ മാതാവിന്റെ നിർദ്ദേശം അനുസരിച്ചു പ്രവൎത്തിക്കുന്നതാണു് ഉത്തമമെന്നും ഏകസ്വരത്തിൽ അഭിപ്രായപ്പെട്ടു. അതനുസരിച്ചു് രാജാവു് ഉടനടി സമ്മതിച്ചു. അനന്തരം എന്റെ ഇഷ്ടാനുസരണം ഗവൎണ്ണൎക്കു് എന്തു ശിക്ഷവേണമെങ്കിലും നല്കുന്നതിനും അന്നുമുതൽ ഞാൻതന്നെ തുറമുഖത്തിന്റെ ഗവൎണ്ണർഉദ്യോഗത്തിൽ പ്രവേശിച്ചുകൊള്ളുന്നതിനും എന്റെ ഭാൎയ്യയെ വീണ്ടെടുത്തുകൊള്ളുന്നതിനും സ്വന്തകൈപ്പടയിൽ ഒരു കല്പന തയാറാക്കി അദ്ദേഹത്തിന്റെ ഒപ്പും മുദ്രയുംവെച്ചു് എന്നെ ഏല്പിക്കുകയും ആ വിവരത്തിനു് ക്ഷേത്രത്തിലെ മാതാവിനു മറുപടി എഴുതികൊടുത്തയയ്ക്കുകയും ചെയ്തു. ഞാൻ നേരേ ഗവൎണ്ണരുടെ ഔദ്യോഗികവസതിയിൽ രാജഭൃത്യന്മാരാൽ അനുഗതനായി പ്രവേശിച്ചു് ഗവൎണ്ണരെ രാജകല്പന കാണിക്കു

കയും ഉത്തരക്ഷണത്തിൽ അയാളെ വാളുകൊണ്ടു വെട്ടി വധിച്ചതിനുശേഷം ഞാൻ ഗവർണ്ണർപദത്തിൽ പ്രവേശിക്കുകയും ചെയ്തു. രാജകുമാരിയും ഞാനും മുറപ്രകാരം വിവാഹിതരായി അവിടെ ആനന്ദപ്രദമായി കഴിഞ്ഞുവന്നു. രാജാവു കല്പിച്ച് എനിക്കു സ്ഥാനവസ്ത്രങ്ങൾ കൊടുത്തയയ്ക്കുകയും എന്നെ യഥോചിതം ബഹുമാനിക്കുകയും ചെയ്തു. ഞാൻ ക്ഷേത്രത്തിൽ ചെന്ന് ക്ഷേത്രമാതാവിനെക്കണ്ടു വന്ദിച്ച് അവരുടെ ആശീർവാദങ്ങൾ നേടി. ആ മഹതി എനിക്ക് അനേകം വിലപിടിച്ച സമ്മാനങ്ങളും സ്ഥാന വസ്ത്രങ്ങളും സമ്മാനിച്ചനുഗ്രഹിച്ചു. പിന്നീടു മാസത്തിൽ ഒരുപ്രാവശ്യം ഞാൻ ക്ഷേത്രമാതാവിനേയും രാജാവിനേയും സന്ദർശിച്ചുവന്നു. രാജാവിനു് എന്നോടു വളരെ പ്രീതിയുണ്ടായി എന്നെ അദ്ദേഹത്തിൻെറ ഉപദേശക സമിതിയിലെ ഒരംഗമായി ഉയർത്തി. എൻെറ സൽഭരണത്തിൽ തുറമുഖം വളരെ പ്രസിദ്ധമായിത്തീരുകയും നികുതി വരവ് അനേകമടങ്ങു വദ്ധിക്കുകയുംചെയ്തു. അങ്ങനെ ഞങ്ങൾ ഐശ്വര്യപൂർണ്ണവും സമാധാനപരവുമായ ജീവിതം നയിച്ചുകൊണ്ടിരുന്ന ആ അവസരത്തിൽ എൻെറ രണ്ടു സഹോദരന്മാർ എവിടെയാണെന്നും അവരുടെ അവസ്ഥ എന്താണെന്നും അറിയാൻ എനിക്ക് അതിയായ ആഗ്രഹമുണ്ടായിരുന്നുവെങ്കിലും അവരേക്കുറിച്ചുള്ള യാതൊരു വിവരവും അറിയാൻ എനിക്കു സാധിച്ചില്ല.

ഞാൻ തുറമുഖത്തിൻെറ ഗവർണ്ണറായി രണ്ടുവർഷം കഴിഞ്ഞപ്പോൾ ഒരുദിവസം സെയർവോദിൽനിന്ന് ഒരു സംഘം വ്യാപാരികൾ ആ തുറമുഖത്തു വന്നുചേൻറു. അവർ അവരുടെ സ്വദേശമായ പേർഷ്യാരാജ്യത്തേക്കു കപ്പൽവഴി പോകാൻ ആഗ്രഹിച്ചു. ആ തുറമുഖത്തിലെ കീഴ്നടപ്പനുസരിച്ച് ഏതെങ്കിലും വ്യാപാരിസംഘം തുറമുഖത്തു വന്നു ചേരുകയാണെങ്കിൽ ആ സംഘത്തിൻെറ തലവൻ വില

യേറിയ സമ്മാനങ്ങളുംകൊണ്ടു് ഗവർണ്ണരെ സന്ദർശിച്ചു കാഴ്ചവെയ്ക്കുകയും പിറേറദിവസം ഗവർണ്ണർ ആ സംഘത്തലവൻെറ വാസസ്ഥലത്തുചെന്നു പ്രതിസന്ദർശനം നടത്തുകയും കപ്പൽകയററാനുള്ള സാമാനങ്ങൾ പരിശോധിച്ചു് അവയുടെ വില കണക്കെട്ടുക്കുകയും ആകെ വിലയുടെ പത്തുശതമാനം തീരുവ വസൂൽചെയ്തതിനുശേഷം കപ്പൽ പുറപ്പെടുന്നതിനുവേണ്ട അധികാരപത്രം നൽകുകയും ചെയ്ക പതിവാണു്. അതനുസരിച്ചു് ഞാൻ പ്രതിസന്ദർശനത്തിനായി വ്യാപാരിത്തലവൻെറ പാളയത്തിൽ ചെന്നിരുന്ന അവസരത്തിൽ എൻെറ പരിശോധനയ്ക്കായി ഓരോ സാമാനങ്ങൾ ചുമന്നുകൊണ്ടുവെയ്ക്കുന്ന ജോലിയിൽ ഏർപ്പെട്ടിരുന്ന രണ്ടുപേരെ കണ്ടു. അവർ രണ്ടുപേരും വളരെ കീറിമുഷിഞ്ഞ വസ്ത്രം ധരിച്ചും വൃത്തിഹീനരായും കാണപ്പെട്ടു. എങ്കിലും അവർ എൻെറ സഹോദരന്മാരാണെന്നു ഞാൻ നിഷ്പ്രയാസം മനസ്സിലാക്കി. അവരുടെ കഷ്ടപ്പാടും ദാരിദ്ര്യാവസ്ഥയും കണ്ടു് ഞാൻ അത്യധികം ദുഃഖിച്ചു. ഞാൻ എൻെറ വസതിയിൽ മടങ്ങിയെത്തിയ ഉടനേതന്നെ ഭൃത്യന്മാരെ പറഞ്ഞയച്ചു് എൻെറ സഹോദരന്മാരെ വരുത്തി അവൎക്കു പുതിയ വസ്ത്രങ്ങളും ആഹാരവുമെല്ലാം കൊടുത്തു സംതൃപ്തരാക്കി എൻെറകൂടെ താമസിപ്പിച്ചു എന്നാൽ ഒരിക്കലും നന്നാകാത്ത ദുഷ്ടബുദ്ധികളായ എൻെറ സഹോദരന്മാർ എന്നെ വധിക്കാൻ വീണ്ടും ഒരുങ്ങി. ഒരുദിവസം പാതിരാസമയം എല്ലാവരും നിദ്രയിൽ ആണ്ടിരുന്ന തക്കംനോക്കി അവർ എൻെറ ഉറക്കറയിൽ ഊരിയവാളുമായി പ്രവേശിച്ചു. എൻെറ അംഗരക്ഷകൻ നിദ്രയിലായിരുന്നെങ്കിലും എൻെറ വിശ്വസ്തനായ പട്ടി എൻെറ പാദത്തിനുസമീപം എനിക്കു കാവൽ കിടന്നിരുന്നു. വാളും ഓങ്ങിക്കൊണ്ടു് എന്നെവെട്ടാൻ അടുത്ത സഹോദരന്മാരുടെനേരെ എൻെറ പട്ടി കുരച്ചുകൊണ്ടു ചാടുകയും അവരെ കടിക്കുകയും ചെയ്തു.

പട്ടിയുടെ കുരയും ബഹളവും കേട്ട് എന്റെ അംഗരക്ഷകനും ഞാനും ഞെട്ടിയുണന്നപ്പോാം രണ്ടു ഘാതകന്മാർ എന്നെ വധിക്കാൻ തയ്യാറായി നില്ക്കുന്ന കാര്യമാണു കണ്ടതു്. എന്റെ അംഗരക്ഷകൻ ആ ദുഷ്ടന്മാരെ രണ്ടുപേരെയും പിടിച്ചുകെട്ടി. അവിടെ വന്നുകൂടിയവരെല്ലാം എന്റെ സഹോദരന്മാരെ ശപിക്കുകയും അവരുടെ നന്ദിയില്ലായ്മയിൽ ആശ്ചര്യപ്പെടുകയും ചെയ്തു. പ്രഭോ, അവരുടെ ഈ മാതിരി അതിരുകടന്നുള്ള ദുഷ്ടബുദ്ധി കണ്ടു് എനിക്കും എന്റെ പ്രാണനിൽ ഭയംതോന്നി. ഒരാളുടെ കുററത്തെ ഒന്നരണ്ടു പ്രാവശ്യം ക്ഷമിക്കണമെന്നും മൂന്നാമത്തെ പ്രാവശ്യം ശിക്ഷിക്കണമെന്നുമാണല്ലൊ പഴമൊഴി. അവരെ കാരാഗൃഹത്തിൽ പാർപ്പിക്കാമെന്നുവെച്ചാൽ അവിടെ അവക്കു ശരിയായ വിധത്തിലും സമയത്തും ആഹാരം കൊടുക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും ആളില്ലാതെ അവർ കഷ്ടപ്പെടേണ്ടിവന്നേക്കുമെന്നും ഒരു പക്ഷേ അവർ വല്ലവിധവും തടവുചാടി രക്ഷപെട്ടു് വീണ്ടും എന്റെ ജീവാപായം വരുത്താനുള്ള പുതിയ മാൎഗ്ഗങ്ങാം ആലോചിക്കുമെന്നാം ഞാൻ ഭയന്നു. അതിനാൽ അവർ എപ്പോഴും എന്റെ കൺമുമ്പിൽതന്നെ ഉണ്ടായിരിക്കണമെന്നും അവരെ സംബന്ധിച്ചുള്ള ഭയത്തിൽനിന്നൊഴിഞ്ഞു് എനിക്കു മനസ്സമാധാനത്തോടുകൂടി ഇരിക്കണമെന്നുമുള്ള ഉദ്ദേശത്തിൽ അവരെ ഞാൻ ഈ കൂട്ടകളിൽ അടച്ചു് എന്റെകൂടെ കൊണ്ടുനടക്കുകയാണു്. ഈ പട്ടിയുടെ കാൎയ്യത്തിൽ ഞാൻ ഇത്രയേറെ ശ്രദ്ധയും താല്പൎയ്യവും കാണിക്കുന്നതു് അതിന്റെ സ്വാമിഭക്തികാരണമാണു്. പ്രഭോ, നന്ദികെട്ട മനുഷ്യൻ യജമാനസ്നേഹമുള്ള നായേക്കാാം നികൃഷ്ടനാണു്. എന്റെ ജീവിതകഥ മുഴുവൻ ഞാൻ അങ്ങയെ പറഞ്ഞുകേൾപ്പിച്ചുകഴിഞ്ഞു. ഇപ്പോാം എന്നെ വധിക്കുന്നതിനോ രക്ഷിക്കുന്നതിനോ ഉത്തരവുണ്ടാ

കണം. അതിൽ ഏതാണു ചെയ്യേണ്ടതെന്നു നിശ്ചയിക്കാനുള്ള. പൂൎണ്ണമായ അധികാരം അവിടത്തേക്കാണു്; ഇഷ്ടം പോലെ ചെയ്യാലും."

---

## അദ്ധ്യായം 12

വ്യാപാരിയുടെ ജീവിതാനുഭവങ്ങൾ വിവരിച്ചുകേട്ടപ്പോൾ ഞാൻ ആ സത്യവിശ്വാസിയെ സ്തുതിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു:—"നിങ്ങളുടെ ദയയും ക്ഷമാശീലവും അളവററവയാണു്; ഈ മനുഷ്യരുടെ ദുഷ്ടബുദ്ധി അതിരുകടന്നതരത്തിലുള്ളതാണു്. പട്ടിയുടെ വാലിനെ പന്തീരാണ്ടു കാലം കുഴലിനകത്താക്കി വെച്ചിരുന്നാലും ഒടുവിൽ അതു വളഞ്ഞുതന്നെ ഇരിക്കുമെന്നുള്ള പഴഞ്ചൊല്ല് വളരെ ശരിയാണു്." അനന്തരം ആ വ്യാപാരിയുടെ പട്ടിയുടെ കഴുത്തിൽ കെട്ടിയിട്ടിരുന്ന പന്ത്രണ്ടു രത്നങ്ങളുടെ കഥയെപ്പററിയുള്ള വിശദീകരണം ഞാൻ അയാളോടാവശ്യപ്പെട്ടു. അതിനുത്തരമായി അയാൾ ഇങ്ങനെ തുടൎന്നു:—"രാജാധിരാജനായ പ്രഭോ, അങ്ങു് ദീൎഘായുഷ്മാനായി ഭവിക്കട്ടെ. ഞാൻ തുറമുഖത്തിന്റെ പ്രവൎണ്ണറായി മൂന്നുനാലു കൊല്ലങ്ങൾ കഴിഞ്ഞു് ഒരുദിവസം എന്റെ മാളികയുടെ ഏററവും ഉയരമുള്ള മേൽനിലയിൽ ഇരുന്നുകൊണ്ടു് ഒരു ദൂരദൎശിനിക്കണ്ണാടിയിൽക്കൂടെ അകലെ നോക്കി ഓരോ കാഴ്ചകൾ കണ്ടു വിനോദിച്ചുകൊണ്ടിരിക്കുമ്പോൾ കുറെ അകലെ ഒരു വനത്തിൽ രണ്ടു മനുഷ്യരൂപങ്ങൾ സാവധാനത്തിൽ സഞ്ചരിക്കുന്നതു കണ്ടു. അവരെ ഞാൻ ആളയച്ചു വിളിപ്പിച്ചു. അവരിൽ ഒരാൾ ഒരു പുരുഷനും മറേറയാൾ സ്ത്രീയും ആണെന്നു മനസ്സിലായി ആ പുരുഷന്റെ തോളിൽ മൂന്നുനാലുവയസ്സുപ്രായമുള്ള ഒരാൺ

കുട്ടിയെ കമഴ്ത്തിക്കിടത്തിയിരുന്നു. ഒരു തുണിയുടെ രണ്ടറ്റത്തും എന്തോ സാധനങ്ങൾ കെട്ടി അയാളുടെ കഴുത്തിന്റെ ഇരുവശത്തും നീട്ടിയിട്ടിരുന്നു. അയാൾ ഇരുപതിരുപത്തിരണ്ടുവയസ്സു പ്രായംവരുന്ന ഒരു യുവാവാണു്. വെയിലേറ്റു് അയാളുടെ ശരീരം കറുത്തുപോയതാണെന്നു് അനുമാനിക്കാം. അയാളുടെ തലമുടിയും നഖങ്ങളും വളരെ വളർന്നിട്ടുണ്ടു്. ആകപ്പാടെ അയാൾ ഒരു കാട്ടാളനെപ്പോലെ വികൃതരൂപംപൂണ്ടിരുന്നു. അയാളുടെകൂടെ ഉണ്ടായിരുന്ന സ്ത്രീയെ ഞാൻ സ്ത്രീകളുടെ മുറിയിലേക്കയച്ചിട്ടു് ആ യുവാവിനോടു് അയാളെപ്പററിയുള്ള വിവരങ്ങൾ ചോദിച്ചു. അയാൾ തനിക്കു് അതികഠിനമായ വിശപ്പുണ്ടെന്നു് ആംഗ്യഭാഷയിൽ എന്നെ അറിയിച്ചു. ഉടനേ ഞാൻ അയാൾക്കു് വേണ്ടുവോളം ആഹാരസാധനങ്ങൾ കൊടുത്തു. അതു ഭക്ഷിച്ചു വിശപ്പടക്കിയതിനുശേഷം അയാൾ വളരെയധികം വീഞ്ഞു് ആർത്തിയോടെ കുടിച്ചുതീർത്തു. അപ്പോഴേയ്ക്കും വീട്ടിനകത്തുനിന്നും അയാളുടെ കൂടെവന്ന സ്ത്രീയുടെ പക്കൽ ഉണ്ടായിരുന്ന മൂന്നുനാലു തുണിക്കെട്ടുകൾ എന്റെ മുമ്പിൽ കൊടുത്തയച്ചു. ഞാൻ അവയെല്ലാം അഴിപ്പിച്ചുനോക്കിയപ്പോൾ വളരെയധികം വിലപിടിക്കുന്നതും ആ പരിസരമെല്ലാം പ്രഭാപൂരം പരത്തുന്നതുമായ നിരവധി രത്നങ്ങളാണു് ആ തുണികളിൽ പൊതിഞ്ഞുവെച്ചിരുന്നതെന്നു കണ്ടു് അത്യന്തം അത്ഭുതപ്പെട്ടു. അത്ര വിലകൂടിയ രത്നങ്ങൾ ഞാൻ അതിനുമുമ്പു കണ്ടിട്ടില്ല. ആ യുവാവിനു ക്ഷീണം മാറി സംസാരിക്കാനുള്ള ശക്തിയുണ്ടായപ്പോൾ ഞാൻ ആ രത്നങ്ങളെല്ലാം എവിടെനിന്നു കിട്ടിയെന്നു് അയാളോടു ചോദിച്ചു. അയാൾ ഇങ്ങനെ മറുപടി നൽകി:—"എന്റെ സ്വന്തരാജ്യം 'ആസർബയ്ജാൻ'* ആണു്. ഞാൻ വളരെ

---

*ആസർബയ്ജാൻ പേഷ്യാരാജ്യത്തിൽപെട്ട ഒരു പ്രദേശമാണു്. പ്രാചീനകാലത്തു് ആ പ്രദേശം മീദിയ എന്ന പേരിനാൽ അറിയപ്പെട്ടിരുന്നു.

ബാല്യത്തിൽതന്നെ എൻെറ വീടും മാതാപിതാക്കന്മാരെയും വിട്ടുപിരിഞ്ഞു് ദൂരദേശങ്ങളിൽ സഞ്ചരിച്ചു വളരെ കഷ്ടപ്പാടനുഭവിച്ചു. വളരെനാൾ ഞാൻ ജീവനോടെ കുഴിച്ചുമൂടപ്പെട്ടവനായിരുന്നു. എത്രയോ പ്രാവശ്യം ഞാൻ മരണത്തിൻെറ വായിൽനിന്നു തപ്പിപ്പിഴച്ചിട്ടുണ്ടു്." അതു കേട്ടു് അയാളുടെ കഥയെ വിവരിച്ചുകേൾപ്പിക്കാൻ ഞാൻ ആവശ്യപ്പെട്ടുകയും അതനുസരിച്ചു് അയാൾ താഴെവരും പ്രകാരം അയാളുടെ കഥയെ വിവരിക്കാൻ തുടങ്ങുകയും ചെയ്തു:—"എൻെറ പിതാവു് ഒരു വലിയ വ്യാപാരിയായിരുന്നു. അദ്ദേഹം ഹിന്ദുസ്ഥാൻ, ചൈന, രമേനിയാ, യൂറോപ്പുമുതലായി അനേകം ദൂരദേശങ്ങളിൽ സഞ്ചരിച്ചിട്ടുണ്ടു്. എനിക്കു പത്തുവയസ്സു പ്രായമുണ്ടായിരുന്നപ്പോൾ അദ്ദേഹം ഹിന്ദുസ്ഥാനിലേക്കു കച്ചവടത്തിനു പുറപ്പെടാൻ തയ്യാറായി. ആ പ്രാവശ്യം എന്നേയുംകൂടെ കൊണ്ടുപോകണമെന്നും എന്നെ വ്യാപാരകാൎയ്യങ്ങളും ദേശസഞ്ചാരവും പരിശീലിപ്പിക്കണമെന്നും അദ്ദേഹം നിശ്ചയിച്ചു. മററുള്ളവരുടെ എതിരഭിപ്രായമൊന്നും ഗൌനിക്കാതെ അദ്ദേഹം എന്നെയുംകൊണ്ടു് യാത്രതിരിച്ചു. ഞങ്ങൾ സുഖമായി യാത്രചെയ്തു് ഹിന്ദുസ്ഥാനിലെത്തി. അവിടെ വിജയകരമായ വ്യാപാരംനടത്തി ഒട്ടധികം പണം സമ്പാദിക്കുകയും അവിടെയുള്ള വിശിഷ്ടസാധനങ്ങൾ വാങ്ങി ശേഖരിച്ചുകൊണ്ടു് സെയർബാദിലേക്കു പുറപ്പെട്ടുകയുംചെയ്തു. ആ യാത്രയും സുഖമായികഴിഞ്ഞു. സെയർബാദിലെ കച്ചവടവുംകഴിഞ്ഞു് വളരെയധികം പണവുമായി ഞങ്ങൾ നാട്ടിലേക്കു പുറപ്പെട്ടു. കപ്പലിലാണു ഞങ്ങൾ ആ യാത്രചെയ്തതു്. ഒരുമാസത്തെ യാത്രയ്ക്കുശേഷം ഒരുദിവസം അതിഭയങ്കരമായ ഒരു കൊടുങ്കാററുണ്ടായി. ആകാശം കാർമേഘങ്ങളാൽ മൂടപ്പെട്ടു് ഇരുളടഞ്ഞിരുന്നു. പേമാരിയും ഇടവിടാതെ വർഷിച്ചുകൊണ്ടിരുന്നു. കൊടുങ്കാററിൽപെട്ടു് ഞങ്ങളുടെ കപ്പൽ ചുക്കാൻ മുതലായ നിയന്ത്രണ

ങ്ങൾ ലംഘിച്ചുകൊണ്ടു് അതിനിഷ്ടമുള്ള വഴിക്കു് ഒഴുകിപ്പോയി. നിസ്സഹായനായ കപ്പിത്താനു് കപ്പലിനെ രക്ഷപെടുത്താനുള്ള യാതൊരുപായവും സാധ്യമല്ലായിരുന്നു. അങ്ങനെ പത്തുദിവസം കപ്പൽ വെള്ളത്തിൽ ഒഴുകി സഞ്ചരിച്ചതിനുശേഷം പതിനൊന്നാമത്തെ ദിവസം ഒരു പാറയിൽചെന്നടിച്ചു തകൎന്നു. കപ്പലിനകത്തുള്ളവൎക്കും എന്റെ പിതാവിനും ഞങ്ങളുടെ സാധനങ്ങൾക്കും ഭൃത്യന്മാൎക്കുമെല്ലാം എന്തുസംഭവിച്ചുവെന്നു് എനിക്കു് ഒരു നിശ്ചയവുമില്ലായിരുന്നു. ഞാൻ ഒരു പലകക്കഷണത്തിന്റെ മീതേ കിടക്കുകയാണെന്നും ആ പലക തിരമാലകളിൽപെട്ടു് ആടിയും അലഞ്ഞും ഒഴുകിപ്പോകുകയാണെന്നും മാത്രം എനിക്കറിയാമായിരുന്നു. അങ്ങനെ മൂന്നുദിവസം കഴിഞ്ഞു. നാലാമത്തെദിവസം ആ പലക കരയ്ക്കുടിഞ്ഞുകയറി. പലകയിൽനിന്നു പതുക്കെ നീങ്ങി തറയിൽ വീഴാൻവേണ്ടിയുള്ള ശക്തിമാത്രം എന്നിൽ അവശേഷിച്ചിരുന്നു. ഞാൻ കമഴ്ന്നുകിടന്നു നിരങ്ങി കുറേദൂരം മുമ്പോട്ടുനീങ്ങി ഒരു വയലിന്റെ നടുക്കു ചെന്നുചേൎന്നു. അവിടെ ധാരാളം സ്ത്രീപുരുഷന്മാർ കൂടിനിൽക്കുന്നതും പാകമായ പയർ പറിച്ചു തീയിലിട്ടുചുട്ടു് അതിനകത്തുള്ള പയർമണികൾ അവർ ഭക്ഷിക്കുന്നതും ഞാൻ കണ്ടു. അവരുടെ ഭാഷ എനിക്കും എന്റെ ഭാഷ അവൎക്കും മനസ്സിലാക്കാൻ നിവൃത്തിയില്ലായിരുന്നു. അവർ ചെയ്യുന്നതുപോലെ കുറെ പയർ ചുട്ടു് ഞാനും ഭക്ഷിക്കണമെന്നു് അവർ ആംഗ്യഭാഷയിൽ എന്നെ അറിയിച്ചു. ഞാൻ അപ്രകാരംചെയ്തു വിശപ്പടക്കി. അനന്തരം അകലെയുള്ള നഗരത്തിലേക്കു് അവർ എനിക്കു വഴി ചൂണ്ടിക്കാണിച്ചുതന്നു. ഞാൻ നാലുദിവസം നടന്നതിനുശേഷം പൊക്കമുള്ള ഒരു കോട്ടയുടെ സമീപമെത്തി. ആ കോട്ടയുടെ പ്രവേശനദ്വാരം ഇരുമ്പുകൊണ്ടുണ്ടാക്കപ്പെട്ടതും പൂട്ടിയിരുന്നതുമായിരുന്നു. അവിടെ മനുഷ്യജീവികളെ ആരെയും ഞാൻ കണ്ടില്ല. അവിടെനിന്നു വീണ്ടും നടന്നു്

ഞാൻ ഒരു കുന്നിൻചുവട്ടിലെത്തി. ആ കുന്നിലെ മണ്ണ് കരിനിറത്തിലുള്ളതായിരുന്നു. ആ കുന്നു കടന്നു കുറച്ചുദൂരം ചെന്നപ്പോൾ അങ്ങകലെ ഒരു പട്ടണം കാണപ്പെട്ടു. ഞാൻ അങ്ങോട്ടു നടന്നുചെന്നു. ആ പട്ടണത്തിൻെറ മതിൽ കടക്കാൻ നിവൃത്തിയില്ലായിരുന്നുവെങ്കിലും ഒരു വാതിൽ തുറന്നുകിടന്നതുകണ്ടു സന്തോഷിച്ച് ഞാൻ അതുവഴി പട്ടണത്തിലേക്കു പ്രവേശിച്ചു. അവിടെ ഒരു കസേരയിൽ യൂറോപ്യൻരീതിയിൽ വസ്ത്രം ധരിച്ച ഒരാൾ ഇരിക്കുന്നതു കണ്ടു. ഞാൻ അയാളുടെ സമീപം ചെന്നുനിന്നു സലാം ചെയ്തു. അയാൾ കുറെ റൊട്ടിയും വെണ്ണയും ഒരു കോഴിപൊരിച്ചതും കുറെ വീഞ്ഞും എനിക്കു തന്നു. ഭക്ഷണം കഴിഞ്ഞ ഉടനെ ഞാൻ ഉറക്കത്തിൽവീണു. രാത്രിയായപ്പോൾ ഞാൻ ഉണർന്നു. അപ്പോൾ അദ്ദേഹം വീണ്ടും എനിക്ക് ആഹാരം തന്നിട്ട് ഞാൻ എന്തിനായിട്ട് അവിടെ ചെന്നുവെന്നു ചോദിച്ചു. വളരെ കഷ്ടപ്പാടുകൾ സഹിച്ച് ഒടുവിൽ മനുഷ്യസമ്പക്കം സാധിച്ചതിൽ സന്തുഷ്ടനായി അല്ലാഹുവിൻെറ കാരുണ്യത്തെ സ്തുതിച്ചുകൊണ്ട് അവിടെയെത്തിയ എന്നോട് എന്താണിങ്ങനെ ചോദിക്കുന്നതെന്നു ഞാൻ പരിഭവസ്വരത്തിൽ അദ്ദേഹത്തോടു ചോദിച്ചു. അദ്ദേഹം എന്നെ ശാന്തനാക്കീട്ട് രാത്രി സുഖമായി ഉറങ്ങണമെന്നും പിറേറ ദിവസം രാവിലെ കാൎയ്യങ്ങളെല്ലാം പറയാമെന്നും എന്നോടു പറഞ്ഞു.

പിറേറദിവസം രാവിലെ അദ്ദേഹം എന്നെ വിളിച്ച് അടുത്ത മുറിയിൽ ഒരു മൺവെട്ടിയും ഒരു അരിപ്പയും ഒരു തുകൽസഞ്ചിയും ഇരിപ്പുണ്ടെന്നും അവയെ എടുത്ത് വെളിയിൽ കൊണ്ടുവരണമെന്നും പറഞ്ഞു. ഞാൻ അവയെ എടുത്തുകൊണ്ടു വന്നു. അപ്പോൾ ആ ഉപകരണങ്ങളോടു കൂടി ഞാൻ വന്നവഴിക്കു കണ്ട കറുത്ത കുന്നിൽചെന്ന് ഒരടി ആഴത്തിൽ കിളച്ചു മണ്ണിളക്കി ആ മണ്ണുവാരി അരിപ്പ

യിലിട്ട് അരിച്ചിട്ട് അരിപ്പയിൽ തടഞ്ഞുകിടക്കുന്നവയെ സഞ്ചിയിലാക്കി കൊണ്ടുവരാൻ ആജ്ഞാപിച്ചു. ഞാൻ അപ്രകാരം ചെയ്തു. അരിപ്പയിൽ തടഞ്ഞുകിടന്നതെല്ലാം ഏററവും ശോഭയേറിയ രത്നങ്ങളാണെന്നു മനസ്സിലായി. ഞാൻ ആ സഞ്ചിനിറച്ചു് പലനിറത്തിലുള്ള രത്നങ്ങളും ശേഖരിച്ചുകൊണ്ടു് മടങ്ങി. ആ രത്നങ്ങളുംകൊണ്ടു് ഉടൻ തന്നെ ആ പട്ടണംവിട്ടു പൊയ്ക്കൊള്ളണമെന്നും അവിടെ താമസിക്കുന്നതു് ആപത്താണെന്നും അദ്ദേഹം എന്നെ ഉപദേശിച്ചു. ആ കല്ലുകൾകൊണ്ടു് എനിക്കെന്തുപയോഗമാണുള്ളതെന്നും വിശക്കുമ്പോൾ അവയെ ഭക്ഷിക്കാൻ കൊള്ളുകയില്ലല്ലോ എന്നും ഞാൻ പരിഭവമായിപ്പറഞ്ഞു. അതുകേട്ടു് അദ്ദേഹം ഒരു പുഞ്ചിരിയോടുകൂടി ഇപ്രകാരം പറഞ്ഞു:—"നിങ്ങൾ എന്നെപ്പോലെതന്നെ ഒരു ഉത്തരദേശീയനായതുകൊണ്ടു് ഞാൻ നിങ്ങളുടെ കാൎയ്യത്തിൽ മനസ്താപിക്കുന്നു. അതുകൊണ്ടാണു് നിങ്ങൾ ഈ പട്ടണത്തിൽ താമസിക്കരുതെന്നു ഞാനുപദേശിക്കുന്നതു്. നിങ്ങൾക്കു് ഈ പട്ടണത്തിൽതന്നെ താമസിക്കണമെന്നാണു് ഉദ്ദേശമെങ്കിൽ ഈ മോതിരവുംകൊണ്ടു് തെരുവിലേക്കു പോകുക. അവിടെ എന്നേപ്പോലെയുള്ള മുഖത്തോടുകൂടിയ ഒരു വെളുത്ത താടിമീശക്കാരനെ കാണാം. അയാൾ എൻെറ മൂത്തസഹോദരനാണു്. അയാൾക്കു് ഈ മോതിരം കൊടുക്കണം. അപ്പോൾ അയാൾ നിങ്ങളെ സൂക്ഷിച്ചുകൊള്ളും. ആ മനുഷ്യൻെറ ഉപദേശം അക്ഷരംപ്രതി അനുസരിക്കണം. അല്ലെങ്കിൽ നിങ്ങൾ ഒരു കാരണവുംകൂടാതെ നിങ്ങളുടെ വിലയേറിയ ജീവനെ ഉപേക്ഷിക്കേണ്ടിവരും. എൻെറ കഴിവു് ഇത്രമാത്രമേ ഉള്ളു. പട്ടണത്തിൽ എനിക്കു് ഉററവരായി മററാരുമില്ല." ഞാൻ ആ മോതിരവും കയ്യിൽ വെച്ചുകൊണ്ടു് തെരുവീഥിയിൽക്കൂടെ നടന്നുപോയി. ആ പട്ടണം വളരെ വൃത്തിയുള്ളതും ജനനിബിഡവുമായി കാണപ്പെട്ടു. സ്ത്രീപുരുഷന്മാർ യാതൊരു സങ്കോചവും

കൂടാതെ ഇടത്തൂൻ സഞ്ചരിച്ചിരുന്നു. ആറംത്തിരക്കു് അല്പം കുറഞ്ഞപ്പോൾ ഞാൻ മുമ്പോട്ടു നടന്നു. ഒടുവിൽ എൻെറ സ്നേഹിതൻ പറഞ്ഞ ലക്ഷണമുള്ള മാന്യനെ കണ്ടു. അദ്ദേഹം ഒരു കസേരയിൽ ഇരിക്കുകയായിരുന്നു. രത്നഖചിതമായ ഒരു ചൂരൽ അദ്ദേഹത്തിൻെറ മുമ്പിൽ കിടപ്പുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തെക്കണ്ടു വണങ്ങി മോതിരം കൊടുത്തു. അതു കൈയ്യിൽ വാങ്ങീട്ടു അദ്ദേഹം എന്നോടു കോപസ്വരത്തിൽ ഇങ്ങനെ പറഞ്ഞു:—"നിങ്ങൾ എന്തിനാണു് ഈ സ്ഥലത്തു വന്നു സ്വയം ആപത്തിലകപ്പെടാനുദ്യമിച്ചതു്? മടയനായ എൻെറ സഹോദരൻ നിങ്ങളെ വേണ്ടവിധം ഉപദേശിച്ചില്ലേ?" അതുകേട്ടു് അദ്ദേഹം എന്നെ ശരിക്കുപദേശിച്ചുവെന്നും എന്നാൽ എൻെറ നിർബന്ധപ്രകാരം ഞാൻ ആ പട്ടണം വിടാതെയിരുന്നതാണെന്നും മറുപടിപറഞ്ഞു. അനന്തരം അദ്ദേഹം എന്നെ അദ്ദേഹത്തിൻെറ ഭവനത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. ആ വീടു് ഒരു രാജകൊട്ടാരംപോലെ വിശാലവും മനോഹരവുമായിരുന്നു. അവിടെ കണക്കില്ലാത്ത ഭൃത്യന്മാരും ഉണ്ടായിരുന്നു. അതിനിടയ്ക്കു് എൻെറ ജീവിതകഥയെല്ലാം ഞാൻ അദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കി. വിധിബലംകൊണ്ടു് ഞാൻ അവിടെ ചെന്നുചേരാനിടയായതാണെന്നും, അവിടത്തെ ജനങ്ങളുടെ രീതികളും പ്രവൃത്തിയും മററും മനസ്സിലാക്കാനും എന്തുകൊണ്ടാണു് അദ്ദേഹവും സഹോദരനും ഞാൻ അവിടെനിന്നു പെട്ടെന്നു പോകണമെന്നു പറഞ്ഞതെന്നറിയുന്നതിനും ആഗ്രഹമുണ്ടെന്നും പറഞ്ഞു. അപ്പോൾ അദ്ദേഹം ഇങ്ങനെ തുടന്നു:—"ഈ രാജ്യത്തിലെ രാജാവും ജനങ്ങളുമെല്ലാം ദൈവകോപത്തിനു പാത്രമായവരാണു്. അവരുടെ മതവും ആചാരക്രമങ്ങളും അസാധാരണസ്വഭാവത്തിലുള്ളതാണു്. ഇവിടെയുള്ള ക്ഷേത്രത്തിൽ ഒരു വലിയ വിഗ്രഹമുണ്ടു്. ആ വിഗ്രഹത്തിൻെറ വയററിനകത്തുനിന്നു് ഒരു ഭൂതം

ഓരോരുത്തരുടേയും പേരു്, വയ്യം, വിശ്വാസം ഇവയെ പ്പററിയെല്ലാം വിളിച്ചുപറയും. അങ്ങനെ ഏതെങ്കിലും സാധുക്കളായ സഞ്ചാരികൾ ഈ പട്ടണത്തിൽ വന്നാൽ അവരെപ്പററിയുള്ള സകല വിവരങ്ങളും രാജാവറിയുകയും അവരെ ക്ഷേത്രസന്നിധിയിൽ കൂട്ടിക്കൊണ്ടുപോകയുംചെയ്യും. അവിടെ ബിംബത്തിനെ വണങ്ങുകയാണെങ്കിൽ ആപത്തില്ല. അങ്ങനെ ചെയ്യാൻ വിസമ്മതിക്കുന്നവരെ നദിയിൽ മുക്കിക്കൊല്ലും." ഏതായാലും എന്നെ ഈ ആപത്തിൽനിന്നു രക്ഷിച്ചു് ഏതാനുംകാലം അവിടെത്താമസിക്കാനുള്ള സൌകര്യം ഉണ്ടാക്കിത്തരാൻ ഒരു ഉപായം കണ്ടുപിടിക്കാമെന്നുപറഞ്ഞു് അദ്ദേഹമെന്നെ സമാധാനപ്പെടുത്തി. ആ രാജ്യത്തിലെ മന്ത്രിയുടെ പുത്രിയെ എനിക്കു വിവാഹംകഴിപ്പിച്ചുതരാമെന്നായിരുന്നു അദ്ദേഹം നിശ്ചയിച്ചതു്. അദ്ദേഹത്തിൻെറ സഹായവും സ്വാധീനശക്തിയുംകൊണ്ടു ആ കാര്യം സാധിച്ചു. ഞാൻ ഭാര്യയുമായി അവിടെ പ്രത്യേകമൊരു കെട്ടിടത്തിൽ ആനന്ദപ്രദമായി ജീവിച്ചു. അങ്ങനെ ജീവിച്ചുവരവേ എൻെറ ഭാര്യ ഗർഭവതിയായി. അവൾ പ്രസവത്തോടെ മരിക്കുകയാണു ചെയ്തതു്. ഭാര്യ മരിച്ച ദുഃഖത്തോടുകൂടി ഞാൻ മൌനമായിരിക്കുമ്പോൾ അവിടെയുള്ള എല്ലാ വീട്ടിലെയും സ്ത്രീകൾ വന്നു് എന്നെ ശപിക്കുകയും എൻെറ തലയിൽ കൈകൊണ്ടടിക്കുകയും ചെയ്തു. ഞാൻ എൻെറ ഭാര്യയുടെവക സ്വത്തുക്കളെല്ലാം വിററു് ആ പണംകൊണ്ടു വിശേഷപ്പെട്ട രത്നങ്ങളും മററുംവാങ്ങി ഒരു പെട്ടിയിൽ ശേഖരിച്ചു പോകാൻ തയ്യാറായി. എന്നാൽ ആളുകൾ എന്നെ പിടിച്ചു ബലംപ്രയോഗിച്ചു ക്ഷേത്രത്തിൽ കൊണ്ടുപോയി. അവിടെ രാജാവും മററു പ്രധാനികളുമെല്ലാം കൂടിയിരുന്നു. അവർ ഒരു പെട്ടിനിറയെ ഭക്ഷണസാധനങ്ങളും പഴവർഗ്ഗങ്ങളും മററും ശേഖരിച്ചു് അതിൽ രത്നങ്ങൾ നിറച്ചിരുന്ന പെട്ടിയും നിക്ഷേപിച്ചു. അനന്തരം വേറൊരു പെട്ടിയിൽ എൻെറ

ഭാൎയ്യയുടെ മൃതദേഹവും അടക്കി. ഈ രണ്ടു പെട്ടികളേയും എന്നെയും അവർ ഒരു ഒട്ടകത്തിൻെറ പുറത്തു കയററി ശ്മശാനസ്ഥലത്തേക്കു ഘോഷയാത്ര പുറപ്പെട്ടു. ബ്രാഹ്മണർ മന്ത്രോച്ചാരണം നടത്തുകയും ശംഖനാദം മുഴക്കുകയും ചെയ്തു. അങ്ങനെ ആ ഘോഷയാത്ര ചുടുകാട്ടിനകത്തേക്കു കടന്നു. അവർ എന്നെയും ആ രണ്ടുപെട്ടികളേയും അവിടെ തള്ളിയതിനുശേഷം ശ്മശാനത്തിൻെറ ഇരുമ്പുകതകടച്ചുപൂട്ടീട്ട് പട്ടണത്തിലേയ്ക്കു മടങ്ങി. ആ ശ്മശാനത്തിൻെറ അത്യുന്നതമായ മതിലുകൾ കടന്നു വെളിയിൽ പോകാൻ ഒരു പ്രകാരത്തിലും സാധ്യമായിരുന്നില്ല. ഞാൻ കുറേദിവസം എൻെറ പെട്ടിയിൽ ഉണ്ടായിരുന്ന ആഹാരം കഴിച്ചു ജീവിച്ചു. അതിനുശേഷം ഞാൻ ആഹാരമില്ലാതെ അവിടെ കിടന്നു മരിക്കണമെന്നുള്ളതായിരുന്നു ആ നാട്ടുകാരുടെ ഉദ്ദേശം. എൻെറ ആഹാരസാധനങ്ങളെല്ലാം തീൎന്നപ്പോൾ ഞാൻ വിശപ്പിൻെറ കൊടുംയാതനയിൽപെട്ടു. അങ്ങനെ മരണദേവതയെ പ്രതീക്ഷിച്ചു ഞാൻ അവിടെ കഴിയുമ്പോൾ ആ ശ്മശാനത്തിൻെറ വാതിൽ തുറക്കുന്നതും വേറൊരാളെ എൻെറ അവസ്ഥയിൽ അവിടെ കൊണ്ടുവരുന്നതും കണ്ടു. അയാൾ ഒരു വൃദ്ധനായിരുന്നു. അയാളേയും കീഴ്നടപ്പനുസരിച്ച് അവിടെ ഉപേക്ഷിച്ചിട്ട് നാട്ടുകാർ മടങ്ങി. ഞാൻ ആ വൃദ്ധനെ ഒരു പെട്ടിയുടെ പലകയെടുത്തു തലയ്ക്കടിച്ചുകൊന്നതിനുശേഷം അയാൾക്കു സംഭരിച്ചുവെച്ചിരുന്ന ഭക്ഷണം കഴിച്ച് കുറെ ദിവസങ്ങൾ ജീവിച്ചു. ഇപ്രകാരം അവിടെ ജീവനോടെ കൊണ്ടുവരുന്ന ഓരോരുത്തരേയും കൊന്ന് അവരുടെ ഭക്ഷണസാധനങ്ങൾ കൊണ്ട് ഞാൻ കുറേക്കാലം അവിടെ കഴിഞ്ഞു. ഒരുദിവസം ഒരു സുന്ദരിയായ യുവതിയെ പതിവനുസരിച്ച് നാട്ടുകാർ അവിടെ കൊണ്ടുവിട്ടു. ആ യുവതിയെ കൊല്ലാനുള്ള ഹൃദയകാഠിന്യം എനിക്കില്ലായിരുന്നു. ഞങ്ങൾ ക്രമേണ സ്നേഹബന്ധത്തിലേപ്പെട്ടു. കിട്ടുന്ന ഭക്ഷണമെല്ലാം കഴിച്ചു

ഞങ്ങൾ രണ്ടുപേരും അവിടെ ജീവിച്ചു. അവളെ അവളുടെ അമ്മാവൻെറ മകൻ വിവാഹംകഴിച്ചുവെന്നും വിവാഹദിവസം രാത്രിയിൽ അയാൾ പെട്ടെന്ന് ഏന്തോ സുഖക്കേടു ബാധിച്ചു മരണമടഞ്ഞുവെന്നും അതിനാൽ അവളെ ജനങ്ങൾ മുറപ്രകാരം അവളുടെ ഭർത്താവിൻെറ ശവപ്പെട്ടിയുടെക്കൂടെ അവിടെ കൊണ്ടുവന്നതാണെന്നുമുള്ള കഥ അവളെന്നോടു പറഞ്ഞു. ഞാൻ അവൾക്ക് ഇസ്‌ലാംമതം ഉപദേശിച്ചുകൊടുക്കുകയും അവൾ ആ പരിശുദ്ധമതം സ്വീകരിക്കുകയും ചെയ്തു. അതിനുശേഷം ഞാൻ അവളെ വിവാഹംകഴിക്കുകയും ഞങ്ങൾ ഭാര്യാഭർത്താക്കന്മാരായി അവിടെ കഴിയുകയുംചെയ്തു. കുറെ ദിവസങ്ങൾക്കുശേഷം എൻെറ ഭാര്യ ഗർഭവതിയായി. യഥാകാലം അവൾ ഒരാൺകുട്ടിയെ പ്രസവിച്ചു. പിന്നെയും മൂന്നു നീണ്ടവർഷങ്ങൾ കടന്നുപോയി. പുത്രൻ ജനിച്ചു കുറെ ദിവസങ്ങൾ കഴിഞ്ഞു് ഞാൻ ഭാര്യയോടു് ഇങ്ങനെ പറഞ്ഞു:—"നാം എത്രകാലം ഇങ്ങനെ ഇവിടെ താമസിക്കും! ഇവിടെനിന്നു നാം എങ്ങനെയാണു പുറത്തുകടന്നു രക്ഷപ്പെടുന്നതു്!" അതുകേട്ടു് അവൾ മറുപടിപറഞ്ഞു:—"അല്ലാഹു നമ്മെ ഇതിനപ്പുറത്താക്കുകയാണെങ്കിൽ നമുക്കു രക്ഷയുണ്ടാകും. അല്ലെങ്കിൽ നാം ഇവിടെ കഴിഞ്ഞുകൂടി ഇവിടെത്തന്നെ കിടന്നു മരിക്കയേ തരമുള്ളൂ." ഭാര്യയുടെ ദയനീയമായ ആ വാക്കുകൾ കേട്ടു് എനിക്കു സഹിക്കാൻവയ്യാത്ത സങ്കടം തോന്നുകയും ഞാൻ വളരെനേരം വിലപിക്കുകയുംചെയ്തു. അങ്ങനെ കരഞ്ഞുകരഞ്ഞു് ഞാൻ ഉറങ്ങിപ്പോയി. ഉറക്കത്തിൽ ഞാൻ ഒരസാധാരണ സ്വപ്നംകണ്ടു. ഒരാൾ എൻെറ മുമ്പിൽ നിന്നുകൊണ്ടു്, "നിങ്ങൾക്കു് ഇവിടെനിന്നു രക്ഷപെടണമെങ്കിൽ ഈ ഓടയിൽക്കൂടെ വെളിയിൽ പോകാം." ഉറക്കത്തിൽനിന്നുണൎന്നു ഉടനെ ഞാൻ എൻെറ ഭാര്യയെ വിളിച്ചു് പഴയ ശവപ്പെട്ടികളിലുള്ള ആണികളും മൊട്ടാണികളും ശേഖരിച്ചുകൊണ്ടുവരാൻ പറഞ്ഞു. ആ ആണി

കളെല്ലാം ഉപയോഗിച്ച് ഓടയുടെ പ്രവേശനദ്വാരം ഞാൻ വലുതാക്കി ഒരാൾക്ക കടക്കത്തക്ക വിധത്തിലാക്കി. അനന്തരം അതുവഴി ഞാനും ഭാൎയ്യയും മകനും ഓരോരുത്തരായി വെളിയിൽകടന്നു രക്ഷപെട്ടു. ഞാൻ ഞങ്ങളെ ആ നരകത്തിൽനിന്നു രക്ഷിച്ച അല്ലാഹുവിനെ സ്തുതിച്ചു. ഞങ്ങൾ പ്രധാനറോഡുകളെല്ലാം ഉപേക്ഷിച്ചു കാട്ടിലും മലയിലുംകൂടെ ഒരുമാസത്തെ യാത്രയ്ക്കുശേഷമാണ് ഇവിടെയെത്തിയതു്. കാട്ടിലെ കിഴങ്ങുകളും പഴങ്ങളും മാത്രമാണ് ഞങ്ങൾക്ക കഴിഞ്ഞ ഒരുമാസമായി ഭക്ഷണത്തിനു കിട്ടിയിരുന്നതു്. ഞങ്ങൾ വളരെക്കാലം താമസിച്ചിരുന്ന ആ ശ്മശാനത്തുനിന്നു ശേഖരിച്ച രത്നങ്ങളാണ് ഞങ്ങളുടെ തുണികളിൽ കെട്ടികൊണ്ടുവന്നിരിക്കുന്നതു്. ഇതാണ് എൻെറ കഥ." ആ യുവാവിൻെറ അത്ഭുതവൃത്താന്തംകേട്ട് എനിക്ക് അയാളോടു വളരെ കരുണ തോന്നി. അയാളെ ഞാൻ കുളിപ്പിക്കാനും നല്ല വസ്ത്രങ്ങൾ അണിയിക്കാനും ഏൎപ്പാടു ചെയ്തു. അങ്ങനെ അയാളേയും കുടുംബത്തേയും എൻെറ വസതിയിൽത്തന്നെ താമസിപ്പിച്ചു. ആ യുവാവിനെ ഞാൻ എൻെറ പ്രധാന കീഴ്‌ദ്യോഗസ്ഥനായി നിയമിക്കുകയും ചെയ്തു.

ഞാൻ വിവാഹംചെയ്ത രാജകുമാരിയിൽ എനിക്ക് അനേകം സന്താനങ്ങൾ ജനിച്ചുവെങ്കിലും ആ സന്താനങ്ങളെല്ലാം ശൈശവത്തിൽതന്നെ മരിക്കുക പതിവായിരുന്നു. ഒരു പുത്രൻ അഞ്ചുവയസ്സുവരെ ജീവിച്ചിരുന്നു. അതിനു ശേഷം ആ പുത്രനും മരിച്ചു. അവസാനത്തെ പുത്രനും മരിച്ചപ്പോൾ എൻെറ ഭാൎയ്യയ്ക്കു സങ്കടം സഹിക്കാൻവഹിയാതെ ആയിത്തീൎന്നു. അതിനെത്തുടൎന്ന് ആ പ്രിയപത്നിയും മരിച്ചു. ഭാൎയ്യയുടെ മരണംകൂടെ കഴിഞ്ഞപ്പോൾ ആ സ്ഥലത്തെ താമസം എനിക്ക് തീരെ ഹിതമായി തോന്നിയില്ല. അതിനാൽ ഞാൻ രാജാവിൻെറ അനുമതിയും വാങ്ങി എൻെറ രത്നങ്ങൾ പണം മുതലായവയും പട്ടിയും

ഈ കൂട്ടിലടയ്ക്കപ്പെട്ട സഹോദരന്മാരുമായി സ്വദേശമായ നിഷാപ്പൂരിലേക്കു തിരിച്ചു. എൻെറ കീഴ്ജോലിക്കാരനായിരുന്ന യുവാവിനെ രാജാവിൻെറ അനുമതിയോടുകൂടി ഞാൻ എൻെറ സ്ഥാനത്തു് ആ തുറമുഖത്തിൻെറ ഗവർണ്ണറാക്കി. അങ്ങനെ ഞാൻ നിഷാപ്പൂരിലെത്തി. എല്ലാവരും എന്നെ പട്ടിയുടെ ആരാധകനെന്നു വിളിച്ചു് ആക്ഷേപിക്കുക പതിവാണു്. എൻെറ ഈ അസാധാരണപെരുമാററം ഹേതുവാൽ ഞാൻ നിഷാപ്പൂരിലെ രാജാവിനു് അമിതവരിയും കൊടുത്തുകൊണ്ടിരിക്കുന്നു. അങ്ങനെയിരിക്കുമ്പോളാണു് ഈ യുവാവു് അവിടെ വന്നതും, അയാൾനിമിത്തം ഞാൻ ഇവിടെ വരാനും തിരുമനസ്സിലെ മുഖം കാണാനും ഇടയായതും. അതുകേട്ടു് രാജാവു് ഇങ്ങനെ ചോദിച്ചു:—“അപ്പോൾ ഈ യുവാവു് നിങ്ങളുടെ പുത്രനല്ലേ?” അല്ല—എന്നും അയാൾ രാജാവിൻെറ ഒരു പ്രജയാണെന്നും എന്നാൽ അയാളെ താൻ പുത്രനായും അനന്തരാവകാശിയായും കരുതിയിരിക്കുകയാണെന്നും വ്യാപാരി പറഞ്ഞു. അതുകേട്ടു ഞാൻ ആ യുവാവിനെനോക്കി, “നിങ്ങൾ ഏതു വ്യാപാരിയുടെ പുത്രനാണു്, നിങ്ങളുടെ മാതാപിതാക്കന്മാർ എവിടെത്താമസിക്കുന്നു?” എന്നു ചോദിച്ചു. ആ യുവാവു് എന്നെ താണുവണങ്ങിയതിനുശേഷം എന്നോടു മാപ്പിരന്നുകൊണ്ടു് ഇങ്ങനെ തുടന്നു:—“ഈ എളിയ സാധു അങ്ങയുടെ മന്ത്രിയുടെ പുത്രിയാണു്. എൻെറ പിതാവു് അങ്ങയുടെ കോപത്തിനു പാത്രമാകയും തടവിലടയ്ക്കപ്പെടുകയും ചെയ്തതു് ഈ വ്യാപാരിയുടെ പട്ടിയുടേയും രത്നങ്ങളുടേയും കാരണത്താലായിരുന്നു. ഞാൻ പുരുഷവേഷംധരിച്ചു് നിഷാപ്പൂരിൽചെന്നു് എൻെറ നയചാതുരിയാൽ ആ വ്യാപാരിയേയും പട്ടിയേയും രത്നങ്ങളേയും എല്ലാം ഇവിടെ കൊണ്ടുവന്നിരിക്കുന്നു. ഇപ്പോൾ അങ്ങേയ്ക്കു് എൻെറ പിതാവിൻെറ

വാക്കുകൾ സത്യമാണെന്നു ബോദ്ധ്യമായല്ലോ. ഇനിയും ഒട്ടും താമസിയ്ക്കാതെ എന്റെ പിതാവിനെ ദയവായി സ്വതന്ത്രനാക്കണം." മന്ത്രികുമാരിയുടെ ഈ വാക്കുകൾ കേട്ട് ആ വ്യാപാരി മൂർച്ഛിച്ചുവീണു. അയാൾക്കു ബോധം ഉദിച്ചപ്പോൾ അയാൾ വിലപിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു:—"എന്റെ വാർദ്ധക്യകാലത്തു് എനിക്കാശ്രയമായും എന്റെ കാലശേഷം എന്റെ നാമധേയം നിരുത്തുന്നവനായും കരുതി ഒരു യുവാവിനെ ഞാൻ സ്നേഹിച്ചു. ഒടുവിൽ ആ യുവാവു് ഒരുനിമിഷത്തിൽ ഒരു യുവതിയായി മാറിയിരിക്കുന്നു. എന്റെ സകല ആശകളും അടിയോടെ തകർന്നുകഴിഞ്ഞു. ഞാൻ സ്ത്രീയുടെ മായാവലയിൽപെട്ടു വഞ്ചിതനായി." ഞാൻ ആ വ്യാപാരിയുടെ കണ്ണുനീർകണ്ടു് ഹൃദയം അലിഞ്ഞു് അയാളെ അടുത്തുവിളിച്ചു സമാധാനിപ്പിച്ചുകൊണ്ടു് ആ യുവതിയെ അയാൾക്കുതന്നെ കിട്ടുമെന്നു പറയുകയും അയാളുടെ ചെവിയിൽ ഇങ്ങനെ മന്ത്രിക്കുകയുംചെയ്തു: "ദുഃഖിക്കേണ്ട, ഞാൻ ആ യുവതിയെ നിങ്ങൾക്കു വിവാഹംകഴിപ്പിച്ചുതരാം. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നിങ്ങൾക്കു് അവളിൽ സന്താനങ്ങൾ ജനിക്കുകയും ആ സന്താനങ്ങൾ നിങ്ങളുടെ അനന്തരാവകാശികളായിത്തീരുകയും ചെയ്യും." അതുകേട്ടു് ആ വ്യാപാരിക്കു് അല്പം സമാധാനമുണ്ടായി. അനന്തരം ഞാൻ എന്റെ മന്ത്രിയെ കാരാഗൃഹത്തിൽനിന്നു വരുത്തി, അദ്ദേഹത്തെ കുളിപ്പിക്കാനുംമററും ഏർപ്പാടുചെയ്തിട്ടു്, ദേഹശുദ്ധിവരുത്തി മടങ്ങിവന്നപ്പോൾ അദ്ദേഹത്തിന്റെ സ്ഥാനവസ്ത്രങ്ങൾ മടക്കിക്കൊടുത്തു് വീണ്ടും മന്ത്രിസ്ഥാനത്തു നിയമിച്ചു. ഞാൻ മന്ത്രിയോടു വളരെ ബഹുമാനപൂർവ്വം പെരുമാറുകയും അദ്ദേഹത്തിനു മന്ത്രിസ്ഥാനത്തിന്റെ ചിഹ്നമായ എഴുത്തുകോൽ നൽകുകയും ചെയ്തു. ആ വ്യാപാരിക്കു ഞാൻ വളരെയധികം സ്വത്തുക്കൾ കരമൊഴിവായി കൊടുക്കുകയും മന്ത്രികുമാരിയെ

അയാൾക്കു വിവാഹംചെയ്യിച്ചു കൊടുക്കുകയും ചെയ്തു. ഏതാനും വർഷങ്ങൾക്കകം ആ വ്യാപാരിയ്ക്കു് മന്ത്രികുമാരിയിൽ രണ്ടു പുത്രന്മാരും ഒരു പുത്രിയും ജനിച്ചു. അവരിൽ മൂത്തപുത്രൻ എന്റെ രാജധാനിയിലെ 'മലിക്കുത്തുജ്ജാർ' (വ്യാപാരിത്തലവൻ) ആണു്. രണ്ടാമത്തെ പുത്രൻ എന്റെ കൊട്ടാരത്തിലെ പ്രധാന വിചാരിപ്പുകാരനാണു്.

ഞാൻ ആ ഫക്കീറന്മാരെ സംബോധനചെയ്തുകൊണ്ടു് ഇങ്ങനെ തുടൎന്നുപറഞ്ഞു:—"ഫക്കീറന്മാരേ! ഞാൻ എന്റെ കഥ പറഞ്ഞു. ഇന്നലെ രാത്രിയിൽ നിങ്ങളിൽ രണ്ടുപേരുടെ കഥകൾ ഞാൻ കേട്ടു. നാം ഇന്നലത്തെ സ്ഥലത്തുതന്നെ ഇരിക്കുന്നുവെന്നുള്ള ഭാവത്തിൽ ശേഷിച്ച രണ്ടു ഫക്കീറന്മാരുടെ കഥകളേയും ദയവായി ഭയാശങ്കകൾ കൂടാതെ വിവരിച്ചു കേൾപ്പിച്ചാലും." അതുകേട്ടു് ഫക്കീറന്മാർ ശാന്തരായി ഇങ്ങനെ മറുപടിപറഞ്ഞു:—"പ്രഭോ! അങ്ങു് ഭക്തസഞ്ചാരികളോടു പ്രിയമുള്ള മഹാനാണെന്നു ഞങ്ങൾ കാണുന്നു. അതിനാൽ ഞങ്ങൾ, ഞങ്ങളിൽ ശേഷിച്ച രണ്ടുപേരുടെ കഥകൂടെ പറഞ്ഞുകേൾപ്പിക്കാം. കേട്ടാലും."

---

# അദ്ധ്യായം 13

## മൂന്നാമത്തെ ഫക്കീറിന്റെ കഥ

അസാദ്ബക്ത്രാജാവു് തന്റെ കഥ പറഞ്ഞവസാനിപ്പിച്ചപ്പോൾ മൂന്നാമത്തെ ദർവേശ് നിവൎന്നിരുന്നുകൊണ്ടു് അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളെ താഴെ വരുംപ്രകാരം വിവരിക്കാൻ തുടങ്ങി:—ഈ എളിയവൻ പേർഷ്യാരാജ്യത്തിലെ . യുവരാജാവാണു്. എന്റെ പിതാവു് പേർഷ്യയിലെ രാജാവായിരുന്നു. ഞാൻ അദ്ദേഹ

ത്തിൻെറ ഏകസന്താനമായിരുന്നു. ബാല്യത്തിലേ ഞാൻ വേദശാസ്ത്രങ്ങളും കായികാഭ്യാസവും രാജ്യഭരണതന്ത്രവും എല്ലാം അഭ്യസിച്ചു പൂത്തിയാക്കി. കുതിരസവാരിയിലും വേട്ടയിലും എനിക്കു വളരെ താല്പയ്യമുണ്ടായിരുന്നു. ഒരുദിവസം ഞാൻ ഒരു ചെറുസംഘം സ്നേഹിതന്മാരുമായി വേട്ടപ്പട്ടികളേയുംകൊണ്ടു് കുതിരപ്പുറത്തു കയറി നായാട്ടിനു പുറപ്പെട്ടു. കുതിരകളെ അതിവേഗത്തിൽ ഓടിച്ചും വന്യമൃഗങ്ങളെ പിന്തുടൎന്നും ഞങ്ങൾ വനത്തിൽ വളരെദൂരം മുന്നോട്ടുപോയി. ഒടുവിൽ ഞങ്ങൾ നയനമോഹനമായ ഒരു പ്രദേശത്തു ചെന്നുചേൎന്നു. പച്ചച്ചെടികൾ നിബിഡമായി പടൎന്നുകിടന്ന വിസ്തൃതമായ ആ മൈതാനത്തിൽ എവിടെ നോക്കിയാലും പലനിറത്തിലുള്ള പുഷ്പങ്ങൾ കാണാമായിരുന്നു. ആ സ്ഥലത്തിൻെറ പ്രകൃതിരമണീയമായ കാഴ്ച കണ്ടാനന്ദിക്കാനായി ഞങ്ങൾ കുതിരപ്പുറത്തുനിന്നിറങ്ങി അവിടെയെല്ലാം ചുററിനടന്നു. അങ്ങനെ നടക്കുമ്പോൾ അവിടെ കറുത്ത ഒരു മാൻ ഞങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അതിൻെറ കഴുത്തിൽ സ്വൎണ്ണനിൎമ്മിതമായ മണികൾ കോൎത്തിട്ടുള്ള ഒരു സ്വൎണ്ണത്തുടലുണ്ടായിരുന്നു. ആ തുടലിൽ വിശിഷ്ടരത്നങ്ങളും പതിച്ചിരുന്നു. ഞാൻ ആ മാനിനെ ഓടിച്ചുകൊണ്ടു കുറേദൂരം പോയി. അതിനെ പിടിക്കാൻ സാധിക്കാത്തവണ്ണമുള്ള അകലത്തിൽ അതു് എൻെറ മുമ്പിൽ ഓടിക്കൊണ്ടിരുന്നു. കുറേദൂരം ചെന്നപ്പോൾ ഞാൻ വായുവേഗത്തിൽ ഓടുന്ന എൻെറ കുതിരപ്പുറത്തു കയറീട്ടു് എൻെറ കൂട്ടുകാരോടു് അവിടെ നിൽക്കാൻ ആജ്ഞാപിക്കുകയും അതിവേഗത്തിൽ കുതിരയെ ഓടിച്ചു് മാനിൻെറപുറകേ പോകുകയും ചെയ്തു. ഞാൻ അങ്ങനെ അനേകകാതം ആ മൃഗത്തിൻെറ പുറകേ കുതിരയെ ഓടിച്ചുപോയെങ്കിലും എൻെറ അത്ഭുതവേഗമുള്ള കുതിരയേയും അതിശയിക്കുന്ന വേഗത്തിൽ ഓടിക്കൊണ്ടിരുന്ന മാനിനെ പിടിക്കാൻ

എനിക്കു സാധിച്ചില്ല. ഒടുവിൽ എൻെറ ക്ഷമയെല്ലാം തീൎന്നപ്പോൾ ഞാൻ എൻെറ ആവനാഴിയിൽനിന്ന് ഒരമ്പു വലിച്ചെടുത്തു വില്ലിൽതൊടുത്തി ആ മൃഗത്തിനെ എയ്തു. അമ്പ് അതിൻെറ തുടയിൽകൊണ്ടു തുളച്ചുകയറി. മാൻ വീണ്ടും ഓടി. അതു് അററത്തു് എവിടെയെങ്കിലും വീണിരിക്കുമെന്നു കരുതി ഞാൻ കുതിരപ്പുറത്തുനിന്നിറങ്ങി അവിടെയെല്ലാം നോക്കി. മാനിൻെറ കാൽചുവട്ടുനോക്കി ഞാൻ മലയുടെ അടിവാരംവരെപ്പോയി. അല്പം മുമ്പോട്ടു പോയപ്പോൾ അവിടെ മനോഹരമായ ഒരു ചെറിയ കെട്ടിടം കണ്ടു. അതിനകത്തു് കുളൎമയേറിയ ഒരു നീരുറവയുണ്ടായിരുന്നു. ഞാൻ ആ ശുദ്ധജലത്തിൽ കൈകാലുകൾ കഴുകീട്ട് അവിടെ അല്പനേരം വിശ്രമിച്ചു. അപ്പോൾ ആ മന്ദിരത്തിനകത്തുനിന്ന് ആരോ സങ്കടപ്പെട്ടു കരയുന്ന ശബ്ദം കേട്ടു. ഞാൻ ശ്രദ്ധിച്ചപ്പോൾ ഒരാൾ അതിനകത്തു് ഇങ്ങനെ പറയുന്നതു കേട്ടു:—"കുഞ്ഞേ, നിൻെറ ശരീരത്തിൽ ഈ അമ്പുതറയ്ക്കാൻ ഇടയാക്കിയവൻെറ ഹൃദയത്തിൽ ദുഃഖശരം പതിക്കട്ടെ; അവൻ യൌവ്വനത്തിൽതന്നെ നശിക്കുകയും എന്നെപ്പോലെ അവനേയും ദൈവം ഒടുങ്ങാത്ത ദുഃഖത്തിൽ ആക്കുകയും ചെയ്യട്ടെ." അതുകേട്ടു ഞാൻ അകത്തു പ്രവേശിച്ചു നോക്കി. അപ്പോൾ ഭംഗിയായി വസ്ത്രധാരണം ചെയ്തും താടിമീശ വളൎത്തിയുമിരുന്ന ഒരു വന്ദ്യവയോധികൻ ആ മന്ദിരത്തിനകത്തു് ഒരു വിരിപ്പുവിരിച്ച് അതിൽ ഇരിക്കുന്നതു കണ്ടു. ഞാനാണ് ആ മാനിനു മുറിവേല്പിച്ചതെന്നും അറിയാതെ ചെയ്തുപോയതാണെന്നും ശാപമോചനം നൽകണമെന്നും ഞാൻ വിനയപൂൎവ്വം അപേക്ഷിച്ചു. അറിയാതെ ചെയ്തിട്ടുള്ളതാണെങ്കിൽ ദൈവം പൊറുക്കുമെന്നു പറഞ്ഞു് വൃദ്ധൻ എന്നെ സാന്ത്വനപ്പെടുത്തുകയും എനിക്കു ഭക്ഷണംതരികയും ചെയ്തു. ഭക്ഷണംകഴിഞ്ഞ ഉടനെ ക്ഷീണാധിക്യത്താൽ ഞാൻ ഉറങ്ങിപ്പോയി. ഉറക്കത്തിൽ ഒരു ദീനരോദനം എൻെറ ചെവി

യിൽ മുഴങ്ങിക്കേട്ടു. ഞാൻ പെട്ടെന്നുണൎന്നു നോക്കിയപ്പോൾ അവിടെ ആരെയും കണ്ടില്ല. അകത്തൊരു മുറിയിൽനിന്നായിരുന്നു ആ കരച്ചിൽ പുറപ്പെട്ടിരുന്നതു്. ഞാൻ ആ മുറിയിൽ കയറി നോക്കി. ആ വൃദ്ധൻ അതിസുന്ദരിയായ ഒരു യുവതിയുടെ പാദങ്ങളിൽ ശിരസ്സൎപ്പിച്ചുകൊണ്ടു കണ്ണീർ വാൎക്കുന്നതും സങ്കടനിവേദനം ചെയ്യുന്നതും കണ്ടു. ആ യുവതി അനങ്ങാതെ നിന്നനിലയിൽതന്നെ നില്ക്കുന്നു. ആ യുവതിയുടെ അലൌകികമായ സൌന്ദൎയ്യവും വൃദ്ധൻെറ ഉള്ളുരുകിയുള്ള പ്രാൎത്ഥനയും വിലാപവും എല്ലാംകൂടി എന്നെ വല്ലാതെ അമ്പരപ്പിച്ചു. ഞാൻ ബോധംകെട്ടു താഴെ വീണു. വൃദ്ധൻ ഒരുകുപ്പി പനിനീർ കൊണ്ടുവന്നു് എൻെറ മുഖത്തു തളിച്ചപ്പോൾ എനിക്കു ബോധം തെളിഞ്ഞു. ഞാൻ ആ യുവതിയുടെ മുമ്പിൽ ചെന്നുനിന്നുകൊണ്ടു് അവൾക്കു് എൻെറ സലാംപറഞ്ഞു. അവൾ യാതൊന്നും മറുപടിപറഞ്ഞില്ല. അതുകൊണ്ടു ഞാൻ ഇങ്ങനെ പറഞ്ഞു:—"മനോഹാരിണിയായ ദേവാംഗനെ, ഏതു മതമാണു് ഒരാളിനു് മറെറാരാളിൻെറ സലാമിനു മറുപടി പറയാതെയിരിക്കത്തക്ക ഗൎവ്വ് അനുവദിച്ചിരിക്കുന്നതു്?" അതിനും പ്രത്യുത്തരമൊന്നുമുണ്ടായില്ല. അനന്തരം ഞാൻ അവളുടെ അടുത്തുചെന്നു കുനിഞ്ഞു് അവളുടെ പാദങ്ങളിൽ പിടിച്ചു. അപ്പോൾ ആ പാദങ്ങൾ ഉറഞ്ഞുകട്ടുത്തിരിക്കുന്നതായി മനസ്സിലായി. അതു് വെറുമൊരു ശിലാപ്രതിമയാണെന്നു് അപ്പോഴാണു് ഞാനറിഞ്ഞതു്. ഞാൻ തിരിഞ്ഞു് ആ വൃദ്ധനോടു്, അദ്ദേഹം ആ ശിലാപ്രതിമയോടു് എന്തു സങ്കടനിവേദനമാണു നടത്തുന്നതെന്നും അയാൾ പട്ടണം വിട്ടു് ആ മലയിൽ ഇങ്ങനെ ഏകാകിയായി താമസിക്കാനുള്ള കാരണമെന്താണെന്നും അന്വേഷിച്ചു. അയാൾ തൻെറ കഥയെ വെളിപ്പെടുത്താൻ വിസമ്മതിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു: "നിങ്ങൾ കേൾക്കാനാഗ്രഹിക്കുന്ന വസ്തുത എൻെറ ജീവിതം നശിപ്പി

ച്ചു; അതു കേട്ടാൽ നിങ്ങൾക്കും എന്റെ അനുഭവംതന്നെ വന്നുഭവിക്കും.” എന്റെ അപേക്ഷകൊണ്ടൊന്നും അയാൾ ഒട്ടും കൂട്ടാക്കുന്നില്ലെന്നുകണ്ടു് ഞാൻ വാൾ ഊരിക്കൊണ്ടു് അയാളുടെ നേർക്കു ചെല്ലുകയും അയാൾ അയാളുടെ കഥ പറഞ്ഞുകേൾപ്പിച്ചില്ലെങ്കിൽ തൽക്ഷണം അയാളെ എന്റെ വാളിന്നിരയാക്കുമെന്നു ഭയപ്പെടുത്തുകയുംചെയ്തു. ജീവനിൽ കൊതിയുണ്ടായിരുന്ന വൃദ്ധൻ തന്റെ കഥ പറയാൻ അങ്ങനെ നിർബ്ബന്ധിതനായി. അയാൾ ഇങ്ങനെ തുടന്നു:—“യുവസ്നേഹിതാ! ദൈവം മനുഷ്യരെ പ്രേമാഗ്നിയിൽപെടാൻ ഇടയാക്കാതെ കാക്കട്ടെ! പ്രേമം എന്തെല്ലാം വിപത്തുകളാണു വരുത്തിവെയ്ക്കുന്നതു്! പ്രേമംനിമിത്തം സ്ത്രീ അവളുടെ പ്രാണനാഥന്റെ ശവത്തിനോടു ചേൎന്നു ജീവനോടെ ചിതാഗ്നിയിൽ ചാടി 1 വെന്തുമരിക്കുന്നു. ‘ഫർഹാ’ദിന്റേയും ‘മജ്നൂ’2നിന്റേയും കഥ എല്ലാവൎക്കും അറിവുള്ളതാണു്; എന്റെ കഥ കേൾക്കുന്നതുകൊണ്ടു് നിങ്ങൾക്കു് എന്തു പ്രയോജനമാണുണ്ടാകാൻപോകുന്നതു്? നിങ്ങൾ നിങ്ങളുടെ വീടും ധനവും നാടും എല്ലാം ഉപേക്ഷിച്ചു് എന്നെപ്പോലെ അലഞ്ഞുനടക്കാനിടയാകും. ഏതായാലും നിങ്ങൾക്കു് അത്രയധികം നിർബ്ബന്ധമുണ്ടെന്നു കാണുന്നതിനാൽ ഞാൻ എന്റെ കഥ പറയാം. ഈ സാധുവിന്റെ പേരു് ‘നിഅ്മാൻ സയ്യാഹ്’ എന്നാണു്. ഞാൻ ഒരു ധനാഢ്യനായ വ്യാപാരി ആയിരുന്നു. ഈ പ്രായത്തിനകം ഞാൻ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും സഞ്ചരിച്ചിട്ടുണ്ടു്. എന്നാൽ യൂറോപ്യൻദ്വീപുമാത്രം

---

1 ഹിന്ദുക്കളുടെയിടയിൽ ഭാൎയ്യ ഭൎത്താവിന്റെ ചിതയിൽ ചാടി മരിക്കുന്ന ‘സതി’ എന്ന ആചാരത്തെയാണു് ഇവിടെ സൂചിപ്പിച്ചിരിക്കുന്നതു്.

2 പൌരസ്ത്യപ്രേമകാവ്യങ്ങളിൽ പ്രേമത്തിനുവേണ്ടി സർവ്വവും ത്യജിച്ചു ബുദ്ധിഭ്രമംപിടിച്ചു് അലഞ്ഞുനടന്നതായി പ്രകീൎത്തിച്ചിട്ടുള്ള രണ്ടു കഥാനായകന്മാരാണിവർ.

എനിക്കു സന്ദർശിക്കാനിടകിട്ടിയില്ല. അതിനാൽ ആ ദ്വീപുകൂടെ ഒന്നു കാണണമെന്നെനിക്കാഗ്രഹം ജനിച്ചു. അതനുസരിച്ച് ഒരു കച്ചവടസംഘത്തെ ഇണക്കി നിരവധി വ്യാപാരസാധനങ്ങളും ശേഖരിച്ച് ഞാൻ ആ സംഘത്തിൻെറ തലവനായി യൂറോപ്യൻദ്വീപിലേക്കു കപ്പൽ കയറി. ഏതാനും മാസങ്ങൾകൊണ്ടു് അനുകൂലമായ കാററുണ്ടായിരുന്നതിനാൽ ഞങ്ങൾക്കു് ആ ദ്വീപിൽ സുഖമായി ചെന്നെത്താൻ സാധിച്ചു. ഞങ്ങൾ അവിടത്തെ മഹാനഗരത്തിൽ ഇറങ്ങി പാളയമടിച്ചു. ഇത്ര മനോഹരമായ നഗരം ഞാൻ മറെറങ്ങും കണ്ടിട്ടില്ല. അതിൻെറ തെരുവീഥികളെല്ലാം മനോഹരമായ വൈദ്യുതദീപങ്ങളാൽ പ്രകാശമാനമാക്കപ്പെട്ടിരുന്നു. പാതകളെല്ലാം പൊടിയും അഴുക്കും പററാതെ എപ്പോഴും കഴുകി വൃത്തിയാക്കിയിരുന്നു. ഒരുദിവസം അശ്വാരൂഢനായ ഒരാൾ ഞങ്ങളുടെ പാളയം സന്ദർശിക്കുകയും വ്യാപാരിസംഘത്തിൻെറ തലവനെ അന്വേഷിച്ച് എൻെറ കൂടാരത്തിൽ പ്രവേശിക്കുകയുംചെയ്തു. ഞാൻ അയാളെ യഥാവിധി സ്വീകരിച്ചു വളരെ മര്യാദപൂർവ്വം ഉപചരിക്കുകയും ഒടുവിൽ അയാൾ പോയപ്പോൾ പല വിലയേറിയ സമ്മാനങ്ങളും അയാൾക്കു കൊടുത്തയയ്ക്കുകയുംചെയ്തു. അയാൾ ആ രാജ്യത്തിലെ രാജകുമാരിയുടെ വിശ്വസ്തഭൃത്യനായിരുന്നു. അടുത്തദിവസം അയാൾ ഞങ്ങളുടെ താവളസ്ഥലത്തു വന്നു് ഞങ്ങളുടെ കച്ചവടസാധനങ്ങളുംകൊണ്ടു് ഞാൻ കൊട്ടാരത്തിൽ ചെല്ലണമെന്നു് രാജകുമാരി ഉത്തരവായിരിക്കുന്നുവെന്നു് എന്നെ അറിയിച്ചു. അതനുസരിച്ച് അടുത്തദിവസം ഞാൻ കൊട്ടാരത്തിൽ പോയി. രാജകുമാരിയുടെ മുമ്പിൽ ഞാൻ കൊണ്ടുപോയ സാധനങ്ങളെല്ലാം നിരത്തിവെച്ചിട്ടു് ഒതുങ്ങിനിന്നു. കുമാരി അവയെല്ലാം പരിശോധിച്ചിട്ടു് ചിലതെല്ലാം എടുത്തു. അതിൻെറ വില കുറിച്ചു് ആകെത്തുക അറിയിക്കണമെന്നും പണം വാങ്ങാൻ അടുത്തദിവസം വീണ്ടും ഞാനവിടെച്ചെല്ലണമെ

ന്നും കുമാരി എന്നെ അറിയിച്ചു. ആ യുവതിയുടെ അസാധാരണസൌന്ദയ്യവും വിനയമധുരമായ പെരുമാററവും എന്നെ വല്ലാതെ ആകഷിച്ച് എൻെറ തലയ്ക്കു മത്തു പിടിപ്പിച്ചുവെന്നുതന്നെ പറയണം. ഏതായാലും ആ സൌന്ദയ്യധാമത്തെ ഒരിക്കൽക്കൂടെ കാണാനുള്ള അവസരം ലഭിക്കാനിടയായതിൽ ഞാൻ ദൈവത്തെ സ്തുതിച്ചുകൊണ്ടു് പാളയത്തിലേക്കു മടങ്ങി. എനിക്കു് അന്നു് എന്തെന്നില്ലാത്ത ഒരു മതിമറപ്പും അസ്വസ്ഥതയും ഉണ്ടായിരുന്നു. അന്നുരാത്രി ഞാൻ ഒട്ടും ഉറങ്ങിയില്ല. പിറേറദിവസം ഞാൻ കൊട്ടാരത്തിലേക്കു വീണ്ടും പുറപ്പെട്ടു. രാജകുമാരി എന്നെ മയ്യാദപൂവ്വം സ്വീകരിക്കുകയും എൻെറ സാധനങ്ങളുടെ വിലയും അതിനുപുറമേ അവളുടെ പ്രത്യേക പാരിതോഷികങ്ങളും സ്വീകരിക്കണമെന്നു് ആവശ്യപ്പെടുകയുംചെയ്തു. അവളുടെ കാരുണ്യംമാത്രം മതിയെന്നും വിലയൊന്നും ഞാൻ വാങ്ങുകയില്ലെന്നും ശഠിച്ചു. അപ്പോൾ രാജകുമാരി എന്നോടിങ്ങനെ ചോദിച്ചു:—“നിങ്ങൾ എനിക്കു് ഒരു ഉപകാരം ചെയ്യാമോ?” അവളുടെ ഏതാജ്ഞയും ശിരസ്സാവഹിക്കാൻ തയ്യാറാണെന്നു ഞാൻ വിനയപൂവ്വം അറിയിച്ചു. ഉത്തരക്ഷണത്തിൽ അവൾ ഒരു കടലാസ്സിൽ എന്തോ എഴുതി, മുത്തുകൊണ്ടു നിമ്മിക്കപ്പെട്ട ഒരു സഞ്ചിയിലാക്കി ആ സഞ്ചിയെ ഒരു പട്ടുതുണിയിൽ പൊതിഞ്ഞു് എൻെറ കൈയ്യിൽ തരികയും ഞാൻ നിർഭയം യാത്രചെയ്യുന്നതിനു സഹായകമായി അവൾ അണിഞ്ഞിരുന്ന അടയാളമോതിരം എന്നെ ഏല്പിക്കുകയുംചെയ്തിട്ടു് ഇങ്ങനെ പറഞ്ഞു:—“ഈ നഗരത്തിൻെറ അങ്ങേഅററത്തു് മനോഹരമായ ഒരു ഉദ്യാനമുണ്ടു്. അതിൻെറ പേരു് ‘മനോമോഹനം’ എന്നാണു്. ആ ഉദ്യാനത്തിലേക്കു നിങ്ങൾ പോകണം. അതിൻെറ മേൽനോട്ടക്കാരൻ ‘ഖുസ്റു’ എന്നൊരാളാണു്. അദ്ദേഹത്തിൻെറ പക്കൽ ഈ മോതിരം കൊടുക്കുകയും എൻെറ ലിഖിതത്തിനു മറുപടി

തന്നെയയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്യണം. നിങ്ങൾ വളരെവേഗം മടങ്ങിയെത്തുകയും വേണം. തിരിച്ചുവരുമ്പോൾ നിങ്ങളുടെ ഹൃദയത്തെ ആനന്ദിപ്പിക്കുന്ന പ്രതിഫലം ലഭിക്കുന്നതാണ്." ഞാൻ ഉടൻതന്നെ ആ ഉദ്യാനത്തിലേക്കു പുറപ്പെട്ടു. അതിൻെറ പ്രവേശനദ്വാരത്തിനു സമീപം സിംഹത്തെപ്പോലെ ഗംഭീരനായ ഒരു യുവാവിരിക്കുന്നതു കണ്ടു. ആയുധധാരിയായ ഒരു ഭടൻ എന്നെ അയാളുടെ മുമ്പിൽ പിടിച്ചുകൊണ്ടുപോയി. ഞാൻ ആ യുവാവിൻെറ പക്കൽ രാജകുമാരി തന്നയച്ച മോതിരവും സഞ്ചിയും ഏല്പിച്ചു. അദ്ദേഹം അതു നോക്കീട്ടു വിരൽ കടിക്കുകയും തലയിൽ കൈകൊണ്ടു സ്വയം അടിക്കുകയും ചെയ്തിട്ട് ഇങ്ങനെ പറഞ്ഞു:—"ഒരുപക്ഷേ നിങ്ങളുടെ ദുർവ്വിധി നിങ്ങളെ ഇവിടെ കൊണ്ടുചാടിച്ചതായിരിക്കാം; ആകട്ടെ, ഉദ്യാനത്തിലേക്കു പ്രവേശിച്ചുകൊള്ളുക. ഇവിടെ അല്പംമാറി ഒരു സൈപ്രസ്സ് വൃക്ഷത്തിൻെറ ശിഖരത്തിൽ ഒരു ഇരുമ്പുക്കൂട് തൂങ്ങിക്കിടപ്പുണ്ട്. അതിനകത്ത് ഒരാളെ ബന്ധനത്തിലിട്ടിട്ടുണ്ട്. ഈ ലിഖിതം അയാളുടെപക്കൽ കൊടുത്തിട്ട് അയാൾ നൽകുന്ന മറുപടിയുംകൊണ്ട് എത്രയുംവേഗം ഇവിടെനിന്നു വെളിയിൽ പൊയ്ക്കൊള്ളണം." ഞാൻ അകത്തുകടന്ന് ആ വൃക്ഷശിഖരത്തിൽ തൂങ്ങിക്കിടന്ന ഇരുമ്പുക്കൂട്ടിൻെറ സമീപം എത്തിയപ്പോൾ അതിനകത്തു സർവ്വാംഗസുന്ദരനായ ഒരു യുവാവ് ഏററവും വിഷാദത്തോടുകൂടി ഇരിക്കുന്നതു കണ്ടു. അയാളുടെ പക്കൽ ഞാൻ കൊണ്ടുപോയ സഞ്ചിയിൽ പൊതിഞ്ഞ ലിഖിതം കൊടുത്തു. അയാളതു വാങ്ങി ആനന്ദാശ്രുക്കൾ പൊഴിച്ചുകൊണ്ടു വായിക്കുകയും രാജകുമാരിയുടെ ക്ഷേമം അന്വേഷിക്കുകയുംചെയ്തു. ഉത്തരക്ഷണത്തിൽ ഒരുസംഘം കാപ്പിരിഭടന്മാർ എവിടെനിന്നോ എന്നെ വളയുകയും അവരുടെ ആയുധങ്ങൾകൊണ്ട് എന്നെ മൃഗീയമായി വെട്ടി നിലംപതിപ്പിക്കുകയുംചെയ്തു. ഞാൻ ബോധരഹിതനായി രക്ത

ത്തിൽ മുഴുകിക്കിടന്നു. അല്പസമയംകഴിഞ്ഞപ്പോൾ രണ്ടു ഭടന്മാർ അവിടെ വന്ന് എന്നെ ഒരു കിടക്കയിൽ എടുത്തു കിടത്തി എങ്ങോട്ടേയ്ക്കോ കൊണ്ടുപോകുന്നതാണു ഞാൻ കണ്ടത്. അവർ തമ്മിൽ ഇങ്ങനെ സംസാരിക്കുന്നതു ഞാൻ കേട്ടു:—"നമുക്കു ഈ ശവത്തിനെ മൈതാനത്തു കൊണ്ടുപോയിത്തള്ളാം. അവിടെ കാക്കയും പരുന്തും ഇതിനെ ശരിയാക്കിക്കൊള്ളും." അതുകേട്ട മറേറയാൾ ഇങ്ങനെ പറഞ്ഞു:—"ഒരിക്കലും പാടില്ല; രാജാവു് അതറിഞ്ഞാൽ നമ്മെ കാലപുരിയ്ക്കയയ്ക്കുകയും, നമ്മുടെ കുടുംബാംഗങ്ങളെയെല്ലാം കൊന്നു കുരുതികൊടുക്കുകയും ചെയ്യും." അതുകേട്ട ഞാൻ അവരോടു്, ഞാൻ മരിച്ചുകഴിഞ്ഞിട്ടില്ലെന്നും എൻെറ ശരീരത്തിൽ പ്രാണൻ അല്പാല്പം അവശേഷിക്കുന്നുണ്ടെന്നും, അതിനാൽ മരണത്തിലേക്കു് അതിവേഗം നീങ്ങിക്കൊണ്ടിരിക്കുന്ന എൻെറ അവസാനത്തെ ആഗ്രഹം അവർ സാധിച്ചുതന്നു് എന്നെ സമാധാനപൂർവ്വം മരിക്കാൻ ഇടയാക്കണമെന്നും അപേക്ഷിച്ചു. എന്നെ എന്തിനാണു ഭടന്മാർ ഇങ്ങനെ മൃഗീയമായവിധത്തിൽ ആക്രമിച്ചതെന്നും എന്നെ എടുത്തുകൊണ്ടുപോകുന്നവർ ആരാണെന്നുമറിയണമെന്നുള്ളതാണു് എൻെറ ആഗ്രഹമെന്നും ഞാനവരെ അറിയിച്ചു. അവർക്കു് എന്നിൽ അലിവു തോന്നി ഇങ്ങനെ പറഞ്ഞു:—"ആ ഇരുമ്പഴികൾക്കകത്തു കൂട്ടിലടയ്ക്കപ്പെട്ടിരിക്കുന്ന യുവാവു് ഈ രാജ്യത്തിലെ രാജാവിൻെറ ജ്യേഷ്ഠൻെറ പുത്രനാണു്. രാജാവിൻെറ മൂത്തസഹോദരൻ നാടുവാണിരുന്ന മഹാരാജാവായിരുന്നു. അദ്ദേഹം മരിക്കുമ്പോൾ ഈ കുമാരനു പ്രായപൂർത്തി ആയിരുന്നില്ല. അതിനാൽ രാജാവു മരണശയ്യയിൽ കിടന്നുകൊണ്ടു് ഇപ്പോഴത്തെ രാജാവായ ഇളയസഹോദരനെ വിളിച്ചു് ഇങ്ങനെ പറഞ്ഞേല്പിച്ചു:—"എൻെറ പുത്രനു പ്രായപൂർത്തിയാകുന്നതുവരെ നീ അവൻെറ പ്രതിപുരുഷനായി ഭരണംനടത്തണം. അവനു പ്രായംവരുമ്പോൾ നിൻെറ മകളെ അവനു വിവാ

ഹംകഴിച്ചുകൊടുക്കുകയും അവനെ രാജാവായി വാഴിക്കു കയും ചെയ്യണം." എന്നാൽ അത്യാഗ്രഹിയായ ഇപ്പോഴത്തെ രാജാവു തൻെറ സഹോദരൻെറ അന്ത്യവചനങ്ങളെ ആദരിച്ചു രാജകുമാരനു് അദ്ദേഹത്തിൻെറ പുത്രിയെ വിവാഹംകഴിച്ചുകൊടുക്കുന്നതിനും കുമാരനു രാജ്യാധികാരം ഒഴിഞ്ഞുകൊടുക്കുന്നതിനും ഇഷ്ടപ്പെടുന്നില്ല. കുമാരനെ എങ്ങനെയെങ്കിലും കൊല്ലണമെന്നാണു രാജാവിൻെറ ആഗ്രഹം. രാജകുമാരിയാകട്ടെ ആ യുവാവിൽ പ്രേമവതിയുമാണു്. നിങ്ങൾ ഇന്നു കുമാരിയിൽനിന്നു് ഒരു പ്രേമലേഖനവുമായി കുമാരനെ വന്നുകാണുമെന്നുള്ള വിവരം രാജാവു തൻെറ രഹസ്യസേവകന്മാർമുഖാന്തിരം അറിഞ്ഞു നിങ്ങളെ വധിക്കാൻ പട്ടാളക്കാരായ ഞങ്ങൾക്കു് ഉത്തരവു തന്നിരുന്നു. അതനുസരിച്ചാണു ഞങ്ങൾ നിങ്ങളെ ആക്രമിച്ചതു്. ഇന്നു കുമാരനെ രാജകുമാരിയെക്കൊണ്ടുതന്നെ വധിപ്പിക്കാൻ രാജാവും അദ്ദേഹത്തിൻെറ മന്ത്രിയും ആലോചിച്ചു് ഒരു ഉപായം കണ്ടുപിടിച്ചിരിക്കുകയാണു്. ആ സംഭവം ഇപ്പോൾ നടക്കും." അതുകേട്ടു് എന്നെ ആ രംഗം ഒന്നു കാണിക്കണമെന്നു് അവരോടപേക്ഷിച്ചതനുസരിച്ചു് അവരെന്നെ അങ്ങോട്ടു കൊണ്ടുപോയി. ഞാൻ ഒരു മൂലയിൽ ഒതുങ്ങി മറഞ്ഞിരുന്നു നോക്കി. അപ്പോൾ രാജാവു സിംഹാസനത്തിൽ ഇരിക്കുന്നതും രാജകുമാരി ഊരിയവാളുമായി രാജാവിൻെറ മുമ്പിൽ നിൽക്കുന്നതും രാജകുമാരനെ ഇരുമ്പുക്കൂട്ടിൽനിന്നിറക്കിനിറുത്തിയിരിക്കുന്നതും കണ്ടു. ഉത്തരക്ഷണത്തിൽ രാജകുമാരി വാളും ഓങ്ങിക്കൊണ്ടു കുമാരനെ വെട്ടാൻ അടുത്തു. അടുത്തുചെന്നപ്പോൾ രാജകുമാരി വാൾ തറയിൽ എറിഞ്ഞിട്ടു രാജകുമാരനെ സ്നേഹപൂർവ്വം കെട്ടിപ്പുണർന്നു. അപ്പോൾ കുമാരൻ ഇങ്ങനെ പറഞ്ഞു: "കൊന്നുകൊള്ളുക; അങ്ങനെ മരണം വരിയ്ക്കാൻ ഞാൻ തയാറാണു്; ഇഹത്തിൽ ഞാൻ നിന്നെ ആഗ്രഹിച്ചു; പരലോകത്തിൽ ഞാൻ നിന്നെ

ആശാപൂർവ്വം കാത്തിരുന്നുകൊള്ളാം." രാജകുമാരനെ കാണാൻ ഒരവസരം കിട്ടണമെന്നുള്ള ഉദ്ദേശത്തിലാണു കുമാരി ഈ വിദ്യ സ്വീകരിച്ചതെന്നും അവൾ തന്റെ പിതാവിനെ കളിപ്പിക്കുകയായിരുന്നുവെന്നും പറഞ്ഞു കൊണ്ടു രാജകുമാരനെ സമാശ്വസിപ്പിച്ചു. ഇതുകണ്ടു രാജാവു ലജ്ജയും കോപവുംകൊണ്ടു വിറച്ചു. മന്ത്രി അപ്പോൾ തറയിൽക്കിടന്ന വാളെടുത്തുകൊണ്ടു രാജകുമാരനെ വെട്ടി കൊലപ്പെടുത്താൻ അടുത്തു. തൽക്ഷണം എവിടെനിന്നോ ഒരമ്പുവന്ന് മന്ത്രിയുടെ നെററിയിൽ തറയ്ക്കുകയും അയാൾ നിലംപതിക്കുകയുംചെയ്തു. അനന്തരം രാജകുമാരനെ പഴയതുപോലെ കൂട്ടിൽ അടച്ചിട്ട് അവിടെനിന്നു മാറുകയും രാജാവു പരിവാരസമേതം കൊട്ടാരത്തിലേക്കെഴുന്നെള്ളുകയുംചെയ്തു. ഞാൻ മറഞ്ഞിരുന്ന സ്ഥലത്തുനിന്നു പുറത്തു വന്നു റോഡിൽ ഇറങ്ങി. അപ്പോൾ ഒരു യുവാവ് എന്നെ രാജകുമാരിയുടെ മുമ്പിൽ കൂട്ടിക്കൊണ്ടുപോയി. എന്റെ അവശനിലകണ്ട് കുമാരി വളരെ സങ്കടപ്പെടുകയും ഒരു വിദഗ്ദ്ധനായ ഡാക്ടരെ വരുത്തി എനിക്കു വേണ്ട ശുശ്രൂഷകൾ ചെയ്യുകയു ചെയ്തു. നാല്പതാമത്തെദിവസം ഞാൻ മുറിവുകളെല്ലാം ഉണങ്ങി പൂർണ്ണാരോഗ്യവാനായിത്തീർന്നു. ആരോഗ്യം വീണ്ടെടുത്തതിനുശേഷം ഞാൻ എന്റെ സ്നേഹിതന്മാരോടും ഭൃത്യന്മാരോടുംകൂടി നാട്ടിലേക്കു മടങ്ങി. വരുന്ന വഴിക്ക് ഈ മനോഹരമായ സ്ഥലത്തു വന്നുചേരുകയും എനിക്ക് ഇവിടെ സൈ്വരമായി ഏകാന്തവാസം അനുഭവിക്കുന്നതിനുവേണ്ടി ഈ മന്ദിരംതീർത്തു ഞാൻ ഇതിൽ താമസമുറപ്പിക്കുകയും മററുള്ളവരെയെല്ലാം നാട്ടിലേയ്ക്കയയ്ക്കുകയുംചെയ്തു. ഇവിടെ ഇങ്ങനെ താമസിച്ച് ഈ ശിലാപ്രതിമയെ ആരാധിച്ചുകൊണ്ടു ഞാൻ കഴിയുന്നു. എന്റെ ജീവിതത്തിൽ ഇതല്ലാതെ മറെറാരാശയും എനിക്കില്ല. ഇതാണെന്റെ കഥ."

# അദ്ധ്യായം 14

ആ വൃദ്ധൻെറ കഥ കേട്ടപ്പോാം അത്ഭുതാവഹമായ ആ യൂറോപ്യൻദ്വീപിൽപോയി അവിടത്തെ സൌന്ദര്യറാണിയായ രാജകുമാരിയേ കാണാൻ എനിക്കാഗ്രഹം ജനിച്ചു. അതനുസരിച്ചു് ഞാൻ ഉടനേതന്നെ പുറപ്പെട്ടു. അനേകദിവസത്തെ യാത്രയ്ക്കുശേഷം ഞാൻ ആ ദ്വീപിലെ മനോഹരനഗരത്തിലെത്തി. ഞാൻ ഒരു ഭ്രാന്തനെപ്പോലെ ആ നഗരത്തിലെ തെരുവീഥികളിൽ അലഞ്ഞുനടക്കുകയും കൊട്ടാരത്തിലെ അന്തഃപുരത്തിനുസമീപം പോയി നോക്കി നില്ക്കുകയും ചെയ്യുക പതിവാക്കി. എന്നാൽ രാജകുമാരിയെ ഒരുനോക്കു കാണാൻ എനിക്കു ഭാഗ്യമുണ്ടായില്ല. അങ്ങനെ ഞാൻ ഒരുദിവസം ജനനിബിഡമായ നഗരവീഥിയിൽ ഭ്രാന്തനെപ്പോലെ നില്ക്കുമ്പോാം ജനങ്ങളെല്ലാം ആ വീഥിയിൽനിന്നു് എവിടെയോ പ്രാണഭീതിയോടുകൂടി ഓടിമറയുന്നതു കണ്ടു. അല്പസമയത്തിനുള്ളിൽ വിരലടക്കിയതുപോലെ ജനങ്ങാം തിങ്ങിക്കൂടിയിരുന്ന ആ നഗരവീഥി വിജനമായിത്തീൎന്നു. അടുത്തനിമിഷത്തിൽ ഒരു യുവാവു് ഒരു ഉപവീഥിയിൽനിന്നു് ആ പ്രധാനതെരുവിലേക്കു കുതിച്ചുചാടിവന്നതു കണ്ടു. അയാാം റുസ്ത്തമിനെ * പ്പോലെ പരാക്രമശാലിയായി കാണപ്പെട്ടു. അയാാം സിംഹതുല്യമായി ഗൎജ്ജിച്ചു. അയാളുടെ ഇരുകരങ്ങളിലും ഖഡ്ഗങ്ങാം തിളങ്ങി കാണപ്പെട്ടു. അയാാം ഇരുമ്പുകവചവും ഉഷ്ണീഷവും ധരിച്ചിട്ടുണ്ടായിരുന്നു. അയാളുടെ അരയിൽ രണ്ടുവശത്തും രണ്ടു കൈത്തോക്കുകാം തൂക്കിയിട്ടിരുന്നു. ഒരു ഭ്രാന്തനെപ്പോലെ തന്നത്താനേ എന്തോ പുലമ്പിക്കൊണ്ടു നടന്ന അയാളുടെ പുറകേ രണ്ടു് അടിമകാം അവരുടെ

---

* 'റുസ്ത്തം' പേഷ്യൻസാഹിത്യത്തിൽ വീരപരാക്രമങ്ങാംക്കു പേരുകേട്ട കഥാനായകനായിരുന്നു. 'റുസ്ത്തം' അജയ്യനായ യോദ്ധാവായിരുന്നു.

തലയിൽ ഒരു ശവപ്പെട്ടിയും വഹിച്ചുകൊണ്ടു നടക്കുന്നുണ്ടായിരുന്നു. ആ അടിമകൾ രോമംകൊണ്ടുള്ള ഉടുപ്പുകളാണ് ധരിച്ചിരുന്നതു്. ശവപ്പെട്ടി ചുവന്നനിറത്തിലുള്ള ഒരു പട്ടുനീരാളംകൊണ്ടു മൂടിയിരുന്നു. ഇതെന്താണെന്നറിയുന്നതിനായിട്ടു് ഞാൻ അവരുടെ പുറകേപോയി. അതു കണ്ടു് പലരും എന്നെ തടഞ്ഞുനിറുത്തിയെങ്കിലും അവരുടെ തടസ്സമൊന്നും വകവെയ്ക്കാതെ ഞാൻ മുമ്പോട്ടു പോയി. എൻെറ മുമ്പിൽപോയ യുവാവും പരിവാരങ്ങളും കുറേദൂരം പോയിട്ടു് ഒരു വിശാലമായ കെട്ടിടത്തിനകത്തേക്കു കടന്നു. ഞാനും അവരെ അനുഗമിച്ചു് ആ കെട്ടിടത്തിൽ പ്രവേശിച്ചു. അപ്പോൾ ആ യുവാവു തിരിഞ്ഞു നോക്കി എന്നെ കണ്ടുപിടിച്ചു. അയാൾ എന്നെ വെട്ടിത്തുണ്ടാക്കാനുള്ള ഒരുക്കത്തിൽ വാളും ഓങ്ങിക്കൊണ്ടു് എൻെറ നേക്കടുത്തു. ഞാൻ യാതൊരു ക്ഷോഭവുംകൂടാതെ നിവർന്നുനിന്നുകൊണ്ടു് ഇങ്ങനെ പറഞ്ഞു:—"ഞാൻ, എൻെറ രക്തംചിന്തുന്ന പാപത്തിനു നിങ്ങൾക്കു മാപ്പു തരുന്നു; ഏതുവിധമെങ്കിലും എന്നെ ജീവിതഭാരംവഹിക്കുന്നതിൽനിന്നു മോചിപ്പിക്കുക; ഞാൻ ജീവിതവുമായി അത്രത്തോളം മുഷിഞ്ഞുകഴിഞ്ഞു. ഞാൻ സ്വമേധയാ നിങ്ങളുടെ വഴിക്കു വന്നിരിക്കുകയാണു്; ഒട്ടും താമസിയ്ക്കാതെ എൻെറ കഥകഴിയ്ക്കുക."എൻെറ സുധീരമായനില കണ്ടു് അയാൾ തൻെറ കൃത്യത്തിൽനിന്നു വിരമിക്കുകയാണു ചെയ്തതു്. ദൈവം അയാൾക്കു കരുണ തോന്നിച്ചിരിക്കണം. "നിങ്ങൾ ആരാണെന്നും നിങ്ങൾക്കു ജീവിതത്തിൽ വെറുപ്പുണ്ടാകാൻ കാരണമെന്താണെ"ന്നും ആ യുവാവു് എന്നോടു ചോദിച്ചു. ഞാൻ വേട്ടയ്ക്കുപോയതും വൃദ്ധൻെറയും രാജകുമാരിയുടേയും കഥകളറിഞ്ഞതും അയാളെ വിവരിച്ചു കേൾപ്പിച്ചു. എനിക്കു രാജകുമാരിയോടു് ഒരിക്കലും അടങ്ങാത്ത പ്രേമം ജനിച്ചുവെന്നും ആ ആഗ്രഹം സഫലമാകാതെ ഞാൻ ജീവിച്ചിരിക്കുകയില്ലെന്നും അയാളോടു പറ

ഞ്ഞു. അതുകേട്ട് അയാരം വളരെനേരം രോദനം തുടൻ. ഒട്ടവിൽ അയാരം എന്നെ ഇങ്ങനെ സമാധാനപ്പെടുത്തി: "എത്രപേരെയാണ് ഈ നിർഭാഗ്യവതിയായ രാജകുമാരി നാശഗർത്തത്തിൽ പെടുത്തീട്ടുള്ളതു്; ആകട്ടെ, നിങ്ങളുടെ രോഗം ഈ കുററവാളിയെക്കൊണ്ടു ശമിക്കും. എൻെറ ഉപായം നിങ്ങളുടെ ആഗ്രഹസാദ്ധ്യത്തിനു വഴിതെളിച്ചേയ്ക്കും; ഏതായാലും നിരാശപ്പെടേണ്ട. ധൈയ്യമായിരിക്കൂ." അനന്തരം ആ യുവാവു് ഒരു ക്ഷുരകനെ വരുത്തി എനിക്കു ക്ഷൌരകമ്മം നടത്തിക്കുകയും കുളിമുതലായവ നടത്തിച്ചു് എന്നെ സാധാരണയവസ്ഥയിൽ ആക്കുകയുംചെയ്തു. എനിക്കു് ഉത്തമരീതിയിലുള്ള വസ്ത്രങ്ങളും അയാരം തന്നു. ഞാൻ ഭംഗിയായി വസ്ത്രവുംധരിച്ചു് അയാളുടെ സമീപത്തുതന്നെ ഇരുന്നു അപ്പോരം അയാരം ഇങ്ങനെ തുടൻ:—"ഈ കാണുന്ന ശവപ്പെട്ടിയിൽ, നിങ്ങളുടെ പരിചയക്കാരനായ വൃദ്ധൻ ഇരുമ്പുക്കൂട്ടിൽ അടയ്ക്കപ്പെട്ടിരുന്നതായിക്കണ്ട രാജകുമാരൻെറ മൃതദേഹം അടക്കം ചെയ്തിരിക്കുന്നു. രാജകുമാരനെ രാജാവിൻെറ മററൊരു മന്ത്രി ചതിപ്രയോഗത്താൽ വധിച്ചു. രാജകുമാരൻ മരിച്ചുവെങ്കിലും അയാളുടെ നിമ്മല പ്രകൃതംമൂലം അയാരം അനുഗൃഹീതനായിത്തീന്നിരിക്കുന്നു. അയാളുടെ പിതാവിൻെറ വളത്തുപുത്രനാണു ഞാൻ. രാജകുമാരനെ വധിച്ച മന്ത്രിയെ ഞാൻ എൻെറ വാരംകൊണ്ടു് ഒററവെട്ടിനു കാലപുരിയ്ക്കയച്ചു. അതിനുശേഷം രാജാവിനേയും കൊല്ലാനായി ഞാൻ പിടിച്ചു. എന്നാൽ അയാരം വളരെ ദയനീയമായി എന്നോടു കേണപേക്ഷിച്ചതിനാൽ ആ നീചൻെറ രക്തംകൊണ്ടു് എൻെറവാളിനെ കളങ്കപ്പെടുത്തേണ്ടാ എന്നുകരുതി ഞാനയാളെ വിട്ടു. അതിനുശേഷം ഓരോ മാസത്തിലേയും ആദ്യത്തെ വ്യാഴാഴ്ചയിൽ ഞാൻ ഈ ശവപ്പെട്ടിയുംകൊണ്ടു് നഗരത്തിൽ ഇങ്ങനെ ഒരു പരസ്യമായ പ്രകടനം നടത്തിവരുന്നു. അതു് മരിച്ചുപോയ രാജകുമാരനോടുള്ള എൻെറ അളവററ സ്നേഹത്തിൻെറ

സൂചനയാണ്." അന്ന് സൂര്യാസ്തമനം ആയപ്പോൾ യുവാവ് ആ ശവപ്പെട്ടി അടിമകൾക്കുപകരം എന്നെക്കൊണ്ടു ചുമപ്പിച്ചുകൊണ്ടു് രാജകുമാരിയെ സന്ദർശിക്കാൻ പുറപ്പെട്ടു. അവളോടു് അയാൾ എനിക്കുവേണ്ടി അവളുടെ ആനുകൂല്യം അത്ഥിക്കുമെന്നും അപ്പോൾ ഞാൻ മൌനമായിരുന്നുകൊള്ളണമെന്നും അയാൾ എന്നോടു പറഞ്ഞു. അപ്രകാരം ചെയ്തുകൊള്ളാമെന്നു ഞാൻ സമ്മതിച്ചു. ഞങ്ങൾ രാജകുമാരിയുടെ പൂന്തോട്ടത്തിൽ പ്രവേശിച്ചു. അവിടെ ഒരു ഭാഗത്തു് അഷ്ടകോണാകൃതിയിൽ മാർബിൾക്കല്ലുകൊണ്ടു നിമ്മിച്ച ഒരു മണ്ഡപത്തിൽ ശവപ്പെട്ടി ഇറക്കിവെച്ചിട്ടു ഞങ്ങൾ അവിടെ തറയിൽ ഇരുന്നു. ആ മണ്ഡപത്തിന്റെ മദ്ധ്യഭാഗത്തു മുത്തുകൾ പതിച്ച നാലു തൂണുകളാൽ താങ്ങപ്പെട്ട ഒരു മേക്കട്ടിയുടെ കീഴിൽ ഒരു രത്നകംബളം വിരിച്ചിരുന്നു. അല്പനേരംകഴിഞ്ഞപ്പോൾ രാജകുമാരി തന്റെ തോഴിമാരോടുകൂടി അവിടെ എഴുന്നെള്ളി പടികൾകയറി ആ കംബളത്തിൽ ഇരുന്നു. കുമാരിയുടെ മുഖത്തു വിഷാദവും കോപവും നിഴലിച്ചുകാണപ്പെട്ടു. കുമാരി, മരിച്ചുപോയവരുടെ ആത്മാക്കൾക്കുവേണ്ടിയുള്ള പ്രത്യേക പ്രാത്ഥന നടത്തി. പ്രാത്ഥന അവസാനിച്ചപ്പോൾ യുവാവ് രാജകുമാരിയുടെ മുമ്പിൽ വിനയപൂവം നിലയുറപ്പിച്ചുകൊണ്ടു് ഇങ്ങനെ അറിയിച്ചു:—"ധന്യയായ കുമാരീ, പേഷ്യാരാജ്യത്തിലെ യുവരാജാവ് അവിടത്തെ സൌന്ദയ്യത്തേയും സൽഗ്ഗുണങ്ങളേയുംകുറിച്ചു കേട്ടതിന്റെ ഫലമായി അദ്ദേഹത്തിന്റെ സിംഹാസനത്തേപ്പോലും ഉപേക്ഷിച്ച് ഫക്കീർവേഷംപൂണ്ടു് ദേശദേശാന്തരം ചുററിത്തിരിഞ്ഞു് ഒടുവിൽ ഈ നഗരത്തിൽ വന്നുചേന്നിരിക്കുന്നു. അദ്ദേഹത്തിനു് അവിടത്തോടു് ശക്തിയായ പ്രേമമുണ്ടു്. ആ ആഗ്രഹം സാധിക്കാതെ അദ്ദേഹത്തിനു ജീവിതം തുടരണമെന്നാശയില്ലാതാവുകയും എന്റെ വാളിനിരയായി മരണമടയാനായി അദ്ദേഹം എന്റെമുമ്പിൽ ധൈയ്യപൂവം തലകു

നിച്ചു നിൽക്കുകയുംചെയ്തു. അദ്ദേഹത്തിനു് അവിടത്തോടു യഥാൎത്ഥത്തിലുള്ള പ്രേമമുണ്ടെന്നു ഞാൻ പരീക്ഷിച്ചുറിഞ്ഞു. രാജകുമാരൻ സകലവിധത്തിലും അവിടേയ്ക്കു് അനുയോജ്യനായ വരനായിരിക്കും. അതുകൊണ്ടാണു് അവിടത്തെ സന്നിധിയിൽ ഞാൻ ഈ സംഗതി ഉണൎത്തിക്കാൻ ധൈൎയ്യപ്പെട്ടതു്. ആ രാജകുമാരനിൽ അവിടുത്തെ കാരുണ്യമുണ്ടായി അദ്ദേഹത്തെ ഭൎത്താവായി സ്വീകരിക്കുന്നപക്ഷം ദൈവഭയവും നീതിബോധവുമുള്ള ഒരാളിനു ചേൎന്ന പ്രവൃത്തിയായിരിക്കും അതു്.” രാജകുമാരി എന്നെ കാണണമെന്നു പറഞ്ഞതനുസരിച്ചു ഞാൻ കുമാരിയുടെ മുമ്പിൽ ആനയിക്കപ്പെട്ടു. കുമാരി എന്നെ ഒന്നു നോക്കീട്ടു് കൊട്ടാരത്തിലേക്കു മടങ്ങി. ഞാനും എൻെറ സ്നേഹിതനായ യുവാവും ഞങ്ങളുടെ വാസസ്ഥലത്തേക്കും പോയി. രാജകുമാരിയോടു വേണ്ടവിധത്തിൽ സംസാരിച്ചു് കുമാരിയുടെ ആനുകൂല്യം നേടിക്കഴിഞ്ഞുവെന്നും അതിനാൽ ഞാൻ എല്ലാദിവസവും രാത്രിയിൽ ഉദ്യാനത്തിലെ ലതാമണ്ഡപത്തിൽ ചെന്നു് രാജകുമാരിയുമായി ആനന്ദപ്രദമായി സഹവസിച്ചാൽമതിയെന്നും യുവാവു് എന്നെ അറിയിച്ചു. അതനുസരിച്ചു് ഞാൻ നേരത്തെ യുവാവിനോടു യാത്രാനുമതിയും വാങ്ങി മണ്ഡപത്തിൽ എത്തിച്ചേൎന്നു. ഒരുമണിക്കൂർ കഴിഞ്ഞു് ഒരൊററപ്പരിചാരികയാൽമാത്രം അനുഗതയായി രാജകുമാരി അവിടെ എഴുന്നെള്ളി രത്നകംബളത്തിൽ ഇരുന്നു. ഞാൻ അടുത്തുചെന്നു് ആ വെള്ളിനക്ഷത്രംപോലെ തിളങ്ങുന്ന സൌന്ദൎയ്യധാമത്തിൻെറ പാദങ്ങളിൽ ശിരസ്സനമിച്ചു ചുംബിച്ചു. കുമാരി എന്നെ പിടിച്ചെഴുന്നേല്പിച്ചുകൊണ്ടു് എന്നെ സ്നേഹപൂൎവ്വം മാറോടണച്ചു. അവർ പെട്ടെന്നു് എന്നോടു് ഇങ്ങനെ സംസാരിച്ചു:—“ഇതു് ഒരു സൌഭാഗ്യകരമായ അവസരമാണെന്നു ധരിക്കുക; എൻെറ ഉപദേശം നിങ്ങൾ സ്വീകരിക്കണം; എന്നെ ഇവിടെനിന്നു് ഉടനടി മാററിക്കൊള്ളണം; നമുക്കു്

മറേറതെങ്കിലും രാജ്യത്തുപോയിത്താമസിക്കാം." ഉടൻതന്നെ ഞാൻ രാജകുമാരിയേയും കൂട്ടിക്കൊണ്ടു് ആ ഉദ്യാനത്തിനു പുറത്തുകടന്നു. ഞങ്ങൾ കുറച്ചുദൂരം എവിടേയ്ക്കെന്നു നിശ്ചയമില്ലാതെ കാലുപോയ വഴിക്കു നടന്നു. ഞങ്ങൾ നേർമാർഗ്ഗംവിട്ടു് കല്ലുംമുള്ളും നിറഞ്ഞ പാതകളിൽക്കൂടെ നടന്നുപോയി. രാജകുമാരി നടന്നു വല്ലാതെ ക്ഷീണിച്ചു. ഒടുവിൽ എൻെറ അടിമയുടെ വീടു് അടുത്തുകഴിഞ്ഞുവെന്നു ഞാൻ അവളെ പറഞ്ഞു സമാധാനിപ്പിച്ചിട്ടു വീണ്ടും നടന്നു. രാജകുമാരിയെ എവിടെക്കൊണ്ടുപോകുമെന്നുള്ള ചിന്തയാൽ ഞാൻ വിഷാദത്തോടുകൂടി നടന്നുപോകുമ്പോൾ ഭാഗ്യവശാൽ വഴിയരികിൽ ഒരു ഭവനംകാണാനിടയായി. അതിൻെറ വാതിൽ അടച്ചുപൂട്ടിയിരുന്നു. ഞാൻ പൂട്ടു കുത്തിത്തുറന്നു് ആ വീട്ടിനകത്തു പ്രവേശിച്ചു. ഞങ്ങൾ ഒരു മുറിയിൽ ഇരുന്നു വിശ്രമിച്ചതിനുശേഷം അവിടമെല്ലാം ഒന്നു പരിശോധിച്ചു. യാതൊരു ജീവിയേയും അവിടെ കണ്ടില്ല. അടുക്കളയിൽചെന്നു നോക്കിയപ്പോൾ മാംസം മുതലായി ഏററവും രുചികരമായ സാധനങ്ങൾ പാകപ്പെടുത്തിവെച്ചിരിക്കുന്നതു കണ്ടു. എന്തുംവരട്ടെ എന്നു കരുതി ഞങ്ങൾ അതെടുത്തു ഭക്ഷിച്ചു. അടുത്ത മുറിയിൽ പോർട്ടുഗലിൽ ഉണ്ടാക്കുന്ന വിശിഷ്ടമായ വീഞ്ഞു നിറച്ചുവെച്ചിരുന്ന അനേകം കുപ്പികൾ കാണപ്പെട്ടു. ഞങ്ങൾ ആ പാനീയവും യഥേഷ്ടം കുടിച്ചു തൃപ്തരായി. അങ്ങനെ ഞങ്ങൾ ആ രാത്രി ആനന്ദപ്രദമായിക്കഴിച്ചുകൂട്ടി. പിറേറദിവസം പ്രഭാതത്തിൽ ആ പരിസരം മുഴുവൻ അത്ഭുതപൂർവ്വമായ ഒച്ചയും ബഹളവും മുഴങ്ങി. രാജകുമാരി എവിടെയോ ഒളിച്ചോടിപ്പോയെന്നും അവളെപ്പററിയുള്ള അറിവുകൊടുക്കുന്നവൎക്കു് ആയിരം വരാഹനും വിലയേറിയ വസ്ത്രങ്ങളും രാജാവു സമ്മാനം നൽകുന്നതാണെന്നും വിളംബരം പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിനാൽ നഗരത്തിൻെറ സകല വാതിലുകളിലും കാവൽക്കാരെ നിയമിക്കു

കയും രാജാവിൻെറ പ്രത്യേകാനുവാദം കൂടാതെ ഒരുറുമ്പിനെപ്പോലും പുറത്തുവിടാതെയിരിക്കാൻവേണ്ട ഏർപ്പാടുകൾ ചെയ്കയും ചെയ്തിട്ടുണ്ടായിരുന്നു. ഞങ്ങൾ ആരും കാണാതെ ആ വീട്ടിനകത്തിരിക്കുമ്പോൾ ഒരു വൃദ്ധ അവിടെ കയറിവന്നു് രാജകുമാരിയോട്ട് ഭിക്ഷ ചോദിക്കുകയും അവളുടെ നിരാലംബയായ മകൾക്കു പ്രസവവേദന തുടങ്ങിയിരിക്കുന്നുവെന്നും മററും സങ്കടം അറിയിക്കുകയും ചെയ്തു. കുമാരി അതെല്ലാം കേട്ടു വിശ്വസിച്ചു് ആ സ്ത്രീക്കു് കുറെ അപ്പവും പാകംചെയ്ത മാംസവും കൊടുക്കുകയും തൻെറ മോതിരം അവൾക്കു കൊടുത്തിട്ടു് അതു വിററു പണം വാങ്ങി മകളുടെ പ്രസവാവശ്യങ്ങൾ നടത്താൻ ഉപദേശിക്കുകയും ചെയ്തു. ആ വൃദ്ധ യഥാൎത്ഥത്തിൽ രാജാവിൻെറ ചാരവൃത്തിയിൽ ഏർപ്പെട്ടു് രാജകുമാരിയെ കണ്ടുപിടിക്കാൻ ആ കള്ളക്കഥയും പറഞ്ഞുകൊണ്ടു വീടുതോറും ചുററിത്തിരിയുകയായിരുന്നു. കുമാരിയുടെ മോതിരം കൈയ്യിൽകിട്ടിയ ഉടനേ വൃദ്ധ പെട്ടെന്നു് അവിടെ നിന്നിറങ്ങി. ആ മോതിരം നൽകുന്ന ലക്ഷ്യത്തെ പിൻതുടൎന്നു് രാജകുമാരിയേയും എന്നേയും രാജഭടന്മാർ ബന്ധിച്ചുകൊണ്ടുപോകുമായിരുന്നു. എന്നാൽ ആ വൃദ്ധ വാതിൽകടക്കുമ്പോൾ ആ വീട്ടിൻെറ ഉടമസ്ഥൻ അവളെ കണ്ടുപിടിച്ചു് അകത്തേക്കു കൂട്ടിക്കൊണ്ടുവന്നു. അവൾ വാതിലിൻെറ പൂട്ടുമുറിച്ചു് അനുവാദംകൂടാതെ അകത്തു കടന്നതാണെന്നു വിചാരിച്ചു് ആ വീട്ടുടമസ്ഥൻ അവളെ ഒരു മരത്തിൽ തലകീഴായി കെട്ടിത്തൂക്കിയിട്ടു. അല്പനേരത്തിനുള്ളിൽ വൃദ്ധ മരിക്കുകയും ചെയ്തു. അങ്ങനെ ഭാഗ്യവശാൽ രാജകുമാരിയുടെ സ്ഥിതിഗതികളൊന്നും പുറത്തറിയാനിടയായില്ല. വീട്ടുടമസ്ഥൻ ഒരു പടയാളിയാണെന്നു മനസ്സിലായി. അയാളെ കണ്ടമാത്രയിൽതന്നെ ഞാൻ ഭയംകൊണ്ടു വിളറിവശായി. ഞാൻ വളരെ വിനയത്തോടുകൂടി ഞങ്ങളുടെ കഥ അയാളോടു പറഞ്ഞുകേൾപ്പിച്ചു. ഞാനും രാജകുമാരിയും വല്ലാതെ അന്ധാളിച്ചു

നില്ക്കുന്നതുകണ്ടു് അയാൾ ശാന്തസ്വരത്തിൽ ഇങ്ങനെ പറഞ്ഞു:—"നിങ്ങൾ കതകിൻെറ പൂട്ട കുത്തിത്തുറന്നതു ബുദ്ധിശൂന്യമായ ഒരു പ്രവൃത്തിയായിരുന്നു." അതുകേട്ടു് രാജകുമാരി മന്ദസ്മിതംപൂണ്ടു് ഇങ്ങനെ പറഞ്ഞു:—"ഇതു് തൻെറ അടിമയുടെ വീടാണെന്നു തെററിദ്ധരിപ്പിച്ചാണു് രാജകുമാരൻ എന്നെ ഇവിടെ ക്രട്ടിക്കൊണ്ടുവന്നതു്." അതുകേട്ടു് ആ ഭടൻ ഭക്തിപൂർവ്വം ഇങ്ങനെ പറഞ്ഞു:—"രാജകുമാരൻ കല്പിച്ചുപറഞ്ഞതു വളരെ ശരിയാണു്. നാട്ടിലെ ഏതുപ്രജയും രാജാവിൻെറ അടിമയാണു്. അങ്ങനെ ഈ ഭവനം നിങ്ങളുടെ അടിമയുടേതുതന്നെ. രഹസ്യം സൂക്ഷിക്കുന്നതു സത്സ്വഭാവികളുടെ കർത്തവ്യമാണു്. കുമാരിയും രാജകുമാരനും ഈ എളിയ ദാസൻെറ കുടിലിൽ എഴുന്നെള്ളിയതിൽ ഈയുള്ളവൻ ഇരുലോകത്തും ധന്യനാണു്. നിങ്ങൾ വിനീതനായ എന്നെ ബഹുമാനിച്ചിരിക്കുന്നു. ഞാൻ എൻെറ പ്രാണനെപ്പോലും നിങ്ങൾക്കുവേണ്ടി ബലികഴിക്കാൻ സന്നദ്ധനാണു്. എൻെറ ജീവനേയോ ധനത്തേയോ നിങ്ങളെ രക്ഷിക്കുന്ന കാര്യത്തിൽ ഞാൻ ഒട്ടും കാര്യമായിക്കരുതുകയില്ല. ഇവിടെ സുഖമായി താമസിച്ചു വിശ്രമിക്കാം. നിങ്ങൾക്കു് ഇവിടെ യാതൊരാപത്തും ഉണ്ടാകയില്ല. ആ വൃത്തികെട്ട വൃദ്ധ ജീവനോടെ വെളിയിൽ പോയിരുന്നുവെങ്കിൽ അവൾനിമിത്തം നിങ്ങൾക്കു വലുതായ ആപത്തു സംഭവിക്കുമായിരുന്നു. ദൈവം കാത്തു. നിങ്ങൾക്കു് ഇവിടെ എത്രകാലം വേണമെങ്കിലും താമസിക്കാം. എന്താണാവശ്യമെന്നറിയിക്കാത്ത താമസമേയുള്ളു, ഈ ദാസൻ തൽക്ഷണം ആവശ്യം നിറവേററും. രാജാവിനെ ഞാൻ എന്തിനു ഭയപ്പെടുന്നു! ജിന്നുകൾക്കുപോലും നിങ്ങൾ ഇവിടെയുണ്ടെന്നറിയാൻ സാധിക്കുകയില്ല." ആ വീരയോദ്ധാവിൻെറ വാക്കുകൾ ഞങ്ങൾക്കു വളരെ ധൈര്യമുണ്ടാക്കി. അയാളുടെ പേരെന്താണെന്നു ഞാൻ ചോദിക്കുകയും ദൈവം അനുവദിക്കുന്നപക്ഷം അയാളുടെ ഈ ഉപ

കാരത്തിനുതക്ക പ്രതിഫലം യഥാകാലം നൽകുവാനിടവരു മെന്നു പറയുകയും ചെയ്തു. ആ ഭടൻ അയാളുടെ പേരു് 'ബഹ്സാദ്ഖാൻ' എന്നാണെന്നു പറഞ്ഞു.

ഞങ്ങൾ അങ്ങനെ ആറു നീണ്ടമാസങ്ങൾ ആ വീട്ടിൽ ആനന്ദപ്രദമായികഴിഞ്ഞു. ഒടുവിൽ എന്റെ മാതാപിതാക്കന്മാരെ കാണണമെന്ന ആശ എന്നെ വല്ലാതെ ബാധിച്ചു. എന്റെ നാട്ടിലേക്കു പോകണമെന്നുള്ള ആഗ്രഹം ഞാൻ ആ യുദ്ധവീരനെ അറിയിച്ചു. ഉടനടി വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തുകൊള്ളാമെന്നയാൾ ഏറ്റു. അതനുസരിച്ചു് എനിക്കു് സവാരിചെയ്യാൻ ഒരൊന്നാംതരം ആൺകുതിരയേയും രാജകുമാരിക്കു് വളരെ ഇണക്കവും വേഗതയുമുള്ള ഒരു പെൺകുതിരയേയും അയാൾ കൊണ്ടുവന്നു. ഞാനും രാജകുമാരിയും കുതിരകളുടെ പുറത്തുകയറി യാത്രയ്ക്കൊരുങ്ങിയപ്പോൾ ആ ഭടനും ആയുധധാരിയായി കുതിരപ്പുറത്തു കയറി ഞങ്ങളോടൊന്നിച്ചു വരാൻ തയ്യാറായി. അയാൾ മുമ്പിൽപോകാമെന്നും ഞാനും രാജകുമാരിയും അയാളെ പിന്തുടന്നുവരണമെന്നും യാതൊന്നും ഭയപ്പെടാനില്ലെന്നും അയാൾ പറഞ്ഞു. അങ്ങനെ ഞങ്ങൾ നഗരവാതിലിൽ എത്തി. എന്നെയും രാജകുമാരിയേയും അല്പം മാറിനില്പാൻ പറഞ്ഞിട്ടു് അയാൾ കോട്ടവാതിലിൽ ചേന്നുനിന്നുകൊണ്ടു് ഉച്ചത്തിൽ അലറുകയും കോട്ടവാതൽ അയാളുടെ കുന്തംകൊണ്ടു കുത്തിപ്പിളക്കുകയും ചെയ്തിട്ടു് ഇങ്ങനെ വിളിച്ചുപറഞ്ഞു:—"ഹേ, വിഡ്ഢികളേ, നിങ്ങൾചെന്നു നിങ്ങളുടെ യജമാനനോടു പറയുക ബഹ്സാദ്ഖാൻ, രാജകുമാരി 'മഹർനിഗാർ'നേയും രാജാവിന്റെ ജാമാതാവായ 'കാംഗാർ'രാജകുമാരനേയുംകൊണ്ടു പുറത്തുപോകുന്നുവെന്നു്. നിങ്ങൾക്കു കരളുറപ്പുണ്ടെങ്കിൽ എന്നെ എതിരിട്ടു് രാജകുമാരിയെ പിടിച്ചുകൊണ്ടുപോകാൻ തയ്യാറാകുക. ഞാൻ അവരെ ഒളിച്ചു കടത്തിക്കൊണ്ടു പോയെന്നു പിന്നീടു പറയാൻ ഇടവരരുതു്. നിങ്ങൾക്കു ധൈര്യമില്ലെ

ങ്കിൽ കോട്ടയ്ക്കുകത്തുതന്നെ ആപത്തിൽനിന്നകന്നിരുന്നു കൊള്ളുക.” ഈ വർത്തമാനം രാജാവിൻെറ ചെവിയിലെത്തി. ഉടൻതന്നെ രാജാവു് പ്രധാന സേനാധിപനെ വരുത്തി ഒരു വമ്പിച്ച സൈന്യവുമായിച്ചെന്നു ഞങ്ങളെ മൂന്നുപേരെയും പിടിച്ചുകെട്ടി രാജസന്നിധിയിൽ ഹാജരാക്കാൻ കല്പന നൽകി. അതനുസരിച്ചു് ഭടന്മാർ പുറപ്പെട്ടു. എന്നെയും രാജകുമാരിയേയും പാലത്തിൽ നിറുത്തീട്ടു് ബഹ്സാദ്ഖാൻ തൻെറ കുതിരയെ ആ സൈന്യത്തിൻെറ ഇടയിലേക്കു് ഓടിച്ചു കുതിച്ചുപാഞ്ഞു. ഒട്ടധികം ഭടന്മാരെ വെട്ടിവീഴ്ത്തീട്ടു് സൈന്യാധിപൻെറ മുമ്പിൽ പാഞ്ഞെത്തി ഒററവെട്ടിനു് അയാളുടെ കഴുത്തു് ഉടലിൽനിന്നു വേർപെടുത്തി. പടത്തലവൻ മരിച്ചുവീണതു കണ്ടു് സൈന്യം നാലു വഴിക്കും ഓടിയൊളിച്ചു. അങ്ങനെ അവിടം ശാന്തമായപ്പോൾ ബഹ്സാദ്ഖാൻ ഞങ്ങളേയുംകൊണ്ടു യാത്രതിരിച്ചു. ഞങ്ങൾ വളരെവേഗത്തിൽ കുതിരയെ ഓടിച്ചു് എൻെറ രാജ്യത്തിൻെറ അതിർത്തിയിലെത്തി. അവിടെനിന്നു് ഞാൻ എൻെറ പിതാവിനു് ഒരു സന്ദേശം കുറിച്ചു കൊടുത്തയച്ചു. ഞാൻ വളരെക്കാലത്തെ അജ്ഞാതവാസത്തിനുശേഷം നാട്ടിൽ മടങ്ങിയെത്തിയെന്നുള്ള സന്തോഷവാർത്ത അറിഞ്ഞമാത്രയിൽതന്നെ പ്രായാധിക്യംകൊണ്ടും പുത്രൻെറ വേർപാടുനിമിത്തമുള്ള തീവ്രമായ ദുഃഖംകൊണ്ടും വാടിത്തളർന്നിരുന്ന എൻെറ പിതാവിനു പെട്ടെന്നു് ഒരു നവോന്മേഷം ഉണ്ടാകുകയും അദ്ദേഹം പരിവാരസമേതം എന്നെ സ്വീകരിക്കാനായി പുറപ്പെടുകയും ചെയ്തു. അവർ ‘ഖുൽസം’ * നദിയുടെ മറുകരയിൽ വന്നുചേർന്നു.

* ചെങ്കടലിനു് പേഷ്യാക്കാർ ‘ഖുൽസം’ എന്നാണു നാമകരണം ചെയ്തിരുന്നതു്. ചെങ്കടലിൽ ഒഴുകിച്ചേരുന്നതായി ‘ദരിയാ ഖുൽസം’ എന്നൊരു നദിയുണ്ടായിരിക്കണം. ‘ബെഹർഖുൽസം’ എന്നു വിളിക്കുന്നതും സമുദ്രത്തിൻെറ ഒരു ഭാഗവുമായ ചെങ്കടലിനെ ആയിരിക്കയില്ല ഇവിടെ ഉദ്ദേശിച്ചിരിക്കുന്നതു്.

ഞങ്ങൾക്കു് മറുകരയെത്താൻ രാജകീയനൗകകളും (ബോട്ടു്) തയ്യാറാക്കപ്പെട്ടിരുന്നു. എന്നാൽ വളരെക്കാലത്തെ വേർപാടിനുശേഷം എൻെറ പിതാവിൻെറ പാദങ്ങളെ ചുംബിക്കാനുള്ള അത്യാകാംക്ഷനിമിത്തം ഞാൻ എൻെറ കുതിരയെ നദിയിലേക്കിറക്കി. എൻെറ കുതിര നദി നീന്തി കടന്നു് മറുകരയെത്തി. ഞാൻ പിതാവിൻെറ പാദം പണിഞ്ഞു്, സന്തോഷംപൂണ്ടു. പിതാവു് എന്നെ മാറോടണച്ചുകൊണ്ടു് എൻെറ മൂർദ്ധാവിൽ ചുംബിച്ചു് ആനന്ദബാഷ്പം വർഷിച്ചു. പെട്ടെന്നു ഞാൻ നദിയിലേക്കു തിരിഞ്ഞു നോക്കിയപ്പോൾ എൻെറ കുതിരയെ സമീപിക്കാൻ രാജകുമാരിയുടെ പെൺകുതിരയും നദിയിലേയ്ക്കു് ഉടുത്തുചാടുന്നതു കണ്ടു. ഞാൻ സവാരിചെയ്തിരുന്ന ആൺകുതിരയും രാജകുമാരി സവാരിചെയ്തിരുന്ന പെൺകുതിരയും ഒരുവേള ഇണകളായിരുന്നിരിക്കണം. അങ്ങനെ ആ പെൺകുതിര ആൺകുതിരയെത്തുടൻ നദിയിലേക്കിറങ്ങി നീന്തിയതായിരിക്കണം. നദിയുടെ മദ്ധ്യത്തു വന്നപ്പോൾ ആ കുതിരയുടെ കൈകാലുകൾ കുഴയുന്നതും ഉത്തരക്ഷണത്തിൽ അതു ചരിഞ്ഞു വെള്ളത്തിൽ താഴുന്നതും കണ്ടു. ബഹ്സാദ്ഖാൻ തൻെറ കുതിരയെ നദിയിലേക്കു ചാടിച്ചിട്ടു് രാജകുമാരിയെ രക്ഷിക്കാൻ ശ്രമിച്ചെങ്കിലും ഒരു ഭയങ്കരമായ ചുഴിയിൽപ്പെട്ടു് ആ വീരഭടനും കുതിരയോടൊപ്പം വെള്ളത്തിൽ താഴുകയാണുണ്ടായതു്. ഉടൻതന്നെ വളരെയധികം ആളുകളെ വലയുമായി നദിയിൽ ഇറങ്ങി പരിശോധിക്കാൻ ഏർപ്പാടുചെയ്തു. പക്ഷേ യാതൊരു പ്രയോജനവും ഉണ്ടായില്ല. അവരുടെ മൃതദേഹങ്ങൾപോലും കണ്ടുകിട്ടിയില്ല. ഈ ഭയങ്കര സംഭവം എൻെറ ബുദ്ധിയെ വല്ലാതെ കലക്കിമറിച്ചു. ഞാൻ ആ നിമിഷംമുതൽ ബുദ്ധിഭ്രമം ഭവിച്ചവനായിത്തീർന്നു. അന്നുമുതൽ ഞാൻ സകല ലൌകികശ്രദ്ധയും ആനന്ദവും ഉപേക്ഷിച്ചു് ഒരു ഫക്കീറിൻെറ വേഷത്തിൽ ലോകമെല്ലാം അലഞ്ഞുതിരിഞ്ഞു പിച്ചുംഭ്രാന്തും പുലമ്പിക്കൊണ്ടു

നടക്കുകയായിരുന്നു. ഇതാണ് ഇഹലോകജീവിതത്തിലെ അവസ്ഥാവ്യത്യാസങ്ങൾ. "നീ അതിൻെറ ആനന്ദം കണ്ടു; ഇനി അതിൻെറ ദുഃഖം കാണുക" എന്ന് ഞാൻ എപ്പോഴും ഉരുവിട്ടുകൊണ്ടു നടന്നു. എൻെറ രാജകുമാരിയെ കാണാതെപോകയോ, അവൾ മരിച്ചുപോകതന്നെയോ ചെയ്തിരുന്നുവെങ്കിൽ എനിക്കു് ആ വ്യഥ ഇത്ര തീവ്രമായിരിക്കുകയില്ലായിരുന്നു; എന്തുകൊണ്ടെന്നാൽ എനിക്കു് അവളെ അന്വേഷിച്ചു നടക്കുകയോ അല്ലെങ്കിൽ അവളുടെ നഷ്ടത്തെ ക്ഷമയോടെ സഹിക്കുകയോ ചെയ്യാമായിരുന്നു. എന്നാൽ എൻെറ കൺമുമ്പിൽവച്ച് അവൾക്കു് ഈ ആപത്തു നേരിട്ടതു കണ്ടു് എൻെറ മനസ്സിളകിപ്പോയതിൽ അത്ഭുതമില്ലല്ലൊ. അതിനാൽ ആ നദിയിൽതന്നെ ചാടി അവളുടെകൂടെ മരിച്ച് അവളെ പരലോകത്തുവെച്ചു കാണാമെന്നുള്ള ചിന്തയാൽ ഞാൻ ഒരുദിവസം ആ നദിയിൽ ചാടി. കഴുത്തററം വെള്ളമുള്ള ഭാഗത്തായിരുന്നു ഞാൻ ചാടിയതു്. അവിടെനിന്നു പൊങ്ങി ആഴത്തിൽ മുങ്ങാൻ കാലുയർത്തവേ, നിങ്ങളെ രണ്ടുപേരെയും മരണത്തിൽനിന്നു പിന്തിരിപ്പിച്ച ആ മൂടുപടംധരിച്ച അശ്വാരൂഢൻ എൻെറ പുറകിൽ കൂടിവന്നു് എൻെറ തോളിൽ പിടിച്ചുനിറുത്തികൊണ്ടു് എന്നെ സമാധാനപ്പെടുത്തുകയും രാജകുമാരിയും ബഹ്സാദ്ഖാനും ജീവിച്ചിരിപ്പുണ്ടെന്നും ഈമാതിരി സംഭവങ്ങൾ ലോകത്തു നടപ്പുള്ളതാണെന്നും പറയുകയും ചെയ്തു. അദ്ദേഹം ഇപ്രകാരം തുടർന്നു:—"നിങ്ങൾ എന്തിനാണു് നിങ്ങളുടെ ജീവനെ വെറുതെ നശിപ്പിക്കുന്നതു്. അല്ലാഹുവിൻെറ സഹായത്തിൽ നിരാശനാകരുതു്. നിങ്ങൾ ജീവിച്ചിരിക്കുകയാണെങ്കിൽ നിങ്ങൾ ആർക്കുവേണ്ടി പ്രാണനപേക്ഷിക്കാൻ തുനിയുന്നുവോ ആ രണ്ടുപേരെയും ഒരിക്കൽ കണ്ടെത്തിയെന്നുവരാം. ഉടനേതന്നെ കാൺസ്റ്റാൻറിനോപ്പിളിലേക്കു പുറപ്പെടുക. നിങ്ങളെപ്പോലെ നിർഭാഗ്യവാന്മാരായ രണ്ടു ഫക്കീറന്മാർ അങ്ങോട്ടു

പോയിട്ടുണ്ട്. നിങ്ങൾ അവരെ കണ്ടെത്തുമ്പോൾ നിങ്ങളുടെ ആഗ്രഹനിവൃത്തിയുണ്ടാകും.” അങ്ങനെ നാം ഇവിടെവെച്ചു സന്ധിച്ചിരിക്കുന്നു. ആ പുണ്യാത്മാവിൻെറ അനുഗ്രഹത്താൽ ഇനി നമ്മുടെ ആശകളെല്ലാം സഫലമാകും.”

---

# അദ്ധ്യായം 15

## നാലാമത്തെ ഫക്കീറിൻെറ കഥ

നാലാമത്തെ ഫക്കീർ കണ്ണുനീർവാർത്തുകൊണ്ട് അദ്ദേഹത്തിൻെറ കഥയെ ഇങ്ങനെ വിവരിക്കാൻ തുടങ്ങി:— “ഈ പരിതാപകരമായ അവസ്ഥയിൽ എത്തിയിരിക്കുന്ന ഞാൻ ചൈനാരാജ്യത്തിലെ രാജാവിൻെറ പുത്രനായിരുന്നു. കലകളിലും വേദങ്ങളിലും ശാസ്ത്രങ്ങളിലും ഭരണകാര്യത്തിലും ഞാൻ വേണ്ട വിദ്യാഭ്യാസം നേടിയിരുന്നു. പിതാവിൻെറകൂടെ ഞാൻ ആനന്ദപ്രദമായ ജീവിതം നയിച്ചുവന്നു. എനിക്ക് ജീവിതത്തിൽ എന്തെങ്കിലും കഷ്ടത നേരിടുമെന്നുള്ള യാതൊരു ചിന്തയ്ക്കും വകയില്ലായിരുന്നു. അങ്ങനെ ഞാൻ സുഖമായി കഴിയുമ്പോൾ എൻെറ വൃദ്ധനായ പിതാവ് മരണമടഞ്ഞു. മരണശയ്യയിൽ കിടന്നുകൊണ്ട് അദ്ദേഹം എൻെറ ചിററപ്പനെ വരുത്തി ഇപ്രകാരം പറഞ്ഞു: “എൻെറ പുത്രൻ ഇനിയും പ്രായപൂർത്തിയിൽ എത്തിച്ചേർന്നിട്ടില്ല. അവനു പ്രായപൂർത്തി വരുന്നതുവരെ നീതന്നെ അവൻെറ പ്രതിനിധിയായി രാജ്യഭരണം നടത്തണം. അവനു പ്രായം തികയുമ്പോൾ നിൻെറ പുത്രിയായ ‘റോഷൻ അഖ്തർ’നെ

അവനു വിവാഹംകഴിച്ചുകൊടുക്കുകയും അവനെ രാജാവായി വാഴിയ്ക്കുകയും ചെയ്യണം. എൻെറ പ്രജകൾക്കു യാതൊരു ഉപദ്രവവും നേരിടാത്തവിധം നീ സൽഭരണം നടത്തുകയും വേണം." ഈ അന്ത്യശാസനം നൽകിയതിനുശേഷം പിതാവു് പരലോകംപ്രാപിച്ചു. അന്നുമുതൽ എൻെറ ചിററപ്പൻ രാജാധികാരം ഏറെറടുക്കുകയും എന്നെ അന്തഃപുരത്തിൽ കഴിഞ്ഞുകൂടാൻ അനുവദിക്കുകയും ചെയ്തു. ഞാൻ എൻെറ ചിററപ്പൻെറ സുന്ദരിയായ പുത്രിയെ വിവാഹം കഴിയ്ക്കാനുള്ള മധുരപ്രതീക്ഷയോടും വളരെവേഗം രാജാധികാരം ഏറെറടുക്കാമെന്നുള്ള വിശ്വാസത്തിലും കഴിഞ്ഞു. കാലങ്ങൾ മുമ്പോട്ടുപോകുന്നതല്ലാതെ ചിററപ്പൻ എൻെറ വിവാഹകാര്യത്തെപ്പററി യാതൊന്നും സംസാരിക്കുകയോ എന്നെ രാജാവായി വാഴിക്കുന്ന കാര്യത്തെപ്പററി ചിന്തിക്കുകയോ ചെയ്യാതെ നിർബാധം ഭരണം തുടൎന്നുവന്നു. അങ്ങനെയിരിക്കവേ ഒരുദിവസം എൻെറ പിതാവിൻെറ വിശ്വസ്തദാസനായ "മുബാറക്ക്" എന്നെ രാജസന്നിധിയിൽ കൂട്ടിക്കൊണ്ടുപോയി എൻെറ വിവാഹകാര്യത്തെപ്പററി സംസാരിച്ചു. അപ്പോഴേയ്ക്കും ഞാൻ പ്രായപൂർത്തി പ്രാപിച്ചിരുന്നു. ഉടനേതന്നെ വിവാഹം നടത്താമെന്നു രാജാവു മറുപടി നല്കി. പിറേറദിവസം അദ്ദേഹം ജ്യോത്സ്യന്മാരെ വരുത്തി മുഹൂർത്തം ആരാഞ്ഞു. ചിററപ്പനു്, തൻെറ പുത്രിയെ എനിക്കു വിവാഹംചെയ്തുതരുന്നതിനും എൻെറ രാജ്യം എനിക്കു തിരിച്ചുതരുന്നതിനും അശേഷം ഉദ്ദേശമില്ലായിരുന്നുവെന്നു നല്ലവണ്ണം ഗ്രഹിച്ചിരുന്ന ജ്യോത്സ്യന്മാർ ആ ആണ്ടിൽ ഒരുദിവസവും കൊള്ളുകയില്ലെന്നു മറുപടി പറഞ്ഞു. അങ്ങനെ വിവാഹകാര്യം ഒരുകൊല്ലത്തേയ്ക്കു നടപ്പില്ലെന്നു കണ്ടു. അതിനിടയ്ക്കു് നാട്ടിലെ ജനങ്ങളും പ്രഭുക്കന്മാരും എൻെറ പിതാവിൻെറ വിശ്വസ്തന്മാരായ ഉദ്യോഗസ്ഥപ്രമുഖന്മാരും രാജാവിൻെറ പെരുമാററത്തിൽ അതൃപ്തിയുള്ളവരായിത്തീരുകയും ഞാൻ രാജാധികാരം

ഏറെറടുക്കുന്നതിനെ ആകാംക്ഷയോടെ കാത്തിരിക്കുകയും ചെയ്തു. ഇതെല്ലാം കണ്ടു് ചിററപ്പൻ എന്നെ എങ്ങനെയെങ്കിലും നശിപ്പിച്ചു രാജാധികാരം സ്വയം വെച്ചുപുലത്തണമെന്നു നിശ്ചയിച്ചു. ഞാൻ ജീവിച്ചിരിക്കുന്ന ഓരോദിവസവും അദ്ദേഹത്തിനു മനശ്ശാന്തിയില്ലാതാക്കി. ചിററപ്പൻെറ ഈ അന്തർഗ്ഗതം മുബാറാക്കിനു മനസ്സിലായി. അയാൾ എന്നെ ആ വിവരം അറിയിച്ചപ്പോൾ നിസ്സഹായനായ എന്നെ അയാൾതന്നെ രക്ഷിക്കണമെന്നു ഞാൻ അയാളോടു കേണപേക്ഷിച്ചു. മുബാറക്ക് എന്നെ സമാധാനപ്പെടുത്തി. അതിനുശേഷം ഒരുദിവസം മുബാറക്ക് എന്നെയും കൂട്ടിക്കൊണ്ടു് എൻെറ പിതാവു താമസിച്ചിരുന്ന കൊട്ടാരത്തിൽ പ്രവേശിച്ചു. അവിടെ ഒരു മുറിയിൽ നാലുകാലുള്ള പലകകൊണ്ടുണ്ടാക്കിയ ഒരു പീഠം കിടന്നിരുന്നു. അതിൻെറ ഒരു കാലിൽ പിടിയ്ക്കാൻ എന്നോടു പറഞ്ഞിട്ടു മുബാറക്ക് മറേറക്കാലിൽ പിടിച്ചു. അങ്ങനെ ഞങ്ങൾ ആ പീഠത്തെ മാററീട്ടു് അതിനടിയിലുള്ള വിരിപ്പു പൊക്കി. മുബാറക്ക് അവിടെ കിളച്ചു തറയിളക്കി. ഉടനേ ഒരു ജന്നൽ അവിടെ കണ്ടു. ആ ജന്നൽ ബന്ധിച്ചുപൂട്ടിയിരുന്നു. മുബാറക്ക് എന്നെ അങ്ങോട്ടു വിളിച്ചു. എൻെറ ചിററപ്പൻെറ ആജ്ഞാനുസരണം എന്നെ കൊന്നു് അവിടെ കുഴിച്ചുമൂടാനുള്ള ഉദ്യമത്തിലായിരിക്കും മുബാറക്ക് ഏപ്പെട്ടിരിക്കുന്നതെന്നു ഞാൻ ഊഹിച്ചു. ഏതായാലും അയാളെ അനുസരിക്കാതെ മററു മാർഗ്ഗമൊന്നും അപ്പോൾ ഇല്ലാതിരുന്നതിനാൽ ഞാൻ അല്ലാഹുവിനെ പ്രാർത്ഥിച്ചുകൊണ്ടു് ആ ജന്നലിനടുത്തേയ്ക്കുപോയി. അതുവഴി നോക്കിയപ്പോൾ നാലു വിശാലമായ മുറികളുള്ള ഒരു കെട്ടിടം കണ്ടു. ഓരോ മുറിയിലും പത്തു വലിയ സ്വർണ്ണക്കലങ്ങൾ ചങ്ങലയിൽ തൂക്കിയിട്ടിരിക്കുന്നു. ഓരോ കലത്തിൻേറയും വായ് സ്വർണ്ണത്തിൽ ചുട്ടകട്ടയുടെ ആകൃതിയിൽ ഉണ്ടാക്കീട്ടുള്ള അടപ്പുകൾകൊണ്ടു മൂടിയിരുന്നു. ആ മൂടികൾ ഓരോന്നിലും

ഓരോ കുരങ്ങിൻെറ രൂപം കൊത്തപ്പെട്ടിരുന്നു. ആ രൂപം രത്നങ്ങളെക്കൊണ്ട് അലങ്കരിക്കപ്പെട്ടുമിരുന്നു. ഞാൻ ആകെ നാലുമുറികളിലുമായി അങ്ങനെയുള്ള മുപ്പതുകലങ്ങൾ എണ്ണിത്തിട്ടപ്പെടുത്തി. അതിനുപുറമേ ഒരു കലത്തിൽ സ്വർണ്ണക്കഷണങ്ങൾ നിറച്ചിരിക്കുന്നതും മററൊന്നിൽ രത്നങ്ങൾ നിറച്ചിരിക്കുന്നതും കണ്ടു. ഞാൻ ഇതിൻെറയെല്ലാം അർത്ഥം വിശദപ്പെടുത്താൻ മുബാറക്കിനോടാവശ്യപ്പെട്ടു. മുബാറക്ക് ഇങ്ങനെ പറഞ്ഞു: "കുമാരൻെറ വന്ദ്യപിതാവ് അദ്ദേഹത്തിൻെറ ചെറുപ്പം മുതൽ ജിന്നുകളുടെ രാജാവായ 'മലിക്കിസാദിഖു'മായി മൈത്രിയിലേർപ്പെട്ടിരുന്നു. അവർ തമ്മിലുള്ള സഹവാസം നിങ്ങളുടെ പിതാവിൻെറ മരണംവരെ തുടൎന്നുവന്നു. എല്ലാആണ്ടിലും ഒരുപ്രാവശ്യം 'മലിക്കിസാദിഖ്' ഇവിടെ വന്നു നിങ്ങളുടെ പിതാവിൻെറ അതിഥിയായി ഒരുമാസം താമസിക്കുമായിരുന്നു. അദ്ദേഹത്തിനു വിലയേറിയ സുഗന്ധദ്രവ്യങ്ങളും മററ് അപൂർവ്വസാധനങ്ങളും സമ്മാനിച്ച് നിങ്ങളുടെ പിതാവു യാത്രയയയ്ക്കും. യാത്രാസമയം മലിക്കിസാദിഖ് ഈ കാണുന്ന കുരങ്ങന്മാരുടെ ഓരോ പ്രതിമ രത്നങ്ങൾ നിറച്ച് നിങ്ങളുടെ പിതാവിനു സംഭാവനയായി കൊടുത്തിരുന്നു. അനേകായിരം പവൻ വിലപിടിക്കുന്ന സുഗന്ധദ്രവ്യങ്ങളും അപൂർവ്വസാധനങ്ങളും കൊടുത്തിട്ടു പകരം കല്ലിൽകൊത്തിയ കുരങ്ങിൻെറ രൂപം സ്വീകരിക്കുന്നതുകൊണ്ടെന്താണു ലാഭമെന്നും ഇതിൻെറ പര്യവസാനമെന്തായിരിക്കുമെന്നും ഒരുദിവസം ഞാൻ നിങ്ങളുടെ പിതാവിനോടു ചോദിച്ചു. അപ്പോൾ അദ്ദേഹം എന്നോടിങ്ങനെ മറുപടിപറഞ്ഞു:—"സൂക്ഷിച്ചുകൊള്ളൂ, ഈ രഹസ്യം ആരോടും വെളിപ്പെടുത്തിപ്പോകരുതു്; ഈ ജീവനില്ലാത്ത ഓരോ കുരങ്ങിനും അത്ഭുതകരമായ ശക്തിയുള്ള ആയിരം ഭൂതങ്ങളുടെ മേലധികാരം ഉണ്ടു്. ആ ഭൂതങ്ങൾ ഈ കുരങ്ങുകളുടെ ഏതാജ്ഞയും അനുസരിക്കുന്നവ

രാണ്. എന്നാൽ നാല്പതു കുരങ്ങുകൾ തികയുന്നതുവരെ അവയെക്കൊണ്ട് എനിക്കൊരു പ്രയോജനവും സിദ്ധിക്കുന്നതല്ല." നിങ്ങളുടെ പിതാവിനു മുപ്പത്തിയൊൻപതു കുരങ്ങുകളെ കിട്ടി. നാല്പതാമത്തെ കുരങ്ങിനെ സമ്പാദിക്കാനുള്ള ദിവസംവരെ അദ്ദേഹത്തിനു ജീവിച്ചിരിക്കാൻ സാധിച്ചില്ല. അങ്ങനെ അദ്ദേഹത്തിൻെറ കണക്കററ ധനം ചെലവുചെയ്തതിൽവച്ച് അദ്ദേഹത്തിന് ആശിച്ച പ്രയോജനം സിദ്ധിക്കാതെപോയി. നിങ്ങളെ ഈ ആപത്തിൽനിന്നു രക്ഷിക്കാനുള്ള ഉപായം ആലോചിച്ചപ്പോൾ എനിക്കു മലിക്കിസാദിഖിൻെറ കാര്യം ഓർമ്മവന്നു. വിശേഷിച്ചും നിങ്ങളുടെ പിതാവിൻെറ സ്നേഹിതനായ അദ്ദേഹം നിങ്ങൾക്കു കഴിവുള്ള സഹായം ചെയ്തുതരാതെയിരിക്കുകയില്ല. നിങ്ങളെ വധിക്കാൻ രാജാവ് എന്നെയാണ് ഏർപ്പാടുചെയ്തിരിക്കുന്നത് അതുകൊണ്ട് നമുക്ക് ഈ സ്ഥലം വിട്ടുപോയി മലിക്കിസാദിഖിനെച്ചെന്നുകാണണം."
മുബാറക്കിൻെറ ഉപായം നല്ലതാണെന്നെനിക്കും തോന്നി. അതിനാൽ ഞങ്ങൾ അങ്ങനെ തീരുമാനിച്ചു. മുബാറക് ഒരുദിവസം രാജാവിനെ മുഖംകാണിച്ചിട്ട് രാജകുമാരനെ കൊട്ടാരത്തിൽവെച്ചു വധിച്ചാൽ പല സംശയങ്ങൾക്കും കാരണമാകുമെന്നും അതിനാൽ അയാളെ അകലെ ഒരു വനത്തിൽ കൂട്ടിക്കൊണ്ടുപോയി അവിടെ കൊന്നു കുഴിച്ചുമൂടിട്ടുവരുന്നതാണു നല്ലതെന്നും അഭിപ്രായപ്പെട്ടു. രാജാവ് അതു സമ്മതിച്ചു. അങ്ങനെ ഒരുദിവസം ഞാനും മുബാറക്കും ഒരുമിച്ച് അങ്ങാടിയിൽപോയി വിലപിടിച്ച വാസനദ്രവ്യങ്ങളും മററ് അപൂർവ്വസാധനങ്ങളുമെല്ലാം ശേഖരിച്ചുകൊണ്ട് മലിഖിസാദിഖിനെ കണ്ടുപിടിക്കാൻ പുറപ്പെട്ടു. വളരെനാളത്തെ യാത്രയ്ക്കുശേഷം ഞങ്ങൾ ഉദ്ദിഷ്ടസ്ഥാനത്തെത്തി. മുബാറക് അദ്ദേഹത്തെ വിവരങ്ങളെല്ലാം ധരിപ്പിച്ചു. ഒടുവിൽ അദ്ദേഹം എന്നെ അടുത്തു വിളിച്ച് ഇങ്ങനെ പറഞ്ഞു:—"എനിക്കു് ഒരു കാര്യം

സാധിക്കാനുണ്ടു്. അതു നിങ്ങൾ വിശ്വസ്തതയോടും ഫല പ്രദമായും സാധിച്ചുതരികയാണെങ്കിൽ ഞാൻ നിങ്ങളുടെ പിതാവിനെക്കാളും കൂടുതലായി നിങ്ങളെ സ്നേഹിക്കുകയും നിങ്ങൾ എന്താവശ്യപ്പെട്ടാലും അതു സാധിച്ചുതരികയും ചെയ്യാം.” അതു് എന്തുകാര്യമായിരുന്നാലും വിശ്വസ്തത യോടും സാമർത്ഥ്യത്തോടും നിർവഹിക്കാമെന്നു ഞാനുറപ്പുപ റഞ്ഞു. അപ്പോൾ ജിന്നുകളുടെ രാജാവു് എനിക്കു വീണ്ടും ഇങ്ങനെ കശ്നമായ ഉപദേശംതന്നു:—“നിങ്ങൾ ഇപ്പോൾ വെറും ഒരു ബാലൻ മാത്രമാണു്; അതുകൊണ്ടു ഞാൻ വീണ്ടുംവീണ്ടും നിങ്ങളെ ഉപദേശിക്കുന്നു, നിങ്ങൾ എന്നെ വഞ്ചിക്കാൻമുതിരുകയും അങ്ങനെ ആപത്തിലകപ്പെടുകയും ചെയ്യാൻ ഇടവന്നുപോകാതെ പ്രത്യേകം സൂക്ഷിക്കണം. ഞാൻ അദ്ദേഹത്തിൻെറ ആജ്ഞാനുസരണം ശരിയായി പ്രവർത്തിക്കാമെന്നു വാഗ്ദത്തംചെയ്തു. അപ്പോൾ മലിക്കിസാ ദിഖ് തൻെറ കൈവശം ഭദ്രമായി സൂക്ഷിച്ചുവച്ചിരുന്ന ഒരു ചിത്രം എന്നെ കാണിച്ചിട്ടു് “ഈ ചിത്രത്തിൽ കാണു ന്ന സ്ത്രീയെ ഭൂലോകത്തു് എവിടെനിന്നെങ്കിലും കണ്ടുപി ടിച്ചു് ഇവിടെ കൊണ്ടുവന്നു് എന്നെ ഏല്പിക്കണം. ഇതാ ണു നിങ്ങൾ ചെയ്യേണ്ട സഹായം” എന്നുപറഞ്ഞു. ആ ചിത്രം കൈയ്യിൽ വാങ്ങിക്കൊണ്ടു് ഞാനും മുബാറക്കും അവിടംവിട്ടു. ലോകം മുഴുവൻ ചുററിത്തിരഞ്ഞുനോക്കീട്ടും ആ രൂപത്തിലുള്ള ഒരു സ്ത്രീയേയും ഞങ്ങൾക്കു് ഒരിടത്തും കാണാൻ സാധിച്ചില്ല. അങ്ങനെ ഏഴു നീണ്ടവർഷങ്ങൾ ഞങ്ങൾ ചുററിനടന്നു. ഒടുവിൽ അനവധി മനോഹരമായ കെട്ടിടങ്ങളും വളരെയധികം ജനബാഹുല്യവുമുള്ള ഒരു മഹാ നഗരത്തിൽ ഞങ്ങൾ ചെന്നുചേൻ. അവിടെ തെരുവിൽ ഭിക്ഷയിരന്നുനടക്കുന്ന ഹിന്ദുസ്ഥാനത്തുകാരനായ ഒരു വൃദ്ധ നെക്കണ്ടു. അയാൾ പലരോടും കേണുയാചിച്ചിട്ടും ആരും അയാൾക്കു് ഒരു കാശുപോലും കൊടുക്കുന്നതു കണ്ടില്ല. ഒടുവിൽ ആ സാധുവിനോടു് എനിക്കു കനിവുതോന്നി

ഞാനയാൾക്കു് ഒരു പവൻ കൊടുത്തു. അയാൾ അതു വാങ്ങിക്കൊണ്ടു് അയാളുടെ താമസസ്ഥലത്തേയ്ക്കു മടങ്ങി. ഞാൻ അദ്ദേഹത്തെ അനുഗമിച്ചു. ആ വൃദ്ധൻ ഒടുവിൽ ഒരു ഊക്കൻകെട്ടിടത്തിനകത്തു ചെന്നുകയറി. ആ കെട്ടിടം ഇടിഞ്ഞുപൊളിഞ്ഞും നനഞ്ഞൊലിച്ചും ജീർണ്ണിച്ചിരുന്നു. ഒരുകാലത്തു് അതു് ഐശ്വര്യസമ്പൂർണ്ണമായിരുന്ന ഒരു മഹാസൌധമായിരുന്നുവെന്നു് അതു കണ്ടാൽ മനസ്സിലാകും. വൃദ്ധൻ തപ്പിത്തടഞ്ഞു് ഗൃഹത്തിലേക്കു പ്രവേശിച്ചപ്പോൾ വീട്ടിനകത്തുനിന്നു് ആരോ ഒരാൾ ഇങ്ങനെ വിളിച്ചുചോദിക്കുന്നതു കേട്ടു: "പിതാവേ, വിശേഷിച്ചൊന്നും സംഭവിച്ചിട്ടില്ലെന്നു കരുതുന്നു; ഇന്നെന്താണു് അങ്ങു് ഇത്രനേരത്തേ മടങ്ങിയെത്തിയതു്?" അതുകേട്ടു് വൃദ്ധൻ പതിവിനു വിപരീതമായി ഒരു പവൻ കിട്ടിയ കാര്യം മകളോടു പറഞ്ഞു. വളരെനാളായി വയറുനിറച്ചു് ആഹാരം കഴിക്കാൻ കാത്തിരിക്കുന്ന തനിക്കു് അന്നു നന്നായിട്ടു ഭക്ഷണംകഴിക്കുന്നതിനുവേണ്ടി മാംസം തുടങ്ങിയുള്ള ഭക്ഷണസാധനങ്ങൾ വാങ്ങിക്കൊണ്ടുവന്നിട്ടുണ്ടെന്നും അവൾക്കു ധരിക്കാനുള്ള വസ്ത്രങ്ങൾ കൊണ്ടുവന്നിട്ടുണ്ടെന്നുമുള്ള സന്തോഷവാർത്ത അറിയിച്ചിട്ടു് ആ വൃദ്ധൻ ഇങ്ങനെ പറഞ്ഞു: "വേഗം ഭക്ഷണം തയാറാക്കി കഴിച്ചിട്ടു് നമുക്കു് ഈവിധം ഉദാരമായ ദാനം നൽകിയ മഹാനുഭാവനുവേണ്ടി അല്ലാഹുവിനോടു പ്രാർത്ഥിക്കാം. അയാളുടെ ഹൃദയാഭിലാഷം എന്താണെന്നു് എനിക്കു നിശ്ചയമില്ല. അതെന്തുതന്നെ ആയാലും അല്ലാഹുവിനറിവുണ്ടായിരിക്കുമല്ലോ. അല്ലാഹു എല്ലാം കാണുന്നവനും അറിയുന്നവനുമാണു്. അല്ലാഹു നമ്മുടെ പ്രാത്ഥനയെ കൈക്കൊള്ളും."

ആ വൃദ്ധൻെറ ദയനീയമായ അവസ്ഥ കണ്ടപ്പോൾ അയാൾക്കു് ഇരുപതു പവൻകൂടി കൊടുത്തു് അയാളുടെ പ്രയാസങ്ങൾ തീർക്കാൻ എനിക്കാഗ്രഹം തോന്നി. പെട്ടെ

ന്നു ഞാൻ വീട്ടിനകത്തേക്കു്, അവിടെ മനുഷ്യശബ്ദം പുറപ്പെടുന്ന ഭാഗത്തേക്കു നോക്കിയപ്പോൾ ഒരു സ്ത്രീ എൻെറ കണ്ണിൽപെട്ടു. ആ കാഴ്ച എന്നെ അത്ഭുതത്തിനും ആനന്ദത്തിനും ഏകകാലത്തു വിധേയനാക്കിത്തീൎത്തു. ഞാൻ ഒരിക്കൽക്കൂടെ ആ സ്ത്രീയെ സൂക്ഷിച്ചുനോക്കി. എൻെറ കൈവശമിരുന്ന ചിത്രത്തേയും ഒന്നുകൂടെ പരിശോധിച്ചു. ആ ചിത്രം ആ വീട്ടിനകത്തിരുന്ന സ്ത്രീയുടേതാണെന്നു നിഷ്പ്രയാസം ബോദ്ധ്യമായി. എത്രയോ വർഷങ്ങളായി ലോകം മുഴുവൻ ചുററിനടന്നു നോക്കീട്ടും ഒരു തുമ്പും കിട്ടാതെയിരുന്ന ആ സ്ത്രീയെ ആ ഇടിഞ്ഞുപൊളിഞ്ഞ കെട്ടിടത്തിനകത്തു ആ അവസ്ഥയിൽ യാദൃച്ഛികമായിക്കാണ്മാൻ ഇടയായതിൽ ഞാൻ അല്ലാഹുവിനെ സ്തുതിച്ചു. വികാരാധിക്യത്താൽ ഞാൻ വിഗതപ്രജ്ഞനായിത്തീൎന്നു. മുബാറക്ക് എന്നെ വീശുകയും ശുശ്രൂഷിക്കുകയുംചെയ്തു. ഏതാനും നിമിഷങ്ങൾക്കുശേഷം എനിക്കു പരിസരങ്ങളെപ്പററി ഓൎമ്മയുണ്ടായി. ആ സ്ത്രീയെത്തന്നെ ഞാൻ കണ്ണിമയ്ക്കാതെനോക്കിനിന്നു. എന്താണു കഥയെന്നു മുബാറാക്ക് വിസ്മയംപൂണ്ടു. അപ്പോഴേയ്ക്കും അകത്തുനിന്നു് ആ സ്ത്രീയുടെ മധുരശബ്ദം ഇങ്ങനെ കേട്ടു: "യുവാവേ, അല്ലാഹുവിനെ ഭയപ്പെടുക, മറെറാരാൾ മറച്ചുവെച്ചിരിക്കുന്ന മാനത്തെ കണ്ണുകൊണ്ടു കവച്ചുചെയ്യാതെയിരിക്കുക; എല്ലാവൎക്കും ലജ്ജയുണ്ടായിരിക്കേണ്ടതാണു്.' അവളുടെ വാക്കുകളിൽ തങ്ങിനിന്നിരുന്ന വിനയവും മാധുൎയ്യവും അവളുടെ സൌന്ദൎയ്യത്തെപ്പോലെതന്നെ എൻെറ ഹൃദയത്തെ മയക്കി. മുബാറക് എന്നെ സാന്ത്വനപ്പെടുത്തിയെങ്കിലും അയാൾക്കു് എൻെറ ഹൃദയത്തെ കലക്കിമറിച്ചുകൊണ്ടിരുന്ന വികാരം എന്താണെന്നറിയാൻ കഴിഞ്ഞില്ല. ഏതായാലും തൽക്കാലം മറവുമാൎഗ്ഗങ്ങളൊന്നും തോന്നാതെയിരുന്നതിനാൽ ഞാൻ ഇങ്ങനെ വിളിച്ചുപറഞ്ഞു:—"ഈ ഗൃഹത്തിൽ വസിക്കുന്ന സമസ്തസൃഷ്ടികളേ! ഞാൻ സാധുവായ ഒരു ദേശസഞ്ചാരിയാ

ണു്. ദയവുചെയ്തു് എന്നെ നിങ്ങളുടെ അടുക്കൽ അവിടെ എവിടെയെങ്കിലും വിശ്രമിക്കാൻ അനുവദിച്ചാൽ അതു് നിങ്ങൾ ചെയ്യുന്ന വലുതായ ഔദാൎയ്യമായിരിക്കും.” ആ വൃദ്ധൻ എന്നെ അടുത്തുവ ളിച്ചു് എൻെറ ശബ്ദംകൊണ്ടു് എന്നെ ആൾ തിരിച്ചറിഞ്ഞു. അനന്തരം അയാൾ എന്നെ യുവതിയായ അയാളുടെ പുത്രി ഇരുന്ന സ്ഥലത്തേയ്ക്കു് കൂട്ടക്കൊണ്ടുപോയി. എൻെറ ഊരും പേരും യാത്രോദ്ദേശവുമെല്ലാം അറിയാൻ ആ വൃദ്ധൻ ആഗ്രഹിക്കുകയാൽ ഞാൻ വിവരങ്ങളെല്ലാം അദ്ദേഹത്തെ അറിയിച്ചു. എന്നാൽ മലിക്കിസാദിഖിൻെറ കാൎയ്യം മാത്രം വെളിപ്പെടുത്തയില്ല. എൻെറ കഥയെല്ലാം ശ്രദ്ധിച്ചുകേട്ടതിനുശേഷം ആ വൃദ്ധൻ ഒരു ദീൎഘനിശ്വാസത്തോടുകൂടി ഇങ്ങനെ പറഞ്ഞു: “സ്നേഹിതാ, എൻെറ മകൾ വലിയ നിൎഭാഗ്യാവസ്ഥകളാൽ വലയംചെയ്യപ്പെട്ടിരിക്കുന്നവളാണു്; അവളെ വിവാഹം കഴിച്ചു് അവളുമായി ഭാൎയ്യാഭൎത്തൃബന്ധം സ്ഥാപിക്കാൻ ആൎക്കും സാദ്ധ്യമല്ല” അതേപ്പററിയുള്ള കൂടുതൽ വിവരങ്ങൾ അറിയാൻ ഞാൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ ആ വൃദ്ധൻ ഇങ്ങനെ തുടൎന്നു:—“പ്രിയപ്പെട്ട രാജകുമാരാ, ഞാൻ ഈ രാജ്യത്തിലെ പ്രശസ്തനായ ഒരു പ്രഭുവായിരുന്നു. ഈ നഗരത്തിൽ ജനിച്ചുവളൎന്ന എൻെറ കുടുംബംവകയായിരുന്നു ഈ മന്ദിരം. എൻെറ പൂൎവ്വികന്മാർ വളരെ പേരും പെരുമയും ആൎജ്ജിച്ചവരാണു്. ഞാൻ അവരുടെ പിൻഗാമിയായി അവരെപ്പോലെതന്നെ പ്രതാപശാലിയായി ജീവിച്ചുവന്നു. അന്നു് ഈ ജീൎണ്ണിച്ച കെട്ടിടം ആരേയും അത്ഭുതപ്പെടുത്തുന്ന ഒരു മണിമാളികയായിരുന്നു. അങ്ങനെയിരിക്കുമ്പോൾ എനിക്കൊരു പുത്രി ജനിച്ചു. ആ സന്താനമാണു് ഈ ഭാഗ്യഹീനയായ യുവതി. അവൾ വളൎന്നു യൗവ്വനത്തിലേയ്ക്കു കാലൂന്നിയതോടെ അവളെപ്പോലെ സൌന്ദൎയ്യവും സൽഗുണങ്ങളും കൂടിക്കൊണ്ടിരുന്ന ഒരു യുവതി ലോകത്തെങ്ങും ഇല്ലെന്നുള്ള

പ്രസിദ്ധി അവൾക്കു സിദ്ധിച്ചു. അവളുടെ പ്രസിദ്ധി ദിഗന്തങ്ങളിലെല്ലാം പരന്നു. രാജകൊട്ടാരത്തിലും ആ വാൎത്തയറിഞ്ഞു. രാജാവിൻെറ കിരീടാവകാശിയായ ഏകപുത്രൻ എൻെറ പുത്രിയെ കാണാനും അവളുടെ സൌന്ദൎയ്യസൌശീല്യാദിഗുണങ്ങൾ നേരിട്ടറിയാനും ഇടയായി. അവളിൽ രാജകുമാരൻ അനുരക്തനായി. അങ്ങനെ എൻെറ പുത്രിയെ യുവരാജാവു വിവാഹംകഴിച്ചു. വിവാഹാനന്തരം പ്രഥമരാത്രിയിൽ ദമ്പതിമാർ ശയ്യാഗൃഹത്തിൽ പ്രവേശിച്ചു. രാജകുമാരൻ അവളുമായി ശാരീരികബന്ധത്തിന് ഉദ്യമിക്കവേ കൊട്ടാരവും പരിസരങ്ങളും മാറെറാലിക്കൊള്ളത്തക്കവിധത്തിൽ ഭയങ്കരമായ ഒരു ശബ്ദകോലാഹലം ആ മണിയറയിൽ കേട്ട് രാജാവും മററാളുകളും അവിടെ ഓടിയെത്തി. ആ മുറിയ്ക്കകത്തു ഭയങ്കരമായ അലച്ചയും ഞരങ്ങലും കേട്ട് കാൎയ്യമെന്തെന്നറിയാതെ എല്ലാവരും അമ്പരന്നു. ഒടുവിൽ വാതിൽ ബലപ്രയോഗത്താൽ തുറന്ന് അകത്തു പ്രവേശിച്ചപ്പോൾ അവിടെക്കണ്ട അത്ഭുതകരമായ കാഴ്ച എല്ലാവരേയും സ്തബ്ധരാക്കി. രാജകുമാരൻ ശിരസ്സ് ശരീരത്തിൽനിന്നു വെട്ടി വേർപെടുത്തപ്പെട്ട് നിണപ്പുഴയിൽ മുഴകിക്കിടക്കുന്നതും എൻെറ പുത്രി വായിൽ നുരയും വമിച്ചുകൊണ്ട് മോഹാലസ്യത്തിൽ ആണ്ടുകിടക്കുന്നതും കണ്ടു. കുറച്ചുനേരം കഴിഞ്ഞ് അവൾ ഉണൎന്നു. അവിടെ നടന്ന സംഭവത്തെപ്പററി അവൾക്കു യാതൊന്നും ഓൎമ്മയില്ലായിരുന്നു. ഈ ഭാഗ്യഹീനയായ യുവതിയെ വിവാഹം ചെയ്തതുനിമിത്തമാണു രാജകുമാരനു് ഈ ദുൎവ്വിധി നേരിട്ടതെന്നു രാജാവ് ധരിച്ചു. കോപാക്രാന്തനായ രാജാവ് എൻെറ പുത്രിയുടെ കഴുത്തുവെട്ടിക്കളെയാൻ കല്പനകൊടുത്തു. ആ കല്പന പുറപ്പെട്ട നിമിഷത്തിൽ തലേരാത്രിയിൽ കേട്ടതുപോലെയുള്ള ശബ്ദകോലാഹലം അവിടെ മുഴങ്ങി. ജീവഭയത്താൽ രാജാവും പരിവാരങ്ങളും അവിടെനിന്നു പോകയും എൻെറ പുത്രിയെ കൊട്ടാരത്തിനു പുറത്താ

ക്കാൻ രാജാവു തീരുമാനിക്കുകയുംചെയ്തു. അതനുസരിച്ച് ഇവളെ ഇവിടെക്കൊണ്ടുവിട്ടിട്ട് രാജഭൃത്യന്മാർ മടങ്ങി. ഈ വൎത്തമാനം നാടൊട്ടുക്കു പരക്കുകയും കേൾക്കുന്നവരെയെല്ലാം അമ്പരപ്പിക്കുകയുംചെയ്തു. രാജകുമാരൻെറ മരണത്തിനു് ഈ വിവാഹമാണു കാരണമായിത്തീൎന്നതെന്നുള്ള വിശ്വാസത്താൽ രാജാവു് എൻെറ ബദ്ധശത്രുവായിത്തീരുകയും എൻെറ ജീവഹാനിവരുത്താൻ തീരുമാനിക്കുകയും ചെയ്തു. ആചാരമൎയ്യാദയനുസരിച്ച് ഞങ്ങൾ നാല്പതുദിവസത്തെ ദുഃഖാചരണം പൂൎത്തിയാക്കിയപ്പോൾ രാജാവു് തൻെറ ഉപദേഷ്ടാക്കളെ വരുത്തി ഇക്കാൎയ്യത്തിൽ കൈക്കൊള്ളേണ്ട അനന്തരപരിപാടിയെന്തെന്നാലോചിച്ചു. രാജാവിൻെറ ഹൃദയവേദന ശമിക്കുന്നതിനും അദ്ദേഹത്തിനു മനസ്സമാധാനം ഉണ്ടാകുന്നതിനും ഏററവും പററിയ മാർഗ്ഗം എന്നേയും എൻെറ പുത്രിയേയും വധിച്ചിട്ട് എൻെറ സ്വത്തുക്കളെല്ലാം കണ്ടുകെട്ടുകയാണെന്നവർ തീരുമാനിച്ചു. ആ കല്പന നടത്താൻ രാജകിങ്കരന്മാർ ആയുധധാരികളായി എൻെറ വാസസ്ഥലത്തേയ്ക്കു വന്നു. അവർ ഗൃഹത്തിലേക്കു പ്രവേശിക്കാൻ കാലെടുത്തുവച്ച ഉടൻതന്നെ ഏതോ അജ്ഞാതവും അദൃശ്യവും ആയ കൈകളുടെ പ്രവൎത്തനത്താൽ അവരുടെ ശരീരങ്ങളിൽ കല്ലും ചുടുകട്ടയും വൎഷിക്കപ്പെട്ടു. അതിനെ തട്ടുത്തുനില്ക്കാൻ കഴിവില്ലാതെ അവർ ഓടിമറഞ്ഞു. ഈ സംഭവത്തെത്തുടൎന്നു് ഭയങ്കരമായ ശബ്ദകോലാഹലവും അവിടെയെല്ലാം മുഴങ്ങി. കൊട്ടാരത്തിലിരുന്ന രാജാവിൻെറ കൎണ്ണങ്ങളിൽ ഇങ്ങനെ മുഴങ്ങിക്കേട്ടു:— "നിനക്കു് എന്തു ഗ്രഹപ്പിഴയാണു ബാധിച്ചിരിക്കുന്നതു്! നിനക്കു് എന്തു പേപിടിച്ചിരിക്കുന്നു! നിൻെറ ക്ഷേമത്തിൽ നിനക്കു കൊതിയുണ്ടെങ്കിൽ ആ സൗന്ദൎയ്യറാണിയെ ഒരുവിധത്തിലും അസഹ്യപ്പെടുത്താൻ തുനിയരുതു്. നീ അവളോടു പകപൂണ്ടിരുന്നാൽ അവളെ വിവാഹംകഴിച്ചു സുഖിക്കാനൊരുങ്ങിയ നിൻെറ പുത്രൻെറ അനുഭവംതന്നെ

നിനക്കും വന്നുചേരുമെന്നറിയുക. അവളെ ശല്യപ്പെടുത്തിയാൽ അതിൻെറ ഫലം നിനക്കു ദുഃഖമായിരിക്കുമെന്നു ധരിച്ചുകൊള്ളുക.” ഇതുകേട്ടു ഭയവിഹ്വലനായ രാജാവ് ആരും ഞങ്ങളെ ശല്യപ്പെടുത്തരുതെന്നും ഞങ്ങളുമായി ജനങ്ങളാരും ഒരുപ്രകാരത്തിലും സമ്പക്കത്തിലേപ്പെടരുതെന്നും പ്രഖ്യാപനംചെയ്തു. അങ്ങനെ ജനങ്ങളെല്ലാം ഞങ്ങളെ ഒററപ്പെടുത്തിയിരിക്കുകയാണ്. ഞാൻ ഭിക്ഷയിരന്നാൽ തന്നെയും ഈ നഗരത്തിലെ ജനങ്ങൾ യാതൊന്നും തന്നു സഹായിക്കുകയില്ല; ഞങ്ങളെ എല്ലാവരും വെറുക്കുന്നു. അക്കാരണത്താൽ ഞാനും എൻെറ മകളും അതികഠിനമായ ദാരിദ്ര്യവും കഷ്ടപ്പാടും അനുഭവിച്ചു ജീവിക്കുകയാണ്. അവൾക്കു നഗ്നതമറയ്ക്കാനുള്ള വസ്ത്രംപോലും ഇല്ല. അങ്ങനെയിരിക്കുമ്പോഴാണ് നിങ്ങളുടെ കാരുണ്യംകൊണ്ടു് ഒരു പവൻ എനിക്കു ലഭിച്ചതു്. രാജകുമാരൻെറ മരണകാരണത്തെസംബന്ധിച്ച് ഒരുദിവസം ഞാൻ എൻെറ മകളോടു ചോദിച്ചപ്പോൾ അവൾ ഇത്രയും വിവരങ്ങൾ എന്നെ ധരിപ്പിച്ചു:—“വിവാഹദിവസം രാത്രിയിൽ ഭത്താവ് എൻെറ ശരീരത്തു തൊടാനായി അടുത്തപ്പോൾ എവിടെനിന്നോ ഒരു മുഴക്കം കേൾക്കുകയും മുറിയുടെ മേൽക്കൂരഭേദിച്ചുകൊണ്ടു് ഒരു സിംഹാസനം മുറിയ്ക്കകത്തു പ്രവേശിയ്ക്കുയും ചെയ്തതു കണ്ടു. ആ സിംഹാസനം രത്നഖചിതമായി മിന്നിത്തിളങ്ങുന്നതായിരുന്നു. അതിനകത്തു് അതികോമളനായ ഒരു യുവാവ് ഇരിപ്പുണ്ടായിരുന്നു. അയാളെ അകമ്പടിസേവിച്ചു വന്നിരുന്ന പലരുംകൂടി എൻെറ ഭത്താവിനെ ആക്രമിക്കാൻ തുടങ്ങിയപ്പോൾ യുവാവ് സിംഹാസനത്തിൽനിന്നിറങ്ങി എൻെറ സമീപത്തുവന്നു് “എൻെറ പ്രേമഭാജനമേ, ഇപ്പോൾ നീ എന്നിൽനിന്നു് എവിടെപ്പോയി മറഞ്ഞു രക്ഷപ്പെടും?” എന്നു് എന്നോടു ചോദിച്ചു. അവർ എല്ലാവരും മനുഷ്യരായിത്തന്നെ കാണപ്പെട്ടു. എന്നാൽ അവരുടെ പാദങ്ങൾ ആട്ടിൻെറ കുളമ്പുപോലെ

യുള്ള ആകൃതി പൂണ്ടിരുന്നുവെന്നൊരു വിശേഷം മാത്രമുണ്ടായിരുന്നു. ഇതെല്ലാം കണ്ടു ഞാൻ ബോധക്ഷയത്തിൽ വീണു. അതിന്നുശേഷം നടന്നതൊന്നും എനിക്കറിവില്ല." ഇങ്ങനെ അത്ഭുതകരമായ ഏതോ ബാധയുപദ്രവത്തിന്നു വിധേയയല്ലായിരുന്നുവെങ്കിൽ അവളെ എനിക്കു സന്തോഷപൂർവ്വം വിവാഹംകഴിച്ചു തരാമായിരുന്നുവെന്നും, ഈ പരിതഃസ്ഥിതിയിൽ അവളെപ്പററിയുള്ള ചിന്ത ഉപേക്ഷിച്ചുകളയണമെന്നും വൃദ്ധൻ എന്നെ ഉപദേശിച്ചു. അതെല്ലാം കേട്ടതിനുശേഷം എനിക്കെന്തൊപത്തും വന്നുകൊള്ളട്ടെയെന്നും ഞാനതിൽ ഭയപ്പെടുന്നില്ലെന്നും എനിക്കവളെ വിവാഹം ചെയ്തേ മതിയാവൂ എന്നും നിർബന്ധപൂർവ്വം അപേക്ഷിച്ചു. വൃദ്ധൻ ഒരുപ്രകാരത്തിലും അതിന്നു സമ്മതിച്ചില്ല. എങ്കിലും ഞാൻ ആ വീട്ടിൽ പതിവായി പോകുകയും അവരുടെ ചെലവിന്നുവേണ്ട പണം കൊടുക്കുകയും ചെയ്തുവന്നു. കുറേദിവസങ്ങൾ കഴിഞ്ഞു് ആ വൃദ്ധൻ സുഖക്കേടായി കിടപ്പിലായി. ഞാൻ അയാളെ വളരെ കാര്യമായി ശുശ്രൂഷിക്കുകയും മരുന്നുവാങ്ങി കൊടുക്കുകയുംചെയ്തു. വൃദ്ധനു് എന്നോടു നാൾക്കുനാൾ സ്നേഹവും ആദരവും വർദ്ധിച്ചുവന്നു. ഒടുവിൽ വൃദ്ധൻ മരണമടഞ്ഞു. അങ്ങനെ ആ യുവതി നിരാലംബയായിത്തീർന്നു. ഞാൻ അവളുടെ സംരക്ഷണംനടത്തുകയും ക്രമേണ അവൾക്കു് എന്നോടു സ്നേഹംതോന്നുകയും ചെയ്തു. ആ സുന്ദരിയായ യുവതിയെ എങ്ങനെയെങ്കിലും വിവാഹംചെയ്തു് എനിയ്ക്കുതന്നെ അവളെ സ്വന്തമാക്കണമെന്നും മലിക്കിസാദഖിൻെറ സഹായമൊന്നും എനിക്കു വേണ്ടായെന്നും ഞാൻ വിചാരിച്ചു. ആ വിവരം അറിഞ്ഞു മുബാറക്ക് എന്നെ കർശനമായി താക്കീതുചെയ്യുകയും ഒടുവിൽ എൻെറ ആഗ്രഹസാദ്ധ്യത്തിന്നൊരുപായം കണ്ടുപിടിക്കുകയുംചെയ്തു. ആ യുവതിയുടെ ശരീരത്തിൽ മുബാറകിൻെറ കൈവശമുള്ള ഒരു തൈലം പുരട്ടണമെന്നും അങ്ങനെ അവളെ മലിക്കിസാദിഖിൻെറ

മുമ്പിൽ കൊണ്ടുചെല്ലണമെന്നും ആ തൈലത്തിന്റെ ദുർഗ്ഗന്ധം സഹിക്കാതെ ജിന്നുകളുടെ രാജാവ് ആ യുവതിയെ എനിക്കുതന്നെ തരുമെന്നുമായിരുന്നു ആ ഉപായം. ആപ്രകാരം ചെയ്തിട്ടു ഞങ്ങൾ മലിക്കിസാദിഖിന്റെ കൊട്ടാരത്തിലെത്തി. യുവതിയുടെ സമീപം മലിക്കിസാദിഖ് പ്രേമപൂർവ്വം അടുത്തപ്പോൾ അവളുടെ ശരീരത്തിൽനിന്നു വമിച്ച തൈലത്തിന്റെ ദുർഗ്ഗന്ധം അയാൾക്കു് അസഹനീയമായിത്തോന്നി. ഞങ്ങളുടെ കൃത്രിമം മനസ്സിലാക്കിയ ജിന്നുകളുടെ രാജാവു കോപംകൊണ്ടു വിറച്ചു. അയാൾ എന്നെ കഠിനമായി ശകാരിച്ചു. അയാളുടെ അപ്പോഴത്തെ ഭാവം കണ്ടപ്പോൾ അടുത്തനിമിഷം അയാൾ എന്റെ കഥകഴിക്കുമെന്നു ഞാൻ തീർച്ചപ്പെടുത്തി. ജീവാപായം നേരിടാനുള്ള ആ മുഹൂർത്തത്തിൽ നിരാശയാൽ പ്രേരിതനായി ഞാൻ മുബാറക്കന്റെ അരയിൽ തിരുകിയിരുന്ന കഠാരിവലിച്ചെടുത്തു മലിക്കിസാദിഖിന്റെ വയററിൽ കുത്തിയിറക്കി. കുത്തേററു് അയാൾ വളയുകയും കാലിടറി പുറകോട്ടു വീഴുകയുംചെയ്തു. അയാളുടെ കഥ തീർന്നുവെന്നു ഞാൻ ഊഹിച്ചു. എന്നാൽ ആ മുറിവു് അത്ര അപകടകരമല്ലെന്നു് ഉത്തരക്ഷണത്തിൽ ഞാൻ മനസ്സിലാക്കി. അങ്ങനെ വരാനുള്ള കാരണം എന്നെ വിസ്മയിപ്പിച്ചു. അടുത്തനിമിഷത്തിൽ മലിക്കിസാദിഖ് തറയിൽകിടന്നുരുളുന്നതും ഒരുക്ഷണത്തിൽ ഒരു ചെറിയ പന്തിന്റെ ആകൃതിപൂണ്ടു് ആകാശത്തേയ്ക്കുയരുന്നതും ഞാൻ കണ്ടു. അയാൾ ആകാശത്തിൽ വളരെ ഉയരത്തിൽ പൊങ്ങുകയും അയാളെ കാണാതെ ആകുകയുംചെയ്തു. അങ്ങനെ ഒരു ക്ഷണനേരം കഴിഞ്ഞപ്പോൾ അയാൾ മിന്നൽവേഗത്തിൽ പാഞ്ഞുകൊണ്ടും കോപാക്രാന്തനായി എന്തോ പിറുപിറുത്തുകൊണ്ടും എന്റെ നേർക്കു താഴുന്നതും എന്നെ ശക്തിയോടെ ഒന്നു തൊഴിക്കുന്നതും കണ്ടു. ആ തൊഴിയേററു് എന്റെ തലകറങ്ങി, കണ്ണുകാണാതെയാകുകയും ഞാൻ തറയിൽ

മലൎന്നുവീണു ബോധരഹിതനാകുകയുംചെയ്തു. അങ്ങനെ എത്രനേരം ഞാൻ കിടന്നുവെന്നു് എനിക്കു നിശ്ചയമില്ല. ഒടുവിൽ ബോധം തെളിഞ്ഞു കണ്ണുതുറന്നു നോക്കിയപ്പോൾ കല്ലുംമുള്ളും നിറഞ്ഞ ഒരു വിജനപ്രദേശത്തു ഞാൻ കിടക്കുന്നതായി കണ്ടു. ഞാൻ ഒരുവിധത്തിൽ എഴുന്നേററു. എവിടെപ്പോകണമെന്നും എന്തുചെയ്യണമെന്നും എനിക്കു യാതൊരു നിശ്ചയവുമില്ലായിരുന്നു. കണ്ണിൽകണ്ട ഒരു വഴിത്താരയിൽക്കൂടെ ഞാൻ മുന്നോട്ടു നടന്നുപോയി. വഴിയിൽ കാണുന്നവരോടെല്ലാം ഞാൻ മലിക്കിറബാദിഖിനെപ്പററിയുള്ള വിവരങ്ങൾ അന്വേഷിച്ചു. അവർ അങ്ങനെയൊരു പേരു കേട്ടിട്ടുപോലുമില്ലെന്നു പറഞ്ഞു. എന്നെ അവർ ഭ്രാന്തനാണെന്നു കരുതുകയുംചെയ്തു. ഞാൻ അങ്ങനെ കുറേ ദിവസം ഭ്രാന്തനായി അലഞ്ഞുനടന്നതിനുശേഷം ജീവിതം അവസാനിപ്പിക്കാൻതന്നെ തീരുമാനിച്ചു. അതിലേക്കു വേണ്ടി ഞാൻ അത്യുന്നതമായ ഒരു പൎവ്വതശിഖരത്തിൽ കയറിനിന്നുകൊണ്ടു താഴെച്ചാടാൻ തയ്യാറായി നിന്നു. അപ്പോൾ നിങ്ങൾ മൂന്നുപേരേയും മരണത്തിൽനിന്നു തടഞ്ഞതായ ആ മൂടുപടംധരിച്ച അശ്വാരൂഢൻ എന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അദ്ദേഹം എന്നോടിങ്ങനെ പറഞ്ഞു:—നിങ്ങൾ എന്തിനാണു നിങ്ങളുടെ പ്രാണനെ വെടിയാൻ ഉദ്യമിക്കുന്നതു്? മനുഷ്യനു് പലവിധത്തിലുള്ള വേദനയും കഷ്ടപ്പാടും അനുഭവിക്കേണ്ടിവരും. നിങ്ങളുടെ ദുഷ്കാലം മാറിക്കഴിഞ്ഞു; ഇനിമേൽ നിങ്ങൾക്കു ശുഭകാലമാണു്. ഉടൻതന്നെ പുറപ്പെട്ടു കാൺസ്റ്റാൻറിനോപ്പിളിലെത്തിക്കൊള്ളുക. നിങ്ങളെപ്പോലെ ദുഃഖിതരായ മൂന്നുപേർ അവിടെ ചെന്നുചേൎന്നിട്ടുണ്ടു്. അവരേയും ആ രാജ്യത്തിലെ രാജാവിനേയും കണ്ടെത്തുക. അപ്പോൾ അവിടെ വെച്ചു നിങ്ങൾ അഞ്ചുപേരുടേയും ആഗ്രഹസാഫല്യം ഉണ്ടാകും.” അതനുസരിച്ചു ഞാൻ ഇവിടെ വന്നുചേരുകയും നാം നാലുപേരും ഒരുമിച്ചു കൂടുകയും രാജാവിനെ

കാണുകയുംചെയ്തു. ഇനി നമ്മെ ആശ്വസിപ്പിച്ച ദിവ്യ പുരുഷൻെറ * അനുഗ്രത്താൽ നമുക്ക് ഇംഗിതം ലഭിക്കാതിരിക്കയില്ല.

നാലാമത്തെ ഫക്കീർ അദ്ദേഹത്തിൻെറ കഥപറഞ്ഞവസാനിപ്പിച്ചയുടൻ കൊട്ടാരത്തിലെ അന്തഃപുരത്തിൽ നിന്നും ഒരു ഭൃത്യൻ ഓടിക്കിതച്ച് അസാദ്ബ്ഖ്ത്രാജാവിൻെറ മുമ്പിൽ വന്നു വണങ്ങിനിന്നുകൊണ്ട് ഇങ്ങനെ സന്തോഷവാർത്ത അറിയിച്ചു—"ഈ ക്ഷണത്തിൽ ഒരു രാജകുമാരനെ അന്തഃപുരത്തിൽ പ്രസവിച്ചിരിക്കുന്നു. കുട്ടിയുടെ ശോഭകണ്ടാൽ സൂര്യചന്ദ്രന്മാർ ലജ്ജിച്ച തലകുനിക്കേണ്ടതാണ്." അതുകേട്ട് അത്ഭുതാധീനനായ രാജാവ് "അന്തഃപുരത്തിൽ രാജപത്നിമാരിൽ ആരും ഗർഭവതിയായിക്കാണപ്പെട്ടില്ലല്ലോ, ആരാണു പ്രസവിച്ചതു്?" എന്നു ചോദിച്ചു. അതിനുത്തരമായി ആ ഭൃത്യൻ ഇങ്ങനെ മറുപടി നൽകി:—"തിരുമനസ്സിലെ 'മഹറൂ' എന്ന അടിമസ്ത്രീ ഗർഭംധരിച്ചതു മുതൽ ആരുടേയും ശ്രദ്ധയിൽപെടാതെ അന്തഃപുരത്തിൻെറ ഒരു കോണിൽ ഒതുങ്ങിപ്പാർക്കുകയായിരുന്നു. ആ സ്ത്രീയാണ് പൂർണ്ണചന്ദ്രനെപ്പോലെ തേജസ്സ്വിയായ ഈ ആൺകുഞ്ഞിനെ പ്രസവിച്ചതു്." രാജാവ് ആ നാലു ഫക്കീറന്മാരേയും വിനയപൂർവം വന്ദിക്കുകയും അവരുടെ വരവാണു തനിക്ക് ഈ ഭാഗ്യോദയത്തിനു കാരണമായിത്തീർന്നതെന്നറിയിക്കുകയും ചെയ്തു. ഒടുവിൽ അവരുടെ അനുമതിയുംവാങ്ങി രാജാവ് അന്തഃപുരത്തിൽ പ്രവേശിച്ചു രാജകുമാരനെ തൃക്കൺപാർത്തു സന്തോഷിച്ചു. ആ കുഞ്ഞിനെ രാജാവു മടിയിൽവെയ്ക്കുകയും മാറോടണച്ചു ചുംബിക്കുകയുംചെയ്തിട്ട് ആ ഫക്കീറന്മാരുടെ

---

* മൂടുപടംധരിച്ചു കുതിരപ്പുറത്തുകയറിവന്ന ആ ദിവ്യപുരുഷൻ 'അലി മുഷ്കിൽ കോഷാ' ആണെന്ന് ഒന്നാമത്തെ ഫക്കീർ വെളിപ്പെടുത്തീട്ടുണ്ട്.

മുമ്പിൽ കുഞ്ഞിനെ എടുത്തുകൊണ്ടുപോയി അവരുടെ അനുഗ്രഹാശിസ്സുകൾ വാങ്ങുകയുംചെയ്തു. ഈ മഹാഭാഗ്യം സിദ്ധിച്ചതിൽ അത്യന്തം സന്തുഷ്ടനായ രാജാവു നാടൊട്ടുക്ക് ആഹ്ലാദം കൊണ്ടാടാൻ ഏർപ്പാടുചെയ്യുകയും സാധുക്കൾക്ക വേണ്ടുവോളം ധനം കൊടുക്കുകയും ജനങ്ങൾക്ക് അഞ്ചുകൊല്ലത്തേക്ക കരം ഇളവുചെയ്തുകൊടുക്കുകയുംചെയ്തു. നാഗരംമുഴുവൻ ആനന്ദോത്സവം കൊണ്ടാടി. ജനങ്ങളെല്ലാം രാജതുല്യമായ സദ്യയും സന്തുഷ്ടിയും ആസ്വദിച്ചു.

ഈ ആഘോഷങ്ങൾ പൊടിപൂരമായി നടന്നുകൊണ്ടിരിക്കുമ്പോൾ അന്തഃപുരത്തിനകത്തുനിന്നും ഉച്ചത്തിലുള്ള നിലവിളിയും വിലാപവും കേട്ടു. പരിഭ്രാന്തരായി രാജസന്നിധിയിൽ ഓടിയെത്തിയ ഭൃത്യജനങ്ങൾ രാജാവിനോട് ഇങ്ങനെ വിവരമുണർത്തിച്ചു:—"ഞങ്ങൾ രാജകുമാരനെ കുളിപ്പിച്ച് കുഞ്ഞിനെ വളർത്താൻ നിയുക്തയായ പരിചാരകയുടെ കൈയ്യിൽ കൊടുത്തു. തൽക്ഷണം ആകാശത്തുനിന്ന് ഒരു വെണ്മേഘം താണുവന്ന് ആ പരിചാരികയെ വലയം ചെയ്തു. അടുത്തനിമിഷത്തിൽ ആ പരിചാരിക തറയിൽ കമിഴ്ന്നുവീണ് മൂർച്ഛിച്ചുകിടക്കുന്നതായി കാണപ്പെടുകയും രാജകുമാരനെ അവിടെയെങ്ങും കാണാതാകയും ചെയ്തിരിക്കുന്നു. എത്ര ഭയങ്കരമായ ആപത്താണ് സംഭവിച്ചത്!" ഈ അത്ഭുതസംഭവമറിഞ്ഞു് രാജാവ് ഇടിയേററതുപോലെ സ്തബ്ധനായി. ജനങ്ങളെല്ലാം ദുഃഖത്തിൽ മുഴുകി. രണ്ടു ദിവസത്തേയ്ക്കു് ആരും യാതൊരാഹാരവും കഴിക്കാതെ കണ്ണുനീർവാർത്തു ദുഃഖം ആചരിച്ചു. എല്ലാവരും നിരാശരായി. മൂന്നാംദിവസം ആ വെള്ളമേഘം വീണ്ടും ആകാശത്തു പ്രത്യക്ഷപ്പെടുന്നതും ക്രമേണ താണുവന്നു ഭൂമിയിൽ ഇറങ്ങുന്നതും കണ്ടു. ആ മേഘത്തിനിടയ്ക്കു് വിശിഷ്ടരത്നങ്ങൾ പതിച്ചതും പവിഴംകൊണ്ടു നിർമ്മിക്കപ്പെട്ടതുമായ ഒരു തൊട്ടിൽ ഇരിക്കുന്നതും കാണപ്പെട്ടു ആ മേഘം

ഭൂമിയിൽ താണിറങ്ങീട്ടു വീണ്ടും ആകാശത്തേയ്ക്കുയൎന്നു. മേഘം ആകാശത്തേക്കു പൊങ്ങിയപ്പോഠം ആ തൊട്ടിൽ തറയിൽ ഇരിക്കുന്നതും അതിനകത്തു് രാജകുമാരൻ പുഞ്ചിരിയോടുകൂടി വിരൽ വായിൽവച്ചു നുണച്ചുകൊണ്ടു് കിടക്കുന്നതും കണ്ടു. കുമാരൻെറ മാതാവു് ഓടിവന്നു് കുഞ്ഞിനെ എടുത്തു മാറോടണച്ചു ചുംബിച്ചാനന്ദിച്ചു. കുട്ടിയുടുണിഞ്ഞിരുന്ന വിശിഷ്ടമായ പട്ടുടുപ്പിൻെറ അരുവുകളിൽ പവിഴംകൊണ്ടു വിചിത്രമായ തുന്നൽവേലചെയ്തിരിക്കുന്നതായും, കുട്ടിയുടെ അരയിലും കാലുകളിലും രത്നം പതിച്ച സ്വർണ്ണാഭരണങ്ങളും കഴുത്തിൽ വൈരക്കല്ലുകോൎത്തുണ്ടാക്കിയ ഒരു കണ്ഠാഭരണവും അണിഞ്ഞിരുന്നതായും കാണപ്പെട്ടു. തൊട്ടിലിനകത്തു പലതരത്തിലുള്ള പാവകളും കളിപ്പാട്ടങ്ങളും ശേഖരിച്ചിരുന്നു. എല്ലാവരും ആനന്ദത്തിൽ മതിമറന്നവരായിത്തീരുകയും അല്ലാഹുവിനെ സ്തുതിക്കുകയും കുഞ്ഞിനു് അനുഗ്രഹംനൽകുകയുംചെയ്തു. രാജാവു് ഒരു പ്രത്യേകകൊട്ടാരം നിർമ്മിച്ചു് അദ്ദേഹത്തിൻെറ മിത്രങ്ങളായ നാലു ഫക്കീറന്മാരെയും അവിടെ താമസിപ്പിക്കുകയും അവരുടെ സുഖസൌകൎയ്യാദികാം ശ്രദ്ധാപൂർവം അന്വേഷിക്കുകയുംചെയ്തുവന്നു. കൂടക്കൂടെ രാജാവു് അവരെ സന്ദർശിക്കുകയുംദീർഘനേരം അവരുമായി സംഭാഷണത്തിലേൎപ്പെടുകയുംചെയ്തിരുന്നു. എല്ലാ മാസത്തിലും ആദ്യത്തെ വ്യാഴാഴ്ചദിവസം മുൻപറഞ്ഞ വെള്ളമേഘം ഭൂമിയിലിറങ്ങി രാജകുമാരനെ വഹിച്ചുകൊണ്ടു പറക്കുകയും രണ്ടുദിവസംകഴിഞ്ഞു് ഒട്ടധികം വിലപിടിച്ച കളിക്കോപ്പുകളും വിവിധ രാജ്യങ്ങളിലുള്ള അപൂർവസാധനങ്ങളുമായി തിരിച്ചുകൊണ്ടുവരികയും ചെയ്ക പതിവായിരുന്നു. അങ്ങനെ കാലം മുമ്പോട്ടു നീങ്ങുകയും രാജകുമാരനു് ഏഴുവയസ്സു പൂൎത്തിയാകുകയും ചെയ്തു.

രാജാവിന്ന് തന്റെ പുത്രനെ ആരു കൊണ്ടുപോകുന്നുവെന്നും ആരാണ് കുമാരനോട്ട് ഇത്രയും സ്നേഹവും താല്പര്യവും കാണിക്കുന്നതെന്നും അറിയാൻ അതിയായ ആഗ്രഹം ഉണ്ടായി. അദ്ദേഹം ആ ആഗ്രഹത്തെ ഒരു ദിവസം തന്റെ മിത്രങ്ങളായ നാലു ഫക്കീറന്മാരെ അറിയിച്ചു. അവർ രാജാവിനോട്ട് ഇങ്ങനെ ഉപദേശിച്ചു: “നിങ്ങൾ ഒരിക്കൽ കുമാരന്റെ തൊട്ടിലിൽ ഒരു കുറിപ്പെഴുതിയിടണം. അതിൽ, നിങ്ങളുടെ പുത്രനോട്ട് ഇത്രയധികം സ്നേഹമുള്ള ആളിനെ തനിക്കു കാണാൻ വളരെ ആഗ്രഹമുണ്ടെന്നും, നിങ്ങളോടു പ്രീതിതോന്നി ആ മഹൽവ്യക്തിയെ സംബന്ധിച്ചുള്ള വിവരങ്ങൾ അറിയിക്കുകയാണെങ്കിൽ നിങ്ങളുടെ അത്ഭുതം തീരുകയും നിങ്ങൾ സന്തുഷ്ടനാകുകയും ചെയ്യുമെന്നും എഴുതണം.” രാജാവ് അപ്രകാരം ചെയ്തു. ആ കുറിപ്പിനേയും രാജകുമാരനേയും വഹിച്ചുകൊണ്ട് മേഘം ആകാശത്തിൽ ഉയന്നു മറഞ്ഞു. അന്നു സായാഹ്നത്തിൽ അസാദബുക്ത്‌രാജാവ് തന്റെ മിത്രങ്ങളായ നാലു ഫക്കീറന്മാരുമായി സംഭാഷണംചെയ്തുകൊണ്ടിരിക്കുമ്പോൾ അവരുടെ മുമ്പിൽ മടക്കിവെച്ചിരുന്ന ഒരെഴുത്തു വീണതു കണ്ടു. രാജാവ് അത്ഭുതത്തോടുകൂടി അതെടുത്തു തുറന്നു വായിച്ചു. അതിൽ താഴെ വരുന്ന വാചകങ്ങൾ കുറിച്ചിരുന്നു “നിങ്ങളെ കാണാൻ എനിക്കും ആഗ്രഹമുണ്ടെന്നറിയുക. നിങ്ങൾക്കായിട്ട് ഒരു സിംഹാസനം അയയ്ക്കുന്നു. ഇപ്പോൾതന്നെ നിങ്ങൾ പുറപ്പെടുന്നതു് ഏററവും സന്തോഷപ്രദമായിരിക്കും. നമുക്ക് എത്രയും വേഗം തമ്മിൽ കാണാമല്ലോ. എല്ലാ സുഖാനുഭവങ്ങളും ഇവിടെ തയ്യാറായിരിക്കുകയാണ്. നിങ്ങൾമാത്രം വന്നുചേരേണ്ട താമസമേ ഉള്ളു.” ഉടൻതന്നെ സിംഹാസനം അവിടെ വന്നുചേരുകയും രാജാവ് തന്റെ ആത്മസുഹൃത്തുക്കളായ ആ നാലുഫക്കീറന്മാരേയും അതിലിരുത്തി താനും ഇരിക്കുകയുംചെയ്തു. ഉത്തരക്ഷണത്തിൽ ആ സിംഹാസനം ആകാ

ശത്തേയ്ക്കുയൻ്റു പറന്നു. വളരെദ്ദൂരം പറന്നതിന്നശേഷം അതു് നയനമോഹനമായ ഒരു താഴ്വരപ്രദേശത്തു ചെന്നു ചേൻ്റു. അവിടെ നിരവധി മനോഹരമായ മണിമാളികകൾ കാണപ്പെട്ടു. ഗംഭീരമായ ഒരു സ്വീകരണത്തിന്നു വേണ്ട ഒരുക്കങ്ങളെല്ലാം അവിടെ നടക്കുന്നുണ്ടായിരുന്നു. എന്നാൽ മനോഹരമായ ആ മണിമന്ദിരത്തിൽ മനുഷ്യവാസം ഉള്ളതായി കാണാൻ ആഗതൎക്കു സാധിച്ചില്ല. അവർ അവിടെ ഇറങ്ങിയ ഉടനെ ഒരാൾ രാജാവിൻേറയും അദ്ദേഹത്തിൻേറക്രൂടെയുള്ള നാലു ഫക്കീറന്മാരുടേയും കണ്ണുകളിൽ എന്തോ ഒരു ധൂളി തിരുമ്മുകയും അവരുടെ കണ്ണുകളിൽനിന്നു് ഈരണ്ടുതുള്ളി ജലം പൊഴിയുകയുംചെയ്തു. ഉത്തരക്ഷണത്തിൽ പനിനീർ കുടയാനുള്ള പാത്രങ്ങളും കൈയ്യിലേന്തി ഭംഗിയേറിയ വസ്ത്രങ്ങൾ ധരിച്ചുകൊണ്ടു് നിരവധി ജിന്നുകൾ രാജാവിനേയും പരിവാരങ്ങളേയും സ്വീകരിക്കാൻ കാത്തുനില്ക്കുന്നതു് അവർ കണ്ടു. രണ്ടടി മുമ്പോട്ടു നീങ്ങിയപ്പോൾ പതിനായിരം ജിന്നുകൾ രണ്ടുവരിയായി നില്ക്കുന്നതും ആ വരികളുടെ മദ്ധ്യഭാഗത്തു് ഉന്നതമായ ഒരു സിംഹാസനം സ്ഥിതിചെയ്യുന്നതും ആ സിംഹാസനത്തിൽ തുംഗപ്രഭാവനായ മലിക്ക്ഷെഹ്പാൽ ഇരിക്കുന്നതും അസാദ്ബുക്ത്രാജാവു കണ്ടു. ആ സിംഹാസനം രത്നംപതിച്ച് മോടിപിടിപ്പിക്കപ്പെട്ടതായിരുന്നു. ജിന്നുവൎഗ്ഗത്തിൽപെട്ട മോഹനാംഗിയായ ഒരു ചെറുബാലിക മലിക്ക്ഷെഹ്പാലിൻേറ മുമ്പിൽ ഇരിക്കുന്നതും അതിനടുത്തു് അസാദ്ബുക്ത്രാജാവിൻേറ പുത്രനായ 'ബെഖ്തിയാർ' രാജകുമാരൻ ഇരിക്കുന്നതും കുട്ടികൾ രണ്ടുപേരും കളിയിൽ ഏൎപ്പെട്ടിരിക്കുന്നതും കണ്ടു. സിംഹാസനത്തിൻേറ ഇരുവശങ്ങളിലും ജിന്നുകളിൽപെട്ട പ്രഭുക്കൾ ഇരിപ്പുണ്ടായിരുന്നു. മലിക്ക്ഷെഹ്പാൽ തൻേറ സിംഹാസനത്തിൽനിന്നെഴുന്നേററു മുമ്പോട്ടുനീങ്ങി അസാദ്ബുക്ത്രാജാവിനെ മാറോടണച്ചു സ്നേഹപൂൎവ്വം ആശ്ലേഷി

ച്ചതിനുശേഷം അദ്ദേഹത്തിൻെറ കരം ഗ്രഹിച്ചുകൊണ്ടു് തൻെറ സിംഹാസനത്തിലേക്കു് ആനയിക്കുകയും അവിടെ തന്നോടൊപ്പം ഇരിപ്പിടം നൽകുകയുംചെയ്തു. അവർ രണ്ടു പേരും ഏററവും സൌഹാർദ്ദപൂർവ്വം സംഭാഷണംനടത്തുകയും അന്നുമുഴവൻ വിരുന്നുസല്ക്കാരത്തിലും വിനോദത്തിലും സംഗീതത്തിലും നൃത്തത്തിലും കഴിയ്ക്കുകയുംചെയ്തു.

രണ്ടാമത്തെ ദിവസം മലിക്ക്ഷെഹ്പാൽ തൻെറ അതിഥിയുടെകൂടെ വന്നിരുന്ന നാലു ഫക്കീറന്മാരെ നോക്കീട്ടു് അവരെ എന്തിനായിട്ടു് അവടെ കൂട്ടിക്കൊണ്ടു വന്നുവെന്നു ചോദിച്ചു. രാജാവു് അവരുടെ കഥയെല്ലാം പറഞ്ഞുകേൾപ്പിക്കുകയും അവർ വളരെയധികം കഷ്ടപ്പാടും ദുരിതവും അനുഭവിച്ചവരാണെന്നും അവരുടെ ഹൃദയാഭിലാഷം ജിന്നുകളുടെ രാജാധിരാജനായ മലിക്ക്ഷെഹ്പാലിൻെറ സഹായത്താൽ സഫലമാകുകയാണെങ്കിൽ അതു് അദ്ദേഹം ചെയ്യുന്ന വലിയ ഔദാര്യമായിരിക്കുമെന്നും ആ ഉപകാരത്തെ താൻ ആജീവനാന്തം നന്ദിപൂർവ്വം സ്മരിക്കുമെന്നും അവൎക്കുവേണ്ടി അഭ്യൎത്ഥിക്കയുംചെയ്തു. അതെല്ലാം കേട്ടതിനുശേഷം "സന്തോഷപൂർവ്വം അതു ചെയ്യാം, നിങ്ങളുടെ ഏതാജ്ഞയും ഞാൻ അനുസരിക്കും" എന്നു മറുപടി പറഞ്ഞുകൊണ്ടു് മലിക്ക്ഷെഹ്പാൽ അവിടെ ഹാജരായിരുന്ന ജിന്നുകളെ എല്ലാവരേയും അൎത്ഥഗൎഭമായി ഒന്നു നോക്കി. തൻെറ പ്രബലന്മാരായ ഉപരാജാക്കന്മാർ എല്ലാവരേയും ഉടൻതന്നെ പുറപ്പെട്ടുവന്നു തന്നെക്കണ്ടു കൊള്ളണമെന്നും ആരെങ്കിലും അപ്രകാരം വന്നുചേരാൻ വിസമ്മതിക്കുന്നപക്ഷം അവരെ സൈന്യങ്ങളെ അയച്ചു പിടിച്ചുകെട്ടിച്ചുകൊണ്ടുവരുമെന്നും ഓരോരുത്തരും അവരുടെ പക്കൽ മനുഷ്യവൎഗ്ഗത്തിൽപ്പെട്ട ഏതെങ്കിലും സ്ത്രീയോ പുരുഷനോ ഉണ്ടെങ്കിൽ അവരെക്കൂടെ കൊണ്ടുവരണമെന്നും ഉള്ള കല്പനയും കൊടുത്തു ദൂതന്മാരെ അയച്ചു.

ആരെങ്കിലും അങ്ങനെ അവരുടെ പക്കലുള്ള ഏതെങ്കിലും മനുഷ്യജീവിയെ ഒളിച്ചുവെച്ചിട്ടുള്ളതായി ഏപ്പോഴെങ്കിലും അറിയുകയാണെങ്കിൽ ആ നിമിഷത്തിൽ അങ്ങനെ പ്രവൎത്തിക്കുന്ന ആളിനെ അയാളുടെ വംശത്തോടെ കൊന്നൊടുക്കുമെന്നും ആ കല്പനയിൽ പ്രസ്താവിച്ചിരുന്നു. ഈ ദൌത്യവും വഹിച്ചുകൊണ്ടു് ജിന്നുകരം നാനാദിക്കുകളിലേക്കും പറന്നുപോയി. അനന്തരം നരവംശരാജാവായ അസാദ്ബ്യക്ത്ും ജിന്നുകളുടെ രാജാവായ മലിക്ക്ഷെഹ്പാലും ആത്മാൎത്ഥമായ സ്നേഹശൃംഖലയാൽ അന്യോന്യം ബന്ധിക്കപ്പെട്ടവരായി സൌഹാൎദ്ദപൂൎവ്വം സംഭാഷണത്തിലേപ്പെട്ടു. അതിനിടയ്ക്കു് മലിക്ക് ഷെഹ്പാൽ ആ നാലു ഭക്തസഞ്ചാരികളോടു തിരിഞ്ഞിട്ട് അവരെ സംബോധനചെയ്തുകൊണ്ടു് ഇങ്ങനെ തുടൎന്നു:—"വളരെക്കാലത്തേക്കു് എനിക്കു സന്താനലാഭം ഉണ്ടാകാതെ ഞാൻ സങ്കടപ്പെട്ടുകൊണ്ടിരുന്നു. എന്നെങ്കിലും സൎവ്വശക്തന്റെ അനുഗ്രഹത്താൽ എനിക്കൊരു സന്താനമുണ്ടാകുന്നപക്ഷം ആ സന്താനത്തിന്റെ ഇണയായി മനുഷ്യവൎഗ്ഗത്തിൽപ്പെട്ട ഏതെങ്കിലും രാജാവിന്റെ സന്താനത്തെ കണ്ടുപിടിക്കുമെന്നുള്ള നിശ്ചയം സ്വീകരിച്ചിരുന്നു. അല്ലാഹുവിന്റെ ആനുകൂല്യത്താൽ എന്റെ ഭാൎയ്യ ഏറെത്താമസിയാതെ ഗൎഭവതിയാകുകയും അതിസൌന്ദൎയ്യവതിയായ ഒരു പെൺകുഞ്ഞിനെ പ്രസവിക്കുകയുംചെയ്തു. ആ സമയം ജനിച്ചിട്ടുള്ള ഏതെങ്കിലും രാജകുമാരന്മാരുണ്ടോ എന്നു് സകല രാജ്യങ്ങളിലും പോയി അന്വേഷിക്കാനായി ഞാൻ എന്റെ ദൂതന്മാരെ ഭൂലോകത്തേയ്ക്കു യച്ചു. അങ്ങനെ ഏതെങ്കിലും രാജകുമാരൻ ജനിച്ചിട്ടുണ്ടെന്നുകണ്ടാൽ ആ കുട്ടിയെ ഉടൻതന്നെ എടുത്തു് എന്റെ മുമ്പിൽ കൊണ്ടുവരാനും ഞാൻ അവൎക്കു കല്പനകൊടുത്തു. അവർ പോയി ഏതാനുംസമയം കഴിഞ്ഞു് അസാദ്ബ്യക്ത് രാജാവിന്റെ പുത്രനെ ഇവിടെ കൊണ്ടുവന്നു. ആ

കുമാരൻെറ സുന്ദരമായ മുഖം എന്നെ അത്യധികം ആനന്ദി പ്പിച്ചു. ഞാൻ ആ കുമാരനെ എൻെറ സ്വന്തം പുത്രിയേ ക്കാരം കൂടുതലായി സ്നേഹിക്കുകയും ഓമനിക്കുകയും ചെയ്തു. ആ കുമാരനും എൻെറ പുത്രിയും വളൎന്നുവരികയും അവർ തമ്മിൽ സ്നേഹിക്കുകയും ചെയ്തു. അവർ രണ്ടുപേരുമാണു് ഈ ഇരിക്കുന്നവർ. അവർതമ്മിലുള്ള വിവാഹം നടത്തു ന്നതാണു് അടുത്തതായി അനുഷ്ഠിക്കേണ്ട പുണ്യകർമ്മം. അതുകേട്ടു് അസാദ്ബുക്ത്രാജാവു് അത്യന്തം സന്തോ ഷിക്കുകയും തൻെറ പുത്രനെ ഷെഹ്പാൽ സ്വന്തപുത്ര നെപ്പോലെ കരുതി അദ്ദേഹത്തിൻെറ അഭിമതം എന്താ ണെന്നുവെച്ചാൽ അപ്രകാരം പ്രവൃത്തിക്കാൻ തനിക്കു പൂൎണ്ണസമ്മതമാണെന്നറിയിക്കുകയും ചെയ്തു.

പത്തുപന്ത്രണ്ടുദിവസങ്ങരം കഴിഞ്ഞപ്പോരം ഓരോ ഉപരാജ്യങ്ങളിലെ അധിപന്മാരായ ജിന്നരാജാക്കന്മാരെ ല്ലാം അവരുടെ രാജാധിരാജനായ ഷെഹ്പാലിൻെറ രാജ സദസ്സിൽ എത്തിച്ചേൎന്നു. ഷെഹ്പാൽ ആദ്യമായി മലി ക്കിസാദിഖിനോടു് അയാളുടെ അധീനതയിൽ സൂക്ഷിച്ചി രുന്ന സുന്ദരിയായ മനുഷ്യനാരിയെ ഹാജരാക്കാൻ ആജ്ഞാ പിച്ചു. അയാരം ആദ്യം വിസമ്മതം ഭാവിച്ചുവെങ്കിലും അധിരാജൻെറ കല്പനയെ ആദരിച്ചു് അവളെ ഹാജ രാക്കി അതിനുശേഷം ഖാഫ്മലകളിൽ അധിവസിച്ചി രുന്ന ജിന്നരാജാവിനോടു് അയാളുടെ സുന്ദരിയായ പുത്രി യെ ഹാജരാക്കാൻ ആജ്ഞാപിച്ചു. ആ സുന്ദരിക്കുവേണ്ടി യാണു് കാളപ്പുറത്തു മൈതാനയാത്രചെയ്തിരുന്ന നീംറോ സിലെ രാജകുമാരൻ ജീവിതത്തിൽ നിരാശനായതു്. അയാളും ആദ്യം മടിച്ചുവെങ്കിലും പിന്നീടു് തൻെറ പുത്രി യെ അവിടെ ഹാജരാക്കി. അടുത്തതായി യൂറോപ്യൻ ദ്വീപിലെ രാജകുമാരിയേയും ബഹ്സാദ്ഖാനേയും ഹാജ രാക്കാൻ കല്പനയായെങ്കിലും അവിടെ കൂടിയിരുന്നവർ

ഓരോരുത്തരും അങ്ങനെ രണ്ടു മനുഷ്യജീവികളെപ്പററി തങ്ങൾക്കു യാതൊരറിവുമില്ലെന്നു സത്യംചെയ്തു പറഞ്ഞു. ഒടുവിൽ ഖുൽസംനദിയുടെ അധിപനായ ജിന്നുരാജാവിനോടു പ്രത്യേകമായി ഷെഫ്പാൽ ചോദ്യംചെയ്തു. ആ രാജാവു ഉത്തരമൊന്നും പറയാതെ തലകുനിച്ചിരുന്നതേയുള്ളു. അദ്ദേഹത്തോടു് ഷെഫ്പാലിനു പ്രത്യേകമായ സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നതിനാൽ രാജാധിരാജൻ ആ രാജാവിനോടു് അപേക്ഷാസ്വരത്തിൽ അതേപ്പററി വീണ്ടും ചോദിക്കുകയും അദ്ദേഹത്തിനുവേണ്ട ബഹുമതികളും സ്ഥാനമാനങ്ങളും നൽകി അയാളെ ഉന്നതപദവിയിൽ വരുത്താമെന്നു വാഗ്ദാനംചെയ്യുകയും ഒടുവിൽ അതും ഫലിക്കുന്നില്ലെന്നു കണ്ടു് അയാളെ ഭീഷണിപ്പെടുത്തുകയും ചെയ്തു. അല്പനേരം ആലോചിച്ചതിനുശേഷം ആ നദിയുടെ അധിപനായ ജിന്നുരാജാവു് എഴുന്നേററു് ഷെഫ്പാലിൻെറ മുമ്പിൽ കൈകെട്ടി വണങ്ങിനിന്നുകൊണ്ടു് ഇങ്ങനെ പറഞ്ഞു:—"തിരുമനസ്സുകൊണ്ടു് കേട്ടാലും. ആ സംഭവത്തിൻെറ കഥയിങ്ങനെയാണു. പേഷ്യയിലെ രാജാവു് തൻെറ പുത്രനെ എതിരേല്ക്കാൻ നദിക്കരയിൽ വന്ന ദിവസം ഞാൻ വേട്ടയ്ക്കുപോകുകയായിരുന്നു. രാജകുമാരൻ കുതിരപ്പുറത്തിരുന്നുകൊണ്ടുതന്നെ നദിയെ തരണം ചെയ്തു. അപ്പോൾ ഞാൻ ആ രംഗം കാണാനായി അവിടെ അല്പം താമസിച്ചതാണു്. രാജകുമാരി തൻെറ കുതിരയെ നദിയിലിറക്കി നീന്തിച്ചുപോകുന്ന മദ്ധ്യേ ഞാൻ അവളെ ഒന്നുനോക്കുകയും അവളുടെ സൌന്ദര്യം എന്നെ ക്രമത്തിലധികം ആകർഷിക്കുകയും ചെയ്തു. ഉടൻതന്നെ അവളെ എൻെറ മുമ്പിൽ കൊണ്ടുവരാൻ ഞാൻ എൻെറ ആജ്ഞാകരന്മാരായ ജിന്നുകൾക്കുത്തരവുകൊടുത്തു. അവർ അങ്ങനെചെയ്തു. ബഹ്സാദ്ഖാൻ ആ രാജകുമാരിയെ രക്ഷിക്കുന്നതിനുവേണ്ടി അയാളുടെ പ്രാണനേപ്പോലും ഉപേക്ഷിക്കാൻ തയാറായതുകണ്ടു് അയാളുടെ ധൈര്യത്തെ

ഞാൻ വളരെ അഭിനന്ദിക്കുകയും അങ്ങനെ അയാളേയും എന്റെ മുമ്പിൽ എത്തിക്കാൻ ജിന്നുകളോടാജ്ഞാപിക്കുകയുംചെയ്തു. അവർ രണ്ടുപേരും എന്റെ അധീനതയിൽതന്നെ സുഖമായികഴിയുന്നു." ഉടൻതന്നെ അദ്ദേഹം അവരെ രണ്ടുപേരേയും വരുത്തി ഷെഹ്പാലിന്റെ മുമ്പിൽ ഹാജരാക്കി. സറിയായിലെ രാജകുമാരിയെപ്പററി അവിടെ കൂടിയിരുന്ന ആക്കും ഒരറിവുമില്ലായിരുന്നു. ഒടുവിൽ ആരെങ്കിലും രാജസദസ്സിൽ ഹാജരാകാതെയുണ്ടോ എന്നു പരിശോധിച്ചപ്പോൾ 'മൊസൽനൽജാദ്ദ' എന്ന ഉപരാജാവു മാത്രം ഹാജരില്ലെന്നും അയാൾ ഖാഫ്മലയിൽ മന്ത്രശക്തികൊണ്ടു് ഒരു ബലമേറിയ കോട്ട നിർമ്മിച്ചു് അവിടെ സുരക്ഷിതനായി വാഴുകയാണെന്നും അയാളോടെതിത്തു തോല്പിക്കാൻ സൈന്യങ്ങൾക്കു സാധിച്ചില്ലെന്നും അറിയിച്ചു. ഉടനെ ഷെഹ്പാൽ കോപാക്രാന്തനായി തന്റെ സേനയെ ഒന്നടങ്കം അയച്ചു് ആ ഉപരാജാവിനെ ബന്ധിച്ചുകൊണ്ടുവരാൻ ആജ്ഞ നൽകി. ഉടൻതന്നെ പട നീങ്ങി. അയാളെ വളരെവേഗത്തിൽ പിടിച്ചുകെട്ടി അവിടെ കൊണ്ടുവന്നു. അയാളോടു് സറിയായിലെ രാജകുമാരിയെപ്പററി ചോദിച്ചപ്പോൾ ഉത്തരംപറയാൻ കൂട്ടാക്കിയില്ല. അതുകൊണ്ടു് അയാളെ വെട്ടിക്കഷണങ്ങളാക്കാൻ കല്പനകൊടുത്തതിനുശേഷം ഖാഫ്മലയിലെ കോട്ടയിലും പരിസരങ്ങളിലും തിരഞ്ഞു് ആ രാജകുമാരിയെ ഹാജരാക്കാൻ ഷെഹ്പാൽ ജിന്നുകൾക്കു കല്പനകൊടുത്തു. അതനുസരിച്ചു് ജിന്നുകൾ പോയി തിരക്കി ആ രാജകുമാരിയേയും ഷെഹ്പാലിന്റെ മുമ്പിൽ ഹാജരാക്കി. ആ തടവുകാരും നാലുഫക്കീറന്മാരും അസാദ്ബ്യക്ത് രാജാവിന്റെ കശ്നമായ ആജ്ഞകളും നീതിബോധവും കണ്ടു് അത്യത്ഭുതം പൂണ്ടു.

അനന്തരം വിവാഹമഹോത്സവം കൊണ്ടാടാനുള്ള സകല ഒരുക്കങ്ങളും പൂർത്തിയാക്കാൻ ഷെഹ്‌പാൽചക്രവർത്തി ആജ്ഞകൊടുത്തു. അതനുസരിച്ചു വേണ്ട ഒരുക്കങ്ങളെല്ലാം വളരെവേഗം പൂർത്തിയാക്കപ്പെട്ടു. 'ബഖ്തിയാർ' രാജകുമാരനു് 'റോഷൻ അഖ്തർ' രാജകുമാരിയേയും, അറേബ്യയിലെ യുവാവായ വ്യാപാരിക്കു് സിറിയായിലെ രാജകുമാരിയേയും, പേർഷ്യയിലെ രാജകുമാരനു് ബസറായിലെ രാജകുമാരിയേയും, അജമിലെ രാജകുമാരനു് * യൂറോപ്യൻ ദ്വീപിലെ രാജകുമാരിയേയും, ബഹ്സാദ്ഖാനു് നിംറോസിലെ രാജാവിൻെറ പുത്രിയേയും നീറോസിലെ രാജകുമാരനു്, ജിന്നുകളുടെ രാജാവിൻെറ പുത്രിയേയും, ചൈനയിലെ രാജകുമാരനു് ഹിന്ദുസ്ഥാൻകാരനായ വൃദ്ധൻെറ പുത്രിയേയും വിവാഹംചെയ്തുകൊടുത്തു. അങ്ങനെ ഷെഹ്‌പാലിൻെറ ആനുകൂല്യം ഹേതുവാൽ നിരാശരായിക്കഴിഞ്ഞിരുന്ന ഓരോരുത്തരുടേയും ആശ സഫലമായി. ആ ദമ്പതികൾ നാല്പതുദിവസം ഷെഹ്‌പാലിൻെറ കൊട്ടാരത്തിൽ അതിഥികളായിത്താമസിച്ചു് ആനന്ദമനുഭവിച്ചു. അനന്തരം അവർ ഓരോരുത്തർക്കും സമുചിതമായ സമ്മാനങ്ങളും നൽകി ഷെഹ്‌പാൽ അവരെ അവരവരുടെ നാട്ടിലേക്കു യാത്രയാക്കി. അവരെല്ലാവരും സുഖമായി അവരവരുടെ സ്വദേശങ്ങളിൽ ചെന്നുചേരുകയും ശോഭനമായി രാജ്യം ഭരിക്കുകയും ചെയ്തു. ബഹ്സാദ്ഖാനും അറേബ്യയിലെ വ്യാപാരിയുംമാത്രം അസാദ്ബുക്ത് രാജാവിൻെറകൂടെത്തന്നെ താമസമുറപ്പിച്ചു. ആ വ്യാപാരി ഒടുവിൽ അസാദ്ബുക്തിൻെറ മുഖ്യവിചാരിപ്പുകാരനായും ബഹ്സാദ്ഖാൻ ഭാഗ്യവാനായ ബഖ്തിയാർ രാജകുമാരൻെറ പ്രധാന സേനാനായകനായും നിയമിതരായി. അവർ മരണംവരെ അവിടെ ആനന്ദപ്രദമായി

---

* മൂന്നാമത്തെ ഫക്കീർ.

ജീവിതം നയിച്ചു. ആ നാലു ഭക്തസഞ്ചാരികളുടേയും അസാദ്ബുക്ത്രാജാവിൻേറയും ആശ നിറവേററിയതു പോലെ സർവ്വശക്തനായ അല്ലാഹുവേ! നീ നിരാശയിൽപെട്ടിരിക്കുന്ന എല്ലാ മനുഷ്യരുടേയും ആശയെ നിൻെറ അളവില്ലാത്ത ശക്തിയും നന്മയുംകൊണ്ടും, അഞ്ചു പുണ്യാത്മാക്കളുടേയും * പന്ത്രണ്ടു് ഇമാമുകളുടേയും, പതിന്നാലു പരിശുദ്ധന്മാരുടേയും അപേക്ഷയെ കൈക്കൊണ്ടും (ആ പുണ്യാത്മാക്കളുടെമേൽ അല്ലാഹുവിൻെറ അനുഗ്രഹം ഉണ്ടായിരിക്കട്ടെ!) സഫലമാക്കിത്തീക്കണമേ! ആമീൻ.

DHARMARAM COLLEGE LIBRARY, BANGALORE. 20605

---

* അഞ്ചു പുണ്യാത്മാക്കൾ—മുഹമ്മദ്നബി(സ), അദ്ദേഹത്തിൻെറ മകൾ ഫാത്തിമാ(റ), ഫാത്തിമായുടെ ഭത്താവായ അലി(റ), അലിയുടെ സന്താനങ്ങളായ ഹസൻ(റ), ഹുസൈൻ(റ) ഇവരാണു്.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| 2/9/16 | | |

ഞങ്ങളുടെ മലയാ[illegible] ...ങ്ങൾ

ഇസ്ലാം ചരിത്രം ...

1-ാം ഭാഗം 1-0-0, 2-[illegible] -0,
4-ാം ഭാഗം 2-8-0, 4 ഭാഗങ്ങ[illegible] ...ള്ള 8 ...

| | |
|---|---|
| ബുർദ തർജ്ജിമ | 2-4-0 |
| അൽഗസ്സാലി | 2-[illegible] |
| ഇൽമുന്നിസാ | 1-8-0 |
| ഉർദ്ദു ടീച്ചർ | 1-8-0 |
| മുസ്ലിം നമസ്കാരക്രമം | 1-0-0 |
| മിഅ്റാജുന്നബിയ്യി | 0-12-0 |
| ഏഴു മുസ്ലിം നേതാക്കൾ | 0-12-0 |
| റസൂൽ സന്നിധിയിലെ ദൂതൻ | 0-10-0 |
| ഇസ്ലാം ബാലബോധിനി | 0-10-0 |
| ഗൌസു മുഹിയിദ്ദീൻ | 0-8-0 |
| നബിതിരുനാൾ വിശേഷാൽപ്രതി | 0-8-0 |
| ഹ. ഉവൈസുൽ കർനി | 0-6-0 |
| സൂറത്തുൽ കഹ്ഫിലെ മൂന്നുകഥകൾ | 0-6-0 |
| റമസാൻ വ്രതം | 0-6-0 |
| സൂറത്തുർ റഹ്മാൻ | 0-5-0 |
| ഇസ്ലാം സംസ്കാരം | 0-5-0 |
| ഇസ്ലാമിലെ ഭക്ഷണമര്യാദകൾ | 0-4-0 |
| ഹ: ലുക്മാൻെറ 100 ഉപദേശങ്ങൾ | 0-4-0 |
| ശൈഖു മുഹിയിദ്ദീൻ | 0-4-0 |
| സൽമാനുൽ ഫാർസി | 0-4-0 |
| രണ്ടു സൂഫിവര്യന്മാർ | 0-4-0 |
| ഈമാൻ (ചോദ്യോത്തരം) | 0-4-0 |
| മൌലാനാ മുഹമ്മദലി | 0-4-0 |

എ. മുഹമ്മദു സാഹിബ് & കമ്പനി, തിരുവനന്തപുരം.



DC Library
*00020605*
T63.1 C37

# ചാർ ദർവേശ്
## (നാലുഫക്കീറന്മാർ)




പ്രസാധകൻ.
എ. മുഹമ്മദ് സാഹിബ്